www.malankaralibrary.com

# ജീവജലത്തിന്റെ അരുവികൾ

ദേശീയ പുരസ്കാരം നേടിയ നാല് ലേഖനങ്ങൾ



പീറ്റർ സി. ഏബ്രഹാം

Centenary Series - 4 (1919-2019)

ജീവജലത്തിന്റെ അരുവികൾ

BP 169

www.malankaralibrary.com

www.malankaralibrary.com

# ജീവജലത്തിന്റെ അരുവികൾ

www.malankaralibrary.com

www.malankaralibrary.com

# ജീവജലത്തിന്റെ അരുവികൾ

BP. No. 169

**Bethany Ashram Centenary Series-4**
**(1919-2019)**

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം
2016

www.malankaralibrary.com

(Malayalam)
Jeeva Jalathinte Aruvikal
**(ജീവജലത്തിന്റെ അരുവികൾ)**

| | | |
|---|---|---|
| Author | : | Peter C. Abraham |
| First Published | : | 2016 |
| Rights Reserved | : | Bethany Publications |
| Published by | : | Fr. Varghese Thykoottathil OIC<br>Bethany Publications, Kottayam-686 010<br>Ph: 0481 - 2578494<br>e-mail: bethanyktm@gmail.com |
| Printed at | : | Bethany Offset Printers, Kottayam-686 010<br>Ph: 0481 - 2571355<br>e-mail: bethanyktm@gmail.com |
| Cover | : | Jobin Enose |
| Price | : | ₹ 130/- |

www.malankaralibrary.com

The Syro-Malankara Catholic Church

✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

RESIDENCE & COMMUNICATION:
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

Office Tel: + 91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: + 91-471-2533644, 2541331
Fax: +91 471 2533688, E-mail: baselioscleemis@gmail.com

08-07-2016

# അവതാരിക

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിശുദ്ധ ജീവിതങ്ങൾക്ക് അക്ഷരഭാഷ്യം നൽകി തലമുറകൾക്ക് പരിചയപ്പെടുത്തുന്നതിൽ സദാ വ്യാപൃതനായ പീറ്റർ സി. ഏബ്രഹാമിന്റെ ഏറ്റവും പുതിയ കൃതിയായ ജീവജലത്തിന്റെ അരുവികൾ നാലു വ്യത്യസ്ത മത്സരങ്ങളിൽ ദേശീയ തലത്തിൽ ഒന്നാം സമ്മാനം നേടിയ രചനകളുടെ സമാഹാരമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ അസംബ്ലിയോടനുബന്ധിച്ച് അല്മായർക്കുവേണ്ടി നടത്തപ്പെട്ട മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ രചനയാണ് "സുവിശേഷകയായ മലങ്കര കത്തോലിക്കാസഭയിലെ അല്മായ പങ്കാളിത്തം" എന്ന ലേഖനം. പ്രകൃത്യാ സുവിശേഷകയായ സഭയിലെ അല്മായരുടെ പങ്കാളിത്തത്തെ അതിന്റെ എല്ലാ ഉത്തരവാദിത്തങ്ങളും ഉൾക്കൊണ്ടുകൊണ്ട് സസൂക്ഷ്മം പഠനവിധേയമാക്കുകയാണിവിടെ. സഭയാകുന്ന ദൈവജനത്തിന്റെ മുഖ്യഘടകമാണ് അല്മായർ എന്ന വത്തിക്കാൻ കൗൺസിലിന്റെ കണ്ടെത്തൽ ഇവിടെ അടിവരയിട്ട് സ്ഥാപിക്കപ്പെടുന്നു. സുവിശേഷവത്കരണ ഉത്തരവാദിത്തങ്ങളും ദൗത്യങ്ങളും നിറവേറ്റിക്കൊണ്ട് അല്മായ പ്രേഷിതത്വം അർത്ഥപൂർണമാക്കണമെന്ന ഉറച്ച ബോധ്യമാണ് ഈ ഉപന്യാസത്തിൽ പങ്കുവയ്ക്കപ്പെടുന്നത്.

ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ അൽഫോൺസാമ്മയുടെ ജീവിതം ഒരു സഹനബലിയായി ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കപ്പെടുന്നു. സഹനത്തിലൂടെ തന്റെ ആധ്യാത്മിക ജീവിതത്തെ ഒരു 'മിസ്റ്റിക്' തലത്തിലേക്ക് ഉയർത്തിയ പുണ്യവതിയുടെ ജീവിതത്തെ ഇന്നത്തെ ലോകത്തിന്റെ തിരക്കുകൾക്കിടയിൽ കഴിയുന്ന മനുഷ്യർക്കു മുന്നിൽ ഒരു ആത്മീയ വെല്ലുവിളിയായി അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരൻ.

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ കരുണയുടെ പ്രേഷിതനായ വിൻസെന്റ് ഡി. പോളിനെ പരിചയ

www.malankaralibrary.com

പ്പെടുത്തുവാനായി ഒരു ലേഖനം നീക്കിവച്ചിരിക്കുന്നു എന്നതും ഏറ്റവും ശ്രദ്ധേയമാണ്. പാവങ്ങളോട് പക്ഷം ചേരുന്നതിനും അവരോട് താദാത്മ്യം പ്രാപിച്ചുകൊണ്ട് നമ്മുടെ കർത്താവായ യേശുവിന്റെ അനന്തമായ കാരുണ്യത്തിൽ സജീവസാക്ഷികളാകുവാൻ ഒരു പ്രേരണയാകത്തക്കവിധത്തിലാണ് ഈ ലേഖനം രചിക്കപ്പെട്ടിരിക്കുന്നത്.

കേരളത്തിന്റെ വിദ്യാഭ്യാസ നഭസ്സിൽ തിളങ്ങി നിന്നിരുന്ന വിദ്യാതാരകമായിരുന്നു ഭാഗ്യസ്മരണാർഹമായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ്. വന്ദ്യപിതാവിന്റെ ജന്മശതാബ്ദി വർഷത്തിൽ പിതാവിന്റെ വിദ്യാഭ്യാസ സേവനങ്ങളെ വിലയിരുത്തുവാനും അതിലൂടെ കേരളത്തിന്റെ സാംസ്കാരിക വികസനത്തിന് മലങ്കര സുറിയാനി കത്തോലിക്കാസഭ നല്കിയിട്ടുള്ള സംഭാവനകളെ ചരിത്രത്തിൽ അടയാളപ്പെടുത്തുന്നതിനും ഈ ലേഖനത്തിലൂടെ ഗ്രന്ഥകാരൻ ശ്രമിക്കുന്നു.

ഈ കാരുണ്യവർഷത്തിൽ സഭയുടെ കാരുണ്യമുഖം സഹനവിശുദ്ധിയോടെ സുവിശേഷ ദൗത്യത്തിൽ പങ്കാളിയാകുന്നതിനിറങ്ങുമ്പോൾ വിശുദ്ധ വിൻസെന്റ് ഡി. പോളും വി. അൽഫോൻസാമ്മയും മാർ ഈവാനിയോസ് പിതാവും മാർ ഗ്രീഗോറിയോസ് പിതാവും ഈ വഴിത്താരയിലെ പ്രകാശഗോപുരങ്ങളായി അവതരിപ്പിക്കപ്പെടുന്നു എന്നത് ഈ കൃതിയെ വേറിട്ടു നിറുത്തുന്നു. ഗ്രന്ഥകാരൻ പ്രിയ പീറ്റർ സി. ഏബ്രഹാമിന് ഹൃദയപൂർവ്വമായ അഭിനന്ദനങ്ങൾ!

ഈ കാരുണ്യവർഷത്തിൽ കരുണയുടെയും ജീവിതവിശുദ്ധിയുടെയും സജീവ മാതൃകകളെ അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് മുന്നോട്ട് വന്ന ബഹുമാനപ്പെട്ട വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. അച്ചനെയും ബഥനി പബ്ലിക്കേഷൻസിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഗ്രന്ഥകാരനെയും അനുവാചകരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

+Baselios cleemis

**✠കർദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്
പ്രസിഡന്റ്, സി.ബി.സി.ഐ & കെ.സി.ബി.സി.

MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE, PATTOM, TRIVANDRUM-695 004, KERALA, INDIA
Tel: +91-471-2555262, Fax: +91 471 2553244, E-mail:mcccuria@gmail.com

www.malankaralibrary.com

# ഉപോദ്ഘാതം

അനിതര സാധാരണമായ സാഹിത്യ പ്രതിഭ കൊണ്ട് തിളങ്ങുന്ന വ്യക്തിത്വമാണ് ശ്രീ. പീറ്റർ സി. ഏബ്രഹാമിന്റേതെന്ന ആമുഖവാക്യത്തോടെ ഈ പഠനം ആരംഭിക്കുന്നതിൽ ഒട്ടും അതിശയോക്തിയില്ല. വിവിധ സാഹിത്യ മത്സരങ്ങളിൽ മാറ്റുരച്ച് പ്രഥമ സ്ഥാനീയങ്ങളായ നാലു പ്രബന്ധങ്ങളുടെ ആമുഖപഠനത്തിലൂടെ ഈ രചനകളിലേക്ക് ഒരു വാതായനം തുറന്നിടുവാനുള്ള പരിശ്രമമാണിവിടെ.

**സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ അല്മായ പങ്കാളിത്തം**

രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് പരി. പിതാവ് ജോൺ 23-ാമൻ മാർപ്പാപ്പ സഭയുടെ വാതായനങ്ങൾ മലർക്കെ തുറന്നിട്ടു. ഇതിലൂടെ അദ്ദേഹം പ്രതീകാത്മകമായ ഒരു ധർമ്മം നിറവേറ്റുകയായിരുന്നു. അത് ലോകത്തിന്റെ പല തലങ്ങളിലും ശക്തമായ സ്വാധീനമായി മാറി. അതുപോലൊരു പരിശുദ്ധാത്മ അനുഭവമായിട്ടാണ് പീറ്റർ സി. ഏബ്രഹാം 2011 സെപ്തംബറിൽ നടന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ അസംബ്ലിയെയും കാണുന്നത്. ആദിമ സഭയിൽ സജീവമായിരുന്ന കൂട്ടായ്മയുടെ അനുവർത്തനമായി സഭാ അസംബ്ലി ചിത്രീകരിക്കപ്പെടുന്നു എന്നതും പ്രത്യേകം ശ്രദ്ധേയമാണ്. "അനുഭവത്തിൽ നിന്ന് സാക്ഷ്യത്തിലേക്ക്" എന്ന ആപ്തവാക്യം സഭയുടെ സുവിശേഷദൗത്യത്തിന് ഒരു പുതിയ ഉണർവ് പകരുന്നതായിരുന്നു.

വിളിക്കപ്പെട്ടവരുടെ കൂട്ടായ്മയാണ് സഭ (Ecclesia). സഭയുടെ ദൈവവിളിയിൽ സ്വാഭാവികമായി തന്നെ ഒരു പ്രേഷിതദൗത്യമുണ്ടെന്ന സൂചനയോടെയാണ് പീറ്റർ സി. ഏബ്രഹാം ഈ പ്രബന്ധം ആരംഭിക്കുന്നത്. "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16, 15) എന്ന ഉത്ഥിതന്റെ ദൗത്യവും പേറി സമാരംഭിച്ച സഭയുടെ അംഗങ്ങളായ നാമേവരും പിതാവിനാൽ അയയ്ക്കപ്പെട്ട ക്രിസ്തുവിന്റെ മിഷണറിമാരാണെന്ന കണ്ടെത്തൽ സഭാ തനയർക്കു മുന്നിൽ ഉയർത്തുന്നത് ഒരു പ്രേഷിത വെല്ലുവിളി തന്നെയാണ്.

ഈ ദൈവികദൗത്യത്തിന്റെ ഒരു ദൈവശാസ്ത്രവിശകലനം പ്രബന്ധത്തിന്റെ തുടക്കത്തിൽ തന്നെ കണ്ടെത്താനാവും. പരി. ത്രിത്വത്തിൽ നിറഞ്ഞു നിൽക്കുന്ന പ്രേഷിത ചൈതന്യം സഭയുടെ മിഷനറി പ്രവർത്തനങ്ങൾക്ക് ഒരു മാതൃകയായി ഗ്രന്ഥ

www.malankaralibrary.com



കാരൻ ചൂണ്ടിക്കാണിക്കുന്നു. ലോകത്തിന്റെ രക്ഷയ്ക്കായി കുരിശിലെ ബലിയിലേക്ക് പുത്രനെ അയയ്ക്കുന്ന പിതാവും സഹനബലിയിലൂടെ അത് പൂർത്തിയാക്കുന്ന പുത്രനും അഗ്നിയായി കത്തിപ്പടരുകയും കാറ്റായി വീശുകയും ചെയ്തുകൊണ്ട് സുവിശേഷചൈതന്യം പ്രസരിപ്പിക്കുന്ന പരിശുദ്ധാത്മാവും സഭയ്ക്ക് മുന്നിൽ കാട്ടുന്നത് ഈ സജീവ മാതൃക തന്നെയാണെന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

മാമോദീസായിലൂടെ ഈ ത്രിത്വൈക കൂട്ടായ്മയിൽ പങ്കുചേരുന്ന അല്മായൻ സുവിശേഷ ശക്തിയുടെ ഏറ്റം ശക്തമായ ചാലകമാണെന്ന് ഈ പ്രബന്ധത്തിൽ സ്ഥാപിക്കപ്പെടുന്നു. 12-ാം പീയൂസ് മാർപ്പാപ്പ പറഞ്ഞു, "അല്മായർ സഭാജീവിതത്തിന്റെ മുൻനിരയിലാണ്." രണ്ടാം വത്തിക്കാൻ കൗൺസിൽ ഇക്കാര്യം കുറച്ചുകൂടി ശക്തമായി വ്യക്തമാക്കി. ഉത്ഥിതൻ നൽകിയ സുപ്രധാന കല്പനയായിരുന്നു പ്രേഷിതദൗത്യം. ദൈവവചനവും സഭയുടെ പാരമ്പര്യവും സുവിശേഷ ഉറവിടങ്ങളായി സ്വീകരിച്ചുകൊണ്ടായിരിക്കണം അല്മായൻ ഈ ദൗത്യം നിറവേറ്റേണ്ടത് എന്ന ആഹ്വാനവും ഏറെ ശ്രദ്ധേയമാണ്.

"രക്ഷകനായ മിശിഹായെ ഏവർക്കും കാണിച്ചു കൊടുക്കുകയാണ് മലങ്കര സഭയുടെ ദൗത്യം" എന്ന ആഹ്വാനം നമുക്ക് നൽകിയത് പുണ്യപിതാവായ മാർ ഈവാനിയോസ് തിരുമേനിയായിരുന്നു എന്ന ഓർമ്മപ്പെടുത്തലും ഇവിടെ കണ്ടെത്താനാകും. ബഥനി ആശ്രമവും ബഥനി മഠവും സ്ഥാപിച്ച ആ പുണ്യപിതാവ് അല്മായർക്കു വേണ്ടി മൂന്നാം സഭയും സ്ഥാപിച്ചിരുന്നു. ഇവരിൽ നിന്നും 'ഭാരതസുവിശേഷ സംഘ'ത്തിന് രൂപം നൽകി സുവിശേഷ പ്രഘോഷണത്തിനായി നമ്മുടെ രാജ്യത്തിന്റെ വിവിധ മേഖലകളിലേക്ക് അയച്ചിരുന്നു എന്ന വസ്തുത മാർ ഈവാനിയോസ് പിതാവിന്റെ പ്രേഷിത ദർശനത്തിലേക്കും അല്മായരെ കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലേക്കും വിരൽ ചൂണ്ടുന്നു.

അല്മായന്റെ കർമ്മഭൂമികയെ കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുണ്ട് ഗ്രന്ഥകർത്താവിന്. തന്റെ പ്രേഷിതദൗത്യത്തിന്റെ ആദ്യവിത്ത് അല്മായർ വിതയ്ക്കേണ്ടത് പരിചിത മണ്ഡലങ്ങളിൽ തന്നെയായിരിക്കണമെന്ന കാഴ്ചപ്പാടാണ് ഗ്രന്ഥകർത്താവിനുള്ളത്. ഇതിനുള്ള ശക്തി ആർജ്ജിക്കേണ്ടത് അതാത് ഇടവകാജീവിതത്തിൽ നിന്നുമായിരിക്കണം. അതോടൊപ്പം കുടുംബത്തെ ഗാർഹിക ദേവാലയമായി കണ്ട് തന്റെ പ്രഥമ പ്രേഷിത ഭൂമിക രൂപപ്പെടുത്തുന്നതിന് ഓരോ അല്മായനും സാധിക്കണം. വിശ്വാസപരിശീലനം, കുടുംബജീവിതം, സഭാസ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ, കുട്ടികളുടെ പരിശീലനരംഗം തുടങ്ങിയ മേഖലകളിൽ സജീവമായ അല്മായ മുന്നേറ്റമുണ്ടാകണമെന്നും ഗ്രന്ഥകാരൻ ഓർമ്മിപ്പിക്കുന്നു.

www.malankaralibrary.com



**വി. അൽഫോൻസാ : ആത്മജ്ഞാനത്തിന്റെ പ്രവാചിക**

ഭാരതസഭയുടെ പ്രഥമ വിശുദ്ധയായ അൽഫോൻസാമ്മയുടെ 'മിസ്റ്റിക്' അനുഭവങ്ങളിലൂടെയുള്ള ഒരു തീർത്ഥാടനമാണ് രണ്ടാമത്തെ പ്രബന്ധം. 2015 ഏപ്രിൽ മാസത്തിൽ ദേശീയതലത്തിൽ നടന്ന മത്സരത്തിൽ ഒന്നാം സ്ഥാനത്തിനർഹമായ ഈ ലേഖനം അൽഫോൻസാമ്മയുടെ ആദ്ധ്യാത്മികതയിലേക്ക് ഒരു വഴികാട്ടിയാണ്.

വിശുദ്ധ ജീവിതങ്ങളുടെ പൊതുസ്വഭാവമായ സ്വർഗ്ഗോന്മുഖതയിലേക്ക് വിരൽ ചൂണ്ടുന്ന ഈ പ്രബന്ധം ക്ഷണഭംഗുരമായ നശ്വരജീവിതത്തിനുമപ്പുറം അനശ്വരമായ ജീവിതം ഉണ്ടെന്നും അതിലേക്കുള്ള ചവിട്ടുപടി മാത്രമാണ് ഈ ഭൗമജീവിതമെന്ന കാഴ്ചപ്പാടായിരുന്നു എല്ലാ വിശുദ്ധർക്കും ഉണ്ടായിരുന്നത് എന്നും സമർത്ഥിക്കുന്നു.

ലോകത്തിനുമുന്നിൽ ശുദ്ധശൂന്യവും മൗഢ്യവുമായിരുന്നു അൽഫോൻസാമ്മയുടെ ജീവിതം. ക്ലാരമഠത്തിന്റെ ആവൃതിക്കുള്ളിൽ രോഗപീഡകളാൽ സഹനത്തിന്റെ തീച്ചൂളയിൽ വിശുദ്ധിയുടെ പാത കണ്ടെത്തിയ ഈ കന്യകയുടെ ജീവിതം ഏറെ പ്രചോദനമായി മാറുന്നതിനാണ് നാം പിന്നിട് സാക്ഷ്യം വഹിച്ചത്.

"പറഞ്ഞറിയിക്കാൻ വയ്യാത്ത മാധുര്യമുള്ള എന്റെ ഈശോയെ ലോകസന്തോഷങ്ങളെല്ലാം എനിക്ക് കയ്പായി പകർത്തേണമേ" എന്ന് നിരന്തരമായി പ്രാർത്ഥിച്ച അൽഫോൻസാമ്മയുടെ ജീവിതം നന്നേ ചെറുപ്പം മുതലെ ഈശോയ്ക്ക് സമർപ്പിതമായിരുന്നു.

ഭരണങ്ങാനം മഠത്തിലെ ഈ നിത്യരോഗിണി സ്വന്തം സഹനങ്ങൾ നല്ല മനസ്സോടെ ഏറ്റുവാങ്ങിയെന്നു മാത്രമല്ല. മറ്റുള്ളവരുടെ സഹനങ്ങൾ കൂടി അവൾ തന്റെ മണവാളനോട് ചോദിച്ചു വാങ്ങി. പരഹൃദയജ്ഞാനം, ഭാഷാവരം തുടങ്ങിയ ദാനങ്ങൾ അവളിൽ പ്രവർത്തനനിരതമായിരുന്നു. രോഗങ്ങളും പാരവശ്യങ്ങളും ബുദ്ധിമുട്ടുകളും അവളെ ഒരു യഥാർത്ഥ സഹനബലിയാക്കി മാറ്റി. ഏശയ്യായുടെ പുസ്തകം 53-ാം അദ്ധ്യായത്തിലെ സഹനദാസന്റെ ചിത്രമായിരുന്നു അവൾ മാതൃകയാക്കിയത്. ഒരിക്കൽ അവൾ എഴുതി: "ദിവസത്തിൽ എട്ടും പത്തും പ്രാവശ്യം ഛർദ്ദിക്കും. മിക്കവാറും അത് കട്ടരക്തമായിരിക്കും. തലവേദന ശക്തമായി ഉണ്ടാകുന്ന ദിവസം മൂക്കിൽ നിന്ന് ധാരാളം രക്തം വരും. ചില ദിവസങ്ങളിൽ കണ്ണിൽ നിന്നും രക്തം വന്നിട്ടുണ്ട്."

മനുഷ്യജീവിതത്തിലെ സഹനങ്ങൾക്ക് ഒരു പുതിയ അർത്ഥമുണ്ടെന്ന് പഠിപ്പിച്ച ഉത്ഥിതനായ നമ്മുടെ കർത്താവിന്റെ ജീവിതത്തിന് ലഭിച്ച ആധുനികഭാഷ്യമായിരുന്നു അൽഫോൻസാമ്മയുടെ ജീവിതം. അത് ഭരണങ്ങാനത്തിന്റെയും കേരള

www.malankaralibrary.com


ത്തിന്റെയും അതിർത്തികൾ അതിലംഘിച്ച് വിശുദ്ധിയുടെ പരിമളമായി ലോകമെങ്ങും പരിലസിച്ചപ്പോൾ ലോകത്തിനുമുന്നിൽ ഒരു സഹനത്തിന്റെ പ്രവാചിക കൂടി അവതരിപ്പിക്കപ്പെടുകയായിരുന്നു എന്ന് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നു.

അതോടൊപ്പം അൽഫോൻസാമ്മയുടെ ആത്മജ്ഞാനത്തിന്റെ വിവിധ വശങ്ങളെ വിശകലനം ചെയ്യുവാനും ഗ്രന്ഥകാരൻ പരിശ്രമിക്കുന്നു. സഹനത്തിലൂടെ വിശുദ്ധിയുടെ പരമോന്നത തലങ്ങളിലേക്ക് ഉയരുന്ന അവൾ അതിമാനുഷികമായ സിദ്ധികളാൽ ആത്മജ്ഞാനത്തിന് പുതിയ വ്യാഖ്യാനം തന്നെ നൽകുകയായിരുന്നു എന്നും ഈ പ്രബന്ധത്തിൽ നിന്നും വായിച്ചറിയാൻ കഴിയും.

പ്രവാചിക കാലാതീതയാണെന്ന സത്യം ബഹു. റോമളുസച്ചന്റെ ചരമപ്രസംഗം ഉദ്ധരിച്ചുകൊണ്ട് ഗ്രന്ഥകാരൻ സ്ഥാപിക്കുന്നു. "ഇവളെ അടക്കം ചെയ്ത ഈ മണ്ണ് ഭാഗ്യപ്പെട്ടത്; ഇവൾ ജീവിച്ച ഭരണങ്ങാനം ഭാഗ്യപ്പെട്ടത്; ഭരണങ്ങാനം ഭാരതത്തിന്റെ ലിസ്യൂ ആകും." ഈ പ്രവചനം അക്ഷരാർത്ഥത്തിൽ ശരിയായിരുന്നു എന്ന് ആനുകാലികചരിത്രം നമ്മോട് പറയുന്നു.

**കാരുണ്യത്തിന്റെ വിൻസെൻഷ്യൻ കരങ്ങൾ**

പരി. ഫ്രാൻസിസ് മാർപ്പാപ്പ 2016-നെ കാരുണ്യവർഷമായി പ്രഖ്യാപിച്ചിരുന്ന പശ്ചാത്തലത്തിൽ ഏറെ പ്രസക്തമായ ഒരു പ്രബന്ധമാണ് മൂന്നാമത്തേത്. സഭയിലെ എക്കാലത്തെയും കാരുണ്യത്തിന്റെ മുഖമാണല്ലോ വി. വിൻസെന്റ് ഡി. പോൾ. 2015-ൽ കേരളത്തിലെ 31 രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ മത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹമായ ഈ പ്രബന്ധത്തിൽ വി. വിൻസെന്റ് ഡി. പോളിന്റെ ജീവകാരുണ്യ അദ്ധ്യാത്മികതയുടെ വിശകലനമാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്.

"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" എന്ന യേശുമൊഴി സഭയുടെ അസ്തിത്വത്തിന്റെ തന്നെ അടിത്തറയാണ്. ഈ ആദർശം പ്രതിഫലിപ്പിച്ച ദർപ്പണമായിരുന്നു ആദിമസഭ. പക്ഷേ കാലത്തിന്റെ കുത്തൊഴുക്കിൽ ഫ്യൂഡൽ വ്യവസ്ഥിതിയുടെയും, സ്വാർത്ഥതയുടെയും ദുർമേദസ്സും കാരുണ്യത്തിന്റെ സാന്ത്വനസ്പർശവും സഭയിൽ നിന്നും അപ്രത്യക്ഷമായി തുടങ്ങിയപ്പോഴായിരുന്നു ജീവകാരുണ്യത്തിന്റെ നക്ഷത്രശോഭയോടെ വി. വിൻസെന്റ് ഡി. പോൾ സഭാനഭസ്സിൽ പ്രത്യക്ഷപ്പെട്ടത്.

1833-ൽ ഫ്രെഡറിക് ഓസാനാം ആരംഭിച്ച വിൻസെന്റ് ഡി. പോൾ സൊസൈറ്റി 156 രാജ്യങ്ങളിൽ പടർന്ന് പന്തലിച്ച് സഭയുടെ ജീവകാരുണ്യമുഖമായി പരിണമിച്ചിരിക്കുന്നു. ഈ സഖ്യത്തിന്റെ ആദ്ധ്യാത്മികതയുടെ കൃത്യമായ വിശകലനവും ഈ

www.malankaralibrary.com


പ്രബന്ധത്തിൽ കാണാം. ഗ്രന്ഥകാരൻ പറയുന്ന "ദീനബന്ധുസഖ്യത്തിന്റെ അൾത്താര പാവപ്പെട്ടവന്റെ ദുർഭഗാവസ്ഥയാണ്. ആരാധനയാകട്ടെ അവരുടെ മിഴിനീർ തുടയ്ക്കലും." സഭയുടെ ജീവകാരുണ്യമുഖമായ് വിൻസെന്റ് ഡി. പോൾ സൊസൈറ്റി ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ആഴത്തിൽ വേരോട്ടമുള്ള ഒരു സംഘടനയാണ്. ഈ സംഘടനയുടെ ആദ്ധ്യാത്മികത നമ്മുടെ അല്മായ നിരകളെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഏറെ കർമ്മോത്സുകരാക്കുന്നു മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ആനുകാലിക ചരിത്രം ജീവകാരുണ്യത്തിന്റേതാണെന്ന് വിശേഷിപ്പിക്കുന്നതിൽ ഒട്ടും തെറ്റില്ല. ആയിരങ്ങൾക്ക് നവഭവനങ്ങളുടെ വാതിൽ തുറന്നുകൊടുക്കുവാനും, അശരണരായ രോഗികൾക്ക് അത്യാധുനിക ചികിത്സാസൗകര്യങ്ങൾ ക്രമപ്പെടുത്താനും ഈ സഭയ്ക്കായത് അതിന്റെ ജീവകാരുണ്യമുഖത്തിന്റെ പ്രകാശനം തന്നെയാണ്. അതോടൊപ്പം എല്ലാവരാലും പരിത്യക്തരായ കുഞ്ഞുങ്ങൾക്ക് 'അഭയഭവൻ' തുറക്കാനായതും ഈ ജീവകാരുണ്യത്തിന്റെ മറ്റൊരു ഉദാഹരണം മാത്രം. ഇതുപോലെ എത്രയെത്ര ജീവകാരുണ്യസംരംഭങ്ങൾക്ക് നടുവിലാണ് നമ്മുടെ സഭ അനുദിനം വളർന്നുകൊണ്ടിരിക്കുന്നത് എന്നതിൽ നമ്മുക്ക് അഭിമാനിക്കാം.

എങ്കിലും കാലിത്തൊഴുത്തിൽ പിറന്നവനെ അനുഗമിക്കേണ്ട സഭാന്തരീക്ഷം ഇന്ന് ആർഭാടഭരിതങ്ങളായ ഘോഷയാത്രകളും, അന്തരീക്ഷം മലിനമാക്കുന്ന കരിമരുന്ന് പ്രയോഗങ്ങളും, മലിന്യബദ്ധമായ പരസ്യകമാനങ്ങളും കൊണ്ട് കലുഷിതമായിരിക്കുന്നു എന്ന് ഗ്രന്ഥകാരൻ ആത്മശോധന നടത്തുന്നത് ശ്രദ്ധേയമാണ്. ഈ വിമർശനങ്ങളെ അതിന്റെ നല്ല അർത്ഥത്തിൽ ഉൾക്കൊണ്ട് സഭാജീവിതവും വ്യക്തിജീവിതവും വിലയിരുത്തേണ്ടത് ഇന്നിന്റെ ആവശ്യമാണ്. ഈ ചൈതന്യം നമ്മുടെ കുടുംബജീവിതങ്ങളിലും വ്യക്തി ജീവിതങ്ങളിലും പരിവർത്തനങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്.

അമേരിക്കൻ പ്രസിഡന്റിനെ കാണാൻ ഏറ്റവും ചെറിയ കാറിൽപ്പോയ ഫ്രാൻസിസ് മാർപ്പാപ്പ ധൂർത്തിനെതിരെ 'മാനിഷാദാ' പറയുകയായിരുന്നു എന്ന പരാമർശം ഏറെ ശ്രദ്ധേയമാണ്. "ഞങ്ങളെ കരുതാൻ ആരുണ്ട്" എന്ന ചോദ്യം ഉറയുന്ന മിഴികളോടെ കാത്തിരിക്കുന്ന പതിതരുടെ മുമ്പിൽ "ഞങ്ങളുണ്ട്" എന്ന് പ്രത്യുത്തരിക്കാൻ വിൻസെൻഷ്യൻ ചൈതന്യം നമ്മെ ആഹ്വാനം ചെയ്യുന്നു.

**ജ്ഞാനമാർഗ്ഗത്തിലെ ഗ്രിഗോറിയൻ കാല്പാടുകൾ**

വി. വിൻസെന്റ് ഡി. പോളിന്റെയും അൽഫോൻസാമ്മയുടെയും ആദ്ധ്യാത്മികതയോട് ചേർത്തു വയ്ക്കാവുന്ന ഒരു ജീവിതദർശനത്തിന്റെ ഉടമയായിരുന്നു

www.malankaralibrary.com



മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായിരുന്ന ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി. ഭാഗ്യസ്മരണാർഹനായ തിരുമേനിയുടെ ജന്മ ശതാബ്ദി വർഷമായിരുന്നല്ലോ 2015 - 2016. ഈ ആഘോഷവേളയിൽ അല്മായർക്കുവേണ്ടി നടത്തിയ പ്രബന്ധമത്സരത്തിൽ ഒന്നാം സ്ഥാനീയനായതും മറ്റാരുമല്ല, നമ്മുടെ ഗ്രന്ഥകാരൻ തന്നെ. ഗ്രീഗോറിയൻ വിദ്യാഭ്യാസദർശനമായിരുന്നു പ്രബന്ധവിഷയം.

വിദ്യാഭ്യാസത്തിന് ഭാരതസംസ്കാരത്തിലെ അതുല്യസ്ഥാനം ചൂണ്ടിക്കാട്ടിക്കൊണ്ടു തുടങ്ങുന്ന പ്രബന്ധത്തിൽ ഗ്രീഗോറിയൻ വിദ്യാഭ്യാസദർശനത്തിന്റെ സവിശേഷതകൾ അക്കമിട്ട് നിരത്തുന്നു. ഗ്രീഗോറിയൻ വിദ്യാഭ്യാസദർശനത്തിന്റെ ഏറ്റം പ്രധാന സവിശേഷത അതിന്റെ ജനകീയതയും ലാളിത്യവുമായിരുന്നു. സാധാരണ ജനങ്ങൾക്ക് പ്രാപ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങളായിരുന്നു വന്ദ്യതിരുമേനി തുടങ്ങിയവയിലേറെയും. വിദ്യാഭ്യാസം പൊതുജനത്തിനുതുകുന്നതാകണം എന്ന കാഴ്ചപ്പാടോടെ ചെലവു കുറഞ്ഞ വിദ്യാഭ്യാസ സമ്പ്രദായങ്ങളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കുവാനായിരുന്നു തിരുമേനി എന്നും പരിശ്രമിച്ചിരുന്നത്.

അതോടൊപ്പം ഗ്രീഗോറിയോസ് തിരുമേനിയുടെ സ്ഥാപനങ്ങളിൽ സാർവലൗകികതയുടെ ഉദാഹരണങ്ങൾ വേണ്ടുവോളം ചൂണ്ടിക്കാണിക്കുവാൻ ചരിത്രകാരന്മാർക്കാവും. ജന്മശതാബ്ദിയോടനുബന്ധിച്ച് നടന്ന സർവമതസാംസ്കാരിക സമ്മേളനങ്ങളിൽ പലരും പിതാവിന്റെ ഈ വിദ്യാഭ്യാസദർശനത്തിന് ഉദാഹരണസഹിതം സാക്ഷ്യം വഹിച്ചു. ജാതിമതവർഗ്ഗ വർണ്ണഭേദമെന്യേ ഏവർക്കും കടന്നു വന്ന് പഠിക്കാനുള്ള ഇടങ്ങളായി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രശസ്ത കലാലയങ്ങൾ പരിണമിക്കുന്നതിനാണ് മലങ്കരസഭാചരിത്രത്തിലെ ഗ്രീഗോറിയൻ യുഗം സാക്ഷ്യം വഹിച്ചത്. ഇന്ന് കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ തിളങ്ങുന്ന പല പ്രതിഭകളും ഈ ഗ്രീഗോറിയൻ യുഗത്തിന്റെ സൃഷ്ടികളാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

ഗ്രീഗോറിയൻ വിദ്യാഭ്യാസ ദർശനത്തിന്റെ മറ്റൊരു സവിശേഷതയായിരുന്നു അതിലെ നിസ്വാർത്ഥത. ഏത് പാവപ്പെട്ടവനും വിദ്യാ അഭ്യസിക്കുന്നതിനും ജീവനോപാധി കണ്ടെത്തുന്നതിനുമുള്ള ആലയങ്ങളായിരിക്കണം തന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന നിർബന്ധം വന്ദ്യതിരുമേനിക്കുണ്ടായിരുന്നു. താൻ ആദ്യം തുടങ്ങിയ കലാലയത്തിന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ താപസശ്രേഷ്ഠനായ മാർ

www.malankaralibrary.com



തെയോഫിലോസ് തിരുമേനിയുടെ നാമധേയം നൽകിയതിലൂടെയും ഗ്രീഗോറിയോസ് തിരുമേനി ഏറെ ശ്രദ്ധേയനായി. സ്വാർത്ഥതയും ലാഭേച്ഛയും കൂടാതെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏറെ ജനകീയമാക്കിയ ആ കർമ്മയോഗിക്കു മുന്നിലൊരു നല്ല ഗുരുസ്മരണയാണ് പീറ്റർ സി. ഏബ്രഹാമിന്റെ ഈ പ്രബന്ധം.

**ഉപസംഹാരം**

ശ്രേഷ്ഠമായ ഭാഷാചാരുതകൊണ്ടും ആർജ്ജവത്തോടുകൂടിയ പ്രതിപാദന ശൈലി കൊണ്ടും ശ്രദ്ധേയമായ നാലു പ്രബന്ധങ്ങളെ അവതരിപ്പിക്കാൻ സാധിച്ചതിലുള്ള സംതൃപ്തിയാണ് ഈ സമാപനകുറിപ്പെഴുതുമ്പോൾ എന്റെ മനസ്സിൽ. വ്യത്യസ്തങ്ങളായ സന്ദർഭങ്ങളിൽ എഴുതപ്പെട്ടവയാണെങ്കിലും ഈ പ്രബന്ധങ്ങളെയെല്ലാം കോർത്തിണക്കുന്ന സുവർണചരടാണ് അതിന്റെ കാരണ്യസ്വഭാവം. ഈ കാരുണ്യവർഷത്തിൽ ഈ പ്രബന്ധങ്ങൾ ഒരുമിച്ച് പ്രകാശിതമാകുന്നത് ഏറ്റം സന്ദർഭോചിതമാണ്. ഇതിലൂടെ പുത്തൻ ബോധ്യങ്ങളോടെ സഭാത്മകജീവിതത്തെയും കുടുംബജീവിതത്തെയും വ്യക്തിജീവിതത്തെയും നോക്കി കാണുവാൻ അനുവാചകർക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു. നവമായ ഊർജ്ജത്തോടെ കാരുണ്യത്തിന്റെ കൈത്തിരികൾ നമ്മുടെ ഹൃദയങ്ങളിൽ അണയാതെ സൂക്ഷിക്കുവാൻ ഈ ചെറുഗ്രന്ഥം ഒരു പ്രേരകശക്തിയാകട്ടെ.

മേജർ ആർച്ചുബിഷപ്പ്സ് ഹൗസ്
പട്ടം
07 - 07 - 2016

ഫാ. തോമസ് കുഴിനാപ്പുറത്ത്
ജൂഡീഷ്യൽ വികാർ
തിരു. മേജർ അതിരൂപത

www.malankaralibrary.com

# മുഖമൊഴി

*വ്യത്യസ്ത സന്ദർഭങ്ങളിലായി സംസ്ഥാനതലത്തിൽ നടത്തപ്പെട്ട രചനാ മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയ എന്റെ നാല് ലേഖനങ്ങളുടെ സംയോഗ മാണീ ഗ്രന്ഥം. കർത്തവ്യബഹുത്വത്തിനിടയിലും ആശംസ എഴുതി അനുഗ്രഹിച്ച പരിശുദ്ധ ബാവാ തിരുമേനിയോടും, പഠനക്കുറിപ്പ് തയ്യാറാക്കിയ ഡോ. തോമസ് കുഴിനാപ്പുറത്ത് അച്ചനോടുമുള്ള നന്ദി ഹൃദയപൂർവ്വം നേരുന്നു. അത്യുദാരത യോടും തീക്ഷ്ണബുദ്ധിയോടും കൂടെ ഇതിന്റെ പ്രസാധന ധർമ്മം ഏറ്റെടുത്ത ബഥനി പബ്ളിക്കേഷൻ ഡയറക്ടർ ബഹുമാനപ്പെട്ട വർഗീസ് തൈക്കൂട്ടത്തിൽ അച്ചനോടുള്ള എന്റെ കടപ്പാട് നിസ്സീമമാണ്.*

*പ്രിയ വായനക്കാരുടെ മുമ്പിൽ ഈ പുസ്തകം സമർപ്പിച്ചുകൊള്ളുന്നു.*

*മൈലപ്ര*
*15 - 06 - 2016*

*പീറ്റർ സി. ഏബ്രഹാം*
*9497227818*

***********

www.malankaralibrary.com

***<u>പീറ്റർ സി. ഏബ്രഹാം രചിച്ച ഗ്രന്ഥങ്ങൾ</u>***

മലങ്കരസൂര്യൻ (2 പതിപ്പുകൾ)

In His Master's Foot Steps

(മലങ്കരസൂര്യന്റെ ഇംഗ്ലീഷ് പരിഭാഷ - Rebecca Thomas)

ക്രിസ്തുദേവൻ

സ്മൃതിപഥത്തിലെ പൊന്നൊളി

സ്നേഹയാഗം

കരുണയുടെ കരസ്പർശം

സത്യത്തിന്റെ തീർത്ഥാടകൻ

ഒരുമയുടെ വരപ്രസാദം

പ്രേഷിത ദീപം (2 പതിപ്പുകൾ)

ജനതകളുടെ വെളിച്ചം

അവനി വാഴ്വ്

***<u>എഡിറ്റു ചെയ്ത കൃതികൾ</u>***

സന്നിധി

തെക്കേച്ചരുവിൽ ജോഷ്വാച്ചൻ

ദൈവശാസ്ത്രപഠനങ്ങൾ

സ്വർണ്ണനിലാവ്.

***<u>ലഭിച്ച പുരസ്കാരങ്ങൾ</u>***

പത്മഭൂഷൻ ഡോ. എം. വി. പൈലി വൈജ്ഞാനിക സാഹിത്യ അവാർഡ്

മേരി വിജയം അവാർഡ്

പി.ഓ.സി. - താലന്ത് അവാർഡ്

ബഥനി പബ്ളിക്കേഷൻ അവാർഡ് (1986 - ലെ ഏറ്റവും മികച്ച പുസ്തകത്തിന്)

സ്നേഹസേന അവാർഡ്

മാർ ഈവാനിയോസ് എഡ്യൂക്കേഷണൽ അവാർഡ്

വി. അൽഫോൻസാ അവാർഡ്

മാർ ഗ്രിഗോറിയോസ് ജന്മശതാബ്ദി ലേഖന അവാർഡ്

ഓസാനാം പേൾജൂബിലി അവാർഡ്

സഭാ അസംബ്ളി ലേഖന അവാർഡ്

കുടുംബദീപം ലേഖന അവാർഡ്.

www.malankaralibrary.com

# ഉള്ളടക്കം


അവതാരിക 05

ഉപോദ്ഘാതം 07

മുഖമൊഴി 14

1. സുവിശേഷകയായ മലങ്കര കത്തോലിക്കാ സഭയിലെ അല്മായ പങ്കാളിത്തം.............................................................. 17

2. വി. അൽഫോൻസാ: ആത്മജ്ഞാനത്തിന്റെ പ്രവാചിക................. 61

3. കാരുണ്യസഭയിൽ വിൻസെൻഷ്യൻ കരങ്ങൾ................................ 83

4. ജ്ഞാനമാർഗ്ഗത്തിലെ ഗ്രിഗോറിയൻ കാല്പാടുകൾ....................... 92

www.malankaralibrary.com

# 1

# സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അല്മായ പങ്കാളിത്തം*

## മുൻമൊഴി

**കൃ**പാപൂരിതയായ തിരുസ്സഭയുടെ വളർച്ചാ സരണികളിൽ യഥാവസരം വ്യക്തികളും സംഭവങ്ങളും ദൈവാത്മപ്രേരണയാൽ സജ്ജിതമാക്കപ്പെടാറുണ്ട്. മലങ്കരസുറിയാനി കത്തോലിക്കാ സഭയുടെ ചരിത്രത്തിലെ ഏറ്റവും അനർഘമായ വിജയപരിണാമ ങ്ങൾക്ക് കാരണമായി മാർ ഈവാനിയോസ് തിരുമേനി എന്ന വ്യക്തിയേയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അരങ്ങേറിയ പുന രൈക്യം, ഹയരാർക്കി സ്ഥാപനം, സന്ന്യാസസഭകളുടെ പൊന്തി ഫിക്കൽ പദവികൾ തുടങ്ങി ഇപ്പോഴത്തെ മേജർ ആർക്കിഎപ്പി സ്ക്കോപ്പൽ സംവിധാനം വരെയുള്ള നിരവധി സംഭവങ്ങളെയും നിരത്തിക്കാട്ടാൻ കഴിയും. ഇപ്രകാരം ഔദ്ധത്യങ്ങളിലേക്കുള്ള ചടു ലമായ പടികയറ്റങ്ങളോടെ എട്ടു ദശാബ്ദങ്ങൾ പിന്നിടുന്ന സഭയെ പരിശുദ്ധാത്മാവ് ഹേമിക്കുകയാണ്, നവ്യമായ ഒരാത്മീയ കായക ല്പത്തിനു വിധേയപ്പെടാൻ. ധ്യാനലീനമായ പരിശുദ്ധ സൂന്നഹ ദോസിലൂടെ ഉയിർക്കൊണ്ട അടിസ്ഥാനദൗത്യപരവും കാലോചി

** പ്രഥമസഭാ അസംബ്ളിയോടനുബന്ധിച്ച് മലങ്കര മേജർ ആർക്കി എപ്പി സ്കോപ്പൽ സഭ ദേശീയ തലത്തിൽ സംഘടിപ്പിച്ച പ്രബന്ധ രചനാ മത്സര ത്തിൽ (അല്മായ വിഭാഗത്തിൽ) ഒന്നാം സ്ഥാനം നേടിയത്*

www.malankaralibrary.com



തവുമായ വിഷയമാണ് 'സുവിശേഷകയായ മലങ്കരസുറിയാനി കത്തോലിക്കാസഭ' എന്നത്. സഭയുടെ അടുത്ത പഞ്ചവത്സരകർമ്മങ്ങളായി ഈ വിഷയചിന്തയിൽ നിന്നു രൂപപ്പെടുന്ന നിർദ്ദേശസഞ്ചയങ്ങളാണ് രൂപതാഅസംബ്ലികൾ വഴിയായി പൊതുസഭാ അസംബ്ലിയിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നത്. തികഞ്ഞ ഉണർവോടെയും ജാഗ്രതയോടെയും ഈ ചിന്താധാരയോടു പ്രതികരിച്ച രൂപതാ അസംബ്ലികളിലൂടെ കേന്ദ്ര അസംബ്ളിയിലേക്ക് ഏകീകരിക്കപ്പെടുന്ന ആശയസംഹിത, സഭയെ വർദ്ധിതമായ നൈർമ്മല്യത്തിലേക്കും അനന്യമായ പ്രബലതയിലേക്കും ആനയിക്കുക തന്നെ ചെയ്യും.

ചിലരെങ്കിലും തെറ്റിദ്ധരിക്കുന്നുണ്ട് അടിസ്ഥാനധർമ്മങ്ങളിൽ നിന്നു വ്യതിചലിച്ച് അപചയാവസ്ഥയിലേയ്ക്ക് സഭ കൂപ്പുകുത്തുന്ന സാഹചര്യത്തിൽ അധികാരികൾ കണ്ടെത്തിയ ഒരു മൃതസഞ്ജീവനിയാണ് ഈ അസംബ്ലിയെന്ന്. പ്രാദേശിക അസംബ്ലികളിൽ ഇത്തരം വിമർശനം മുഴങ്ങിക്കേട്ടിരുന്നു. എന്നാൽ എൺപതാണ്ടുകളുടെ സഭാചരിതം അറിയുന്ന ഏതൊരാൾക്കും, സഭയുടെ അതിശയകരവും ഉൻമേഷദായകവുമായ വളർച്ചാഘട്ടങ്ങളുടെ ഇടയിൽ അങ്ങിങ്ങ് കാണപ്പെടുന്ന ചില പുഴുക്കുത്തുകളെ നിസ്സാരമാക്കാനേ കഴിയൂ. അതായത്, ഏതെങ്കിലുമൊരു തരത്തിൽ ക്രിസ്തീയതയുടെ സദ്വാർത്താ വാഹകരായി നാം എക്കാലവും വർത്തിച്ചിട്ടുണ്ട്. സുവിശേഷശക്തിയാൽ നാം നിരന്തരം മുന്നേറിയതിന്റെ ഫലങ്ങളാണ് തെക്കൻ ദേശത്തിലെ ഭൂരിപക്ഷം സഭാസമൂഹങ്ങളും, മാർത്താണ്ഡം രൂപതയും. അകത്തോലിക്കാ സഭാംഗങ്ങൾക്കിടയിൽ മാത്രമല്ല, ഇതര കത്തോലിക്കാ സമൂഹങ്ങളിൽപ്പോലും ഒരുമയുടെ കെട്ടുറപ്പിൽ വിള്ളൽ സൃഷ്ടിക്കപ്പെട്ടപ്പോഴും വിഭാഗീയത എന്തെന്നറിയാതെ ഐക്യത്തിന്റെ മഹൽസാക്ഷ്യമേകാൻ എക്കാലവും നമുക്കു കഴിഞ്ഞിട്ടുണ്ട് എന്നത് വലിയൊരു സദ്വാർത്തയല്ലേ! അതിനാൽ സുവിശേഷത്തിന്റെ വളക്കൂറിൽ വേരുകളാഴ്ത്തി സൗഗന്ധികസൂനങ്ങളും മധുരവാഹികളായ പഴങ്ങളും നിറഞ്ഞ പ്രശാഖികൾ നാലുപാടും വിന്യസിപ്പിച്ച്, താന്തപാന്ഥർക്ക് അനുഗ്രഹമായിത്തീരുവാനുള്ള സമർപ്പണോത്സുകത തന്നെയാണ് ഈ നവ്യമായ നിശ്ചയങ്ങൾക്കുള്ള സൽപ്രേരണ.

www.malankaralibrary.com


ദ്വിതീയ വത്തിക്കാൻ കൗൺസിലിന്റെ ഉദ്ഘാടനത്തോടെ, പരിശുദ്ധ 23-ാം യോഹന്നാൻ മാർപ്പാപ്പാ വത്തിക്കാൻ മന്ദിരത്തിന്റെ ജനാലകൾ മലർക്കെ തുറന്നിട്ടുകൊണ്ട് പ്രതീകാത്മകമായൊരു ധർമ്മം നിറവേറ്റുകയായിരുന്നു. പൊതു സമൂഹത്തിനു നമ്മെക്കാണാനും നമുക്ക് അവരെ കാണാനും സാദ്ധ്യമായ ഒരു സുതാര്യാനുഭവം. അതു ലോകത്തിന്റെ പല തലങ്ങളിലും ശക്തമായ സ്വാധീനമായിത്തീർന്നില്ലേ? അതുപോലൊരു പരിശുദ്ധാത്മാനുഭവമായി ഈ അസംബ്ലിയെ കാണാൻ കഴിയണം. 'നീ വീണ്ടും ജനിക്കണ'മെന്ന് ശുദ്ധനും വിജ്ഞനുമായ നിക്കോദമോസിനോടു ക്രിസ്തു കല്പിക്കുംപ്രകാരം ഇതൊരു രണ്ടാം പെന്തക്കോസ്തിയുടെ അനുഭവത്തിലേക്ക് സഭയെ നയിക്കട്ടെ എന്ന പ്രാർത്ഥനാദാഹമാണ് ഇപ്പോൾ സഭാംഗങ്ങളെ ചൂഴ്ന്നു നില്ക്കുന്നത്.

## കേവലം നൈയമികതയോ ഈ അസംബ്ലി?

അതിശ്രേഷ്ഠ മെത്രാപ്പോലിത്തൻ സഭയിൽ (മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭ) ഓരോ അഞ്ചു വത്സരം കൂടുമ്പോഴും നിയതമായ പ്രതിപുരുഷ ചർച്ചായോഗം ചേരണമെന്ന നിഷ്ഠയെ മുൻനിർത്തി മാത്രമല്ല ഈ അസംബ്ലി. സഭയുടെ ആദ്യകാലത്ത് സജീവമായിരുന്ന കൂട്ടായ്മാശൈലിയുടെ അനുവർത്തനമായി ഈ സംയോഗത്തെ കാണാൻ കഴിയണം. അദ്ധ്യാത്മ പിതാക്കന്മാരും അല്മായ മഹാജനവും ആത്മാവിൽ സ്വരുമയോടെ ധ്യാനമനനങ്ങളിൽ ആമഗ്നരായി സഭാവളർച്ചയെ ദ്രുതതരമാക്കി. രഹസ്യാത്മകതകളാകുന്ന കൗദാശികാനുഭവത്തിൽ മനംപൂഴ്ത്തി, മൗനത്തിന്റെ ആഴങ്ങൾ താണ്ടിയ മഹർഷി മാർ ഈവാനിയോസിന്റെ സ്വതസിദ്ധമായ അദ്ധ്യാത്മശൈലി തേടിയുള്ള ഒരു പുണ്യപ്രയാണമായും അസംബ്ലിയെ വ്യവച്ഛേദിച്ച് നമുക്ക് സ്വന്തമാക്കാം. വർത്തമാനസമൂഹം പ്രത്യേകിച്ച്, ദൈവികനന്മകളുടെ ഉറവയായ രഹസ്യാത്മകത വിട്ട് ക്ഷണഭംഗുരങ്ങളായ പരസ്യാത്മകതയോട് അഭിരമിച്ചു തുടങ്ങുമ്പോൾ ഈ സംരംഭം ഒരു അനിവാര്യതയായിത്തന്നെ അനുഭവപ്പെടണം. എപ്പോഴെല്ലാം ജനം, തിരുസ്സഭയെ ഭൗമമാനദണ്ഡങ്ങളാൽ അളക്കാൻ തുനിഞ്ഞുവോ അപ്പോഴൊക്കെ ഗൗരവമുള്ള താക്കീതായി ദൈവം ഇടപെട്ടിട്ടുണ്ട്. ദൈവ

www.malankaralibrary.com



പ്രീതി ലക്ഷ്യമാക്കി കൃപാതിരേകത്തോടെ മുന്നേറുന്ന മലങ്കരസുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച് പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമത്തിൽ 140-ാം ഭാഗത്ത് സഭാ അസംബ്ലിയെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു, "കൂടുതൽ പ്രാധാന്യമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന്, പ്രത്യേകിച്ച് സ്വന്തം സഭയുടെ പൊതു നന്മയും അതുപോലെതന്നെ, പല സ്വയാധികാര സഭകൾ ഒരുമിച്ച് നിലനില്ക്കുന്ന പ്രദേശം മുഴുവന്റേയും പൊതുനന്മയും കണക്കിലെടുത്തുകൊണ്ട് കാലത്തിന്റെ ഇപ്പോഴത്തെ സാഹചര്യങ്ങളനുസരിച്ച് പ്രേഷിതത്വത്തിന്റെ ഘടനയും കർമ്മപരിപാടികളും സഭാപരമായ അച്ചടക്കവും വേണ്ട രീതിയിൽ ഏകീകരിക്കുന്നതിനുമാണ് അസംബ്ലി." പുതിയ ഇസ്രായേലായ നമ്മെ കരുതി, സർവ്വനാശങ്ങളുടെ അശനിപാതങ്ങളിലും 'നീ എന്റെ പൊന്നോമനക്കുട്ടൻ' എന്നു കല്പിച്ച് മാറോടണച്ച്, ഈ കാനാനിലെ പച്ചപ്പിലേക്കാനയിച്ച സർവ്വശക്തന് കൃതജ്ഞതാഞ്ജലി അർപ്പിക്കുന്നതിനുമുള്ള ഒരുക്കമാണിത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ കമ്മ്യൂണിറ്റി മനോഭാവത്തിൽ നിന്നും ഒരു കമ്മ്യൂണിയൻ മനോനിലയിലേയ്ക്കുള്ള ചംക്രമണ മുഹൂർത്തമാണിത്.

## പഞ്ചവത്സര ദർശനസപര്യ

വരുന്ന അഞ്ചു വർഷത്തെ സഭാത്മകകർമ്മങ്ങൾക്കാധാരമായ ചർച്ചാവിഷയമായി ഏറ്റം അനുയോജ്യമായ സംജ്ഞകളാണ് സഭ കൈക്കൊണ്ടിട്ടുള്ളത്. അല്മായ ജനത്തെ സുവിശേഷപരമായി ഉണർത്തി, സഭാത്മകതയുടെ മുഖ്യസരണിയിൽ ജാഗ്രതാപൂർവ്വം നിലകൊള്ളിക്കാൻ പോന്ന ചലനാത്മകതയുള്ള ചിന്തകളാണിവ. സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ എന്ന അടിസ്ഥാനവിഷയത്തെ കേന്ദ്രീകരിച്ചാണ് ചർച്ചകളുടെ മുന്നേറ്റം. യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള "നാഥാ ഇതാ ഞാൻ; എന്നെ അയച്ചാലും" എന്ന തീക്ഷ്ണമായ വേദഗ്രന്ഥപ്രത്യുത്തരമാണ് പ്രേരകവാക്യമായി സ്വീകരിച്ചിട്ടുള്ളത്. "അനുഭവത്തിൽനിന്നു സാക്ഷ്യത്തിലേക്ക്" എന്ന ആപ്തവാക്യവും കൈക്കൊണ്ടിരിക്കുന്നു.

www.malankaralibrary.com



## സുവിശേഷത്തിന്റെ ഈറ്റില്ലമായ സഭ

സുവിശേഷ പ്രസരണാർത്ഥം ഭൂമിയിൽ രൂപപ്പെട്ട ദൈവിക പദ്ധതിയാണല്ലോ തിരുസഭ. മരണത്തെ അതിജീവിച്ചുത്ഥാനം ചെയ്ത ക്രിസ്തുനാഥൻ, ശിഷ്യരെ വിളിച്ചുകൂട്ടി ഒരുദൗത്യം ഭരമേല്പിച്ചു; "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15). ഇവിടെ പരമ പ്രധാനമായ ഒരടിസ്ഥാനധർമ്മത്തിന്റെ വാഹകയായി സഭ ഉടലെടുക്കുകയാണ്. അതിനുപില്ക്കാലത്തു വന്നു കൂടിയ നിയതമായ ചട്ടക്കൂടുകൾ ഈ ദൗത്യപാലനത്തിന്റെ പരിപോഷണത്തിനുവേണ്ടിയുള്ള സ്വാഭാവികമായ പരിണാമങ്ങളായിരുന്നു.

സഭ അഥവാ 'എക്ലേസിയ' എന്ന സംജ്ഞയുടെ പൊരുൾ, 'വിളിക്കപ്പെട്ടവരുടെ സമൂഹം' എന്നാണ്. എന്തിനുവേണ്ടിയുള്ള വിളിയാണിത്? സർവ്വസഭാംഗങ്ങളുടെയും നിർബ്ബന്ധിത ദൗത്യമാണീ സുവിശേഷീകരണം. അതായത് സഭ എന്നത് ഈശോയുടെ അഭംഗുരമായ അനുസ്യൂതിയാണ്. ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ അദൃശ്യമായ പരിശുദ്ധാത്മസാന്നിദ്ധ്യമാണ് സഭ. വിശുദ്ധിയുടെ അഗ്നിപ്പടർപ്പാണ് സഭ. അങ്ങനെയെങ്കിൽ ഓരോ സഭാംഗവും വിശുദ്ധിയുടെ നിറവിൽ 'ദൈവജനം'എന്ന സ്ഥാനമഹത്വത്തിലേക്ക് ആരോഹണം ചെയ്യപ്പെടേണ്ടതുണ്ട്. അപ്പോഴാണ് അയയ്ക്കപ്പെട്ടവൻ അഥവാ, വിളിക്കപ്പെട്ടവൻ എന്ന പദവിക്ക് അവൻ അർഹനായിത്തീരുന്നത്. ഇവിടെ ഓരോ സഭാംഗവും ഓരോ മിഷനറിയായിത്തീരുകയാണ്. ചുരുക്കത്തിൽ, സഭാംഗമായ ഏതൊരുവനും അടിസ്ഥാനപരമായി പ്രേഷിതനായിത്തീരുന്നു. സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ് എന്നു പറയുന്നതിന്റെ കാരണമിതാണ്. മിഷനറി അഥവാ അപ്പസ്തോലൻ എന്ന ചാലകശക്തിയിലൂടെ സഭ, അവളുടെ സ്വഭാവം പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ആ പ്രകാശനം അടിസ്ഥാനപരമായി സുവിശേഷം തന്നെ ആയിരിക്കുകയും ചെയ്യുന്നു.

## എന്താണ് സുവിശേഷം?

ക്രിസ്തുവിലൂടെ അഖില ലോകത്തിനു സംലഭ്യമായ ആത്മ

www.malankaralibrary.com



മോക്ഷമാണ് രക്ഷാകര സുവിശേഷം. ദൈവത്തിന്റെ രൂപസാദൃശ്യ ങ്ങളാൽ ഉരുവാക്കപ്പെട്ട മനുഷ്യന്റെ ലാവണ്യത്തികവിൽ, സാത്താൻ വരച്ചിട്ട വൈകൃതം മായ്ച്ചുകളയാൻ ഒരു ഇമ്മാനുവേൽ അനുഭവം അനിവാര്യമായി വന്നു. ക്രിസ്തു, ദൈവവുമായുള്ള സമാനത പരിഗ ണിക്കാതെ നരജീവിതത്തിന്റെ പാപമൊഴികെയുള്ള അരക്ഷിതാവസ്ഥ കളിലേക്ക് താണിറങ്ങി. ദൈവം നമ്മോടു കൂടെയിരുന്ന് നമ്മുടെ സർവ്വ നൊമ്പരങ്ങളും ആവാഹിച്ച് കുരിശിലെ ബലിയായിത്തീർന്നാണ് വിശ്വ രക്ഷ എന്ന മഹാമഹത്വം നേടിത്തന്നത്. അതിനാൽ ഓരോ ക്രൈസ്ത വനും ഈ രക്ഷയുടെ തീക്ഷ്ണവാഹകനും അതേ സമയം, രക്ഷാപ്ര ഘോഷകനും ആയിത്തീരുന്നു. മാമോദീസായിലൂടെ ക്രിസ്തുവിന്റെ സഭാഗാത്രത്തോടു പങ്കുചേർക്കപ്പെട്ട അല്മായ സഭയുടെ പരമപ്രധാ നമായ ദൗത്യമാണീ സുവിശേഷപ്രഘോഷണം. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം എന്ന കടുത്ത നിലപാ ടിൽ ഉറച്ചുനിന്നുകൊണ്ട് സെന്റ് പോൾ നമ്മെ ഈ കടമയെപ്പറ്റി ഓർമ്മ പ്പെടുത്തുന്നു. (1 കൊരി. 1: 16). 'സുവിശേഷം അറിയിക്കുകയും രക്ഷ യുടെ സന്ദേശം പ്രഘോഷിക്കുകയും ചെയ്യുന്നവരുടെ പാദങ്ങൾ എത്ര മനോഹരം എന്ന യശയ്യായുടെ സാക്ഷ്യവും സ്മരണീയമാണ്' (യെശയ്യ 52:7)

## സുവിശേഷധർമ്മത്തിന്റെ ദൈവിക മാതൃക

പരിശുദ്ധ ത്രിത്വത്തിലെ മൂവരുടെയും കർമ്മങ്ങളിൽ സുവിശേ ഷീകരണപരമായ മിഷൻ ചൈതന്യം നിറഞ്ഞു നില്ക്കുന്നുണ്ട്. പറ ഞ്ഞയയ്ക്കലിന്റെ ഉറവിടം പിതാവായ ദൈവം തന്നെയാണ്. എല്ലാം നന്നായിരിക്കുന്നു എന്നു പ്രകീർത്തിക്കപ്പെട്ട സൃഷ്ടികർമ്മമാണ് സ്രഷ്ടാവിന്റെ മുഖമുദ്ര എന്നു വരികിലും സൃഷ്ടിയുടെ മകുടമായ മനുഷ്യന്റെ അപചയത്തിൽ പുനരുദ്ധാരകനായി തന്റെ ഏകജാതനായ ക്രിസ്തുവിനെ അവിടുന്ന് അയച്ചുകൊണ്ട് മിഷന്റെ ഉദ്ഘാടനം നിർവ്വ ഹിക്കുകയാണ്. സൃഷ്ടികളോടുള്ള അഭേദ്യമായ പിതൃസ്നേഹമാണ് പ്രേഷിതത്വത്തിന്റെ പിന്നിലെ പ്രേരണ എന്നും ഈ ധർമ്മത്തിലൂടെ പിതാവ് വ്യക്തമാക്കുകയാണ്. 'അവനിൽ വിശ്വസിക്കുന്ന ഏവനും

www.malankaralibrary.com



നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏക ജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു' എന്ന വേദവാക്യത്തിലൂടെ (യോഹ. 3:16) പിതാവിന്റെ സ്നേഹപദ്ധതി വ്യക്തമാക്കപ്പെടുന്നു.

മിഷന്റെ സാഫല്യം ദൈവപുത്രന്റെ സഹനബലിയിലൂടെ നിറവേറ്റപ്പെടുന്നു. എല്ലാം പൂർത്തിയായി എന്നു പറഞ്ഞ് രക്ഷാകരബലി കാൽവരിയിൽ സഫലമാക്കുന്ന ക്രിസ്തുവാണ് പ്രേഷിതത്വത്തിന്റെ കേന്ദ്രബലം. ഇപ്രകാരം അപ്പന്റെ ഇച്ഛയ്ക്ക് സമർപ്പിതനാകുന്ന മകന്റെ പ്രേഷിതത്വത്തെ ചൈതന്യപ്പെടുത്തി യുഗാന്തത്തോളം സമ്പൂർണ്ണതിയിലേക്ക് ആനയിക്കുക എന്ന ധർമ്മപദ്ധതിയിൽ മുഴുകി പ്രവർത്തിക്കുന്ന മൂന്നാമനാണ് പരിശുദ്ധാത്മാവ്. വരദാനവർഷത്തിന്റെ വൈവിദ്ധ്യങ്ങളിലൂടെ ദൈവജനത്തെ ഉജ്ജ്വലിപ്പിച്ച് സഭയുടെ വിശാലമായ പ്രേഷിതതലങ്ങളിലേക്ക് ആനയിക്കുന്ന കർമ്മനിരതനാണ് അവിടുന്ന്. അതുകൊണ്ടാണ് ക്രിസ്തു ഇപ്രകാരം പറഞ്ഞത്, പരിശുദ്ധാത്മാവു വന്നു കഴിയുമ്പോൾ ഞാൻ ചെയ്തതിലേറെ കാര്യങ്ങൾ ചെയ്യാൻ നിങ്ങൾക്കു കഴിയും എന്ന് (യോഹ. 14:12). ദൈവപുത്രന്റെ മൊഴികൾക്കും കർമ്മങ്ങൾക്കും ഉപരിയായി ആർക്കും ഒന്നും കൂട്ടിച്ചേർക്കുക സാദ്ധ്യമല്ലെന്നിരിക്കിലും കാലത്തിന്റെ ആവേഗപൂർണ്ണമായ പ്രയാണത്തിൽ വൈവിദ്ധ്യപൂർണ്ണവും വിസ്തൃതതരവുമായ രംഗങ്ങളിൽ പ്രവർത്തിക്കാൻ കഴിയും എന്നാണ് അവിടുന്ന് അർത്ഥമാക്കുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, രാഗം ഇന്നും പഴയതുതന്നെ; കുറേക്കൂടി ഉച്ചസ്ഥമായ വിധം ഒച്ചയിൽ അത് ആലപിക്കാൻ കഴിയും എന്നു മാത്രം.

## പുത്രന്റെ അപ്പസ്തോലിക ദൗത്യം

ദൈവപുത്രന് സ്വന്തം അവതാരലക്ഷ്യത്തെപ്പറ്റി നന്നേ ചെറുപ്പം മുതൽ പൂർണ്ണമായ അവബോധം ഉണ്ടായിരുന്നു. കാണാതായ ബാലകനായ ഈശോയെ ദേവാലയത്തിൽ കണ്ടെത്തിയ മാതാപിതാക്കളുടെ ഉൽകണ്ഠകൾക്കു മുമ്പിൽ മകൻ ഇപ്രകാരമാണ് പ്രതികരിച്ചത്, "ഞാൻ എന്റെ അപ്പന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടവനാ

www.malankaralibrary.com



ണെന്ന് നിങ്ങൾ അറിയുന്നില്ലേ" (ലൂക്കോ. 2:49). ഈ വ്യാപൃതാവസ്ഥ എന്താണെന്നു വീണ്ടും പുത്രൻ അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നുണ്ട്; "എന്നെ അയച്ചവന്റെ ഇംഗിതം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം"(യോഹ. 4:34). യോഹന്നാന്റെ സുവിശേഷത്തിലൂടെ മാത്രം, തന്നെ അയച്ച പിതാവിനെപ്പറ്റി ഈശോ നാല്പതിലേറെ പ്രാവശ്യം എടുത്തു പറയുന്നുണ്ട്. സദ്വാർത്താവ്യാപനം എന്ന ഏകാഗ്രലക്ഷ്യത്തെ മുൻനിർത്തി ജീവിതം യാഗമാക്കിയ ക്രിസ്തു ഈ സപര്യയിൽ മുഴുകി ഉദ്ഘോഷിക്കുകയാണ്; "...മറ്റു പട്ടണങ്ങളിലും ഞാൻ ദൈവത്തിന്റെ സുവിശേഷം പ്രസംഗിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയാണല്ലോ ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്" (ലൂക്കോ. 4:43). സ്വയം സുവശേഷമായിത്തന്നെ അവതരിച്ചവൻ സുവിശേഷം പ്രഘോഷിച്ച് അതിന്റെ മഹത്വത്തെ വർദ്ധമാനമാക്കുകയായിരുന്നു. ഈ ദൗത്യം സുസാദ്ധ്യമായ ഒന്നല്ല എന്ന് ഉദ്ഘാടകന്റെ ജീവിതാനുഭവത്തിലൂടെത്തന്നെ നാം ഗ്രഹിക്കുന്നു: "അപ്പാ ഈ പാനപാത്രം നുകരാൻ എനിക്കാവില്ല ഇതു തിരിച്ചെടുക്കേണമേ" എന്ന് കരൾ പിളർന്ന് കേഴുന്നത് സുവിശേഷത്തിന്റെ സാക്ഷ്യം സഹനപൂർണ്ണമാകയാലാണ്. എങ്കിലും "എല്ലാം പൂർത്തിയായിരിക്കുന്നു" എന്ന ജീവാന്ത്യമൊഴിയോടെ ഈ സാക്ഷ്യത്തിന് പൂർണ്ണത നല്കുകയാണ് ദൈവപുത്രൻ. "എന്നെ അനുഗമിക്കാൻ ഇച്ഛിക്കുന്നവൻ സ്വന്തം കുരിശെടുത്ത് എന്റെ പിന്നാലെ വരട്ടെ" എന്ന അനുശാസനത്തിലൂടെ ക്രിസ്തു ലക്ഷ്യമാക്കുന്നതും ഇതിന്റെ അനുസ്യൂതിയാണ്.

## പരിശുദ്ധാത്മാവിന്റെ വീര്യം

ശാപകൂപത്തിൽ നിപതിച്ച നരജന്മത്തെ ഉദ്ധരിക്കാനായി പിതാവായ ദൈവം കുനിഞ്ഞ്, രക്ഷയുടെ ഇരുകരങ്ങളും നീട്ടിനില്ക്കുന്ന വാങ്മയചിത്രം നാം കണ്ടല്ലോ. ഒരു കരം ക്രിസ്തുവും മറുകരം പരിശുദ്ധാത്മാവുമത്രേ. യുഗാരംഭത്തിൽ ജലോപരിതലത്തിൽ ഇളകിക്കൊണ്ടിരുന്ന പരിശുദ്ധാത്മാവ് എന്ന ദൈവചൈതന്യമാണ് മിഷൻ ധർമ്മങ്ങളെ ചലനാത്മകമാക്കി പൂർണ്ണതയിലേക്കാനയിക്കുന്നത്. സുവിശേ

www.malankaralibrary.com


ഷവും സുവിശേഷകനുമായ ദൈവപുത്രൻ പുനരുത്ഥാനശേഷം ദ്വിതീയാഗമനത്തോളം മറഞ്ഞിരുന്നാലും, അഭംഗുരം ഈ ധർമ്മത്തെ മുന്നോട്ടാനയിക്കുക എന്ന ദൗത്യമാണ് ദൈവാത്മാവിനുള്ളത്. സുവിശേഷമാകുവാനും അത് ഏകുവാനുമായി പരിശുദ്ധ കന്യാമറിയത്തിന്റെ തിരുവുദരത്തിൽ ക്രിസ്തുവിനെ ഉരുവാക്കിയ പരിശുദ്ധാത്മാവു തന്നെയാണ് പെന്തക്കുസ്തായിലെ കൃപാഭിഷേകത്തിലൂടെ സഭാംഗങ്ങളിലും ഇതേ ക്രിസ്തുചൈതന്യത്തെ നിക്ഷേപിക്കുന്നത്. അതിലൂടെ മറ്റൊരു ക്രിസ്തുവായി ഓരോ സഭാംഗവും മാറണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. വിശ്വസൂര്യനായ ക്രിസ്തുവിന്റെ മഹാദീപ്തിയിൽ നിന്നും കൊളുത്തിയ കോടാനുകോടി കൈത്തിരികളുമായി അല്മായ ഭൂരിപക്ഷം വരുന്ന സഭാസമൂഹം ലോകത്തിന്റെ അതിർത്തികൾ തേടി പലായനം ചെയ്യാനുള്ള വിളിയാണിത്. ക്രിസ്തു, വിശ്വപ്രകാശമാണെങ്കിലും ആ സത്യം ഗ്രഹിച്ചിട്ടില്ലാത്ത അന്ധകാരത്തിന്റെ ഇടങ്ങളിൽ അല്മായരാകുന്ന തണ്ടുകളിലുയർത്തപ്പെട്ട ചെറുവിളക്കുകൾക്ക് പ്രകാശം പരത്താൻ കഴിയും; കഴിയണം.

മൂന്നു ദശവത്സരം നീണ്ട ധ്യാനരഹസ്യങ്ങളുടെ വല്മീകം ഭേദിച്ച് പരസ്യശുശ്രൂഷകളിലേക്കു പദം വയ്ക്കും മുമ്പേ ക്രിസ്തു, ജോർദ്ദാനിലെ പരമ്പരാഗത സ്നാനഘട്ടത്തിൽ നിമജ്ജനം ചെയ്ത് പരിശുദ്ധാത്മനിറവ് ഏറ്റു വങ്ങുന്നുണ്ട്. യഹൂദ മേൽക്കോയ്മയുടെ പഴയനിയമപ്രതിബന്ധങ്ങൾക്ക് മീതെ പുതിയനിയമസുവിശേഷചൈതന്യത്തെ പറത്തിവിടാൻ ഈ പരിശുദ്ധാത്മനിറവ് സഹായകമായിത്തീർന്നു. റൂഹാ എന്നാൽ കാറ്റ് എന്നാണർത്ഥം. അതു കൊടുങ്കാറ്റായി ചലനാത്മകതയുടെ അടയാളമായി ഭവിക്കുന്നു.

തിരുസഭ അനുശാസിക്കുന്ന ഈ കേന്ദ്രധർമ്മത്തെ മന്ദതയോടെ സമീപിക്കരുതെന്നു പ്രത്യേകം നിഷ്കർഷയുണ്ട്. അതായത് തിടുക്കത്തിൽ അതിതീക്ഷ്ണമായി മിഷൻ ദൗത്യം നിറവേറ്റാൻ ഓരോ അല്മായനും സമർപ്പിക്കപ്പെടണം. ഇതു നാളേയ്ക്കു നീട്ടി വെയ്ക്കുന്ന മടിയന്മാർക്കു താക്കീതായി കർത്താവ് കല്പിക്കുന്നു; "നാലുമാസം കൂടി കഴിഞ്ഞാൽ വിളവെടുപ്പായി എന്നു നിങ്ങൾ പറയുന്നില്ലേ? എന്നാൽ ഞാൻ പറയുന്നു, നിങ്ങൾ കണ്ണുകളുയർത്തി വയലിലേയ്ക്ക് നോക്കു

www.malankaralibrary.com


വിൻ. അവ ഇപ്പോൾ തന്നെ വിളഞ്ഞു കൊയ്ത്തിനു പാകമായിരിക്കുന്നു" (യോഹ.4:35) പരിശുദ്ധാത്മശക്തിയാലല്ലാതെ ഈ ആവേഗം സാക്ഷാത്ക്കരിക്കാനാവില്ല. പരിശുദ്ധാത്മാവിന് പരിഭാഷകരിൽ ചിലർ 'പകരക്കാരൻ' (agent) എന്ന പേരു നല്കി കാണുന്നത് ആശാസ്യമല്ല. അത്രത്തോളം ചൈതന്യത്തിന്റെ നിറവു നല്കി ദൗത്യപൂർത്തിക്കായി ഓരോ വ്യക്തിയേയും പ്രേരിപ്പിക്കുന്ന ദിവ്യശക്തിയാണ് പരിശുദ്ധാത്മാവ്.

## അല്മായരുടെ വിളി

സഭയിൽ മഹാഭൂരിപക്ഷമായ അല്മായർ തങ്ങളുടെ വിളിക്ക് ശരിയായ വിധം മറുപടി നല്കിയിരുന്നെങ്കിൽ ലോകമെമ്പാടും സുവിശേഷം എത്തിപ്പെട്ടേനേ. എന്നാൽ മലങ്കരയിലെ അല്മായരെ സഭ സവിശേഷമായി വിളിച്ച് ഈ ഉത്തരവാദിത്വം ഇപ്പോൾ ഭരമേല്പിക്കുകയാണ്. പരിശുദ്ധ 12-ാം പീയൂസ് മാർപ്പാപ്പാ പറഞ്ഞു "അല്മായർ സഭാജീവിതത്തിന്റെ മുൻനിരയിലാണ്. അവരിലൂടെയാണ് സഭ ജീവാത്മഘടകമായി സമൂഹത്തിൽ നിലനില്ക്കുന്നത്. ആകയാൽ അവർ സഭയിലായിരിക്കുന്നു എന്നല്ല; മറിച്ച് അവർ തന്നെയാണു സഭ." അല്മായരുടെ വിളിയെപ്പറ്റി ഏറ്റം കാര്യക്ഷമമായി ചിന്തിച്ച സമിതിയാണ് 2-ാം വത്തിക്കാൻ കൗൺസിൽ. അല്മായൻ എന്ന വാക്കു തന്നെ രൂപപ്പെട്ടത് ലോകം എന്നർത്ഥമുള്ള 'ഒൽമോ'എന്ന സുറിയാനി വാക്കിൽ നിന്നുമാണ്. ലോകം എന്ന പദത്തെ ലൗകികൻ എന്ന ആശയവുമായി ബന്ധപ്പെടുത്താനല്ല, ലോകമെങ്ങും സുവിശേഷം അറിയിക്കുക എന്ന ആശയത്തോടു ചേർത്തുവയ്ക്കാനാണ് എനിക്കു താല്പര്യം. ആദ്യസുവിശേഷകരായ ആട്ടിടയന്മാർ അല്മായരായിരുന്നല്ലോ. അപ്പസ്തോലന്മാരുടെ അപ്പസ്തോല എന്ന സ്ഥാനമഹത്വം കല്പിക്കുന്ന മഗ്ദലനമറിയവും അല്മായ വ്യക്തിയായിരുന്നല്ലോ. രണ്ടാം വത്തിക്കാൻ കൗൺസിലിലെ "സഭ ആധുനിക ലോകത്തിൽ" എന്ന ഡിക്രിയിൽ അല്മായ ദൗത്യത്തെ അത്യുദാത്തമായി ഇങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു; "ഭൗതികവ്യവസ്ഥിതിയെ സുവിശേഷ പൂരിതമാക്കാനുള്ള പ്രത്യേക വിളിയാണ് അല്മായരുടേത്." കൂടാതെ, അല്മായ

www.malankaralibrary.com



പ്രേഷിതത്വത്തെപ്പറ്റിയുള്ള ഡിക്രിയിൽ 6 അദ്ധ്യായങ്ങളിലൂടെ അല്മായ പ്രേഷിതത്വത്തിന്റെ സ്വഭാവം വിശദമാക്കുന്നുണ്ട്. സഭയുടെ ഘടനാപരതയ്ക്ക് കടന്നുചെല്ലാനാവാത്ത പല മേഖലകളിലും പ്രേഷിത ശുശ്രൂഷ ചെയ്യാൻ അല്മായർക്കു മാത്രമേ കഴിയൂ എന്നും ഇവിടെ എടുത്തു പറയുന്നു. പൗരസ്ത്യസഭകളുടെ കാനോനാ സംഹിതയിലും ഇപ്രകാരം കാണുന്നു, "ലോകത്തിന്റെ വിശുദ്ധീകരണത്തിനുള്ള പുളിമാവുപോലെ നിലനിന്നുകൊണ്ട് സമൂഹത്തിൽ നീതിപൂർവ്വകമായ നിയമങ്ങൾ സംസ്ഥാപിക്കാനും അല്മായർ കടപ്പെട്ടിരിക്കുന്നു." ഈ ദർശനങ്ങളുടെ പശ്ചാത്തലത്തിലാണ് മലങ്കരകത്തോലിക്കാ സഭയിൽ എം.സി.എ. തുടങ്ങിയ സംഘടനകൾ പ്രവർത്തിക്കുന്നത്. നമ്മുടെ സഭയിൽ പ്രവർത്തിച്ചു വരുന്ന 'Malankara Institute for Laity' യും അല്മായരുടെ ഉണർവ്വിനു സഹായകമാണ്.

### ഒഴികഴിവില്ലാത്ത മൂലധർമ്മം

പുനരുത്ഥിതൻ അനുയായികൾക്കു നല്കിയ ഏക ശാസനമാണ് മിഷൻ ദൗത്യം. വിശുദ്ധ മാമോദീസാ വഴി ക്രിസ്ത്യാനികളായിത്തീർന്ന സർവ്വർക്കുമുള്ള ദൈവവിളിയാണിത്. ദൈവപുത്രൻ അനുശീലിച്ച സുവിശേഷ പ്രഘോഷണകർമ്മത്തിൽ വ്യാപൃതരാകാനുള്ള ഈ വിളിയെ വലിയൊരു പദവിയായി നാം തിരിച്ചറിയണം. ദൈവവചനവും സഭാപാരമ്പര്യവും സുവിശേഷത്തിന്റെ ഉറവിടങ്ങളായി നാം ഉൾക്കൊള്ളണം. ലോകം, ജഡം, പിശാച് എന്നീ ഭൗമമായ പ്രതിലോമാവസ്ഥകൾ സുവിശേഷവിശുദ്ധിയിൽ നിന്നും നമ്മെ വ്യതിചലിപ്പിക്കുവാൻ ഉറ്റുശ്രമിച്ചുകൊണ്ടിരിക്കും. വർത്തമാനാവസ്ഥയിൽ പൊതുവേ മിഷൻ വേലയോടുള്ള അല്മായരുടെ ഉദാസീന മനോഭാവത്തിനു കാരണം ദുരാത്മാവിന്റെ പ്രവർത്തനങ്ങളാണ്. ക്രിസ്തുവിലൂടെ സഫലീകരിക്കപ്പെട്ട ദൈവിക രക്ഷാ സന്ദേശം സർവ്വർക്കും സംലഭ്യമാക്കി ലോകത്തെ സുവിശേഷാർദ്രമാക്കുവാനായി ഓരോ അല്മായനും സമർപ്പിക്കപ്പെടണം. 'നിന്റെ സഹോദരൻ എവിടെ?' എന്ന ഉല്പത്തിയിലെ ചോദ്യം ഇന്നും നമ്മുടെ സഭാത്മക ജീവിതത്തിൽ മുഴങ്ങിക്കേൾക്കണം.

www.malankaralibrary.com


പ്രേഷിതത്വത്തിന്റെ കർമ്മരംഗങ്ങൾ അതിവിശാലമാണെന്നു ചൂണ്ടിക്കാട്ടി പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ സുവിശേഷപ്രസംഗത്തിന്റെയും വിശ്വാസപ്രബോധനത്തിന്റെയും കൂദാശാപരികർമ്മങ്ങളുടെയും മറ്റും പ്രസക്തിയെപ്പറ്റി ചാക്രിക ലേഖനത്തിലൂടെ വാചാലനാകുന്നുണ്ട്. ഇപ്രകാരം തീക്ഷ്ണതയോടെ ഓരോ അല്മായനും മുന്നേറിയിരുന്നെങ്കിൽ ലോകചരിത്രത്തെ രക്ഷാകരചരിത്രമാക്കി ഭാവാന്തരപ്പെടുത്താൻ ഇതിനോടകം കഴിയുമായിരുന്നു. പരി. പോൾ 6-ാമൻ മാർപ്പാപ്പാ ചാക്രിക ലേഖനത്തിലൂടെ പറയുന്നു: "സുവിശേഷീകരിക്കുക എന്നത് സഭയ്ക്കു ലഭിച്ച കൃപയും വിളിയുമാണ്. അവൾ നിലനില്ക്കുന്നത് സുവിശേഷവത്ക്കരിക്കാൻ വേണ്ടി തന്നെയാണ്." ഐച്ഛീകമായി കൈക്കൊള്ളേണ്ട ചുമതലയല്ല സുവിശേഷവത്ക്കരണം; അതു കണിശവും ക്ലിപ്തവുമായ കടമയത്രേ. സർവ്വതും ദാനമായിത്തന്ന് നമ്മെ വഴി നടത്തുന്ന ദൈവപിതാവിന്റെ തിരുമനസ്സ് സഫലമാക്കുക എന്നതല്ലേ മക്കളായ നമ്മുടെ അനിവാര്യ ദൗത്യം. എന്താണ് തിരുഹിതം എന്നു സെന്റ് പോൾ തുറന്നു പറയുന്നു. "എല്ലാവരും രക്ഷിക്കപ്പെടണം എന്നും സത്യം അറിയണമെന്നും അവിടുന്നാഗ്രഹിക്കുന്നു" (1 തിമോ. 2:4) ഭാരതസുവിശേഷവൽക്കരണമെന്ന മഹോൽകൃഷ്ടമായ ആദർശനത്തിനുവേണ്ടി ഒരു നൂറ്റാണ്ടിനു മുമ്പേ സമർപ്പണം ചെയ്ത മലങ്കരയുടെ പുണ്യതാതനായ മാർ ഈവാനിയോസ് എന്ന ക്രൈസ്തവമഹർഷി ആത്മചരിതമായ ഗിരിദീപത്തിലൂടെ പറയുന്നു "ക്രൈസ്തവസഭയുടെ സർവ്വപ്രധാനമായ ചുമതല സുവിശേഷ പ്രചരണമത്രേ". സഭ, സ്ഥാപനവല്ക്കരിക്കപ്പെട്ട് ഭൗതികതയിലേക്ക് ചാഞ്ഞു വളരാൻ സാദ്ധ്യതയുണ്ടെന്നു മുൻകൂട്ടിക്കണ്ട ആ ദീർഘദർശി തുടരുകയാണ്, "രക്ഷകനായ മിശിഹാതമ്പുരാനെ ഏവർക്കും കാണിച്ചുകൊടുക്കുക എന്നുള്ളതാണ് അതിന്റെ മുദ്രവാക്യം. സുവിശേഷപ്രചരണം ദൈവനാമം മഹത്വപ്പെടുന്നതിലേക്ക് അപരിഹാര്യമാണ്. സമുദായത്തിന്റെ കാലോചിതമായ അലങ്കാരത്തിനും സാമൂഹികമായ അതിന്റെ ഉന്നമനത്തിനും സഹായിക്കാറുള്ള സ്ഥാപനങ്ങളും പരിശ്രമങ്ങളും മറ്റൊരു വഴിയായി നടന്നുകൊള്ളുമെന്ന് വിശ്വസിക്കാം. അതിനായി ആളുകളുണ്ട്, സൗകര്യങ്ങളുമുണ്ട്" വീണ്ടും വന്ദ്യതാതൻ വിലപിക്കുന്നു; "പുണ്യശ്ലോക

www.malankaralibrary.com



നായ മാർത്തോമ്മാശ്ലീഹായാൽ സംസ്ഥാപിതമെന്നും പത്തിരുപതു നൂറ്റാണ്ടുകളോളം പഴക്കമുള്ളതെന്നും അഭിമാനിച്ചുപോരുന്ന മലങ്കര സുറിയാനി സമുദായം ഇക്കാലത്തിനകം അതിന്റെ കർത്തവ്യകർമ്മ മേതോ ആ വിഷയത്തിൽ ഇതഃപര്യന്തം ഗണ്യമായി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളത് വലിയൊരു അപരാധമായിത്തന്നെ കണക്കാക്കേണ്ടതാണ്. ഭാരതഭൂമിയുടെ അവിശ്വാസത്തിനും ആത്മീയമായ അതിന്റെ അജ്ഞാനത്തിനും ഒരു കാലത്ത് മലങ്കര സുറിയാനി സമുദായം സമാധാനം പറയേണ്ടതായിത്തന്നെ വന്നു കൂടും. കർത്തവ്യബോധത്തോടുകൂടി പ്രവർത്തിച്ചിരുന്നെങ്കിൽ ഇന്ത്യാസാമ്രാജ്യത്തിനാകവേ ഉണ്ടാകുമായിരുന്ന ആത്മീയഭിവൃദ്ധിയെ നഷ്ടപ്പെടുത്തിയതിന് അന്നു തക്കതായ ഒരു കാരണവും നമുക്കു പറയാൻ ഉണ്ടാകില്ല. അതിനാൽ വന്നിട്ടുള്ള അപരാധത്തെപ്പോലും പരിഹരിക്കത്തക്ക വിധത്തിൽ മലങ്കര സുറിയാനി സമൂഹം ഇപ്പോൾ ഉണർന്നു പ്രവർത്തിക്കേണ്ടതായിട്ടുണ്ട്."

സുവിശേഷം ശ്രവിക്കുക എന്നത് അപരന്റെ അവകാശവുമാണ്. വി. പൗലോസ് ആരായുകയാണ്; "തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും ? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടുന്നില്ലെങ്കിൽ എങ്ങനെ പ്രസംഗിക്കും?" (റോമ. 10:14-15). ഇവിടെ ചതുർവിധ ധർമ്മങ്ങൾ നിറവേറ്റപ്പെടേണ്ടതുണ്ട്. (1) പ്രസംഗിക്കാനായി അയയ്ക്കപ്പെടുന്നു. (2) അയയ്ക്കപ്പെട്ടതിലൂടെ പ്രസംഗിക്കുന്നു. (3) ശ്രവിച്ചതുകൊണ്ട് വിശ്വസിക്കുന്നു. (4) വിശ്വാസത്താൽ വിളിച്ചപേക്ഷിക്കുന്നു. അതായത് പ്രസംഗകന്റെ ആത്യന്തികലക്ഷ്യം രക്ഷ ദർശിച്ചിട്ടില്ലാത്തവരിൽ വിശ്വാസപ്രഭ കൊളുത്തുക എന്നതാണ്. ഇപ്രകാരം അതിശ്രേഷ്ഠമായ ധർമ്മമാകയാലാണ് സെന്റ് പോൾ പറഞ്ഞുറപ്പിക്കുന്നത്; "സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം" (റോമ. 10: 14-15). "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" എന്നുപോലും അതേ നാവ് പറഞ്ഞിട്ടുണ്ട്. പഴയനിയമത്തിലും ഇതിനു സമാനമായി വായിക്കാം; "നമ്മൾ ചെയ്യുന്നതു ശരിയല്ല. ഇന്നു സദ്വാർത്തയുടെ ദിനങ്ങളാണ്. നാം പ്രഭാതം വരെ മിണ്ടാതിരുന്നാൽ ശിക്ഷയനുഭവിക്കേണ്ടിവരും" (2 രാജാ. 7:9).

www.malankaralibrary.com


## സ്പർശനാനുഭവത്തിൽ നിന്നുള്ള തീക്ഷ്ണസാക്ഷ്യം

മലങ്കര മക്കൾ സത്യവിശ്വാസതീരം പൂകിയത് കേട്ടറിഞ്ഞോ കണ്ടറിഞ്ഞോ മാത്രമല്ല; തൊട്ടറിഞ്ഞ് കൂടിയാണ്. ഗുരുവും വഴികാട്ടി യുമായിരുന്നവൻ മൃതകുടീരം വിട്ട് ഉത്ഥാനം ചെയ്തെന്ന വിസ്മയ വാർത്തയ്ക്കു മുമ്പിൽ സത്യാമ്പേഷിയായ സെന്റ് തോമസ് ശഠിക്കുക തന്നെ ചെയ്തു; "അവന്റെ തിരുമുറിവുകളെ തൊട്ടറിയാതെ ഞാനിതു വിശ്വസിക്കുകയില്ല". കരചരണങ്ങളിൽ വിശ്വപ്രേമത്തിന്റെ വ്യാകുല മുദ്രകളായ ആണിപ്പഴുതുകളോടെ പ്രത്യക്ഷീകരിച്ച ഗുരുവിനെ കൺകണ്ടമാത്രയിൽ ശിഷ്യൻ വിളിച്ചു പറഞ്ഞു "എന്റെ കർത്താവേ, എന്റെ ദൈവമേ". പിന്നെ, മറ്റേതൊരു ശിഷ്യനേക്കാളും വേഗത്തിൽ അതിവിദൂരമായ ഇന്ത്യാരാജ്യത്തിലെത്തിയ വിശുദ്ധൻ സുവിശേഷ ത്തിന്റെ തീക്ഷ്ണസാക്ഷ്യമായി. കുന്തമുനയാൽ തുളയ്ക്കപ്പെട്ട ഗുരു വിന്റെ പാർശ്വമുറിവിൽ നിന്നും നേടിയ കരുത്തോടെ മറ്റൊരു കുന്ത ത്താൽ രക്തസാക്ഷിയാവുകയുമായിരുന്നു ആ വിശ്വാസവീരൻ. ആകാ ശത്തിനു കീഴെ മാനവരക്ഷയ്ക്കായി യേശു എന്നൊരു നാമം മാത്രമേ നല്കപ്പെട്ടിട്ടുള്ളു എന്ന സത്യം ശ്ലീഹായിലൂടെ മലങ്കരയിലെ പൂർവ്വ സൂരികൾ ഏറ്റുവാങ്ങി.

ക്രിസ്തുവിനെപ്പറ്റി ഒരക്ഷരം പോലും മിണ്ടിപ്പോകരുതെന്ന ന്യായാധിപസംഘത്തിന്റെ കർശനവിലക്കുകൾ ഭേദിച്ച് പത്രോസും യോഹന്നാനും ജ്വലിക്കുന്ന വാക്കുകളോടെ വിളിച്ചു പറഞ്ഞു; "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരി ക്കാതിരിക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ല." (അപ്പ. പ്ര. 4:18-20). ഇതേ ആത്മാനന്ദത്തോടെ ഓരോ മലങ്കര കത്തോലിക്കാ അല്മായനും ലോക സമക്ഷം സാക്ഷ്യമായിത്തീരണം. മലങ്കര കത്തോലിക്കനായിരിക്കു ന്നതിനേക്കാൾ വലിയ മഹത്വമില്ല എന്ന തിരിച്ചറിവിൽ ഓരോ വ്യക്തിയും പടരണം. തെണ്ടികൾ പോലും സിംഹാസനരൂഢരാവുന്ന രോമാഞ്ചജന്യമായ അനുഭവമാണ് രക്ഷാകരചരിത്രത്തിലുള്ളത്. കരുണ വഴിയുന്ന വഴിക്കണ്ണുകളോടെ ധൂർത്തപുത്രനെ കാത്തിരിക്കുന്ന അരു മതാതന്റെ വക്ഷസ്സിലെ സുരക്ഷിതത്വത്തിന്റെ മെയ്ച്ചൂടും സ്വച്ഛതയും ആവോളം നുകർന്നവരാണ് നാം. സഭാ സമൂഹത്തിലെ അനൈക്യം

www.malankaralibrary.com



പാപവും ശാപവുമാണെന്നു കണ്ടെത്തിയ മാർ ഈവാനിയോസ് പിതാവ് ശാന്തിയുടെയും കുളിർമയുടെയും പാത തേടിയലഞ്ഞ് കണ്ടെത്തിയ ഇടമാണ് സാർവ്വത്രിക സഭ. ഇവിടെ വിവധസഭകളുടെ സംസ്കാര വൈയക്തികത യഥേഷ്ടം സംരക്ഷിക്കപ്പെട്ടുകൊണ്ടു തന്നെയുള്ള സ്വരുമ ദർശിക്കാം. ആചാര്യതാതനിലൂടെ നാമും തൊട്ടറിഞ്ഞ ഈ മഹിതാവസ്ഥയെപ്പറ്റി വ്യവഹാരകാലുഷ്യങ്ങളിൽ നിപതിച്ച് ശണ്ഠകളുടെ അശാന്തിയിൽപ്പെട്ട് പ്രാണൻ തുലയ്ക്കാൻ വിധിക്കപ്പെട്ടവരോട് പറയാതിരിക്കാനാവുമോ?

എമ്മവൂസിലേക്ക് മ്ലാനചിന്തരായി മടങ്ങിയവരുടെ നെഞ്ചിൽ വചനവ്യാഖ്യാനത്തിന്റെ കനലുകൾ ആളിയെരിഞ്ഞപ്പോൾ തങ്ങളനുഭവിച്ച മഹിതാനന്ദം കൂട്ടാളികളോടു പറയുവാൻ അവർ വെമ്പൽകൊള്ളുകയാണ്; "അവർ തൽക്ഷണം എഴുന്നേറ്റ് യെരുശലേമിലേക്ക് തിരിച്ചുപോയി" (ലൂക്കോ. 24:33) എന്നാണ് എഴുതപ്പെട്ടിരിക്കുന്നത്. ഗർഭപാത്രത്തിൽ ദേവചൈതന്യം തുടിക്കുന്നതായി മാലാഖയിൽനിന്നു ഗ്രഹിച്ച പരി. കന്യാമറിയം ഈ സദ്വാർത്ത കൈമാറുവാൻ യൂദയായിലെ മലമ്പ്രദേശത്തേക്കു തിടുക്കത്തിലാണ് യാത്രയായത്.

## ആത്മശുദ്ധിയിലൂടെ സുവിശേഷീകരണശക്തി

ചരിത്രത്തിലെ ആദ്യസുവിശേഷകയായ സമറായക്കാരിയുടെ മാനസാന്തരാനുഭവവും സദ്വാർത്താ പ്രഘോഷണത്വരയും മലങ്കരസഭയെ സംബന്ധിച്ച് വലിയ പ്രചോദനഹേതുവാണ്. വിജാതീയരുമായുള്ള ദാമ്പത്യബന്ധത്താൽ രക്തശുദ്ധി നഷ്ടപ്പെടുത്തിയ യഹൂദവംശജരാണ് സമറിയാക്കാർ. ഒരേ ജാതിയിൽപ്പെട്ടിരുന്ന അവർ വ്യത്യസ്ഥവിശ്വാസത്തിലായി. ജീവിതവ്യഗ്രതകളുടെ ചെപ്പും വഹിച്ച് ആഴമായ കിണറ്റിൽ നിന്നും ദാഹനീർ കോരാൻ വന്ന പാപിനിയായ സമറായക്കാരിയെ രക്ഷയുടെ രാജകുമാരൻ മാനസാന്തരപ്പെടുത്തുകയാണ്. മാർ ഈവാനിയോസ് പിതാവിന്റെ രക്ഷാകരസത്യദർശനത്തിലൂടെ സത്യസഭാവിശ്വാസത്തിൽ നിന്നകന്ന ഒരു സമൂഹത്തിനു മുമ്പിൽ രക്ഷാകവാടം തുറക്കപ്പെട്ട സംഭവത്തോട് ഇതനെ സാമ്യപ്പെടുത്താമെന്നു തോന്നുന്നു. രക്ഷകനെ കണ്ട വിസ്മയഭാവത്തോടെ അവൾ തൽക്ഷണം അതു വിളിച്ചറിയിക്കാൻ ഓടുകയായിരുന്നു. മാർ ഈവാ

www.malankaralibrary.com



നിയോസ് പിതാവും ഔദ്ധത്യങ്ങളുടെ കുടം ഉപേക്ഷിച്ച് ആർഷജ്ഞാനിയായി സന്ന്യാസാശ്രമങ്ങളും മഠങ്ങളും സ്ഥാപിച്ച് സത്യവിശ്വാസ പ്രഘോഷണാർത്ഥം സ്വയം സമർപ്പിക്കുകയായിരുന്നു.

"നാഥാ ഇതാ ഞാൻ, എന്നെ അയച്ചാലും" എന്ന യശയ്യായുടെ സമർപ്പണവാക്യത്തെയും പ്രഥമ സഭാ അസംബ്ലിയിൽ നാം ധ്യാനമാക്കുകയാണ്. ആഗ്നേയജ്വാലയ്ക്കുള്ളിൽ വാഴുന്ന അത്യുന്നതന്റെ പരിശുദ്ധിക്കുമുമ്പിൽ കന്മഷം നിഴൽ തീണ്ടിയ പ്രാണനോടെ നിലകൊള്ളുന്ന യശയ്യായുടെ നാവിനെ തീക്കട്ട തൊട്ട് പുണ്യപ്പെടുത്തുന്നുണ്ട്. " ആരെ ഞാൻ അയയ്ക്കേണ്ടു" എന്ന ഉടയവന്റെ അന്വേഷണത്തിനു മുമ്പിൽ സ്വന്തം കുറവുകളോർത്തു പകച്ചു നിന്നുപോയ യശയ്യാ ശുദ്ധീകരണപ്രക്രിയയ്ക്കു ശേഷം സധൈര്യം പ്രത്യുത്തരം നല്കി, "നാഥാ ഇതാ ഞാൻ, എന്നെ അയച്ചാലും." ഇതുപോലെ അഗ്നിസമക്ഷം മഹോന്നതനെ കണ്ട മോശയും ദൈവവിളിക്കു മറുപടിയേകാൻ വയ്യാതെ വിക്കനാണെന്ന സ്വന്തം കുറവുകളോർത്തു വിഷണ്ണനായി നിന്നു. അവിടെയും ദൈവത്തിന്റെ അരുളപ്പാടുകൾ പ്രവാചകനു കരുത്തായി. അഭിനവ മോശയായ മാർ ഈവാനിയോസ് പിതാവും സുവിശേഷധർമ്മത്തിനുവേണ്ടി സമർപ്പിതനാകുന്നതിനു മുന്നോടിയായി സ്വയവിശുദ്ധീകരണപ്രക്രിയകൾക്കു ബോധപൂർവ്വം വിധേയനായി. കൂദാശാ ശെമ്മാശൻ എന്ന് അദ്ദേഹം ഖ്യാതപ്പെട്ടിരുന്നതു തന്നെ സഭയിലാകമാനം കൗദാശിക വിശുദ്ധിയുടെ അനിവാര്യതകളെപ്പറ്റി പ്രസംഗിച്ച് ജനത്തെ വിശുദ്ധീകരിച്ചിരുന്നതിനാലാണ്. അദ്ദേഹത്തോടൊപ്പം ഏറ്റുപദേശികളായും മറ്റും ഒരു പറ്റം അല്മായരും പ്രവർത്തിച്ചിരുന്നു. ബഹുകാര്യവ്യഗ്രതകളിൽപ്പെട്ട അല്മായർക്ക് സമർപ്പണത്തോടെ ഇത്തരം മഹൽദൗത്യങ്ങൾ ഏറ്റെടുത്തു ചെയ്യുക ദുഷ്ക്കരമാണ് എന്നു ഗ്രഹിച്ച തിരുമേനി, മലങ്കരയിലെ അല്മായരെ വിശുദ്ധിയുടെ പരിവേഷമണിയിക്കാനുള്ള പദ്ധതികളിൽ മുഴുകി. അന്നും ഇന്നും ഒരുപോലെ അല്മായർക്കു സ്വീകാര്യവും സുസാദ്ധ്യവുമായ ആത്മീയഭ്യസനങ്ങളിലൂടെയുള്ള ശുദ്ധീകരണമായിരുന്നു അത്. പുരുഷന്മാർക്കുവേണ്ടി 1919-ൽ ബഥനിയാശ്രമവും സ്ത്രീകൾക്കുവേണ്ടി 1925ൽ ബഥനിമഠവും സ്ഥാപിച്ച് മലങ്കരസുറിയാനിസഭാചരിത്രത്തിലാദ്യമായി

www.malankaralibrary.com


സമർപ്പിതരുടെ മുന്നേറ്റത്തിനു തുടക്കം കുറിച്ചു. സുവിശേഷപ്രചാരം മുഖ്യലക്ഷ്യമാക്കിയാണ് ഇവ ആരംഭിച്ചത്. സഭയിൽ ഇപ്രകാരം കുറച്ചാളുകളെ മാത്രം വിശുദ്ധീകരിക്കുക എന്നതായിരുന്നില്ല തിരുമേനിയുടെ ലക്ഷ്യം. തിരുസഭ തത്വത്തിൽ വിശുദ്ധന്മാരുടെ കൂട്ടായ്മയാകയാൽ ഏവരും ഈ വിശുദ്ധീകരണസപര്യയിൽ മുഴുകേണ്ടതുണ്ട്. എന്നാൽ അല്മായരെ വ്രതത്രയങ്ങളുടെ കഠിനപാലനത്തിൽ നിന്നും മുക്തരാക്കി. സന്ന്യാസസഭാംഗങ്ങൾ ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ കഠിനവ്രതചര്യകളുടെ മുൾവഴിയിലൂടെ നുഴഞ്ഞുകയറുമ്പോൾ അല്മായർ യാമപ്രാർത്ഥനകൊണ്ടും ലഘുവായ ഭക്ത്യഭ്യാസനങ്ങൾകൊണ്ടും വഴിതെളിക്കപ്പെട്ടിരുന്നു. ഇങ്ങനുള്ളവർക്കായി തൃതീയശ്രമം (Third order) എന്ന പേരിൽ ഒരു അല്മായസംഘം പിതാവ് രൂപീകരിച്ചിരുന്നു. ഈ പ്രസ്ഥാനത്തിന്റെ പ്രഥമാംഗം, പുനരൈക്യപ്പെട്ട ആദ്യത്തെ അഞ്ചുപേരിൽ ഏക അല്മായനായ ശ്രീ കിളിലേത്ത് ചാക്കോ ആയിരുന്നു. ഇവരിൽനിന്നു തന്നെ ഒരു പ്രത്യേക സംഘത്തെ രൂപീകരിച്ച് അവരെ പഠിപ്പിച്ച് സുവിശേഷപ്രസംഗത്തിനായി നാലുപാടും അയച്ചിരുന്നു. B.S.S (ഭാരതസുവിശേഷസംഘം) എന്ന് നാമകരണം ചെയ്യപ്പെട്ടിരുന്ന ഈ സംഘത്തിലെ അംഗങ്ങൾക്ക് യൂണിഫോം, ബാഡ്ജ് എന്നിവ നല്കിയിരുന്നു. വന്ദ്യപിതാവ് അല്മായ ഭക്തി പ്രസ്ഥാനത്തെ ഏറെ കരുതിയിരുന്നു എന്നതിനു തെളിവാണ്, 1085 മേടത്തിലെ സുറിയാനി സുവിശേഷകനിൽ ചേർത്ത ഈ കുറിമാനം; "സഭയ്ക്കു ഭക്തി കുറഞ്ഞുപോവുകയും സഭാംഗങ്ങളോടും അന്യരോടും ക്രിസ്തു മുഖാന്തിരമുള്ള രക്ഷയെ ഉപദേശിക്കുന്നതിൽ താല്പര്യമില്ലാതാവുകയും ചെയ്യുന്ന കാലത്ത് ആ സഭയക്ക് അധോഗതിയാകുന്നു. ആത്മീയ കാര്യങ്ങളിൽ ശുഷ്ക്കാന്തിയില്ലാതെ ഉറങ്ങിക്കൊണ്ടിരിക്കുന്ന ഒരു സഭയിൽ ഭക്തി വർദ്ധിക്കുകയും സഭാംഗങ്ങൾക്കു തങ്ങളുടെ ചുമതല മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യേണ്ടത് ആത്മീയ തലവന്മാരുടെ ചുമതലയാകുന്നു. ഇതരജാതികളേയും സമുദായങ്ങളെയും മിശിഹായുടെ രാജ്യത്തിലേക്ക് അധീനപ്പെടുത്തുവാനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു സഭയ്ക്ക് ദിനംപ്രതി ആത്മീയാഭിവൃദ്ധിയും സുവിശേഷവേല ചെയ്യുന്ന ഒരു സഭയ്ക്ക് അതു മുഖാന്തിരം അധികമധികം ഭക്തിയുള്ളതായും തീരുന്നു"

www.malankaralibrary.com


സുവിശേഷം ഏകുക എന്നതിലുപരി സ്വയം സുവിശേഷമാകുക എന്നതായിരുന്നു തിരുമേനിയുടെ ആഹ്വാനം. അതായത് മിഷനറി ആദ്യം പുണ്യജീവിതത്തിനുടമയാകുക. യശയ്യായിലും സമറിയാക്കാരിയിലും നാം കണ്ട മാതൃകയാണിത്. അവർ പിന്നീട് താനേ മിഷനറിമാരായി പരിണമിക്കുകയായിരുന്നു. അല്മായന് ഈ വിശുദ്ധി ലഭിക്കുന്നത് സഭയോടു ചേർന്നു നില്ക്കുക വഴിയാണ്. പരിശുദ്ധദൈവമാതാവിനോടൊപ്പം ജറുസലേമിൽ പ്രാർത്ഥനയോടെ കാത്തിരുന്ന് പെന്തക്കോസ്താദിനത്തിൽ പരിശുദ്ധാത്മചൈതന്യം ഏറ്റുവാങ്ങിയ ശിഷ്യസമൂഹത്തിലൂടെയാണ് സുവിശേഷശുശ്രൂഷകൾ സമാരംഭിച്ചത്. ഇന്നും ഇതുപോലെ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും വിശുദ്ധിയിൽ ഉറ്റിരുന്ന് ആത്മാവിൽ വീണ്ടും ജനിച്ച് സുവിശേഷധർമ്മത്തിൽ കൂട്ടാളികളാകാനുള്ള അവസരം അല്മായർക്കു ലഭിക്കണം.

## സദ്വാർത്താ ഘോഷണത്തിന്റെ ത്രിതലങ്ങൾ

സുവിശേഷബന്ധിയായി എന്തു പറയണം, എവിടെ പറയണം, എങ്ങനെ പറയണം എന്നെല്ലാം കൃത്യതയോടെ വിശ്വഗുരു പഠിപ്പിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സുവിശേഷപ്രഘോഷണമേഖലകൾ എലുക തിരിച്ച് കർത്താവ് നിർദ്ദേശിച്ചു തരുന്നുണ്ട്. അപ്പസ്തോലപ്രവർത്തനങ്ങളിൽ ഇപ്രകാരം വായിക്കുന്നു. "പരിശുദ്ധാത്മാവ് നിങ്ങളിൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (അപ്പ. പ്ര. 1:8).

## ജറുസലേം : സ്വന്തം തട്ടകം

ക്രിസ്തുവിന്റെ മിഷൻ പ്രവർത്തനങ്ങളിലും ഈ മൂന്നു തലങ്ങളെയും കാണാം. രക്ഷ യഹൂദരിൽ നിന്നാണെന്ന പൗരാണികസങ്കല്പത്തിന്റെ പശ്ചാത്തലത്തിൽത്തന്നെ ക്രിസ്തു, രക്ഷാകരസുവിശേഷം സമാരംഭിച്ചത് ആത്മബന്ധിയായ ജറുസലേമിൽ തന്നെയാണ്. യുഗാന്തരങ്ങളായി ജനം പ്രതീക്ഷയോടെ കാത്തു പോന്ന മിശിഹാവതാരം തന്റെ ജന്മത്തിലൂടെ പുവണിഞ്ഞിരിക്കുന്നു എന്ന സുവിശേഷം ആദ്യമായി ക്രിസ്തു അവതരിപ്പിച്ചത് സ്വന്തം സമുദായത്തിലെ

www.malankaralibrary.com



നിക്കോദമോസ് എന്ന യഹൂദപണ്ഡിതന്റെ മുമ്പിലാണ്. ഈ ജറുസലേമിനെ, പ്രതീകാത്മകമായി നമുക്കു മനസ്സിലാക്കാം. നാം സ്ഥിരമായി പരിചയിച്ചു പോന്ന സ്വന്തം കർമ്മ രംഗം തന്നെയാണത്. അതു സ്വഭവനമാകാം, ഇടവകയാകാം, ചുറ്റുപാടുകളാകാം, ഔദ്യോഗികകർമ്മ മണ്ഡലമാകാം. ക്രിസ്തുവിനെ സംബന്ധിച്ച് ജറുസലേം, സ്വന്തം കർമ്മ രംഗമായിരുന്നു. നാമും സുവിശേഷത്തിന്റെ ആദ്യവിത്തു വിതയ്ക്കേണ്ടത് നമ്മുടെ പരിചിതരംഗങ്ങളിൽ തന്നെയാവട്ടെ. ഭവനത്തിൽ കടമകൾ നിറവേറ്റുന്ന നാഥനായും അയൽപപക്കങ്ങളിൽ സത്ഗുണങ്ങളുടെ പ്രകാശനമായും, ഇടവകയിൽ ആത്മീയ ഭരണകാര്യങ്ങളിൽ കറയറ്റ സാക്ഷ്യമായും ദരിദ്രരുടെ ഇടയിൽ മഹാനുഭാവനായും നാം നിലകൊള്ളണം.

ഓരോ ഇടവകസമൂഹത്തിന്റേയും കൂട്ടായ വിശുദ്ധീകരണവും നവീകരണവും ലക്ഷ്യമാക്കുകയാണ് സഭാ അസംബ്ലി. അല്മായൻ ശക്തിനേടുന്ന ഉറവിടമാണല്ലോ പള്ളി. എന്നാൽ പലർക്കും ആരാധന, കേവലമായ അനുഷ്ഠാനകർമ്മമായിരിക്കുന്നു. സഭാ നിയമങ്ങൾ എന്താണെന്നുപോലും അവർക്കറിഞ്ഞുകൂടാ. ഞായർ കുർബ്ബാനയിൽ പ്രാരംഭപ്രാർത്ഥന മുതൽ കൈമുത്തുവരെ സജീവമായി പങ്കുകൊള്ളാൻ ഉത്സാഹിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്. ദിവ്യബലി അർപ്പിക്കാനല്ല, കുർബ്ബാന കാണാനാണ് പലരും എത്തുന്നത്. യഥാർത്ഥ ഭക്തന് ഞായറാഴ്ചയിലെ ആരാധനകൊണ്ടു മാത്രം തൃപ്തിപ്പെടാനാവുമോ? ആത്മീയാഭിവൃദ്ധിക്കു വേണ്ട നാനാവിധ ഭക്ത്യാഭ്യാസനങ്ങളെപ്പറ്റിയും അതു നേടാൻ വേണ്ട മാർഗ്ഗങ്ങളെപ്പറ്റിയും അവർ സദാ അന്വേഷിച്ചു കൊണ്ടിരിക്കും. ദിനം പ്രതിയുള്ള ദിവ്യബലിയാണ് കത്തോലിക്കാ സഭയുടെ സവിശേഷതകളിൽ ഒന്ന്. അകത്തോലിക്കനായിരുന്ന കാലത്തുപോലും മാർ ഈവാനിയോസ് പിതാവ് പഠിപ്പിച്ചു, "അന്നന്നത്തെ അപ്പം ഞങ്ങൾക്കു തരണമേ എന്നു പറഞ്ഞാൽ അതു നിത്യവും അർപ്പിക്കുന്ന വിശുദ്ധ കുർബ്ബാനയാകുന്ന അപ്പത്തിനു വേണ്ടിയുള്ള വിശപ്പാണ്." ഈ സത്യം അല്മായർ തിരിച്ചറിയണം. വ്യവഹാരകലുഷമായ സഭയിൽ ആത്മീയ ജഡത്വം മുറ്റി നിന്നപ്പോൾ മറുമരുന്നായി കൗദാശികാനുഭവങ്ങളുടെ ഉർവ്വരതയെപ്പറ്റി പ്രഘോഷിച്ച് കൂദാശാശെമ്മാശൻ എന്നു ഖ്യാതിയാർജ്ജിച്ച ആ തീക്ഷ്ണ മിഷനറി

www.malankaralibrary.com



യുടെ മാർഗ്ഗം അല്മായർ പിൻതുടരണം. പ്രഭാത-പ്രദോഷങ്ങളിലുള്ള ഭവനപ്രാർത്ഥന വലിയൊരു സാക്ഷ്യമായി ഗൃഹനാഥന്മാർ കാണണം. ഭവനാന്തരങ്ങളിലാകട്ടെ ദേവാലയാന്തരങ്ങളിലാകട്ടെ അല്മായർ അധരശക്തിയോടെ, തൊണ്ട് തുറന്ന് പാടുകയും പ്രാർത്ഥിക്കുകയും വേണം. പ്രാർത്ഥനാ പുസ്തകങ്ങളും വേദഗ്രന്ഥവും വഹിച്ചുകൊണ്ടുള്ള ഒരുവന്റെ ദേവാലയത്തിലേക്കുള്ള പ്രയാണം സമൂഹത്തിനൊരു മാതൃകയും പ്രേരണയുമാണ്. കുടുംബം ഒരു ഗാർഹികസഭയാണെന്ന അവബോധത്തിൽ ജീവിക്കാൻ കഴിയണം.

അല്മായർക്കുവേണ്ടി ഈവാനിയോസ് പിതാവ് സ്ഥാപിച്ച തൃതീയാശ്രമത്തിന്റെ മാർഗ്ഗരേഖയിൽ വളരെ ലളിതമായ വിശുദ്ധീകരണ അഭ്യാസങ്ങളേ ഉള്ളു. വർഷത്തിൽ ഒരു തഴക്കദോഷം മാത്രം ഉപേക്ഷിക്കാൻ ശ്രമിച്ചാൽപോലും മരണത്തിനു മുമ്പേ വിശുദ്ധനാകാകൻ കഴിയും എന്താണ് പിതാവു പറയുന്നത്. മദ്യപാനാസക്തി അല്മായരെ ആത്മീയമായും ശാരീരികമായും നശിപ്പിക്കുന്ന മഹാവിപത്താണ്. സ്ത്രീകളുടെ ഇടയിലെ ടെലിവിഷൻ അടമത്തവും ഭയാനകമാണ്. ഗർഭഛിദ്രം തുടങ്ങിയ മഹാപരാധങ്ങൾക്കും പലരും കൂട്ടുനില്ക്കുന്നു. കുടുംബങ്ങളെ സ്വർഗ്ഗമാക്കുന്ന കുഞ്ഞുങ്ങൾ അന്യം നിന്നുപോകുന്ന അവസ്ഥയിലാണ് കുടുംബങ്ങൾ. ഈ അരാജകത്വങ്ങൾക്കു അല്മായർ സ്വയം പരിഹാരമായേ മതിയാകൂ.

ഒരു സന്ന്യാസസഭയിലെ അംഗങ്ങളാണ് നാം എന്ന അനന്യതാബോധവും അഭിമാനവും നമുക്കുണ്ടാവണം. നാം സവിശേഷമായി വിളിച്ചു വേർതിരിക്കപ്പെട്ട പുതിയ ഇസ്രായേലാണ്. തൃതീയാശ്രമസ്ഥാപനത്തിലൂടെ എല്ലാ അല്മായരുടെയും വിശുദ്ധീകരണം ലക്ഷ്യം വെച്ച സ്ഥാപകപിതാവിന്റെ ഇച്ഛ സാക്ഷാത്ക്കരിക്കാൻ കടപ്പെട്ടവരാണ് നാം. അധികാര പ്രമത്തതയുടെയും പ്രമാണിത്തത്തിന്റെയും മേച്ചിൽ പുറങ്ങളായ നിലവിലുള്ള സംഘടനകളുടെ സ്ഥാനത്ത്, സഭയിലെ മുഴുവൻ അല്മായരുടെയും വിശുദ്ധ ജീവിതം ലക്ഷ്യമാക്കി ഒരു നൂറ്റാണ്ടു മുമ്പ് വലിയ തിരുമേനി നടപ്പാക്കിയ തൃതീയാശ്രമം സഭയിൽ പുനർജ്ജീവിപ്പിക്കണം. എങ്കിൽ പൗരസ്ത്യസഭകൾക്കിടയിൽ ഇതൊരനുഗൃഹീത മാതൃകാ സംവിധാനം തന്നെയായിരിക്കും.

www.malankaralibrary.com



## വിളവു സമൃദ്ധം, കൊയ്ത്തിനു തയ്യാറാവുക

അല്മായ പ്രേഷിതത്വത്തിന്റെ തലം അതിവിസ്തൃതമാണ്. കുട്ടികൾ, യുവാക്കൾ, സ്ത്രീകൾ, വിധവകൾ, മുതിർന്നവർ തുടങ്ങി ശയ്യാവലംബികളായവർക്കുവരെ പങ്കാളിത്തമുണ്ടാകേണ്ട തലം. എന്നാൽ പ്രേഷിതത്വത്തിനായി എല്ലാവരേയും ഒരുക്കാനുള്ള സമഗ്രപദ്ധതികൾ ഇനിയും രൂപപ്പെട്ടിട്ടില്ല. സഭയുടെ നേതൃത്വം കൂടാതെ വ്യക്തികളായി ചെയ്യേണ്ട ധർമ്മമല്ലിത്. മേല്പറഞ്ഞ എല്ലാ വിഭാഗക്കാർക്കും പരിശീലനം ലഭിക്കണം. അത് ഏറ്റം കാര്യക്ഷമമാക്കേണ്ടത് ശൈശവത്തിൽത്തന്നെയാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഈ നിർദ്ദേശങ്ങൾ വൈകിയാണെങ്കിലും നാം പ്രായോഗികമാക്കാൻ തുടങ്ങുകയാണ്. ദൈവശാസ്ത്രം പഠിക്കാനുള്ള സാമാന്യം അനുകൂലമായ അന്തരീക്ഷം ഇന്നുണ്ട്. എന്നാൽ ഏറെ പഠിക്കാനും ഗവേഷണബുദ്ധ്യാ പ്രബന്ധങ്ങൾ അവതരിപ്പിച്ചു ഡോക്ടറേറ്റ് നേടാനും മറ്റുമുള്ള സാദ്ധ്യതകൂടി അല്മായർക്ക് ലഭിക്കണം.

മതബോധനരംഗത്ത് അല്മായരുടെ സേവനം വ്യാപകമാണ്. എന്നാൽ അതു ശാസ്ത്രീയമായല്ല നടക്കുന്നത്. അദ്ധ്യാപകർക്ക് കൂടെക്കൂടെ ഇക്കാര്യത്തിൽ ഉപരിപരിശീലനങ്ങൾ ആവശ്യമാണ്. ആധുനികസങ്കേതങ്ങൾ ഉപയോഗിച്ച് മതപഠനരംഗം വളരെ ആകർഷകമാക്കേണ്ടതുണ്ട്.

ദാമ്പത്യവിളിയെപ്പറ്റി അല്മായർ ഉണർന്നു ചിന്തിക്കണം. രാഷ്ട്രം പറയുന്നതല്ല അവൻ ശ്രവിക്കേണ്ടത്; സഭ പഠിപ്പിക്കുന്നതാണ്. 'സഭ ആധുനിക ലോകത്തിൽ' എന്ന തിരുവെഴുത്തിൽ 87-ാം ഭാഗത്ത് വിവരിക്കുന്നു; വിവാഹം ചെയ്യാനും സന്താനങ്ങളെ ജനിപ്പിക്കാനുമുള്ള മനുഷ്യന്റെ അവകാശം അന്യാധീനപ്പെടുത്താവുന്നതല്ല. അതിനാൽ എത്ര മക്കൾ വേണമെന്നുള്ള കാര്യം മാതാപിതാക്കളുടെ ശരിയായ വിധിയെ ആശ്രയിച്ചാണിരിക്കുന്നത്. അതിനെ യാതൊരു കാരണവശാലും രാഷ്ട്രീയാധികാരികളുടെ നിർണ്ണയത്തിനു വിട്ടുകൊടുക്കാൻ പാടില്ല".

മക്കളുടെ എണ്ണത്തിൽ കുറവുണ്ടായാൽ ഭാവിയിൽ സഭ നിർജ്ജീവമായിപ്പോകും. ദൈവവിളികൾ ഉണ്ടാകില്ല. ദമ്പതിമാർ പ്രാർത്ഥനാ

www.malankaralibrary.com



പൂർവ്വം ഈ പ്രഥമ അസംബ്ലി വർഷത്തിൽ നാലാമതൊരു കുഞ്ഞിനു വേണ്ടി ആഗ്രഹിക്കുകയും ആ സാഫല്യത്തെ ദൈവവേലയ്ക്കായി സമർപ്പിക്കുകയും ചെയ്താൽ നാം ലോകത്തിനു തന്നെ വലിയൊരു അനുഗ്രഹസാക്ഷ്യമായിരിക്കും.

അല്മായ പ്രേഷിതത്വം എന്ന ഡിക്രിയിൽ പറയുന്നു, "ക്രിസ്തീയ ഭാര്യാഭർത്താക്കന്മാർ മക്കളുടെ മുമ്പിൽ ക്രിസ്തീയ സാക്ഷ്യമായി മാറണം. മക്കളെ വിശ്വാസത്തിൽ വളർത്തണം. മക്കളുടെ ക്രിസ്തീയപരവും പ്രേഷിതപരവുമായ ജീവിതത്തിനു രൂപം നല്കണം. ദൈവവിളി ആരിലെങ്കിലും കണുന്നെങ്കിൽ അതു ശ്രദ്ധാപൂർവ്വം പരിപോഷിപ്പിക്കേണ്ടതുണ്ട്"

ഓരോ കുഞ്ഞിന്റേയും പിറവി ഇടവകയുടെ സ്വന്തമായി മാറണം. ഇടവകജനം പൊതുവായി ഇതിൽ ആഹ്ലാദം പ്രകടിപ്പിക്കണം. ഓരോ കുഞ്ഞിന്റെയും മാമോദീസായിൽ പള്ളിവകയായി ഒരു പാരിതോഷികം നല്കി സന്തോഷം പ്രകടമാക്കാം.

അല്മായ വിശ്വാസികൾ എന്ന ഡിക്രിയിൽ 46-ാം എഴുത്തിൽ, യുവജനങ്ങളുടെ ഉത്തരവാദിത്വങ്ങളേയും പരാമർശിക്കുന്നു. "യുവജനങ്ങൾ സുവിശേഷവൽക്കരണത്തിലെ നടുനായകരും സമൂഹനവീകരണത്തിന്റെ പങ്കാളികളുമാണ്. യുവജനങ്ങൾ സഭയെപ്രതി കർമ്മോത്സുകരായിത്തീരണം"

അല്മായർ പാസ്റ്ററൽ കൗൺസിലുകൾ പോലുള്ള സംവിധാനങ്ങളിലേക്കു കടന്നുവരേണ്ടത് വിശുദ്ധിയുടെ യോഗ്യതയാലാവണം. ഇടവക ഭരണസമിതികളും പൊതുയോഗങ്ങളും അയോഗ്യരായ അല്മായരുടെ സാന്നിദ്ധ്യത്താൽ പലപ്പോഴും മുഖരിതമാകാറുണ്ട്. സി.ബി.സി.ഐ. കമ്മീഷൻ സെക്രട്ടറി 1991ൽ എഴുതി "സുവിശേഷാധിഷ്ഠിത തീരുമാനങ്ങൾ കൈക്കൊള്ളാനാണ് പാസ്റ്ററൽ കൗൺസിലുകൾ ശ്രമിക്കേണ്ടത്. എന്നാൽ പ്രയോഗത്തിൽ പലപ്പോഴും കൗൺസിൽ തീരുമാനങ്ങളുടെ പിന്നിലെ പ്രേരണകളും ലക്ഷ്യങ്ങളും സുവിശേഷത്തിനു നിരക്കാത്തതാണ്. അതായത് സഭയുടെ ഹൃദയത്തുടിപ്പുകൾ ഉൾക്കൊള്ളേണ്ടതിനു പകരം അവർ രാഷ്ട്രീയ പാർട്ടികളുടെയും മറ്റും വക്താക്കളായി മാറുന്നു".

www.malankaralibrary.com


അതുപോലെ തന്നെ, അല്മായരെ വിശ്വസിച്ച് പല ഉത്തരവാദിത്വങ്ങളും ഏല്പിക്കണം. ഭൗതികകാര്യങ്ങൾ അവരെ ഏല്പിച്ച് വൈദികർ ആത്മീയകാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണം (അപ്പ. പ്ര. 6: 2-4) മുൻകാലങ്ങളിൽ വൈദികരും കന്യാസ്ത്രീകളും വിദ്യാഭ്യാസ മേഖലയിൽ ഗുരുക്കന്മാരായി പ്രവർത്തിച്ചത് അന്നത്തെ സാഹചര്യം കൊണ്ടാണ്. ഇന്ന് സ്കൂളുകളിലും കോളജുകളിലുമൊന്നും വൈദികർക്ക് യാതൊരു ധാർമ്മികതയും പറഞ്ഞുകൊടുക്കാനുള്ള അവസരമില്ല. വിദ്യാഭ്യാസരംഗത്തുനിന്നും, നാം ലക്ഷ്യം വെയ്ക്കുന്ന നന്മകളൊന്നും ലഭിക്കുന്നില്ല. പ്രത്യേകിച്ച് സ്വാശ്രയകലാലയങ്ങളുടെ പേരിൽ ഇന്നോളം നാം ചെയ്ത നിഷ്കാമസേവനങ്ങൾ മുഴുവൻ വിസ്മരിച്ച് നമ്മെ കൊള്ളക്കാരായി ചിത്രീകരിക്കുന്നു.

പ്രായമായ ഇടവകാംഗങ്ങളും യുവാക്കളും സൺഡേ സ്കൂൾ കുട്ടികളും ചേർന്ന് ആശയ സംവാദങ്ങളും പ്രേഷിതത്വത്തിന്റെ ഭാഗമായി നടത്താം. പഴയ തലമുറയുടെ സഹനങ്ങളും സഭാതീക്ഷ്ണതയും അപ്രകാരം ഒരു പരിധിവരെ പുതുതലമുറയിലേക്കു സാംക്രമിക്കും. അന്യസഭയിലും ജാതിയിലും പെട്ടവരെ ഓണം, ക്രിസ്തുമസ്, പള്ളിപ്പെരുന്നാൾ, പൊതുയോഗങ്ങൾ എന്നീ സന്ദർഭങ്ങളിലേക്കു ക്ഷണിച്ച് പ്രാദേശിക തലത്തിൽ സ്നേഹത്തിന്റെ സന്ദേശം കൈമാറാം.

അല്മായ സാഹിത്യകാരന്മാരെ സഭ പൊതുസ്വത്തായി കരുതി അവരുടെ സേവനം തേടണം. ഒന്നാം കിട അല്മായ സാഹിത്യകാരനും രണ്ടാം തരം വൈദികരചയിതാവും ഉണ്ടെങ്കിൽ സഭ ഗൗനിക്കുന്നത് ആ വൈദികനെയാണ്. വളരെ വിപുലമായ വിധത്തിൽ ഒരു പുസ്തകപ്രസിദ്ധീകരണാലയം അത്യാവശ്യമാണ്. എല്ലാ പള്ളികളിലും ഓരോ ലൈബ്രറി തുടങ്ങാൻ ഇനിയെങ്കിലും അമാന്തിക്കരുത്. ഇതെല്ലാം അല്മായ ശക്തീകരണത്തിനു സഹായകരമാണ്.

ഇവാഞ്ചലൈസേഷൻ 2000 എന്ന പ്രസിദ്ധീകരണത്തിൽ പ്രേഷിതത്വത്തിന്റെ വിശാല തലം നമ്മെ ചൂണ്ടിക്കാണിക്കുന്നുണ്ട്. “വഴിയോരപ്രസംഗം, ഞായറാഴ്ച പ്രസംഗം, മിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി വീടുതോറും കയറിയിറങ്ങിയുള്ള സുവിശേഷ പ്രചരണം,

www.malankaralibrary.com



പത്രം, ടി.വി., റേഡിയോ തുടങ്ങിയവയിലൂടെയുള്ള സുവിശേഷീകരണം, വ്യക്തിപരമായ സാക്ഷ്യം, ഇവയിൽ അവനവനു അനുയോജ്യമായവ ഏതാണെന്നുകണ്ടെത്തി മറ്റുള്ളവരെ യേശുവിന്റെ പക്കലേക്കാകർഷിക്കാൻ ഓരോ അല്മായനും കഴിയണം".

കുട്ടികളെ അൾത്താര ശുശ്രൂഷകരാക്കിയും സ്വയം പ്രേരിത പ്രാർത്ഥനയ്ക്കുള്ള പ്രേരണ നല്കിയും, സ്തോത്രകാഴ്ച എടുപ്പിച്ചും, ഗായകസംഘത്തിൽ ചേർത്തും മറ്റും പൈതൽ പ്രായം മുതൽ ഈ പ്രേഷിതത്വം ജീവനുള്ളതാക്കാൻ കഴിയണം.

ഒപ്പം മുൻകാലങ്ങളിൽ സഭയ്ക്കുവേണ്ടി സർവ്വതും വെടിഞ്ഞ് പ്രേഷിതവേല ചെയ്തവരെ പുതുതലമുറ നന്ദിയോടെ ഓർത്ത് ആ ചൈതന്യം ഏറ്റുവാങ്ങാം. പഴയകാല പള്ളികൾ പടുത്തുയർത്താൻ രാപകൽ കരിങ്കൽ ചുമന്നും മണ്ണു കുഴച്ചും മറ്റും തടിയുടഞ്ഞ എത്രയോ അല്മായരുണ്ട്. മാർ ഈവാനിയോസ് തിരുമേനിയുടെ ബഥനിപ്രസ്ഥാനത്തെ അല്മായരാണ് പ്രധാനമായും സഹായിച്ചുപോന്നത്. മുണ്ടൻമലയിലെ സന്ന്യാസികളുടെ പട്ടിണിയിൽ അല്മായർ അപ്പമായി അവതരിച്ചിട്ടുണ്ട്. അവരെ നാം വിസ്മൃതിയുടെ ആഴക്കുഴിയിൽ കുഴിച്ചു താഴ്ത്തിയിരിക്കുന്നു. അവരെ ഓർത്ത് ആണ്ടുതോറും വിശുദ്ധബലിയർപ്പിച്ചു പ്രാർത്ഥിക്കാൻ നാം കടപ്പെട്ടവരാണ്. അവരുടെ അസ്ഥിത്തറകളുടെ മുകളിലാണ് നാം ആഡംബരത്തിന്റെ എടുപ്പുകൾ തീർക്കുന്നതെന്നോർക്കണം. മഹാത്യാഗികളായി മലങ്കര കത്തോലിക്കാ സഭയിൽ തീക്ഷ്ണതയോടെ പ്രവർത്തിച്ച ഏതാനും അല്മായ പ്രേഷിതരുടെ പേരുകൾ സാന്ദർഭികമായി ഓർമ്മയിലെത്തുന്നു. ഐരൂർ വില്ലോത്ത് നൈനാൻ വർഗീസ്, മേളാംപറമ്പിൽ ഉമ്മച്ചൻ, കരിങ്ങാട്ടിൽ കോശിക്കുഞ്ഞ്, മലഞ്ചെരുവിൽ മത്തായി വാദ്ധ്യാർ, അടൂർ നെല്ലിമൂട്ടിൽ മത്തായി, ചക്കാലമണ്ണിൽ വല്യപ്പൻ, പവ്വത്തു സ്കറിയാ വല്യപ്പൻ, പത്തനംതിട്ട പീടികേപ്പറമ്പിൽ പി.ജി. തോമസ്, കിഴക്കേവീട്ടിൽ ഫിലിപ്പ് സാർ, കെങ്കിരേത്തു കൊച്ചുകുഞ്ഞച്ചൻ, തൈക്കൂട്ടത്തിൽ കെ.ജി. ഉമ്മൻ, ചെങ്ങരൂർ കിളിച്ചിമല തോമ്മാസാർ, കോഴിമണ്ണിൽ ചാക്കോ ഉപദേശി, മാനേജർ കിളിലേത്തു ചാക്കോ, മാരേട്ട് ഫീലിപ്പോസ് ജഡ്ജി, വട്ടശ്ശേ

www.malankaralibrary.com



രിയിൽ വറുഗീസ് തുടങ്ങിയ അല്മായ പിതാക്കന്മാരുടെ മുമ്പിൽ വർത്തമാനസഭാംഗങ്ങൾ നമിക്കുക തന്നെ വേണം.

ഫിലിപ്പോസ് ജഡ്ജിയുടെ നേതൃത്വത്തിലുണ്ടായിരുന്ന കാത്തലിക് എവിഡൻസ് ഗിൽഡ് അന്നത്തെ അല്മായരുടെ ശക്തീകരണത്തിനു നിദാനമായി. സ്ത്രീജനോദ്ധാരണത്തിന് മാർ ഈവാനിയോസ് തിരുമേനി ചെയ്ത വിപ്ലവാത്മകസേവനങ്ങൾ മലങ്കരയുടെ മുഖച്ഛായ മാറ്റി. തിരുമൂലപുരത്ത് അദ്ദേഹം സ്ഥാപിച്ച ബാലികാമഠം സ്കൂളിലൂടെ തിരുവിതാംകൂറിലെ പെൺകുട്ടികൾ ജ്ഞാനോദയം നേടി. ഇപ്രകാരം വിദ്യാഭ്യാസം നേടിയ സ്ത്രീകൾ സഭയുടെ നാനാവിധ രംഗങ്ങളിൽ ഉജ്ജ്വലസേവനം കാഴ്ചവെച്ചു.

## വിഘ്നങ്ങളിൽ അതിജീവനം

സഭയുടെ നിശ്ചലതയ്ക്കും നിർജ്ജീവതയ്ക്കും ആധാരം ആധുനികതയുടെ മുഖമുദ്രയായ വൈയക്തികതയാണ് (individualism). സ്നേഹപൂർവ്വമായ ഇടപെടലുകൾ കുറഞ്ഞ് കേവലം യാന്ത്രികമോ ഉപചാരപൂർവ്വമോ ആയ പെരുമാറ്റം വഴി ഓരോ തുരുത്തായി പരിണമിച്ചിരിക്കുന്നു ആധുനിക കുടുംബങ്ങൾ. നമ്മുടെ ഇടയിലുള്ള ദരിദ്രരും ആർത്തരും രോഗികളും മറ്റും മറ്റുള്ളവരുടെ സാന്ത്വന സാമിപ്യത്തിനായി ദാഹിക്കുന്നുണ്ട്. വ്യഥിതജനാവലിയിൽപ്പെട്ട പലരേയും സ്വന്തം പക്ഷത്തേക്ക് ആകർഷിക്കുവാൻ പെന്തക്കോസ്തുസഭകൾ ശ്രമിക്കുന്നതു ഭവനസന്ദർശനത്തിലൂടെയാണ്. നിരുന്മേഷരായ നാം ഈ ജീവിതശൈലിയിലേക്ക് വരാത്തപക്ഷം ദൈവജനം മറ്റു മേച്ചിൽപുറങ്ങൾ തേടിപ്പോയെന്നു വരും. ഭവനസന്ദർശനത്തെ ഇടവകവികാരിയുടെ മാത്രം കടമയായി മുദ്രകുത്തി അല്മായർ കൈകഴുകാൻ തുനിയേണ്ട. വൈദികർക്കും അല്മായർക്കും ഒരേ ദൈവവിളിയാണുള്ളത്. “നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും സ്വന്തം ജനവുമാണ്” എന്നാണ് അല്മായരെപ്പറ്റി വേദം പറയുന്നത് (1 പത്രോ. 2: 9). അധികാരത്തോടുകൂടിയ അഭിഷേകമാണ് പുരോഹിതരെ ഈ സമാനതയിൽ നിന്നും വ്യത്യസ്തരാക്കുന്നത്. ഭവനസന്ദർശനം വഴിയുള്ള പ്രേഷിതത്വത്തി

www.malankaralibrary.com



നുള്ള പദ്ധതികൾ തയ്യാറാക്കി വികാരിയെക്കൂടി സഹകരിപ്പിച്ച് ജന കീയ പ്രശ്നങ്ങളിൽ പോംവഴി അരുളുവാൻ മുൻകൈയെടുക്കേണ്ടത് അല്മായർ തന്നെയാണ്. ഇത്തരം ഭവനാന്തര ഇടപെടലുകളാണ് തെക്കൻ പ്രദേശത്ത് ക്രിസ്തീയ വിശ്വാസം പടരുവാൻ കാരണമായത്. അർപ്പണബോധമുള്ള നിരവധി ഉപദേശിമാരുടെ കഠിനപരിശ്രമത്തിന്റെ കാലാന്തരസാഫല്യമാണ് മാർത്താണ്ഡം രൂപത തന്നെ. വന്ദ്യ മോൺസിഞ്ഞോർ കുഴിഞ്ഞാലിലച്ചനും കർമ്മധീരരായ അല്മായരും ചേർന്ന് നടത്തിയ ഭവനസന്ദർശനങ്ങൾ വലിയ വിജയം കണ്ടു. ജസ്റ്റസ് ഉപദേശിയുടെ പ്രേഷിതത്വത്തെ ഇത്തരുണത്തിൽ സവിശേഷമായി സ്മരിക്കേണ്ടതുണ്ട്. നവാഗതമായ വെല്ലുവിളികൾ രൂക്ഷമായ അവ സ്ഥയിലാണിപ്പോൾ എന്നു പറയേണ്ടിവരും. സഭയ്ക്ക് ഉള്ളിൽ നിന്നു തന്നെയാണ് നല്ലൊരുപങ്ക് വിഘ്നങ്ങൾ ഉയർന്നുവരുന്നത്. പട്ടിണി ക്കാരായ യുവാക്കളെ നിരീശ്വരസംഘങ്ങളും മാർക്സിസ്റ്റു പ്രത്യയ ശാസ്ത്രക്കാരും ചെറിയ ഇരകൾ കാട്ടി ആകർഷിച്ച് അവരുടെ വല യിലാക്കുന്നു. മാർക്സിസത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ മുത ലാളിത്തത്തെ വളർത്തുന്നു. എങ്ങിനെ അതിവേഗം പണം നേടാൻ കഴിയും എന്ന ആലോചനാ വ്യഗ്രതയിലാണ് പൊതുവേ യുവജന ങ്ങൾ. സഭയെപ്പോലും അവർ ജോലി നേടാനുതകുന്ന സംഘടനയാ യാണ് കണക്കാക്കുന്നത്. ഫാസ്റ്റ് ഫുഡ്, മദ്യം, മയക്കുമരുന്ന്, പുക വലി തുടങ്ങിയവയാൽ പൊതുജനാരോഗ്യം ക്ഷയിച്ചുകൊണ്ടിരി ക്കുന്നു. ആധുനിക ജീവിതശൈലിയുടെ ഫലമായി നിരവധി രോഗ ങ്ങൾ സമൂഹത്തിൽ ആധിപത്യമുറപ്പിക്കുന്നു. മാതാപിതാക്കൾക്കും മക്കൾക്കുമെല്ലാം ഭൗതികനേട്ടങ്ങളിലാണ് കണ്ണ്. കൊലപാതകം, കാരു ണ്യവധം, ഗർഭഛിദ്രം, ആത്മഹത്യ ഇവയ്ക്കൊക്കെ പ്രോത്സാഹനം നല്കുന്ന ഭരണസംവിധാനങ്ങളും വലിയ ആപത്കരമായ പ്രവണത യിലേക്ക് സമൂഹത്തെ ഉന്തിവിടുന്നു. ഇങ്ങനെയുള്ള വിഘ്നങ്ങളെ എപ്രകാരം അതിജീവിക്കാൻ കഴിയുമെന്നു ചിന്തിക്കാൻ അല്മായർ കടപ്പെട്ടിരിക്കുന്നു. യൂറോപ്പിൽ തഴച്ചുകൊണ്ടിരുന്ന ഒരു കൊടും പാഷ ണ്ഡതയ്ക്കെതിരെ ഇരുപതുവയസ്സുകാരനായ ഫ്രെഡറിക് ഒസാനം നിലകൊണ്ട് എതിർത്തു തോല്പിച്ചതു അല്മായർക്കു പ്രചോദനഹേ തുവായ ഗുണപാഠമായിരിക്കട്ടെ.

www.malankaralibrary.com



## തിരുവചനാധിഷ്ഠിത തീക്ഷ്ണത

സഭയിൽ സംഘടനകൾക്കു പഞ്ഞമൊന്നുമില്ല. എന്നാൽ ഇവയിൽ തിരുവചനസാന്നിദ്ധ്യം എത്രത്തോളമുണ്ട് എന്നത് പ്രസക്തമായൊരു ചിന്തയാണ്. മാർ ഈവാനിയോസ് പിതാവിന്റെ പിൻബലം തിരുവചനദാഹമുള്ള പ്രബുദ്ധരായ ഒരു വലിയ സംഘം അല്മായരായിരുന്നു. കൂദാശാശെമ്മാശനായിരുന്ന കാലം മുതൽ ഏറ്റുപദേശിമാരായും മറ്റും അനേകം അല്മായർ അദ്ദേഹത്തെ സഹായിച്ചുപോന്നു. മദ്ധ്യതിരുവിതാംകൂറിലെ വിഖ്യാതമായ മാക്കാംകുന്ന് കൺവൻഷൻ പിതാവിന്റെ പ്രേരണയാലാണ് രൂപംകൊണ്ടത്. അതിന്റെ ആദ്യത്തെ പത്തുകൊല്ലങ്ങളിൽ മുഖ്യപ്രഭാഷകൻ പിതാവു തന്നെയായിരുന്നു. അദ്ദേഹത്തിന്റെ വചനവ്യാഖ്യാനം അനേകരുടെ സന്ന്യാസജീവിതപ്രവേശത്തിനു ഇടയാക്കി എന്ന് മദർ സൾഗായുടെ കുറിപ്പുകൾ വ്യക്തമാക്കുന്നു. അതുപോലെ, അൻപതു നോമ്പിൽ മുണ്ടൻമലയിൽ പിതാവു നടത്തിയ ആത്മീയ പ്രസംഗങ്ങൾ അനേകർക്കു സാന്ത്വനമായിത്തീർന്നു. പക്ഷേ നിർഭാഗ്യമെന്നു തന്നെ പറയട്ടെ, മലങ്കര മക്കളിൽ എത്രപേർ വേദഗ്രന്ഥത്തെ ശക്തിസ്രോതസ്സായി കരുതുന്നുണ്ട്? ദിനം പ്രതി ബൈബിൾ വായിക്കുന്നവർപോലും ആത്മദാഹത്തോടെയാണോ അതു നിർവ്വഹിക്കുന്നത്? നമ്മുടെ സംഘടനകളുടെ നേതൃത്വത്തിലും വ്യക്തിപരമായും വേദപുസ്തകം ഭക്തിപൂർവ്വം വായിക്കുകയും ദൈവം നല്കുന്ന സന്ദേശങ്ങൾ ഉൾക്കൊള്ളുകയും വേണം. ജീവിതത്തിലെ സമസ്ത പ്രശ്നങ്ങൾക്കും വചനം പരിഹാരമായിത്തീരും; അവ നമുക്ക് ആത്മാവും ജീവനുമായി അനുഭവപ്പെടുകയും ചെയ്യും. അമ്പതുനോമ്പു തുടങ്ങുന്ന ദിവസം മുതൽ പെന്തക്കോസ്തി വരെയുള്ള 90 ദിനങ്ങൾക്കുള്ളിൽ വേദഗ്രന്ഥം സമഗ്രമായി വായിക്കാനുള്ള പദ്ധതി അല്മായർ തയ്യാറാക്കട്ടെ. സദാ ദൈവവചനത്തിൽ മുങ്ങിക്കുളിച്ചു കിടന്നാലേ ദൈവവുമായുള്ള ഐക്യം നിലനിർത്താൻ നമുക്കു കഴിയൂ.

'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' തുടങ്ങിയ പ്രതിഷ്ഠിതാശയങ്ങളിലെ ചതിക്കുഴികൾ നമ്മിലെ മിഷനറി ദൗത്യത്തിനു

www.malankaralibrary.com


തടസ്സങ്ങളാണ്. “ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ മാന വരക്ഷയ്ക്കായി നല്കപ്പെട്ട ഏക രക്ഷാകരനാമമാണ് യേശുക്രിസ്തു വിന്റേത്” (അപ്പ. പ്ര. 4:12)എന്നു വിശ്വസിച്ച് പ്രസംഗിക്കുന്നവരാണു നാം. ഇതാണല്ലോ സദ്വാർത്ത. ഓരോ മലങ്കര കത്തോലിക്കാ അല്മായന്റെയും ഹൃദയം ഈ സദ്വാർത്തയുടെ നിറവിൽ ആളണം. “വരൂ നമുക്കും അവനോടൊപ്പം പോയി മരിക്കാം” എന്നു പറഞ്ഞ തീക്ഷ്ണമതിയായ വി. തോമാശ്ലീഹായുടെ മക്കളായ നാം നമ്മുടെ വിളിയെപ്പറ്റി ഇനിയെങ്കിലും തിരിച്ചറിവുള്ളവരാകണം. നമ്മുടെ നാഥന്റെ അനന്യത ഉൾക്കൊള്ളുന്നവരാണു നാം. ക്രിസ്തുവല്ലാതെ ലോകചരിത്രത്തിൽ മറ്റാരാണ് അനുയായികളെ ‘സ്നേഹിതരേ’എന്നു വിളിച്ചിട്ടുള്ളത്. ദരിദ്രരെ നോക്കി നിങ്ങളെ ദൈവം സ്നേഹിക്കുന്നു എന്നു പറഞ്ഞുകൊണ്ടല്ലേ തന്റെ ഗിരിപ്രഭാഷണം സമാരംഭിക്കു ന്നത്. 99 ആടുകൾ കൂടെയുണ്ടായിട്ടും വെറും ഒരെണ്ണം നഷ്ടപ്പെട്ടു വെന്നറിഞ്ഞ് അതിനെ കണ്ടെത്തുവോളം കഷ്ടപ്പെട്ടു തെരഞ്ഞല യുന്ന മറ്റേതു കരുണാമയനുണ്ട് കാലഗതിയിൽ! ആദ്യമണിക്കൂറിൽ വന്നവനു നല്കുന്ന പ്രതിഫലം തന്നെ അന്ത്യമണിക്കൂറിലെത്തുന്ന വനും കൊടുക്കുന്ന മറ്റേതു ദയാലുവുണ്ട് വിശ്വചരിതത്തിൽ! മന്ദത വെടിഞ്ഞ് ഈ സദ്വാർത്ത ലോകമനസ്സാക്ഷിയുടെ മുമ്പിൽ അതി വേഗം വിളമ്പിക്കൊടുക്കാൻ അല്മായർ തുനിഞ്ഞിറങ്ങണം.

## സമറിയാ : പുനരൈക്യത്തിന്റെ പുണ്യഭൂമി

യഹൂദരും സമറായരും ബദ്ധവൈരികളായിരുന്നു. അതേ സമയം അവർ ഒരേ വംശജരുമായിരുന്നു. എന്നിട്ടും ഐക്യത്തിന്റെ തമ്പുരാ നായ ക്രിസ്തു സമഭാവത്തോടെ അവരെ കണ്ട് സുവിശേഷ ജീവൻ പകർന്നു നല്കി. ഈശോ പ്രാർത്ഥിച്ചു “അവരെല്ലാം ഒന്നായിരിക്കാൻ വേണ്ടി പിതാവേ അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരി ക്കുന്നതുപോലെ അവരും നമ്മിലായിരിക്കുന്നതിനും അങ്ങനെ അവി ടുന്നെന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.” (യോഹ. 17: 21-22). ഐക്യത്തിന്റെ പ്രവാചകനായ മാർ ഈവാനിയോസ് പിതാവിനെ ഏറെ സ്വാധീനിച്ച പ്രാർത്ഥനയാ ണിത്.

www.malankaralibrary.com



സമറായർ, നമ്മെ സംബന്ധിച്ച് മാർത്തോമ്മാവംശാവലിയിൽ നിന്നും ക്ഷിപ്രകോപാവേശത്താൽ കൂട്ടം തെറ്റി വിവിധ മലമടക്കുക കളിൽ മേയാൻ വിധിക്കപ്പെട്ട ഛിന്നമായ അജഗണങ്ങളാണ്. 'ഈ ആലയത്തിൽ പെടാത്ത മറ്റാടുകളും എനിക്കുണ്ട്' എന്നു പറഞ്ഞ് ഒരിടയനും ഒരാട്ടിൻതൊഴുത്തും എന്ന ലക്ഷ്യത്തിനുവേണ്ടി അവിടുന്ന് പ്രവർത്തിച്ചു. ഈ ശൈലി കൈക്കൊണ്ട് സാർവ്വത്രികസഭാ പുനഃപ്രവേശം സിദ്ധിച്ച അനുഗൃഹീതരായ നാം അവരേയും സ്നേഹ പൂർവ്വമായ ഇടപെടലുകളിലൂടെ പുനരൈക്യസ്വച്ഛതയിലേക്ക് കൂട്ടിക്കൊണ്ടുവരണം. സമറിയാക്കാരിയിലൂടെ അനേകരെ സുവിശേഷത്തിലേക്ക് ആകൃഷ്ടരാക്കാൻ കഴിഞ്ഞതു പോലെ മാർ ഈവാനിയോസ് പിതാവിലൂടെയും ആദ്യകാല സന്നദ്ധ പ്രേഷിതരിലൂടെയും അനേകം അകത്തോലിക്കരെ സാർവ്വത്രിക കൂട്ടായ്മയിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞു. നമ്മുടെ പുനരൈക്യത്തെ 20-ാം നൂറ്റാണ്ടുകണ്ട ഏറ്റവും മഹത്തായ സഭാസംഭവം എന്നാണ് വിശ്വമാദ്ധ്യമങ്ങൾ അന്നു പ്രകീർത്തിച്ചത്. ഇംഗ്ലണ്ടിന്റെ മാനസാന്തരത്തിനു കാരണഭൂതനായ ഹെൻട്രി ന്യൂമാനോട് മാർ ഈവാനിയോസ് പിതാവിനെ സാധർമ്മ്യപ്പെടുത്തിയവരുണ്ട്. എന്നിട്ടും എന്തുകൊണ്ട് ഇന്നിന്റെ സഭാ തനയർ പുനരൈക്യമെന്ന മലങ്കരയുടെ സ്വതസിദ്ധമായ സുവിശേഷീകരണത്തിൽ ഉണർവ്വു കാട്ടുന്നില്ല. ഏറ്റവും വേഗതയിൽ പുനരൈക്യശുശ്രൂഷകൾ നടന്നത് ആരംഭകാലത്തായിരുന്നു എന്നു കാണാം. എന്നാൽ വർത്തമാനവസ്ഥയിലാണ് വർദ്ധമാനമായി പുനരൈക്യപ്രവർത്തനം അനുവർത്തിക്കാൻ അനുകൂലമായ സാഹചര്യമുള്ളത്. അതായത് ഹ്രസ്വകാലപരിധിക്കുള്ളിൽ അതിവേഗം വളർന്നു മുന്നേറിയ സഭ എന്ന വിശ്വാംഗീകാരം നമുക്കുണ്ട്. ചില അകത്തോലിക്കാസഭകളാകട്ടെ അന്തഃഛിദ്രത്തിന്റെയും വ്യവഹാരശപ്താവസ്ഥകളുടെയും ചുഴികളിൽ കിടന്നു വട്ടം കറങ്ങുകയാണ്. നാം കരം നീട്ടിക്കൊടുത്താൽ വിവേകികൾ അതിൽ പിടിച്ചു കയറി രക്ഷപെടാൻ ശ്രമിക്കാതിരിക്കില്ല. നമ്മുടെ സഭാന്തരസംവാദങ്ങളൊക്കെ പുനരൈക്യലക്ഷ്യം കാണാതെ പോകുന്നല്ലോ എന്നു പരിതപിച്ച് ശ്രമം ഉപേക്ഷിക്കാനല്ല നാം ശ്രമിക്കേണ്ടത്. അവരുടെ ഐക്യത്തെ മുൻനിർത്തി സഹോദരസ്നേഹ

www.malankaralibrary.com



ത്തിലാഴ്ന്നുള്ള പ്രാർത്ഥനകളിലും പരിത്യാഗമാർഗ്ഗങ്ങളിലും നാം മുഴു കണം. ഇന്നല്ലെങ്കിൽ നാളെ ഏക അജഗണം എന്ന വിദൂരസ്വപ്നം പൂവണിയുക തന്നെ ചെയ്യും.

പൂർവ്വസൂരികളായ അല്മായർ സഭാ പ്രവാഹത്തിൽ ഇഴുകി ച്ചേർന്നു മുന്നേറിയിരുന്നല്ലോ. എന്നാലിന്ന് ഒഴുക്കിന്റെ ഊക്ക് കുറ ഞ്ഞിരിക്കുന്നു എന്നു പറയാതെ വയ്യ. പ്രതിബന്ധങ്ങളുടെ പാറക്കെ ട്ടുകളെ അതിജീവിച്ചൊഴുകാൻ വേണ്ട സംഘാത്മകത ഇന്നു നഷ്ട പ്പെട്ടിരിക്കുന്നു. സഭയുടെ ഗംഭീര പ്രയാണത്തെ തളർത്തും വിധം ഓരോരുവനും വൈയക്തിക സ്വച്ഛയോടെ തൊട്ടിയിലെ വെള്ളമായി മാറിയിരിക്കുന്നു. ഈ അവസ്ഥ മാറിയേ തീരൂ എന്ന ദൈവാത്മാ വിന്റെ ഓർമ്മപ്പെടുത്തലാണ് ഈ അസംബ്ലി. സഭാചൈതന്യമായ പുനരൈക്യത്തെ ലക്ഷ്യം വെച്ച് വലിയ കർമ്മപദ്ധതി ഒരുക്കേണ്ടവ രാണ് അല്മായർ. അനുരഞ്ജനത്തിന്റെ മാർഗ്ഗമായ എക്യുമെനിസ ത്തിലൂടെ വേണം നാം പുനരൈക്യമെന്ന ലക്ഷ്യത്തിൽ എത്തിച്ചേരേ ണ്ടത്. രക്ഷ തങ്ങളുടെ സഭയിലുമുണ്ടെന്ന് അവർ പറയുമ്പോഴും പരി ശുദ്ധാത്മദാനമായ പൂർണ്ണത കത്തോലിക്കാ സഭയിൽ മാത്രമേ ഉള്ളു വെന്ന് അവർ സമ്മതിക്കുന്നുണ്ട്. ഈ സമ്മതത്തിലൂടെ മാത്രം യഥാർത്ഥ സഭ സാർവ്വത്രികസഭയാണെന്നു സമർത്ഥിക്കാൻ നമുക്ക് കഴിയണം. ഈവാനിയോസ് പിതാവിന്റെ പുനരൈക്യത്തിൽ ക്രുദ്ധ രായി അദ്ദേഹത്തോടു വാഗ്വാദം നടത്താനും ഏറ്റുമുട്ടാനും സന്നദ്ധ രായി കടന്നു വന്ന പ്രബലവൈരികൾ പോലും, പിതാവിനെ അക്ഷ രാർത്ഥത്തിൽ അനുസരിച്ച് മുട്ടുകുത്തി കത്തോലിക്കാ വിശ്വാസം ഏറ്റു പറഞ്ഞ് പുനരൈക്യപ്പെട്ടാണ് മുറിവിട്ടുപോയിരുന്നത്. എന്തുകൊണ്ടിത് സാധിച്ചു? കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്താനുള്ള ജ്ഞാനനി റവ് പിതാവിനുണ്ടായിരുന്നു; മുൻകാല അല്മായ സാരഥികൾക്കും ഉണ്ടായിരുന്നു. ചുരുങ്ങിയ കാലത്തിനുള്ളിൽ ഇത്രയേറെ സഭാംഗ ങ്ങൾ കൂടാൻ കാരണം പ്രബുദ്ധരായ അല്മായരായിരുന്നു. ഇന്ന് സഭാ ചരിത്രമറിയാവുന്ന എത്ര അല്മായരുണ്ട് നമ്മുടെ ഇടയിൽ. പുതിയ ഇസ്രായേലായ നമ്മുടെ ഓരോ ചെറുമകനും മൂപ്പനോട് ഈ മലങ്കര പെസഹായുടെ പൊരുൾ എന്തെന്ന് ആരായുന്നുണ്ടോ? സഭ ഇത

www.malankaralibrary.com


നൊന്നും വേണ്ട വിധത്തിൽ സൗകര്യങ്ങൾ ഒരുക്കുന്നില്ല. പുനരൈക്യവാർഷിക മുഹൂർത്തങ്ങളെ ഉപരിപ്ലവകാര്യങ്ങൾക്കായി നാം തുലച്ചുകളയുന്നു. പ്രബോധനാത്മകങ്ങളായ അനുസ്മരണയോഗങ്ങളെ വെട്ടിച്ചുരുക്കുകയും ശക്തിപ്രകടനത്തിനു സമയം നീട്ടിക്കൊടുക്കുകയുമല്ലേ സമീപകാലം വരെ നാം അനുവർത്തിച്ചിരുന്നത്. അറിവു നേടാൻ ഉതകുന്ന ഗ്രന്ഥാലയം പള്ളികളിലില്ല. വായിച്ചു വളരുന്നവൻ മാത്രമേ വിളയൂ എന്നും വായിക്കാതെ വളരുന്നവൻ വളയും എന്നും നാം ഓർക്കുക. വായനയും പ്രസംഗങ്ങളും ചർച്ചകളുമൊക്കെ വീണ്ടും മലങ്കരയുടെ മണ്ണിനെ ഊർജ്ജസ്വലമാക്കുന്ന കാലത്തിനായി നമുക്കു കാത്തിരിക്കാം.

## ലോകാതിർത്തി : അക്രൈസ്തവമായ വിശാലതലം

"ഞങ്ങൾ ഈശോയെ കാണാൻ ആശിക്കുന്നു" (യോഹ. 12: 21); വിജാതീയരായ ഗ്രീക്കുകാർ പ്രകടിപ്പിച്ച ആഗ്രഹമാണിത്. ഇത് അക്രൈസ്തവലോകത്തിന്റെ മുഴുവൻ നിലവിളിയാണ്. ഒരനുഭവം രേഖപ്പെടുത്തുകയാണ്; അസംബ്ലിയെ സംബന്ധിച്ച പ്രബോധന വേളയിൽ വന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി സാക്ഷ്യപ്പെടുത്തിയ സംഭവം. ഒരു ക്രൈസ്തവ മിഷനറിയും ശ്രീരാമകൃഷ്ണാശ്രമത്തിലെ ഒരു ഹൈന്ദവസന്ന്യാസിയും മൂന്നു ദിവസം ദീർഘിച്ച ഒരു തീവണ്ടിയാത്രയിൽ സമീപ ഇരിപ്പിടങ്ങളിൽ ഇരിക്കുകയാണ്. മിഷനറി തന്റെ കയ്യിലെ വേദപുസ്തകം വായിച്ചു ധ്യാനിച്ചും, യോഗി ഹിന്ദുദിനപത്രം അലസമായി വായിച്ചും ഇരിക്കുകയാണ്. പത്രം വേഗത്തിൽ വായിച്ചു തീർത്ത സന്ന്യാസി ആരാഞ്ഞു; "ബൈബിൾ ഒന്നു തരുമോ വായിക്കാൻ"? അദ്ദേഹം അതു നല്കി. സന്ന്യാസിയുടെ വായന ഇടതടവില്ലാതെ മൂന്നു ദിനം നീണ്ടു. എന്നിട്ട് അവാച്യമായ നിർവൃതിയോടെ സന്ന്യാസി ചോദിച്ചു "ഈ ബൈബിൾ എനിക്കു സ്വന്തമായി തരാമോ"? അദ്ദേഹം ഏറെ സന്തോഷത്തോടെ അതു സമ്മാനിച്ചു. സന്ന്യാസി വർദ്ധിച്ച ആനന്ദത്തോടെ പറഞ്ഞു "ഞാനെന്റെ ജീവിതത്തിൽ ഇത്ര കാലവും തേടിക്കൊണ്ടിരുന്ന ആ മഹാസത്യത്തെ ഞാൻ കണ്ടെത്തി, ഈ ബൈബിളിൽ" ഇന്ത്യ കണ്ട മഹാനായ ധൈഷണികാഗ്രൻ വിവേകാനന്ദസ്വാമി പറഞ്ഞില്ലേ, "മഗ്ദലനമറിയം ക്രിസ്തു

www.malankaralibrary.com


വിന്റെ പാദങ്ങൾ കണ്ണീരുകൊണ്ടു കഴുകി, തൽസ്ഥാനത്തു ഞാനായിരുന്നെങ്കിൽ എന്റെ ഹൃദയരക്തംകൊണ്ട് ഞാനാ ധർമ്മം നിറവേറ്റുമായിരുന്നു.''

ഉണ്ണിയീശോയെ തേടി പൗരസ്ത്യദേശത്തു നിന്നും വന്ന മൂന്നു രാജാക്കന്മാർ വിഗ്രഹാരാധകരായ വിജാതീയരായിരുന്നു. ഈശോ വിജാതീയരേയും സമഭാവത്തിൽ കണ്ട് അവർക്ക് നന്മ ചെയ്തു.

മാർ ഈവാനിയോസ് തിരുമേനി തന്റെ സന്ന്യാസാശ്രമം പഞ്ചാബിലെ ഒരു ചേരി പ്രദേശത്ത് തുടങ്ങാനാണ് ആദ്യം ആഗ്രഹിച്ചത്. പിതാവിനെ ഇതിനു പ്രേരിപ്പിച്ചത് വിജാതീയ മാനസാന്തരദാഹമായിരുന്നു. ഇന്ത്യയിലെ മഹാഭൂരിപക്ഷം ജനവും ക്രിസ്തുവിനെപ്പറ്റി കേട്ടിട്ടില്ല എന്ന ഭയാനകസത്യം അദ്ദേഹത്തെ വല്ലാതെ ഭാരപ്പെടുത്തിയിരുന്നു. 'കൊയ്ത്തു വളരെ, വേലക്കാരോ ചുരുക്കം' എന്ന വേദവാക്യത്തിന്റെ അടിസ്ഥാനത്തിൽ സന്നദ്ധരായ സുവിശേഷസംഘത്തെ പിതാവ് രൂപപ്പെടുത്തിയിരുന്നു. ഗിരിദീപത്തിൽ പിതാവ് എഴുതി, "ദൈവഹിതം എന്തു തന്നെയായാലും അതു നിറവേറ്റുന്നതിനായി സ്വരാജ്യത്തേയോ മറ്റെന്തിനെയോ ഉപേക്ഷിക്കേണ്ടിവന്നാൽപോലും അവയ്ക്കൊക്കെ സന്നദ്ധനായി സുവിശേഷപ്രചരണാർത്ഥം വരാവുന്ന ക്ലേശങ്ങളെല്ലാം അവഗണിച്ചു ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് ജീവിപ്പാൻ നമ്മെയും ശിഷ്യരേയും പ്രാപ്തരാക്കേണമേ എന്നായിരുന്നു നാം അപേക്ഷിച്ചു വന്നത്.'' ഭാരതത്തിന്റെ ഏതു കോണിൽ നിന്നും സുവിശേഷം പ്രഘോഷിക്കാൻ കഴിയണമെന്ന ദീർഘവീക്ഷണത്തോടെയാണ ഹിന്ദുസന്ന്യാസിമാരുടേതുപോലുള്ള കാഷായം അദ്ദേഹം സ്വീകരിച്ചത്.

പുനരൈക്യം, ഭാരതസുവിശേഷീകരണം എന്നീ ഇവാനിയൻ മിഷൻ ദർശനത്തിൽ ജറുസലേം കേന്ദ്രീകരിച്ചുള്ള വി. പത്രോസിന്റെ മിഷനും ലോകതിർത്തികളോളമുള്ള വി. പൗലോസിന്റെ മിഷനും സമന്വയിക്കപ്പെട്ടിരിക്കുന്നു. അധഃകൃതരെന്നു മേലാളൻമാർ പഴിച്ച പുലയ സമുദായാംഗങ്ങളെയും മറ്റും ക്രൈസ്തവരാക്കാൻ വൈദികർപോലും വിസമ്മതിച്ച കാലത്താണ് തിരുമേനി, അവരെ സഭയുടെ മുഖ്യധാരയിലേക്കാനയിച്ചത്. ബംഗാളിലെ ചേരിപ്രദേശങ്ങളിൽ നാനാജാതി

www.malankaralibrary.com



യിൽപ്പെട്ട ജനങ്ങളെ ശുശ്രൂഷിച്ച് അദ്ദേഹം നൂറുവർഷം മുമ്പ് സേവനം ചെയ്തിരുന്നു. പിതാവിന്റെ ഈ സുവിശേഷീകരണ വേലയിൽ കയ്യും മെയ്യും മറന്നു സഹായിച്ചത് അല്മായരായിരുന്നു. അവരുടെ മാതൃക ഇന്നിന്റെ സഭാംഗങ്ങൾക്ക് അന്യമായിരിക്കുന്നു.

ഭൗതികസുഖസൗകര്യങ്ങളുടെ കൊഴുപ്പു മുറ്റിയ നാം ദൈവസേവനകാര്യത്തിൽ മന്ദരായി ഭവിച്ചിരിക്കുന്നു. പിന്നെങ്ങനെ ലോകാതിർത്തികളിൽ ക്രൈസ്തവികതയുടെ മഴവില്ലുകൾ വിരിയിക്കാൻ നമുക്കു കഴിയും? പൂർവ്വികരായ അല്മായർ പട്ടിണിയിലും സഹനപർവ്വങ്ങളിലും കർത്താവിൽ അചഞ്ചലരായി കഴലുറപ്പിച്ചുനിന്നു. സെന്റ് പോൾ പറഞ്ഞില്ലേ; "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും ആരു നമ്മെ വേർപെടുത്തും. ക്ലേശമോ, ദുരിതമോ, പീഡനമോ, പട്ടിണിയോ, വാളോ?" ഇതേ മനോഭാവത്തോടെയാണ് അല്മായജനം പ്രവർത്തിച്ചു പോന്നത്. ഒരു കാലത്തു ക്രൈസ്തവ വിശ്വാസം പന്തലിച്ചു നിന്ന യൂറോപ്പിലും മറ്റും ഇന്നു കുട്ടികൾക്ക് കുരിശുവരയ്ക്കാൻ പോലും അറിയില്ല. നമ്മുടെ ധാരാളം ആളുകൾ ഇത്തരം ദേശങ്ങളിൽ കുടിയേറിയിട്ടുണ്ടല്ലോ. ഈ ഡയസ്പോറസ് മിഷനുകളെ ദൈവികമാക്കാൻ അവർ എന്തു സംഭാവനകൾ നല്കുന്നുണ്ട്. ഒന്നു ചിന്തിക്കണം. സമ്പത്തും ആധുനിക വാർത്താ മാദ്ധ്യമങ്ങളും ശാസ്ത്രസാങ്കേതിക പുരോഗതികളും നമ്മുടെ ഭൗതിക നേട്ടങ്ങൾക്കു വേണ്ടിയല്ലാതെ ദൈവികകാര്യങ്ങൾക്കായി വ്യാപകമായി ഉപയോഗിക്കുന്നില്ല. വ്യക്തിപരമായ ദൈവത്തിന്റെ അപ്രമേയ മഹത്വത്തെ നേരിൽ കാണാൻ നമുക്കു കഴിയണമം. ആത്മാവിൽ അഗ്നിയാളുന്നവനാകണം അല്മായൻ. ഓരോ വിശുദ്ധ കുർബ്ബാനയും ദൈവവുമായുള്ള കണ്ടുമുട്ടലാകണം. വി. പൗലോസ് സഞ്ചരിച്ചിരുന്നത് തീയിൽ ചവുട്ടിയിട്ടെന്നപോലെയായിരുന്നു; അതായത് ദൈവിക തീക്ഷ്ണതയാൽ എരിഞ്ഞ് ഓടുകയായിരുന്നു.

രൂപതാ അസംബ്ലികൾ നടത്തപ്പെട്ട പലയിടങ്ങളിലും അതതു രൂപതാദ്ധ്യക്ഷന്മാർ പ്രഖ്യാപിച്ചുകഴിഞ്ഞു, ഓരോ മിഷനറി സംഘത്തിന് എത്രയും വേഗം രൂപം നല്കാൻ പോവുകയാണെന്ന്. വയനാട്ടിലെ പാവപ്പെട്ട ആദിവാസികളും മറ്റും ക്രിസ്തുവിനുവേണ്ടി പ്രാണൻ സമർപ്പിക്കാൻ ഒരുക്കമായി ഉത്സാഹത്തോടെ കടന്നു വരുമ്പോൾ

www.malankaralibrary.com


സുഖസൗകര്യങ്ങളുടെ ആധിക്യത്താൽ അപരനെയും ദൈവത്തെയും മറക്കുന്ന നമ്മുടെ സമ്പന്നവിഭാഗം ആലസ്യത്തിലാണ്ടു കിടക്കുക യാണ്. നെയ് മുറ്റിയ കോഴിയെപ്പോലെ പ്രയോജനരഹിതമായ അവ സ്ഥയിലാണവർ. ഈ ദുർമേദസ് നാം ഉരുക്കിക്കളഞ്ഞേ മതിയാകു. മിഷൻ ദാഹമുള്ള കുറേ സമർപ്പിതർ ഓരോ ഇടവകയിലും സന്നദ്ധ രായേ മതിയാകു. സമ്പന്ന ഇടവകകൾ കഴിയുന്നത്ര ദരിദ്രമിഷൻ കേന്ദ്ര ങ്ങളെ സ്ഥിരമായി ദത്തെടുത്ത് പോറ്റട്ടെ. മാർത്താണ്ഡംപോലെ മറ്റു രൂപതകളും ഈ സുവിശേഷവൽക്കരണത്തിലൂടെ പിറവികൊള്ളട്ടെ. ഇനി ഉറക്കം തൂങ്ങാനാവില്ല. കുറെ കുടുംബങ്ങളും ഒരു പറ്റം യുവജ നങ്ങളും ഉണർവുള്ള കുഞ്ഞുങ്ങളുമൊക്കെ ഈ സരണിയിൽ സമർപ്പി തരായേ മതിയാകൂ.

## ഉത്തിഷ്ഠത, ജാഗ്രത

ഉറ കെട്ടുപോയ ലവണം പോലെയാണ് നമ്മുടെ പല സംഘ ടനകളും. ഏറ്റം പ്രധാനമായും അടിയന്തിരമായും നാം നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനത്തെ ശ്രദ്ധിക്കേണ്ടതുണ്ട്. അതിന്റെ അക്കാ ദമിക് മൂല്യത്തിൽ മാത്രമാണ് നമ്മുടെ ലക്ഷ്യം. അതു ഹൃദയസ്പർശി യായി മാറ്റപ്പെടണം. അതിനായി വിശ്വാസപരിശീലനതലം ഉടച്ചു വാർക്കുക തന്നെ വേണം. 3-ാം വയസിൽ പിഞ്ചുകുഞ്ഞിനെ എൽ. കെ.ജി.യിൽ അയച്ചു പഠിപ്പിക്കാൻ മാതാപിതാക്കൾ ഉത്സുകരാണ്. എന്നാൽ വേദപഠനത്തിന് അവൻ അയയ്ക്കപ്പെടുന്നത് 5-ാം വയസിൽ! അതായത് ഭൗതികജ്ഞാനവുമായി സമരസപ്പെട്ട ഹൃത്തിൽ പിന്നീട് കിട്ടുന്ന വേദപാഠം രണ്ടാം തരമായോ അധികപ്പറ്റായോ കുട്ടിക്കു തോന്നിപ്പോകും. കമ്പ്യൂട്ടറും സീഡികളും ആനിമേഷനുകളും വ്യാപ കമായിട്ടും വേദപാഠക്ലാസുകളെ ഇത്തരം നവീനസാങ്കേതികത്വം ഉപ യോഗിച്ച് ആകർഷകമാക്കാൻ നാം ശ്രമിച്ചിട്ടില്ല.

എല്ലാ വർണ്ണപ്പകിട്ടും സമ്പന്നതയും വരുന്നത് തമ്പുരാനിൽ നിന്നാണ്. എന്നാൽ ആ തമ്പുരാന് ഈ മഹാവർണ്ണത്തിന്റെ ഒരു പൊട്ടു പോലും തിരിച്ചു കൊടുക്കാൻ നാം മനസ്സു വച്ചിട്ടില്ല. ഇവിടെ അച്ചടി വ്യവസായം വർണ്ണാഭമായിട്ടും, ക്രൈസ്തവാധിപത്യം പ്രബലമായിട്ടും നിറമുള്ള അച്ചടിയിൽ ഒരൊറ്റ ക്രിസ്ത്യൻ പ്രസിദ്ധീകരണവും ഉണ്ടാ

www.malankaralibrary.com



യിരുന്നില്ല. സിനിമ മാസികകളും കച്ചവടപ്രസിദ്ധീകരണങ്ങളും അധമഅശ്ലീല വാരികകളുമെല്ലാം അതേസമയം നല്ല വർണ്ണ കൊഴുപ്പാർന്ന മേനിയഴകോടെ അച്ചടിച്ചുകൊണ്ടുമിരുന്നു. ഈ വിരോധാഭാസത്തിൽ ലജ്ജിച്ച ബന്നി പുന്നത്തറ എന്ന ഒരു അല്മായനാണ് ഇദംപ്രഥമമായി ബഹുവർണ്ണപ്പതിപ്പിൽ ക്രൈസ്തവമാസിക പുറത്തിറക്കിയത്.

നമ്മുടെ യുവജനങ്ങൾ, ഇവാനിയൻ പദയാത്രാകാര്യത്തിലല്ലാതെ എന്തു സജീവത്വമാണ് സഭയിൽ പുലർത്തുന്നത്! കരുത്താർന്ന യൗവ്വനം അവർ ക്ഷണികമോഹങ്ങൾക്കു മുമ്പിൽ അടിയറവു വയ്ക്കുന്നു.

എനിക്കു തോന്നുന്നു, ഇന്നും ഒത്തിരി ദൈവാഭിമുഖ്യമുള്ള അല്മായ വിഭാഗമാണ് പ്രായമായവർ. അവർ നമ്മുടെ സഭയുടെ ആദ്യകാല സഹനങ്ങളിൽ ഓഹരിക്കാരാണ്. കത്തോലിക്കനായിരിക്കുന്നതിൽ അഭിമാനിക്കുന്നവർ. കത്തോലിക്കാ സഭയിലില്ലാത്ത യാതൊരു നന്മയും ലോകത്തു മറ്റെവിടെയുമില്ല എന്ന തിരിച്ചറിവുള്ളവർ. അവരെപ്പറ്റിയല്ലേ തിരുവചനം പറയുന്നത്; "അവസാനകാലത്ത് വൃദ്ധന്മാർ സ്വപ്നങ്ങൾ കാണും". ഏറെ പ്രായമായ അവസ്ഥയിൽ പരി. ജോൺ 23-ാം മാർപാപ്പാ സഭാ തലവനായി തെരെഞ്ഞെടുക്കപ്പെട്ടപ്പോൾ പലരും പരിതപിച്ചു. എന്നാൽ ഒരു വൃദ്ധപിതാവ് പരിശുദ്ധാത്മനിറവിൽ ഒരു സ്വപ്നം കണ്ടു; രണ്ടാം വത്തിക്കാൻ കൗൺസിൽ എന്ന സ്വപ്നം. എനിക്കൊരു കന്യാസ്ത്രീയെ അറിയാം; പടുവൃദ്ധ. ഉത്തരേന്ത്യയിൽ കൊടുചൂടും അസ്ഥി തുളയ്ക്കുന്ന തണുപ്പും മറന്ന് അവർ മിഷൻവേല ചെയ്യുകയാണ് 15 പാമ്പാട്ടി കുടുംബാംഗങ്ങളുടെ ഇടയിൽ. ഇങ്ങനെയെത്രയോ ആളുകൾ! ശാരീരിക വിഷമതകൾക്കിടയിലും ദൈവരാജ്യവിസ്തൃതിക്കായി അവർ മുടങ്ങാതെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു.

## സുവിശേഷത്തിന്റെ ബോധതലം

പ്രധാനമായും മതപഠനക്ലാസ്സും കുർബ്ബാനമദ്ധ്യേയുള്ള വചനവ്യാഖ്യാനവും തിരുനാളുകളിലും മറ്റും പ്രത്യേകമായി നടത്തപ്പെടുന്ന പ്രഭാഷണങ്ങളും സ്ഥിരം കൺവൻഷൻ വേദികളും മറ്റുമാണല്ലോ സുവിശേഷത്തിന്റെ ശ്രവണതലങ്ങൾ. ആഴ്ചയിൽ വെറും ഒരു മണിക്കൂർ കൊണ്ടു തീർക്കുന്ന ഒരു ചടങ്ങു മാത്രമായി സൺഡേസ്കൂളുകൾ

www.malankaralibrary.com


അധഃപതിച്ചു കഴിഞ്ഞു. ക്രിസ്തീയത ഒരാവേശമായി കുട്ടികളെ ഗ്രസിക്കുന്നില്ല. അവധിക്കാലത്ത് ഉല്ലാസ തീർത്ഥാടനയാത്രകൾ ഒരുക്കിയും പലവിധമായ മത്സരങ്ങൾ നടത്തിയും സമ്മാനങ്ങൾ കൂടെക്കൂടെ കൊടുത്തും ഈ രംഗത്തേക്കു ഇടവകയിലെ എല്ലാ കുട്ടികളെയും ആകർഷിക്കണം. ശനിയാഴ്ച ദിനങ്ങൾ ഞായറിലെ ആരാധനയ്ക്ക് വേണ്ടിയുള്ള ഒരുക്കദിവസങ്ങളായി മാറണം. അൾത്താരബാലകർക്ക് വായനയുടെയും ഗായകസംഘത്തിനു ആലാപനത്തിന്റെയും പരിശീലനം നടത്താം. ഞായറാഴ്ച കുർബ്ബാന മദ്ധ്യേ മാർപാപ്പാമാരുടെ ഔദ്യോഗിക പ്രബോധനങ്ങൾ, മെത്രാന്മാരുടെ ഇടയലേഖനങ്ങൾ, കാലാനുസൃതമായ സഭാവാർത്തകൾ എന്നിവ വായിച്ച് അല്മായരെ പ്രബുദ്ധരാക്കണം.

സുവിശേഷത്തിന്റെ വളക്കൂറുള്ള മണ്ണിൽ പൊന്തിയ സഭയായിട്ടും ഇന്നുവരെ നമ്മുടെതായ സ്ഥിരം ധ്യാനാലയം നമുക്കുണ്ടായിട്ടില്ല. നമ്മുടെ യുവജനങ്ങൾ മറ്റെന്നെത്തേക്കാളും വിഷമകരവും സങ്കീർണ്ണവുമായ മാനസിക പ്രശ്നങ്ങളുടെ ഊരാക്കുടുക്കിൽ അകപ്പെട്ടുകിടക്കുകയാണ്. അവർക്കു വഴി തെളിച്ചുകൊടുക്കാൻ നമ്മുടെ പള്ളിക്കൂടങ്ങളിൽപോലും കൗൺസിലിംഗ് സൗകര്യങ്ങളില്ല. സാന്ത്വനത്തിന്റെയും വഴികാട്ടലിന്റെയും കൗൺസിലിംഗ് സൗകര്യങ്ങൾ ധ്യാനാലയങ്ങളോടനുബന്ധിച്ചുണ്ടാകണം. നല്ല കുമ്പസാരത്തിനും ജ്ഞാനസമ്പാദനത്തിനും ആശ്വാസത്തിനും എല്ലാം ഉതകുന്ന സ്ഥിരം ധ്യാനകേന്ദ്രം അടിയന്തിരമായ ആവശ്യമാണ്.

മതബോധനം പള്ളിയിൽ നടക്കട്ടെ എന്നു പറഞ്ഞ് മാതാപിതാക്കൾക്ക് ഒഴിഞ്ഞു മാറാനാവില്ല. സ്വന്തം വീടാകണം കുഞ്ഞിന്റെ ആദ്യപഠനകളരി. കുഞ്ഞിനെ സംബന്ധിച്ച് ആദ്യത്തെ ദേവാലയം വീടായും രണ്ടാമത്തെ വീട് ദേവാലയമായും മാറണം. അതുപോലെ ആദ്യത്തെ പുരോഹിതരായി മാതാപിതാക്കളും രണ്ടാമത്തെ മാതാപിതാക്കളായി പള്ളിക്കാരും നിലകൊള്ളണം. വീട്ടിൽ മാതാപിതാക്കൾ ഏറ്റവും കൂടുതൽ സംസാരിക്കുന്നത് ദൈവികകാര്യങ്ങളായിരിക്കണം.

www.malankaralibrary.com



## സുവിശേഷത്തിന്റെ ആഘോഷം

കർത്താവിനെ ജീവിതത്തിന്റെ ശക്തികേന്ദ്രമായി കരുതുന്ന ഒരുവന് ആരാധന ഒരു വലിയ ആഘോഷമാണ്. ആത്മീയോത്സവത്തിനു വേണ്ടിചെലവിടുന്ന സമയം ആ വ്യക്തിയെ സംബന്ധിച്ച് ഏറ്റം അനർഘമാണ്. നിഷ്ഠാപൂർണ്ണമായ യാമപ്രാർത്ഥനയിലും കൂദാശാനുഭവങ്ങളിലും കൂടെക്കൂടെയുള്ള ധ്യാനത്തിലും ഉപവാസത്തിലും നോമ്പനുഷ്ഠാനങ്ങളിലും അവൻ അതീവ തത്പരനായിരിക്കും. എല്ലാ ഇടവകജനങ്ങളും ഇത്ര ദാഹാർത്തമായ ഒരവസ്ഥയിലെത്തണമെന്നാണ് സഭ ആശിക്കുന്നത്. വിശുദ്ധ കുമ്പസാരത്തിനും വിശുദ്ധ കുർബ്ബാനാനുഭവത്തിനും വേണ്ടി ജനം ദാഹിക്കണം. മാമോദീസാ, മൂറോൻ എന്നീ കൂദാശകൾ ശിശുക്കൾക്ക് നല്കുമ്പോൾ അവരുടെ മാതാപിതാക്കന്മാരേയും ആത്മീയമായി ഒരുക്കേണ്ടതുണ്ട്. അനന്തര തലമുറയെ ദൈവോന്മുഖമായി വളർത്തുക എന്ന വലിയ ഉത്തരവാദിത്വമാണ് അവരിലുള്ളത്. വീടുകൂദാശ, മരണശുശ്രൂഷ തുടങ്ങിയുള്ള പല കൂദാശകളിലും അല്മായർ വെറും കാഴ്ചക്കാരായി നിന്നുകൊടുക്കുന്നു. എല്ലാം വൈദികരുടെ ജോലി എന്ന അലംഭാവം മാറണം. എല്ലാ ശുശ്രൂഷകളിലും പുസ്തകങ്ങളുമായി മുൻനിരയിൽനിന്ന് ഉറക്കെ പ്രതിവാക്യം ചൊല്ലുവാൻ അല്മായർ ഉത്സാഹിക്കണം. ഓരോ കൂദാശാനുഷ്ഠാനവേളയിലും അതിന്റെ പൊരുളുകൾ വിശദമാക്കാൻ പരികർമ്മി കുറച്ചു സമയം ചെലവിടുന്നത് നന്നായിരിക്കും. ആദ്യകുർബ്ബാന കൈക്കൊള്ളുന്ന കുട്ടിയെ അതിനു മുന്നോടിയായി ഒരു ധ്യാനത്തിന് അയയ്ക്കുന്നത് നിർബ്ബന്ധമാക്കണം. വിവാഹത്തിനു മുമ്പുള്ള ഒരുക്കം കൊണ്ടുമാത്രം തൃപ്തരാകരുത്. വിവാഹാനന്തരവും ക്ലാസ്സുകളും ധ്യാനങ്ങളും അഭികാമ്യമാണ്. രോഗീലേപനശുശ്രൂഷയ്ക്കായി ആളുകൾ ഏറെ താത്പര്യം കാട്ടണം. നാമമാത്രമായി നടത്താറുള്ള ഒരു കൂദാശയായി രോഗീലേപനം മാറിയിട്ടില്ലേ എന്ന് ശങ്കയോടെ ജനം ചിന്തിക്കണം.

നാം ഒരു സന്ന്യാസസഭയിലെ അംഗങ്ങളാണെന്ന സത്യം മറന്ന് മാമോദീസായും വിവാഹങ്ങളും ഭവനനിർമ്മാണങ്ങളും ആഡംബരത്തിന്റെ അവസാനവാക്കാക്കാൻ ശ്രമിക്കുന്നത് മഹാപരാധമാണെന്ന് തിരിച്ചറിയണം. ഇന്നു നഗരങ്ങളിൽ ക്ലബ്ബുകളോടനുബന്ധമായി വിവാ

www.malankaralibrary.com



ഹവും സൽക്കാരവും സായാഹ്നത്തിലാക്കുന്ന ശൈലി കണ്ടു വരുന്നുണ്ടത്രേ. ഇപ്രകാരം ഏതെങ്കിലും ഒരു ഇടവകാംഗം ഇത്തരം താന്തോന്നിത്തം കാട്ടിയാൽ അവരെ ഒറ്റപ്പെടുത്താനും താക്കീതു ചെയ്യാനുമുള്ള ആർജ്ജവത്തം പള്ളിപ്പൊതുയോഗം കാട്ടണം. ആഡംബരപെരുനാളുകളും വെടിക്കെട്ടും സിനിമാറ്റിക് കോപ്രായങ്ങളും ദേവാലയാന്തരീക്ഷത്തിൽ അനുവദിക്കരുത്. ദൈവം മാത്രമല്ല, ആത്മീയാഭിമുഖ്യമുള്ള ജനവും ഇതൊക്കെ എന്നേ വെറുത്തു കഴിഞ്ഞു. പള്ളിയെന്നു കേൾക്കുമ്പോൾ നെഞ്ചുടയ്ക്കുന്ന, കാതുപൊട്ടിക്കുന്ന ഭയങ്കര വെടിക്കെട്ടിന്റെ ഓർമ്മയിൽ ചകിതരായി നടുങ്ങുന്ന പിഞ്ചോമനകളെപ്പറ്റി ഒരിക്കൽ ഒരു മനഃശാസ്ത്രജ്ഞൻ സംസാരിച്ചതു കേട്ടു. 'പള്ളിയിൽ കയറാത്തവൻ' എന്ന്, ഇന്നത്തെ പല ബാലകന്മാരേയും യുവാക്കളേയും വിധിക്കുന്ന പള്ളി പ്രമാണിമാർ മറക്കരുത്, മുമ്പു പറഞ്ഞ ചകിത ശിശുക്കളുടെ മുതിർന്ന രൂപങ്ങളാണ് ഇവരെന്ന്.

കാലം ദ്രുതഗതിയിൽ മാറുകയാണ്. നഗ്നതയുടെ ആവരണത്തിനാണോ അനാവരണത്തിനാണോ വസ്ത്രം എന്ന ശങ്ക സമൂഹത്തിൽ പരത്തുന്നവരുടെ എണ്ണവും നഗരങ്ങളിൽ മാത്രമല്ല, ഉൾപ്രദേശങ്ങളിലേക്ക് കൂടി സംക്രമിക്കുകയാണ്. യുവതികളുടെ വസ്ത്രധാരണം സഭ്യതയുടെ അതിർ വരമ്പുകൾ ഭേദിച്ച് തുടങ്ങിയപ്പോൾ അതിനെ ശാസിച്ച് ഗോവാ മെത്രാപ്പോലീത്താ ഇടയലേഖനമെഴുതിയതും ഓർമ്മയിൽ വരുന്നു.

## കർമ്മബന്ധിയാവേണ്ട സുവിശേഷം

കുടുംബങ്ങളിലെ സഹോദരബന്ധങ്ങൾ വളരാതെ ഇടവകാബന്ധം ദൃഢതരമാകില്ലല്ലോ. സ്നേഹത്തിന്റെയും ക്ഷമയുടെയും കരുണയുടെയും പ്രായോഗികാഭ്യസന കളരിയായി മാറണം അല്മായഹൃദയങ്ങൾ. നിസ്സാരങ്ങളായ ഭൗതിക കാര്യങ്ങളെച്ചൊല്ലി ദൈവത്തിന്റെ ഛായയായ അപരനെ പ്രതിയോഗിയായി കാണാൻ ഒരു ക്രിസ്ത്യാനിക്കും കഴിയാതെ പോകട്ടെ. വില നിർണ്ണയിക്കാനാവാത്ത അമൂല്യ വ്യക്തിത്വങ്ങളായ വൃദ്ധമാതാപിതാക്കന്മാരോട് മക്കൾ എന്ന തണ്ടും തടിയുമുള്ള മുട്ടാളന്മാർ ചെയ്യുന്ന കരുണയറ്റ ഹീനത്വത്തെ നാം സന്മാതൃകയാൽ പ്രതിരോധിക്കുക. ഔദ്യോഗിക തലങ്ങളിൽ അഴിമതിയും കൈക്കൂലിയും തീണ്ടാതെ ആർത്തി സംസ്ക്കാരത്തിൽ നിന്നകന്ന് "എനിക്കിത്രമാത്രം മതി"എന്ന് സെന്റ് പോളിനെപ്പോലെ നമുക്കും പറയാം.

www.malankaralibrary.com


നാനാവിധവേദനകളിൽപ്പെട്ടവരോട് കരുണ കാട്ടാൻ നമുക്കു കഴിയുന്നുവോ? കൂട്ടുകുടുംബം വിട്ട് അണുകുടുംബങ്ങളായി അപരന്റെ വേദനകൾ ശ്രദ്ധിക്കാതെ കഴിയേണ്ടവരാണോ നാം ? നമ്മുടെ ചുറ്റുപാടുകളിലുള്ള വീടുകൾ ഒന്നു സന്ദർശിച്ചാൽ ഒരു കാര്യം ബോധ്യപ്പെടും; പരസഹായത്തിനു ദാഹിച്ച് ഉത്കണ്ഠാമിഴികളോടെ ചുറ്റും പരതുന്ന ഏഴകളുടെ എണ്ണം വളരെയാണ്. സ്വാർത്ഥ പൂരിത കുടുംബങ്ങളിൽ സമാധാനമില്ലാത്തതിനു കാരണം ഈ പരസ്നേഹചൈതന്യത്തിൽ വ്യാപരിക്കാത്തതാണ്. 'കൊടുക്കുന്നതാണ് വാങ്ങുന്നതിനേക്കാൾ ഭാഗ്യമെന്ന' കർത്തൃശാസനം നാം ശിരസ്സാ വഹിച്ചെങ്കിൽ.

എന്റെ ജീവിതമാണെന്റെ സന്ദേശം എന്ന ഗാന്ധിമൊഴിയോടു ചേർത്ത് നമുക്കും പറയാൻ കഴിയണം 'സുവിശേഷത്തിന്റെ പ്രകാശനമാണ് എന്റെ ജിവിതം'. ഒരു സംഭവം കൂടി പറയാം; നമ്മുടെ നാട്ടിൽ നടന്ന ഒന്ന്. ഒരു ക്രൈസ്തവഭവനത്തിന്റെ സമീപത്തായി വളരെ ദരിദ്രമായ ഒരു ഹൈന്ദവഭവനം ഉണ്ടായിരുന്നു. ക്രൈസ്തവഭവനവും ദരിദ്രം തന്നെ. മക്കളെ പഠിപ്പിക്കാനോ ഭക്ഷണം കഴിക്കാനോ പോലും വകയില്ലാതെ വല്ലാതെ കഷ്ടപ്പെട്ട ഹൈന്ദവഭവനത്തെ എങ്ങനെ സഹായിക്കാൻ കഴിയുമെന്നായി നസ്രാണിവീട്ടമ്മയുടെ ചിന്ത. അവൾ തന്റെ ആൺമക്കളെ അയൽവീട്ടിലെ പറമ്പിലേക്കയച്ച് കിളച്ച് കൃഷിയിറക്കിക്കൊടുത്തു. എല്ലാം തികച്ചും സൗജന്യമായിത്തന്നെ. 5 വർഷം ഈ സേവനം തുടർന്നു. നസ്രാണിക്കുടുംബത്തിന്റെ സഹായത്താൽ ഹൈന്ദവഭവനം പട്ടിണിയറിയാതെ കഴിഞ്ഞു. എന്നു മാത്രമല്ല കൃഷിവസ്തുക്കൾ വിറ്റു കിട്ടിയ പണം ഉപയോഗിച്ച് മക്കൾ മിടുക്കരായി പഠിച്ചു. അവർ ഒന്നാന്തരം ജോലിയിൽ പ്രവേശിച്ചു. അപ്പോൾ ആ അമ്മ മക്കളേയും കൂട്ടി അടുത്തുള്ള മലങ്കര കത്തോലിക്കാ പള്ളിയിലെ വികാരിയച്ചനെ ചെന്നു കണ്ട് ആഗമനോദ്ദേശം തുറന്നു പറഞ്ഞു. "ഞങ്ങൾക്കും ക്രിസ്ത്യാനികളാകണം "അച്ചൻ കാരണമന്വേഷിച്ചു. ആ ഹൈന്ദവസ്ത്രീ പറഞ്ഞു. "ഞങ്ങളുടെ അയൽക്കാരിയായ അമ്മയുടെ കാരുണ്യമാണ് എന്റെ മക്കളെ ഈ നല്ല നിലയിലെത്തിച്ചത്. അപ്പോൾ അവർ വിളിച്ചപേക്ഷിക്കുന്ന ദൈവം എത്രയധികം കരുണാമയനായിരിക്കും."

www.malankaralibrary.com


സുവിശേഷം കർമ്മബന്ധിയായപ്പോൾ എത്ര ആകർഷകമായി എന്നു കാണുക. സുദീർഘമായ അധരവ്യായാമത്തിന്റെ ആവശ്യമൊന്നുമില്ല. അതിനാലാണ് വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സി ഇങ്ങനെ പറഞ്ഞത് : "സുവിശേഷപ്രഘോഷണത്തിന് അത്യാവശ്യമെങ്കിൽ ഏതാനും വാക്കുകളും ഉപയോഗിക്കാം." അപ്പോൾ, ഊമനായ ഒരുവനുപോലും സുവിശേഷപ്രഘോഷകനാകാൻ കഴിയും എന്നു സാരം.

നാടോടുമ്പോൾ നടുവേ ഓടണമെന്ന അബദ്ധചിന്ത നാമും സ്വീകരിച്ചിരിക്കുന്നു. കഷ്ടം! നാം ഒഴുക്കിനെതിരെ തുഴയേണ്ടവരാണെന്ന സത്യം ആരറിയുന്നു! പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞ നമ്മുടെ മുൻഗാമികൾക്ക് എത്രയേറെ പുത്രപുത്രീസമ്പത്തുണ്ടായിരുന്നു. കോടാനുകോടി ഉറുപ്പിക കൂട്ടി വച്ചിരിക്കുന്ന ഇന്നത്തെ ക്രൈസ്തവർ ഇക്കാര്യത്തിൽ എത്ര ദരിദ്രർ. ചെറിയ കുടുംബം സന്തുഷ്ടകുടുംബമെന്ന പിശാചിന്റെ വേദമാണ് അവന്റെ ആപ്തവാക്യം. ജനം പെരുകിയ ഭവനങ്ങളും രാഷ്ട്രങ്ങളുമാണ് സമ്പന്നതയിൽ മുന്നേറിയിട്ടുള്ളതെന്ന് ആർക്കാണറിയാത്തത്. ദൈവത്തിലാശ്രയിക്കാതെ പണത്തിൽ ആശ്രയിക്കുന്ന ഒരുവനും സമാധാനം അനുഭവിക്കാൻ ഇടയാകുകയില്ല. ഇനിയെങ്കിലും നാം ആ ആപ്തവാക്യം ഇങ്ങനെ പൊളിച്ചെഴുതുവാനുള്ള ഇച്ഛാശക്തി കാട്ടണം, 'വലിയ കുടുംബം ദൈവിക കുടുംബം.' 'ഭാവിയിൽ സുവിശേഷവല്ക്കരണം പ്രധാനമായും ഗാർഹിക സഭയെ ആശ്രയിച്ചിരിക്കും' എന്ന പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ വാക്കുകൾ കൂടെക്കൂടെ സ്മരിക്കുന്നത് നല്ലതാണ്.

കുടുംബസ്വച്ഛതയുടെ അടിവേരറുക്കുന്ന ഉഗ്രപ്രതിയോഗിയാണ് മദ്യം എന്നറിവുണ്ടായിട്ടും പലരും ഈ പിശാചിനെ സിംഹാസനമൊരുക്കി ഭവനങ്ങളിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഭയാനകമായ കാര്യം സ്ത്രീകളും മദ്യാസക്തിയെ വളമിട്ടു വളർത്തുന്നു എന്നതാണ്. കുഞ്ഞുങ്ങളെ പെറ്റുപോറ്റുക എന്ന അടിസ്ഥാനധർമ്മത്തിൽ നിന്നൊഴിഞ്ഞുമാറി അലസതയിൽ മുഴുകുന്ന സ്ത്രീകളുടെ ജീവിതശൈലി അപകടകരമായിരിക്കുന്നു. നേരം കളയാൻ അവർ ക്ലബ്ബുകളിൽ പോകുന്നു,

www.malankaralibrary.com



ടെലിവിഷനിലെ വിഷവിഭവങ്ങൾ വെട്ടിവിഴുങ്ങുന്നു, പരദൂഷണങ്ങളുടെയും പൊങ്ങച്ചങ്ങളുടെയും മൊബൈൽ ഫോൺ മൊഴികളിൽ അഭിരമിക്കുന്നു, മദ്യത്തെയും കൂട്ടുപിടിക്കുന്നു.

ദൈവത്തിന്റെ മഹാദാനമാണ് സമയമെന്ന ബോധ്യത്തോടെ പരിഷ്ക്കാരിണികളായ സ്ത്രീജനങ്ങളും ദേവാലയകൂട്ടായ്മകളോടു സഹകരിക്കണം. പ്രാർത്ഥനകൾക്കും രോഗീസന്ദർശനങ്ങൾക്കും മറ്റുമായി സമയം വിനിയോഗിക്കണം.

പണം ഒരു പ്രധാന വിഷയമായി കുടുംബങ്ങളാൽ വിഷയീഭവിച്ചതോടെ ശൈഥില്യം വ്യാപകമായി. അപ്പന്മാർ വിദേശങ്ങളിൽ ചേക്കേറി ഭവനങ്ങളെ വാസ്തവത്തിൽ അനാഥമാക്കുകയാണു ചെയ്തത്. ജീവിക്കാൻ വേണ്ടിയുള്ള പുറപ്പാടല്ല ഇതൊന്നും; ആർത്തിസംസ്ക്കാരത്തിന്റെ പരിണതികളാണ്. മക്കളുടെ ഭൗതികോൽക്കർഷത്തിലാണ് ഇവരുടെ അമിതോൽക്കണ്ഠ. എല്ലാവരേയും ഡോക്ടറാക്കാനുള്ള വ്യഗ്രത. വൈദ്യശാസ്ത്രപഠനരംഗം ഇന്നു കോടികൾ ഇറക്കിയുള്ളൊരു അഭ്യാസരംഗമാണ്. പ്രശസ്തനായ ഒരു ഡോക്ടർ ഈയിടെ പറഞ്ഞു: "ഞാൻ എന്റെ മക്കളെ ഒരിക്കലും മെഡിസിനു വിടുകയില്ല. കാരണം യാതൊരു ധാർമ്മികതയുമില്ലാത്ത ഒരു മേഖലയായി അതു വ്യവസായവൽക്കരിക്കപ്പെട്ടിരിക്കുന്നു." ഇവിടെയാണ് നാം ക്രൈസ്തവത്തനിമ പ്രകടമാക്കേണ്ടത്. എത്ര കഠിനമായ എതിർപ്പുകളുടെ മദ്ധ്യത്തിലും തിരുവചനാധിഷ്ഠിതമായ ഒരു ജീവിതശൈലി അനുവർത്തിക്കാൻ അല്മായർ കടപ്പെട്ടിരിക്കുന്നു.

'പുറത്തു വെയിലും മഴയുമൊക്കെയല്ലേ ഞാൻ അകത്തിരുന്നു പ്രവർത്തിച്ചോളാം' എന്ന നിരുത്സാഹത്തിന്റെ മനോനില തൂത്തെറിയാനുള്ള സന്ദർഭമാണ് ഈ അസംബ്ലിയും അനുബന്ധ ചിന്തകളും. കോഴയും വലിയ ഫീസും മറ്റും പാവപ്പെട്ടവന്റെ വിദ്യാഭ്യാസസ്വപ്നത്തെ കശക്കിക്കളയുമ്പോൾ അല്മായസഭയ്ക്ക് വിപുലമായ അർത്ഥത്തിൽത്തന്നേ ഒരു വിദ്യാഭ്യാസനിധി സ്വരൂപിച്ച് അവരെ സഹായിച്ചുകൂടേ! വിദ്യാഭ്യാസരംത്തും ആതുരസേവനരംഗത്തും ശതാബ്ദങ്ങളായി

www.malankaralibrary.com


നാം കാഴ്ച വച്ച നിസ്വാർത്ഥസേവനപ്പെരുമയുടെ ഹൈമവതശൈലം ഉരുകിത്തീരുന്നതുപോലെ തോന്നിപ്പോകുന്നു, സ്വാശ്രയസ്ഥാപനങ്ങളെ ച്ചൊല്ലിയുള്ള ഭർത്സനങ്ങൾ കേൾക്കേണ്ടിവരുമ്പോൾ. ഗ്രാമത്തിലെ പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് സൗജന്യവും മൂല്യവത്തുമായ വിദ്യാദാനം ചെയ്യുവാൻ വേണ്ടിയാണ് വളരെ ത്യാഗപൂർവ്വം പള്ളിക്കൂടങ്ങൾ പടുത്തുയർത്തിയത്. അതിന്റെ പേരിൽ വലിയ ജനപിന്തുണയാണ് നമുക്കു ലഭിച്ചുപോന്നത്. എന്നാൽ നാം വർദ്ധിച്ച ഫീസു മുടക്കി ലാഭേച്ഛയോടെ സ്കൂളുകൾ തുടങ്ങി. ഇതിന്റെ തുടർച്ചയാണ് പൊതു സമൂഹത്തിന്റെ കല്ലേറു കിട്ടിക്കൊണ്ടിരിക്കുന്ന സ്വാശ്രയസ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങളിലൂടെ എന്തു നന്മയാണ് നമുക്കു ചെയ്യാൻ കഴിയുക! സ്ഥാപനവൽക്കരിച്ചാലല്ലാതെ സഭ വളരില്ല എന്ന ചിന്തയാണ് ഇതിന്റെ പിന്നിൽ. ഇതൊന്നുമില്ലാതിരുന്ന പഴയ കാത്താണ് സഭ അതിവേഗം വളർന്നിട്ടുള്ളതും അതിന്റെ ജനകീയ അടിത്തറ ദൃഢപ്പെട്ടിരുന്നതും. ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ കണ്ടതുകൊണ്ടാണ് ശിഷ്യന്മാർ മനുഷ്യരെ പിടിക്കുന്ന പണി നിർത്തി മത്സ്യത്തെ പിടിക്കാൻ പോയത്. രാത്രി മുഴുവൻ വലയെറിഞ്ഞിട്ടും ഒരെണ്ണത്തിനെയെങ്കിലും കിട്ടിയോ! കോടതി വിധികളുടെ പരിരക്ഷ നമുക്കുണ്ടായേക്കാം, പക്ഷേ ഈ സ്വയാശ്രയ സ്ഥാപനങ്ങൾ സുവിശേഷ പ്രചരണത്തിന് എത്ര കണ്ട് സഹായകരമാണ് എന്നു നാം പര്യാലോചിക്കണം.

പരിസ്ഥിതിയെ ദൈവശാസ്ത്രവുമായി ബന്ധപ്പെടുത്തി നാം ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. ദൈവത്തിന്റെ കരവേലയായ ഈ സുന്ദരപ്രപഞ്ചത്തെ നമ്മുടെ ധനക്കൊതി വികൃതമാക്കി. ചേലാർന്ന കുന്നുകൾ അറുത്ത് പച്ചപ്പാടങ്ങളുടെ നെഞ്ചിലിട്ടു നിരത്തി നാട്ടാരുടെ കുടിവെള്ളം മുട്ടിച്ച് കൊടുംവറുതിയുടെ ഊഷരതയേറ്റി. ഒരൊറ്റ മലങ്കരക്കാരനും ഈ ദുഷ്ചെയ്തിക്കു കൂട്ടു നില്ക്കാതിരിക്കട്ടെ. മാരകവിഷത്തിൽ കുളിപ്പിച്ച് വളർത്തുന്ന പച്ചക്കറികളും പാലും മീനും എല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്നും തീവില തുലച്ച് വാങ്ങി വെട്ടിവിഴുങ്ങുകയാണ് നാം. ഫലമോ കാൻസർപോലുള്ള ഭയാനകരോഗങ്ങൾ ഇവിടെ സർവ്വസാധാണമായി. ഇനിയെങ്കിലും നമ്മുടെ പള്ളികളുടെയും പള്ളിക്കൂടങ്ങളിലേയും വീടുകളിലേയും തരിശുഭൂമിയിൽ നാം തന്നെ മെയ്യ

www.malankaralibrary.com



നങ്ങി കൊത്തിക്കിളച്ച് അത്യാവശ്യത്തിനുള്ള പച്ചക്കറികളും ഫലമൂലാദികളും വളർത്തുക. അപ്പോൾ കൃഷിക്കൊപ്പം നമ്മുടെ പ്രാണനിൽ വളർന്നു പുഷ്പിക്കുന്നത് സമാധാനവും ഐശ്വര്യവും ആരോഗ്യവും ആയിരിക്കും.

## ഇവാനിയൻ ചൈതന്യത്തിലേക്കു മടങ്ങുക

സുവിശേഷത്തിനായി സ്വയം സമർപ്പിക്കപ്പെട്ട ഭിക്ഷാംദേഹികളുടെ ഗിരിമകുടത്തിൽ നിന്നും പതഞ്ഞൊഴുകുന്ന അദ്ധ്യാത്മിക പ്രവാഹത്തിൽ മുങ്ങിനിവർന്ന് നാമൊരു നവോന്മേഷം പ്രാപിക്കണം. ലോക ഇമ്പങ്ങൾക്ക് കണ്ണും കാതും കൊടുക്കാതെ, മൗനത്തിന്റെ ആഴങ്ങളിൽ താണിരുന്ന് വചനത്തെ ഉപാസിച്ചവരാണവർ. ഓരോ വചനവും അവർക്ക് ഓരോ അഭിഷേക്കമായിരുന്നു. നിർഭാഗ്യവശാൽ മൗനം പാലിക്കേണ്ട നാമിന്ന് ആരവങ്ങൾക്കു പിന്നാലെ പായുകയാണ്. ഓരോ തിരുവചന വ്യാഖ്യാനവും ദിവ്യബലിയർപ്പണവും മറ്റൊരു പെന്തക്കുസ്താ അനുഭവം നമ്മിലുളവാക്കണം. ഈശോയെ സംബന്ധിച്ച് കടലിലോ, കരയിലോ, മലയിലോ വിജനതയിലോ എവിടെ ആയിരുന്നാലും അവിടുത്തെ 'കരിക്കുലം' വചനവ്യാഖാനമായിരുന്നു. ഓരോ അല്മായ പ്രേഷിതനെയും ഈ മാതൃകയാണ് നയിക്കേണ്ടത്.

## സമാപ്തി

പ്രാരംഭകാലം മുതൽ കർമ്മ ബഹുലതകളുടെ ഭാരം, പുഞ്ചിരിയോടെ ഏറ്റെടുത്ത് മുന്നേറിയവളാണ് മലങ്കരസുറിയാനി കത്തോലിക്കാ സഭ. ആളും അർത്ഥവുമില്ലാതെ ദുഷ്ക്കർമ്മികളുടെ ഭർത്സനവും താഡനവുമേറ്റ് സഹനങ്ങളുടെ എരിതീപ്പടർപ്പിലൂടെ സഞ്ചരിച്ചപ്പോഴും ദൈവാനുഗ്രഹത്തിന്റെ കൃപാഹസ്തങ്ങൾ അവളെ താങ്ങി നടത്തിയിരുന്നു. ഹ്രസ്വകാല പരിധിക്കുള്ളിൽ ചടുലമായ പടികയറ്റങ്ങളിലൂടെ അവൾ ഗിരിമുകളിലുയർത്തപ്പെട്ട കാന്തിക പ്രഭാവമായി മാറിയിരിക്കുന്നു. കൂടുതൽ കടമകൾ കൃപാഭിഷേകമായി ശിരസ്സിലർപ്പിക്കുകയാണ് സർവ്വേശ്വരൻ.

പരിശുദ്ധ സിംഹാസനം വത്തിക്കാനിലെ അടുത്ത സൂനഹദോസിനു മുന്നോടിയായി കൈക്കൊണ്ട ധ്യാന വിഷയത്തോട് ഏറെ

www.malankaralibrary.com



സാധർമ്മ്യപ്പെട്ടിരിക്കുന്ന ഒരു ചിന്താ വിഷയം തന്നെ പരിശുദ്ധാത്മാവു നമുക്കും നല്കിയിരിക്കുന്നു എന്നത് ആശ്ചര്യകരമായിരിക്കുന്നു. സുവിശേഷത്തിനുവേണ്ടി മാത്രം ഒരു മഹിതാചാര്യൻ ആവിഷ്ക്കരിച്ച സന്ന്യാസ പ്രസ്ഥാനത്തിൽ നിന്നും സ്വാഭാവിക പരിണാമമായി ആവിർഭവിച്ച ഒരു സഭയെ, പുതിയ ഇസ്രായേലായി ദൈവം വഴി തെളിച്ച വീരകഥ ഓരോ അല്മായന്റെയും നെഞ്ചകത്തിൽ ആവേശാഗ്നി ആളിക്കണം. മുന്നമേ ദൈവരാജ്യചിന്ത നിറയുവാൻ കുഞ്ഞുങ്ങളും യുവജനങ്ങളും വൃദ്ധരും ഒരുപോലെ കാംക്ഷിക്കണം. നാം അനുഭവിച്ചറിഞ്ഞ അതുല സൗഭാഗ്യങ്ങളുടെ പ്രകാശസാക്ഷ്യങ്ങളായി നാം മാറണം. മൗനത്തിലും മൊഴികളിലും സുവിശേഷദാഹം ജ്വലിച്ചു നില്ക്കട്ടെ. ഒരുമയോടെ നിന്ന് നമുക്ക് ഹൃദയവയലുകളൊരുക്കാം; തിരുവചനവിത്തുകൾ വിതയ്ക്കാം; കറ്റകൾ കൊയ്തെടുക്കാം; നൂറുമേനി വിളയുന്ന മഹാസമൃദ്ധിയുടെ കാമ്പും കനവുമുള്ള പൊന്നിൻ കതിർക്കുലകൾ നിറഞ്ഞ കറ്റകൾ.

**********

www.malankaralibrary.com

# 2

# വി. അൽഫോൻസാ : ആത്മജ്ഞാനത്തിന്റെ പ്രവാചിക*

## നാന്ദി

ആത്മദർശനപരമായി ഹ്രസ്വദൃഷ്ടികൾ, ദീർഘദൃഷ്ടികൾ എന്നിങ്ങനെ മാനവീയ സമൂഹത്തെ രണ്ടു ഖണ്ഡങ്ങളാക്കാമെന്നു തോന്നുന്നു. ഭൗമജന്മത്തിന്റെ ഇത്തിരിപ്പോന്ന ആവൃതിക്കപ്പുറത്തേക്കു മനസ്സു വളരാത്ത കുള്ളന്മാരാണ് ആദ്യവിഭാഗം. 'എപ്പിക്യൂരിയൻ' ചിന്തകളുടെ ആവിഷ്ക്കർത്താക്കളും പ്രയോക്താക്കളുമാണവർ. 'ആത്മാവേ തിന്നുക, കുടിക്കുക, ആനന്ദിക്കുക; എന്തുകൊണ്ടെന്നാൽ ജനിമൃതികൾക്കിടയിൽ ഒതുങ്ങുന്നത്ര അല്പകാലമത്രേ ഈ ലോക ജീവിതം' എന്നതാണ് അവരുടെ അഭയമന്ത്രം. അതിനാൽ ജഢരക്ത ങ്ങളുടെ വഴിവിട്ട ആശാ മരീചികകൾക്കു പിന്നാലെ ഓടിത്തളർന്ന്, ജീവിത സായന്തനത്തിൽ കിതച്ചു വീണ് മരണപാശത്താൽ മുറുക്ക പ്പെട്ട് ഇരുൾത്തുരങ്കത്തിലെ അപാരതയിലേക്ക് അവർ വലിച്ചെറിയ പ്പെടുന്നു. അവിടെ ഒടുങ്ങാത്ത കരച്ചിലും പല്ലുകടിയുമായിരിക്കു മെന്ന് പ്രകാശത്തിന്റെ സ്രഷ്ടാവ് അരുളിച്ചെയ്യുന്നു.

എന്നാൽ, 'മർത്ത്യജന്മം ക്ഷണഭംഗുരം' എന്ന താത്ത്വികജ്ഞാ നത്തെ ഉപാസിച്ച് ആത്മാവിന്റെ നിത്യതയെ ദീർഘദർശനം ചെയ്ത് മുന്നേറുന്നവർ, അത്യുയരത്തിലുള്ള പറുദീസയിലേക്കു ചാടിക്കടക്കാനുള്ള

*ഭരണങ്ങാനം അൽഫോൻസാ തീർത്ഥാടന കേന്ദ്രം സംസ്ഥാന തലത്തിൽ നട ത്തിയ ഉപന്യാസമത്സരത്തിൽ പ്രഥമസ്ഥാനം കരസ്ഥമാക്കിയത്

www.malankaralibrary.com



ഒരു ചവിട്ടു പടിയായി മാത്രം ഐഹികജന്മത്തെ പരിഗണിക്കുന്നു. അവിടെയും വിവിധ നിലവാരങ്ങളിലുള്ള അനേകം വാസസ്ഥലങ്ങൾ ഉണ്ടെന്ന്, അവ ഒരുക്കിവെച്ച് ആത്മാക്കളെ സ്വീകരിക്കാൻ കാത്തിരിക്കുന്ന യേശു കർത്താവ് ഉദ്ഘോഷിക്കുന്നു. ക്രിസ്തുവിന്റെ സിംഹാസനത്തോട് ഏറെ സമീപസ്ഥമായ വാസസ്ഥലങ്ങൾ സ്വപ്നം കണ്ട്, അവ തന്നെ കരഗതമാകണമെന്ന നിശ്ചയ ദാർഢ്യത്താൽ ലോകജീവിതത്തെ ക്രമപ്പെടുത്തുന്ന വിവേകമതികളായ ത്യാഗശാലികളുണ്ട്. അവരെയാണ് ദൈവപുത്രൻ ബഥാനിയായിലെ സുഹൃദ്ഭവനത്തിൽ വച്ച് 'നല്ല ഓഹരിയുടെ അവകാശികൾ' എന്നു വിശേഷിപ്പിച്ചത്. അതായത്, ബഹുകാര്യ വ്യഗ്രതകളാൽ കലുഷമാക്കപ്പെട്ട മനസ്സോടെ വ്യാപരിക്കുന്ന മാർത്തയെ ആത്മീയമായി അതിജീവിക്കുകയാണ്, കർതൃപാദങ്ങളിൽ അമർന്നിരുന്ന് ആ തിരുവോഷ്ഠങ്ങളിൽ നിന്നും കിനിഞ്ഞിറങ്ങുന്ന തിരുവചന പീയൂഷം നൊട്ടി നുണഞ്ഞ് പരിസരം പോലും മറന്നിരിക്കുന്ന മറിയം. സൂര്യനെ മാത്രം ഉറ്റു നോക്കിക്കഴിയുന്ന സൂര്യകാന്തിപ്പൂവു പോലുള്ള മഹിതജന്മങ്ങളെ തിരുസഭ ആദരിക്കുന്നു, വിശുദ്ധൻ അഥവാ വിശുദ്ധ എന്ന അതുലിത സംജ്ഞയാൽ

സഹസ്രാബ്ദങ്ങളുടെ ചരിത്രപ്പഴമ പേറുന്ന ഭാരത മഹാരാജ്യത്തിന്റെ നീലാകാശത്ത്, വിശുദ്ധയെന്ന അഭിധാനം ആദ്യമായി പേറി ഉയർന്നുജ്വലിക്കുന്ന അൽഫോൻസാ പുണ്യവതിയുടെ ജീവിതമൂല്യങ്ങൾക്ക് അടിവരയിടുകയാണ് ഈ പ്രബന്ധത്തിലെ അക്ഷരഗതികൾ

### അജ്ഞാത തപസ്വിനി

അനുദിന ചെയ്തികൾക്ക് തൽക്ഷണ പ്രതിഫലമായി പേരും പ്രശസ്തിയും നേടുക എന്നതാണ് ലോകശൈലി. നിഷ്ക്കാമകർമ്മയോഗി എന്നൊക്കെയുള്ള ശീർഷകങ്ങൾ ജീവിത നിഘണ്ടുക്കളിൽ നിന്നും തുടച്ചു മാറ്റപ്പെടുകയാണ്. ഏതോ ഒരു അജ്ഞാതമഹോന്നതന്റെ ആശീർവാദങ്ങളെ മാത്രം സ്വപ്നം കണ്ട് ദിനകർമ്മങ്ങളെ ക്രമബദ്ധമാക്കുന്നവരുടെ വംശം അന്യം നിന്നു പോവുകയാണ്. എന്നാൽ, നാളെകളിൽ ഭസ്മീകരിക്കപ്പെട്ടുപോകുമെന്ന് ഉറപ്പുണ്ടായിട്ടും ഭൂലോകം വച്ചു നീട്ടുന്ന മാനവും മഹത്ത്വവും കാംക്ഷിക്കുന്നവർക്ക് പ്രതിഫലം ഇവിടെ വച്ചു തന്നെ തരപ്പെട്ടു കഴിഞ്ഞിരി

www.malankaralibrary.com


ക്കുന്നു എന്ന കർത്തൃവചനങ്ങൾ ആരോർമ്മിക്കുന്നു! കാണപ്പെടാത്ത പറുദീസയുടെ കൃപകളെ സ്വപ്നം കാണുവാനുള്ള ദർശനവരം ഈ ഭൗമികവാദികൾക്ക് അപ്രാപ്യമായിത്തീരുന്നു. അൽഫോൻസാ പുണ്യവതിയുടെ അജ്ഞാത താപസവൃത്തികളെ സ്വർഗ്ഗം വേറിട്ടു വിലമതിക്കുന്നത് ഈ ദർശന വരം അവൾക്കുള്ളതുകൊണ്ടാണ്. നശ്വരലോകത്ത് അനശ്വരതയിലേക്കുള്ള ചൂണ്ടുപലകയായി അവളെ ദൈവം നിയോഗിച്ചിരിക്കുന്നു. ജയഘോഷങ്ങളുടെ പതാക പേറി പാരിലെങ്ങും പാറി നടക്കാൻ പോന്ന സാമർത്ഥ്യങ്ങളുടെ നിറവ് അവളിലുണ്ടായിരുന്നു. പക്ഷേ ഭൗമസിദ്ധികളുടെ പരിപോഷണങ്ങളിലൂടെ മാലോകരുടെ പ്രകീർത്തനങ്ങൾ ഏറ്റുവാങ്ങുവാനായിരുന്നില്ല ആ ആത്മജ്ഞാനിയുടെ ഏകാഗ്രപരിശ്രമങ്ങൾ. അതുകൊണ്ടാണ്, ആ ആത്മനിറവുകളുടെ അതിലോലമായ ഭാവതലം പോലും സസൂക്ഷ്മം നിരീക്ഷിച്ച കുമ്പസാരപിതാവ്, വന്ദ്യ റോമുളൂസ് അച്ചൻ അവൾക്കു ചരമോപചാരമായി നടത്തിയ പ്രസംഗം ഇങ്ങനെ സമാരംഭിച്ചത്; "ധനികയായ ഒരു കുടുംബിനി, ബിരുദധാരിണി, കവയിത്രി, കഥാകാരി, സിനിമാതാരം എന്നീ നിലകളിൽ ലോകത്തിനു മഹത്തായ സേവനങ്ങൾ അനുഷ്ഠിക്കുകയും ലോകപ്രശസ്തി നേടുകയും ചെയ്യാൻ കഴിവുണ്ടായിരുന്ന ഈ യുവതീരത്നം അവളുടെ ജീവിതകാലം മുഴുവൻ ഈ കന്യകാലത്തിന്റെ മതിൽക്കെട്ടുകൾക്കുള്ളിൽ, ലോകത്തിനു മഹത്തരം എന്നു കരുതുവാൻ സാധിക്കുന്ന യാതൊന്നും ചെയ്യാനാവാതെ രോഗശയ്യയിൽ കഴിച്ചു ജീവിതം പാഴാക്കി മരണമടഞ്ഞിരിക്കുന്നതായി തോന്നുന്നു. ബഹുജനദൃഷ്ടിയിൽ ഇപ്രകാരം നിഷ്പ്രയോജനമായി ജീവിതം അവസാനിപ്പിച്ചു എന്നതിന് തെളിവല്ലയോ ഇവിടെ കാണുന്ന തുച്ഛമായ ഈ ആൾക്കൂട്ടം"

ഇങ്ങനെ ലോകദൃഷ്ടിയിൽ മറഞ്ഞിരിക്കുവാനും ദൈവസമക്ഷം മാത്രം മുഖാമുഖ ദർശനത്തിന്റെ സായുജ്യം നുകരുവാനുമുള്ള ആ സമർപ്പണോത്സുകതയ്ക്ക് ദൈവം പില്ക്കാലത്തു സമ്മാനിച്ചത് അഖിലലോകത്തെയും കവിയുന്ന സൽക്കീർത്തി മാഹാത്മ്യം തന്നെ. ചരമപ്രസംഗത്തിലെ തുടർവാക്യങ്ങളിലൂടെ വന്ദ്യറോമുളൂസച്ചന്റെ പ്രവാചകശബ്ദം കാലത്തിന്റെ കാതുകളിൽ വീണ്ടും മുഴങ്ങുകയാണ്.

www.malankaralibrary.com



"......എന്നാൽ ഈ കന്യകയെ ഏറ്റം അടുത്തറിഞ്ഞിട്ടുള്ള ചുരുക്കം ആളുകളിൽ ഒരാൾ എന്ന നിലയിൽ ഞാൻ പറയുന്നു; കേരളത്തിൽ എന്നല്ല, ഭാരതത്തിൽത്തന്നെ ഈ രണ്ടായിരം വർഷങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള ഉൽകൃഷ്ടവ്യക്തികളിൽ ദൈവസമക്ഷം വളരെ മാഹാത്മ്യം നേടിയ ഒരു പുണ്യകന്യകയുടെ ശവസംസ്ക്കാരത്തിൽ ആണ് നാം പങ്കുകൊള്ളുന്നത്."

അജ്ഞാത താപസിയായിരുന്ന ലിസ്യുവിലെ കൊച്ചുത്രേസ്യാ പുണ്യവതിയുടെ ലോകപ്രശസ്തിയോടു ഭരണങ്ങാനത്തെ അൽഫോൻസായെ ചേർത്തുവെച്ച് ചരമപ്രസംഗം തുടരുകയാണ്, ആ ദീർഘദർശി. "അവളുടെ ആന്തരിക മഹത്വം ശരിക്കു ഗ്രഹിച്ചിരുന്നെങ്കിൽ കേരളം ദർശിച്ചിട്ടുള്ളതിലേക്കും വമ്പിച്ച വിശ്വാസികളുടെ ഒരു കൂട്ടം മാത്രമല്ല, ബഹുശതം വൈദികരും ഭാരതത്തിലെ മെത്രാന്മാർ തന്നെയും ഇവിടെ സന്നിഹിതരാകുമായിരുന്നു. ഈ കന്യകയുടെ പൂജ്യ ശരീരത്തെ ഒരു നോക്കു കാണുന്നതിന്, ഇവൾ ഉപയോഗിച്ചിരുന്ന ഏതെങ്കിലും വസ്തു ലഭിക്കുന്നതിന് - മൃതശരീരത്തെ എന്തെങ്കിലും തൊടുവിച്ച് പൂജ്യസാധനങ്ങളായി തലമുറകൾ വരെയും സൂക്ഷിക്കുന്നതിന് - ജനസമൂഹം അഹമഹമിഹയാ തിങ്ങിക്കൂടുമായിരുന്നു"

കാലഗതിക്കൊത്ത് പ്രകാശതീവ്രതയും ക്രമേണ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന നക്ഷത്രങ്ങൾ സൗരയൂഥത്തിൽ ഉണ്ടെന്ന് ശാസ്ത്രം പറയുന്നു. കീർത്തിയും ബഹുമാനവും ഏറിക്കൊണ്ടിരിക്കുന്ന ഒരാത്മീയ താരമായി ഈ അജ്ഞാത സന്ന്യാസിനി സഭയുടെ മഹാകാശത്ത് പ്രശോഭിക്കുകയാണ്. ശതകോടി വിശ്വാസികളുടെ ആത്മീയാചാര്യൻ, പരിശുദ്ധ മാർപ്പാപ്പാ തിരുമേനി വരെ അവളുടെ അദ്ധ്യാത്മസുഗന്ധം വാസനിക്കുന്ന കുഴിമാടത്തിലേക്ക് തീർത്ഥാടനം നടത്തുന്നത് കാലം ആശ്ചര്യപൂർവ്വം നോക്കിക്കണ്ടു. ബഹുസഹസ്രം ആത്മാക്കളെ പാവനസരണിയിലേക്കു വഴിതിരിച്ചുവിടാൻ പ്രാപ്തിയുള്ള പ്രേരകശക്തിയായി, ആ ദുർബ്ബലഗാത്രയെ ദൈവം രൂപാന്തരപ്പെടുത്തി. 'താഴ്മതാൻ അഭ്യുന്നതി' എന്ന തിരുവചനത്തിന്റെ പ്രത്യക്ഷാനുഭവം അൽഫോൻസാമ്മയെ ചൂഴ്ന്നു നിന്നിരുന്നു. തന്റെ ദാസിയുടെ താഴ്മയെ തൃക്കൺ പാർത്ത് തലമുറകളെല്ലാം അനുഗൃഹീത

www.malankaralibrary.com



യെന്നു വാഴ്ത്തുവാൻ തക്കവിധം പരിശുദ്ധ കന്യാമറിയത്തെ ഒരുക്കിയ സർവ്വേശ്വരൻ ഭരണങ്ങാനത്തെ കന്യകയുടെ എളിമയേയും കടാക്ഷിച്ചനുഗ്രഹിച്ചിരിക്കുന്നു.

## പ്രാർത്ഥനയുടെ ആഴങ്ങളിൽ അദ്ധ്യാത്മലയം

നന്മ ചെയ്തുകൊണ്ടു ചുറ്റി സഞ്ചരിച്ചവനെ അനുകരിക്കാനുള്ള ദൈവവിളി സകലർക്കുമുള്ളതാണ്. എന്നാൽ, ലോകമോഹങ്ങളുടെ വ്യാപാരവ്യഗ്രതകളിൽപ്പെട്ടു കഴിയുന്നവർ അത്യുയരങ്ങളിൽ നിന്നുള്ള ഈ സ്വരം കേൾക്കുന്നുപോലുമില്ല. ജഡതത്പരതകൾക്ക് ആക്കം നല്കുന്ന ഭൂരിഭാഗം ജനം ഈ വിളി കേട്ടിട്ടും അതു ഗൗനിക്കാതെ സ്വേച്ഛയോടെ മടങ്ങുന്നു. ഭൗതികതയ്ക്കും ആത്മീയതയ്ക്കുമായി പ്രാണനെ പപ്പാതിയായി വീതിച്ചു കൊടുത്ത മറ്റു ചിലർ പറുദീസയിൽ നിന്നുള്ള ഈ ആഹ്വാനം ശ്രവിച്ച് അനുകൂലമായി പ്രതികരിച്ചു തുടങ്ങുന്നുവെങ്കിലും പ്രലോഭനങ്ങളുടെ ചുഴലിയിൽ തന്റെ ആത്മീയ പദ്ധതികൾ ശ്ലഥബന്ധമായിപ്പോവുകയും ചെയ്യുന്നു. എന്നാൽ, ദൈവോന്മുഖതയുടെ തിരി നാളത്തെ പ്രാണന്റെ പ്രാദുർഘട്ടം തൊട്ട് പ്രാണാന്ത്യത്തോളം ഏതു കൊടുങ്കാറ്റിലും അണയാതെ കാക്കുന്ന ആത്മീയോർജ്ജം ആർജ്ജിച്ച് സിസ്റ്റർ അൽഫോൻസാ വിരാജിക്കുന്നു. ലൂസിഫർ അഴിച്ചു വിട്ട അശനിപാതങ്ങളുടെ അനുസ്യൂതികളിലും, കുരിശിന്റെ നെഞ്ചിൽ ആഞ്ഞമർന്നു കിടന്ന് അവൾ പരിശുദ്ധിയുടെ കാവലാളായി മാറി.

അവൾ കരൾ നൊന്തു പ്രാർത്ഥിച്ചു: "പറഞ്ഞറിയിക്കാൻ വയ്യാത്ത മാധുര്യമുള്ള എന്റെ ഈശോയെ, ലോകസന്തോഷങ്ങളെല്ലാം എനിക്കു കയ്പായി പകർത്തണമേ എന്നാണ് എന്റെ നിരന്തരമായ പ്രാർത്ഥന." രാജമണവാളനായ ഈശോയുമായുള്ള അതിഗാഢ പ്രണയബന്ധത്തിൽ നിന്നും അവളെ അടർത്തി മാറ്റാൻ എത്രയെത്ര പ്രതിലോമ പ്രലോഭനങ്ങൾ അണിനിരന്നു. അഴകിന്റെ വസന്തം പൂത്ത അവളിലെ താരുണ്യത്തെ വശീകരിച്ചടുപ്പിക്കാൻ നടന്ന കുത്സിതശ്രമങ്ങൾ എത്രയെത്ര! ആ കൗമാരസുമുഖിക്കായി ഒരു വരനെ കണ്ടെത്തി, മുരിക്കൻ തറവാട്ടിലെ വളർത്തു മാതാപിതാക്കൾ മനസ്സമ്മതത്തിനായി

www.malankaralibrary.com



അവളെ ഹേമിക്കവേ അവൾ ചെയ്തതെന്താണ്? വളർത്തപ്പന്റെ പാദാന്തികത്തിൽ താണുവീണു കേണു യാചിച്ചു. "എന്റെ പേരപ്പാ, ഈശോ മിശിഹായുടെ അഞ്ചു തിരുമുറിവുകളെ പ്രതി എന്നെ കല്യാണത്തിനു നിർബ്ബന്ധിക്കരുതേ." അതു പറഞ്ഞു തീർന്ന ക്ഷണം അവൾ പ്രജ്ഞയറ്റു നിലത്തു വീണുപോയി. അത്ര അഗാധമായിരുന്നു പ്രാണപ്രിയനായ ദൈവകുമാരനോടുള്ള അവളുടെ ബന്ധം

തന്റെ അനർഘ നിധിയായ കന്യാത്വത്തെ ദൈവസമർപ്പണത്തിന്റെ ബലിവേദിയിൽ കാണിക്ക അർപ്പിക്കാനുള്ള തീരാദാഹത്തെ അംഗീകരിക്കാൻ തയ്യാറാകാത്ത ചാർച്ചക്കാരുടെ മുമ്പിൽ ഗത്യന്തരമില്ലാതെ അവൾ ചെയ്തത് ഒരു കടുംകൈതന്നെയായിരുന്നു. തന്റെ മേനിയഴകിൽ ഭ്രമിച്ചെത്തുന്നവരെ അകറ്റാൻ തന്റെ ലാവണ്യത്തികവിൽ ഒരു നിഴൽപ്പാടു പതിപ്പിക്കണമെന്നേ നിനച്ചിരുന്നുള്ളൂ. ലോകായതികർ ആകർഷണ തന്ത്രം പയറ്റി ആത്മമണവാളനായ യേശുനാഥനിൽ നിന്നും അകറ്റാൻ ശ്രമിക്കുന്നതിലുള്ള ആത്മസന്ത്രാസത്തോടെ അവൾ തന്റെ പാദാംബുജം തീക്കുഴിയിൽ താഴ്ത്തി പൊള്ളിക്കുകയായിരുന്നു. മുട്ടോളം വെന്തുനീറിയിട്ടും അവളുടെ അന്തരാളം അവാച്യമായ ആനന്ദത്തിന്റെ കുളിരിൽ മുങ്ങുകയായിരുന്നു, വിവാഹാഭ്യർത്ഥനകൾക്ക് അതോടെ ശമനം കണ്ടു തുടങ്ങിയതിനാൽ. ജറമിയ പ്രവചനത്തിന്റെ ആരംഭത്തിൽ എഴുതപ്പെട്ട പ്രകാരം, മാതൃഗർഭത്തിൽ വച്ചു തന്നെ ദൈവം വിശുദ്ധീകരിച്ച് തന്റെ സവിശേഷ പദ്ധതികൾക്കായി നിയോഗിക്കപ്പെട്ടവളാണ് താനെന്ന ചിന്താദാർഢ്യം അവൾക്കുണ്ടായിരുന്നതുകൊണ്ടാണ് ഇത്ര തീക്ഷ്ണമായ ദൈവൈക്യം അവളിൽ നിറഞ്ഞു നിന്നിരുന്നത്. അഴകും ആഭിജാത്യവും വൈജ്ഞാനിക നിറവും സാഹിത്യവാസനയും കലാചാതുരിയും വടിവൊത്ത കൈപ്പടപോലും ഈ ദൈവോന്മുഖ പ്രയാണത്തിനു വഴിമുടക്കുകളാകാതെ അവൾ പരിപാലിച്ചു പോന്നു.

അവളുടെ നില്പിലും നടപ്പിലും ഇടപെടലുകളിലും മൊഴികളിലും ഉടുക്കലിലും എല്ലാം ഒരു ദേവകന്യകയുടെ ഭാവപ്പകർച്ച പ്രകടമായിരുന്നു. മഠാധിപയായ മദർ ഊർശുലാമ്മയുടെ അഭ്യർത്ഥനയാൽ ഒരു കന്യാസ്ത്രീയുടെ രോഗശാന്തിക്കായി ഉള്ളഴിഞ്ഞ് അവൾ പ്രാർത്ഥി

www.malankaralibrary.com



ച്ചതിനെപ്പറ്റിയുള്ള സാക്ഷ്യം ഇപ്രകാരമാണ്; "ദിവ്യരക്ഷകന്റെ ചിത്രത്തിനു മുമ്പിൽ കൈകൾ കൂപ്പി അവിടുത്തോട് സംഭാഷണം നടത്തിയ സമയം, അവളിലെ ആന്തരിക ശക്തികൾ എന്നല്ല , പഞ്ചേന്ദ്രിയങ്ങൾ തന്നെയും ആത്മനാഥനിൽ ലയിച്ചുപോയതായി കാണപ്പെട്ടു. ഈ ഏകാന്തതയെ പരീക്ഷിക്കുന്നതിനായി ചിലർ ആ സമയത്ത് അവളെ സമീപിച്ച് പലതും പറയുകയും അലട്ടുകയും സ്പർശിക്കുകയും ചെയ്തിരുന്നുവെങ്കിലും അവൾ അവയൊന്നും അറിഞ്ഞിരുന്നതേയില്ല."

വീട്ടിൽ ഉറ്റവരോട് സ്നേഹാധിക്യത്താൽ പിണങ്ങുന്ന മട്ടിലായിരുന്നു യേശുനാഥനോടുള്ള അവളുടെ പരിഭവസല്ലാപങ്ങൾ എന്ന് പുണ്യവതിയുടെ ആദ്യജീവചരിത്രകാരനായ വന്ദ്യ റോമൂളൂസച്ചൻ, അവളുടെ സ്വകാര്യപ്രാർത്ഥന ഉദ്ധരിച്ച് സാക്ഷീകരിക്കുന്നു; "എന്റെ സ്നേഹനാഥാ, നിന്നെ പ്രതി സർവ്വവും ഉപേക്ഷിക്കുന്നവർക്ക് നീ സമ്മാനം പറഞ്ഞൊത്തിട്ടല്ലയോ! ഞാനിതുവരെയും എന്റെ ഇഷ്ടാനുസരണം ഒന്നും പ്രവർത്തിച്ചിട്ടില്ലല്ലോ, നിന്റെ ഇഷ്ടം മാത്രം നോക്കി ഞാൻ പ്രവർത്തിക്കുന്ന സ്ഥിതിക്ക് നീ എന്റെ അപേക്ഷകൾ സാധിച്ചു തരേണ്ടതില്ലേ? അതു സാധിക്കാതെ ഞാനിവിടെ നിന്നും മാറുകയില്ല. ഇപ്പോൾ ചോദിക്കുന്നതു തന്നാലെന്താ?" (സ്നേഹബലി. പുറം 73). "നീതി സൂര്യനായ ഈശോയേ, നിന്റെ കതിരാൽ എന്റെ ബോധത്തെ തെളിയിച്ച്, ബുദ്ധിയെ പ്രകാശിപ്പിച്ച് നിന്റെ സ്നേഹത്താൽ എന്റെ ഹൃദയത്തെ എരിയിച്ച് എന്നെ നിന്നോടൊന്നിപ്പിക്കണമേ" എന്നും ആവർത്തിച്ചാവർത്തിച്ച് ചൊല്ലിക്കൊണ്ട് ക്രൂശിതരൂപം മാർവ്വിൽ ബലമായി ചേർത്ത് അമർത്തുന്നതും കാണാമായിരുന്നു. കർത്താവേ, നിണമൊഴുകുന്ന അങ്ങേ കരം കൊണ്ടു എന്നെ തഴുകേണമേ. അങ്ങേ പിളർക്കപ്പെട്ട മാർവ്വിനോടു കൂടി എന്റെ മാർവ്വിനെയും ചേർക്കണമേ എന്നു വീണ്ടും ചൊല്ലിക്കൊണ്ട് കുരിശിനെ തെരുതെരു അവൾ ചുംബിച്ചിരുന്നു. (സ്നേഹബലി: പുറം 74)

കാന്തത്തോടു ചേർന്നമരുന്ന ഇരുമ്പിനും ക്രമേണ കാന്തശക്തി സിദ്ധിക്കും എന്നതുപോലെ സ്വർഗ്ഗീയ കാന്തനായ ക്രിസ്തുവിനോടൊത്തുള്ള ആത്മൈക്യത്താൽ അവളും ഒരു കെരൂബിന്റെ അഭൗമകാന്തി കരഗതമാക്കുകയായിരുന്നു.

www.malankaralibrary.com



ആറു വയസ്സുള്ള ഒരു കുട്ടി ഒരിക്കൽ മഠത്തിൽച്ചെന്ന്, രോഗാവസ്ഥയിലായിരുന്ന പുണ്യവതിയെ കണ്ട് ഇങ്ങനെ ആശ്ചര്യപ്പെട്ടതായി ജീവചരിത്രകാരൻ എഴുതിയിരിക്കുന്നു; "അൽഫോൻസാമ്മയെ കണ്ടിട്ട് പരിശുദ്ധ ദൈവമാതാവിനെ കാണുന്നതുപോലെ തോന്നിപ്പോയി. ആ മുഖത്ത് എന്തു പ്രസാദം!"

## ആത്മീയ പാരവശ്യത്തിന്റെ അവാച്യാനുഭൂതി

പാരവശ്യം, പരവശത എന്നീ സംജ്ഞകൾക്ക് നിഘണ്ടു പറഞ്ഞു തരുന്ന കേവല ഭാവമല്ല, പക്ഷേ ആത്മീയതയിൽ. വിവരണാതീതമായ ആത്മീയോന്നതിയാണത്. ഭൂമിയിലായിരിക്കുമ്പോഴും ഒരുവനെ വിണ്ണിന്റെ ആഭൂതികളിലേയ്ക്ക് വിരുന്നു വിളിച്ചുണർത്തുന്ന ഒരു വൈയക്തിക മനോനിലയാണത്. അതു പൊതുവേ സഹനപൂർണ്ണമാണ്. അദൃശ്യനായിരിക്കേ തന്നെ അഭിമുഖദർശനത്താലെന്നവണ്ണം ആത്മനയനങ്ങളാൽ ഈശോയെ ഉറ്റു നോക്കിയിരുന്ന് ഊണിലും ഉറക്കത്തിൽ പോലും ആവർണ്ണ്യാനുഭൂതി നുകരുന്ന അനന്യവ്യക്തിത്വങ്ങൾക്ക് മാത്രം അനുഭവ്യമാകുന്നതാണീ ആത്മീയ പാരവശ്യം. യുക്തിഭദ്രമായ വിശദീകരണങ്ങൾക്ക് വിധയപ്പെടുത്താനാകാത്ത ഇത്തരം അനുഭവങ്ങൾ പുണ്യാത്മാക്കളുടെ ജീവിതത്തിൽ മായിക പരിവേഷത്തോടെ കാണപ്പെടുന്നു. ദേഹപീഡകളുടെ ആധിക്യത്തോടെ വിസ്മയാവഹമാം വിധത്തിൽ ഗോചരമാകുന്ന ഈ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് അവർ ആസ്വദിക്കുന്ന സ്വർഗ്ഗീയാനന്ദവും അപരിമേയം തന്നെയാണ്. അതിനാൽ അല്പനേരത്തേക്കു നീളുന്ന സഹനാധിക്യം എത്ര തന്നെയെങ്കിലും അതിനെ തുടർന്ന് സമ്മാനിതമാകുന്ന ദീർഘമായ ആത്മശാന്തിയെ പ്രതി ഇത്തരം പാരവശ്യങ്ങൾക്കായി അവൾ ഉത്സാഹപൂർവ്വം കാത്തിരിക്കുന്നതായി കാണാം. അൽഫോൻസാമ്മ ഇത്തരം പാരവശ്യാവസരങ്ങളിൽ അതിവേദനയോടെ കിടന്നുരുളുകയും ഈശോയെ നേരിൽ കാണുന്നമാതിരി ആംഗ്യഭാവത്തോടെ സംഭാഷിക്കുകയും ചെയ്തിരുന്നു. ക്രമബദ്ധമായി ഒരു നിശ്ചിത ദിവസത്തിൽ തന്നെ അത് സംഭവിക്കുകയും ചെയ്തിരുന്നതിനാൽ അവൾ മിക്കവാറും ആ നിമിഷങ്ങൾക്കു വേണ്ടി മുൻകൂട്ടി സജ്ജയായി കാത്തിരുന്നിരുന്നു. ഒരു പകൽ മുഴുവൻ അതിദുസ്സഹമായ പാരവശ്യത്തിലായി

www.malankaralibrary.com


രുന്ന അവൾ കിടന്നു ചിരിക്കുന്നതുകണ്ട് കന്യാസ്ത്രീകൾ ആശ്ചര്യം പ്രകടിപ്പിച്ചപ്പോൾ അവൾ പറയുകയാണ്; "കർത്താവ് എനിക്ക് പകൽ മുഴുവൻ കഷ്ടപ്പാട് തന്നു. രാത്രി മുഴുവൻ എന്തൊരാശ്വാസവും സന്തോഷവുമാണ് എനിക്ക് തരുന്നത്. ഞാനെങ്ങനെ നന്ദി പറയും" മാത്രമല്ല തദവസരത്തിൽ പ്രവാചകശബ്ദത്തോടെ പല കാര്യങ്ങളും അവൾ മുന്നറിയിക്കുകയും ചെയ്തിരുന്നു.

1943 ജൂലൈ 21-ന് പാതിരാത്രിയിൽ ഉറങ്ങിക്കിടിന്നിരുന്ന കന്യാസ്ത്രീകളെ വിളിച്ചുണർത്തി അവൾ പറഞ്ഞു; "എഴുന്നേല്ക്കുക, നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ ബഹുമാനപ്പെട്ട പൂണ്ടിക്കുളം ജോസഫ് അച്ചൻ മരിച്ചു. മണിനാദം നിങ്ങൾ കേൾക്കുന്നില്ലേ." അതുകേട്ട് നീരസച്ചുവയോടെ കന്യാസ്ത്രീകൾ പ്രതികരിച്ചു; "മണിയടിയോ? ഞങ്ങളാരും കേൾക്കുന്നില്ല. സഹോദരി ഉറക്കമില്ലാതെ കിടക്കുന്നതുകൊണ്ടുള്ള വെറും തോന്നലുകളാണിത്. എന്തായാലും ഞങ്ങൾക്കുറങ്ങണം. സഹോദരി പ്രാർത്ഥിച്ചുകൊള്ളുക"

അൽഫോൻസ വിളിച്ചുണർത്തിയ അതേ സമയത്ത് ക്ഷയരോഗാധിക്യത്താൽ അച്ചൻ മരിച്ചു എന്ന വാർത്ത പിറ്റേന്ന് രാവിലെ ദൂതൻ വന്ന് അറിയിക്കുകയും ചെയ്തു.

തികഞ്ഞ മൗനം ദീക്ഷിക്കാൻ വിധിക്കപ്പെട്ട നാളിൽ രാത്രിയിൽ അൽഫോൻസായുടെ മുറിക്കുള്ളിൽ നിന്നും സംസാരം കേട്ട് മഠാധിപയായ ഊർശൂലാമ്മ സൂക്ഷ്മനിരീക്ഷണം ചെയ്തു. ഉറക്കത്തിലെന്നപോലെ അവൾ കണ്ണടച്ചു കിടക്കുകയായിരുന്നു. മഠാധിപ അവളെ തൊട്ടു വിളിച്ചു കൊണ്ട് മൗനം ഭഞ്ജിച്ചതെന്തുകൊണ്ട് എന്നാരാഞ്ഞു. അവൾ പറഞ്ഞു; "ഇതാ ഏലിയാസച്ചൻ വന്നിരിക്കുന്നു. കാണുന്നില്ലേ.ഞാൻ ആശീർവാദത്തിനപേക്ഷിക്കട്ടെ."

പുണ്യചരിതനായ ചാവറ ഏലിയാസ് കുര്യാക്കോസച്ചന്റെ പേരിൽ നവനാൾ പ്രാർത്ഥന അർപ്പിച്ചു കിടന്ന അവൾക്ക് അദ്ദേഹം പ്രത്യക്ഷപ്പെട്ടതിനുശേഷം കാലിലുണ്ടായിരുന്ന ഒരു വലിയ വ്രണം തൽക്ഷണം കരിയുകയും വെറുമൊരു പാടുമാത്രമായി അവശേഷിക്കുകയും ചെയ്തു.

www.malankaralibrary.com



തമിഴ് അക്ഷര പരിജ്ഞാനം തീരെയില്ലാതിരുന്നിട്ടും ഒരിക്കൽ ഒരു തമിഴ് പുസ്തകം അവൾ അനർഗ്ഗളമായി വായിച്ച് അതിന്റെ അർത്ഥം ആധികാരികമായി വിശദമാക്കി കൊടുക്കുകപോലും ചെയ്തു. പരഹൃദയജ്ഞാനം എന്ന വരം സംലബ്ധമായിരുന്ന പുണ്യവതി, തന്നെ സമീപിക്കുന്നവരുടെ ആവശ്യം മുന്നമേ ഗ്രഹിച്ച് തദനുസരണ മായി സംസാരിക്കുകയും ചെയ്തു.

ആശ്ചര്യകരമായ മറ്റൊരു കാര്യം, ദീർഘകാലമായി ഊണും ഉറക്കവുമില്ലാതെ കഠിനരോഗിണിയായി കിടക്കുന്ന പുണ്യവതിയുടെ മുഖത്ത് ഓജസ്സും പ്രസാദവും തുളുമ്പി നിന്നിരുന്നു. റോസാ ദളങ്ങൾ ഒട്ടിച്ചു വച്ചപോലുള്ള അരുണിമ ആ തിരുവദനങ്ങളിൽ അപ്പോഴും ഒളി വീശിനിന്നിരുന്നു. വിശാഖപട്ടണം രൂപതാമെത്രാൻ അഭിവന്ദ്യ ഡോക്ടർ ബോഡ് ഒരിക്കൽ ഭരണങ്ങാനം മഠത്തിലെത്തി രോഗിണി യായ അൽഫോൻസായെ കണ്ടശേഷം ആശ്ചര്യപ്പെട്ടതിങ്ങനെയാണ്; “ഇത് സുഖക്കേടൊന്നുമല്ല. ഭക്ഷണവും ഉറക്കവുമില്ലാതെ ദീർഘകാലം രോഗിണിയായി കഴിഞ്ഞ ഒരാളുടെ മുഖം ഇങ്ങനെയോ? ഇതിന്റെ പിന്നിൽ എന്തോ ദൈവിക രഹസ്യം ഉണ്ട്”

## പ്രലോഭനത്തിന്റെ മധുരഫലങ്ങൾ ഉപേക്ഷിച്ച്

ജഡമോഹം, കൺമോഹം, ജീവിതാഹന്ത എന്നീ മൂലപാപത്ര യങ്ങൾക്കു വശപ്പെട്ടുപോയ ആദ്യയുവതിയെ വേദോല്പത്തിയിൽ കാണാം. ശാഖികൾ ചായ്ച്ച് പ്രലോഭനങ്ങളുടെ മധുര ഫലം കയ്യെത്തും ദൂരത്താക്കി പിശാച്, അതിന്റെ സ്വാദിലേക്കും അഴകി ലേക്കും ജ്ഞാനസിദ്ധിയിലേക്കും ആദിനാരിയുടെ ചപലചിത്തത്തെ മോഹിപ്പിച്ചപ്പോൾ അവൾ അര നിമിഷത്തേക്കെങ്കിലും ഉടയോനെ മറന്ന് ഉടലിന്റെ വാസനകൾക്ക് അധീനയായിപ്പോയി. ദേവസ്വത്വമായ ദിവ്യഛായയും സാദൃശ്യവും പകുത്തു തന്ന് തന്റെ മുഖക്കണ്ണാടിയായി ഉരുവാക്കി ഏദനിൽ കുടിയിരുന്നത്തപ്പെട്ടവൾ നേർത്ത ഒരു സ്വകാര്യ സുഖത്തിനുവേണ്ടി ഉടയവനോട് അവിശ്വസ്തത കാട്ടി. നെഞ്ചിലാ ളുന്ന കോപാഗ്നിയോടെ അവിടുന്ന് പാപവഴികളിലെല്ലാം ശാപത്തിന്റെ കനലുകൾ തുപ്പുന്നുണ്ടെങ്കിലും പിഴച്ചുപോയവരെ ഓർത്ത് പിന്നീട്

www.malankaralibrary.com



ഒറ്റയ്ക്കിരുന്നു വിങ്ങിപ്പൊട്ടുന്ന സ്നേഹപിതാവിന്റെ വേദനാഹൃദയ മായിരുന്നു അൽഫോൻസാമ്മയുടെ എക്കാലത്തെയും ദീപ്തമായ ധ്യാനവിഷയം. വല്യമ്മച്ചി അവൾക്ക് ശൈശവകാലത്തു തന്നെ പകർന്നു കൊടുത്ത വേദഗ്രന്ഥാനുഭവങ്ങളും പുണ്യാത്മാക്കളുടെ ജീവ ചരിതങ്ങളും; പ്രത്യേകിച്ച് ആവിലായിലെ അമ്മ ത്രേസ്യായെ സംബ ന്ധിച്ച തീക്ഷ്ണസാക്ഷ്യങ്ങളും അൽഫോൻസായുടെ ഹൃദയഭിത്തി യിൽ എഴുതപ്പെട്ട ബാലപാഠങ്ങളായിരുന്നു.

അമ്മയെ കൺകണ്ടറിയുവാനുള്ള വരം ഉണ്ടായില്ലെങ്കിലും മറിയം എന്ന ആ സാധ്വിയുടെ ഉള്ളിലെ ദൈവവിചാരത്തിന്റെ നല്ല ഓഹരി നാലാം പ്രജയായ ആ അന്നക്കുട്ടിയിലേക്കു (വിശുദ്ധ അൽഫോൻസാ യിലേക്കു) സ്വാഭാവികമായി സംക്രമിച്ചിരുന്നിരിക്കണം. ദൈവഭക്തനും വിനയാന്വിതനും എന്ന് ജീവചരിത്രകാരന്മാർ ചിത്രീകരിക്കുന്ന അപ്പൻ, മുട്ടത്തുപാടത്തു പഴൂപ്പറമ്പിൽ യൗസേഫ് ആ കുടുംബത്തിന്റെ നാഥനാ കുന്നതോടെ നസ്രത്തിലെ തിരുക്കുടുംബപരിച്ഛേദം ഇവിടെ പുനരാവി ഷ്ക്കരിക്കപ്പെടുകയല്ലേ എന്നു തോന്നാം. മനോഹരമായ കൈപ്പടയിൽ അവൾ എഴുതി സദാ ഉപയോഗിച്ചുപോന്നിരുന്ന പ്രാർത്ഥനാപ്പുസ്തക ത്തിൽ ദിവ്യരക്ഷകൻ, പരിശുദ്ധ മാതാവ്, വിശുദ്ധ ഔസേഫ് പിതാവ് എന്നിവരോടുള്ള പ്രാർത്ഥനകളാണ് ഉണ്ടായിരുന്നത് എന്ന സത്യം നാം ഗ്രഹിക്കുമ്പോൾ തിരുക്കുടുംബചൈതന്യം അവളിൽ നിറഞ്ഞുനിന്നിരു ന്നുവെന്നു വ്യക്തം. അതിനാൽ പ്രലോഭനത്തിന്റെ കനികളെ അവഗണി ക്കാനുള്ള ആത്മബലം അവൾക്ക് ഈ പ്രാർത്ഥനകൾ നല്കിപ്പോ ന്നിരുന്നു.

പെറ്റമ്മയെ കണ്ട ഓർമ്മ അവൾക്കില്ല. മാതൃസ്നേഹത്തിന്റെ തേൻതുള്ളികൾ അവളുടെ ആത്മരസനയിൽ ഇറ്റിക്കാൻ അവസരം തീരെ ഒരുക്കപ്പെട്ടില്ല. എട്ടുമാസം ഗർഭിണിയായ മറിയത്തിന്റെ ഉടലിലൂടെ ഒരു പാമ്പ് ചുറ്റിക്കയറിയപ്പോൾ ഭയാക്രാന്തയായി ഞെട്ടി വിറച്ചു ബോധമ റ്റുപോയ അവൾ അകാലത്തിൽ അന്നക്കുട്ടിയെ പ്രസവിക്കുകയും മൂന്നു മാസം കഴിഞ്ഞ് മൺമറയുകയുമായിരുന്നു. അപ്പന്റെ കരുതലും നുകരു വാനാവാത്ത വിധം മാതൃസോദരിയുടെ ഭവനത്തിലേക്ക് അകറ്റപ്പെടുക

www.malankaralibrary.com



യുമായിരുന്നു. മാതൃദുഗ്ദ്ധത്തിന്റെ അമൃത് രുചിക്കുവാനാവാതെ പോയ അവൾ നാനാവിധ രോഗപീഡകളാൽ വലഞ്ഞിരുന്നു താനും. മനഃശാസ്ത്രജ്ഞന്മാർ വിധിക്കുന്നത് ഇത്തരം സ്നേഹരാഹിത്യത്തിന്റെ അമാവാസികളിലൂടെയുള്ള ഏകാന്തസഞ്ചരണത്തിനു വിധേയപ്പെടുന്നവരുടെ മനസ്സ് എപ്പോഴും ഒരു അഭയസങ്കേതത്തിനായി ഉഴറിക്കൊണ്ടിരിക്കും എന്നാണ്, അത് വഴിവിട്ട സ്നേഹാഭ്യർത്ഥനകളുടെ പ്രലോഭനങ്ങൾക്കു മുമ്പിലായാൽ പോലും. എന്നാൽ അൽഫോൻസാമ്മ തന്റെ ശാരീരിക -മാനസിക ദൗർബല്യങ്ങളെ ദൈവസ്നേഹപൂരിതമായ ആത്മാവോടുകൂടി നേരിട്ട് മുന്നേറുകയായിരുന്നു, മുപ്പത്താറു വത്സരക്കാലവും.

നിർമ്മലയും സുഭഗയുമായിരുന്ന ആ വെള്ളത്താമരപ്പൂവിനു ചുറ്റും സ്വാർത്ഥരായ കരിവണ്ടുകൾ വട്ടം ചുറ്റി പറന്നിരുന്നല്ലോ. തുടർന്ന് ലോകത്തേയും താതമാതാക്കളേയും ഉടപ്പിറന്നോരേയും ചങ്ങാതിമാരേയും മാതൃഗ്രാമത്തേയും എല്ലാം ഉപേക്ഷിച്ച് ഈശോയുടെ മണവാട്ടിയായി വ്രതം ചെയ്ത് കന്യാലയത്തിന്റെ മൗനസാന്ദ്രമായ ഏകാന്ത മുനികുടീരത്തിലേക്ക് അവൾ പദം വച്ചു കഴിഞ്ഞിട്ടും പ്രലോഭനങ്ങളുടെ കരിനാഗങ്ങൾ പിന്നാലെ ഇഴഞ്ഞെത്തിക്കൊണ്ടിരുന്നു. മഠത്തിൽ നിന്നും അവളെ വീട്ടിലേക്കു തിരിച്ചയച്ചാൽ അവളുമായുള്ള വിവാഹം സാദ്ധ്യമാകുമെന്ന ഗൂഢമോഹത്താൽ തന്ത്രങ്ങൾ പയറ്റിയവരുണ്ട്. സഹസന്ന്യാസിനികളുടെയും ചില വൈദികരുടേയും ബന്ധുവായ ഒരു യുവാവ്, ഇപ്രകാരം അവളെ മഠത്തിൽ നിന്നും തിരിച്ചുവിടാൻ ഈ ചാർച്ചക്കാരെ കരുക്കളാക്കി ശ്രമം നടത്തി. അതിൻ പ്രകാരം അവർ അവളോടു പറഞ്ഞു; "ആരോഗ്യക്കുറവു മൂലം കുഞ്ഞ്, വീട്ടിലേക്കു തിരിച്ചു പൊയ്ക്കോ. നിനക്കു സന്ന്യാസത്തിലേക്കുള്ള വിളിയില്ല." അവളുടെ ഉള്ളിൽ കോപത്തിന്റെ ലാഞ്ഛന നിഴലിച്ചതായി ജീവചരിത്രകാരൻ രേഖപ്പെടുത്തുന്ന ഏക സന്ദർഭമായിരുന്നു അത്. എങ്കിലും അവൾ പ്രാർത്ഥനയുടെ അഭയമന്ത്രം ജപിച്ച് ആ ദുരവസ്ഥയേയും അതിജീവിച്ചു.

അവളുടെ ബന്ധുക്കളായി മറ്റൊരു മഠത്തിൽ ഉണ്ടായിരുന്ന ഏതാനും കന്യാസ്ത്രീകളിലൂടെയായി പ്രലോഭകന്റെ അടുത്ത ശ്രമം. ദാരിദ്ര്യത്തിന്റെ നെല്ലിപ്പലകയിൽ അടിസ്ഥാനം കൊള്ളുന്ന

www.malankaralibrary.com



ക്ലാര സഭയിലെ അവളുടെ പ്രവേശനത്തെ അവർ ചോദ്യം ചെയ്തു. ഇത്ര കഠിനങ്ങളായ ചര്യകൾ അനുവർത്തിക്കുന്ന ക്ലാരമഠം വിട്ട് താരതമ്യേന ലളിതമായ ആശ്രമാനുഷ്ഠാനങ്ങൾ പുലരുന്ന തങ്ങളുടെ പരിവ്രാജക കുടീരത്തിലേക്കു കഴൽ മാറ്റി ചവിട്ടാൻ അവർ ശക്തമായി അവളെ ഹേമിച്ചു. രണ്ടാം ക്രിസ്തുവെന്ന് അപരാഭിധാനമുള്ള അസ്സീസ്സിയിലെ ഫ്രാൻസിസ് പുണ്യാളന്റെ ദാരിദ്ര്യാരൂപിയിൽ ആകൃഷ്ടയായി രാപ്പാതിയിൽ എല്ലാം ഉപേക്ഷിച്ചിറങ്ങിത്തിരിച്ച ക്ലാര എന്ന പ്രഭുകുമാരിയാൽ ആവിഷ്കൃതമായ ഈ പ്രസ്ഥാനത്തോടുള്ള അവളുടെ ആഭിമുഖ്യം ആഴമേറിയതായിരുന്നു. ക്ലാരസന്ന്യാസിനികളുടെ പിതാവ് വിശുദ്ധ ഫ്രാൻസിസ് അസ്സീസ്സിയും മാതാവ് വിശുദ്ധ ക്ലാരയും ആണല്ലോ. അവൾ നൊവീഷ്യറ്റിലേക്ക് പ്രവേശിച്ചത് 1935-ൽ വിശുദ്ധ ക്ലാരയുടെ തിരുനാളായ ആഗസ്റ്റ് 11-നും ആയിരുന്നു. കാലിത്തൊഴുത്തോളം താഴ്ന്നിറങ്ങിയ സർവ്വസവിതാവായ ക്രിസ്തുരാജന്റെ ദാരിദ്ര്യാരൂപിയിൽ നിന്നും സഭയും സഭാപ്രസ്ഥാനങ്ങളും പോലും മെല്ലെ മെല്ലെ വഴുതിമാറി സുഖ സൗകര്യങ്ങളുടെ സുഗമമാർഗ്ഗങ്ങൾ തേടുമ്പോൾ അതിനുള്ള പ്രായശ്ചിത്ത ബലിയാകുവാൻ അൽഫോൻസ പണ്ടേ തീരുമാനിച്ചിരുന്നു. അതിനാൽ അവൾ ക്ലാരമഠത്തിൽ തന്നെ തുടരുമെന്നറിയിച്ചു. ഈ സഭാ മാറ്റത്തർക്കം രൂപതാദ്ധ്യക്ഷന്റെ സവിധത്തിലേക്കും വലിച്ചിഴയ്ക്കപ്പെട്ടു. ഭൂരിപക്ഷത്തിന്റെ ഇംഗിതം പോലെ മെത്രാൻ തിരുമേനി അവളുടെ നിശ്ചയത്തെ ചോദ്യം ചെയ്ത് കല്പിച്ചു; "നിനക്ക് നല്ലത് വെള്ള വസ്ത്രം തന്നെയാണ്." അവൾ വിനയപുരസ്സരം പ്രത്യുത്തരിച്ചു; "അതായിരുന്നു ദൈവതിരുമനസ്സെങ്കിൽ എന്നെ ആദ്യമേ തന്നെ ദൈവം അങ്ങോട്ട് അയയ്ക്കുമായിരുന്നില്ലേ പിതാവേ. ക്ലാരസഭാംഗം ആയിരിക്കാനാണെനിക്കിഷ്ടം"

ഇഷ്ടമുള്ളതൊക്കെ കൊതിയോടെ കൊത്തിത്തിന്ന് ചാഞ്ചാടി നടക്കാൻ ഉത്സാഹിക്കുന്ന ചപല ശൈശവത്തിൽ പോലും അവൾ അടക്കമൊതുക്കം ശീലിച്ച് രഹസ്യമായി ഉപവാസമനുഷ്ഠിച്ചുപോന്നു. പോറ്റമ്മ അവളെ ഇഷ്ടവിഭവങ്ങൾ നിറച്ച തീൻ മേശയിലേക്ക് ഭക്ഷണനേരത്ത് ക്ഷണിക്കുമ്പോൾ 'ഇപ്പോൾ വന്നേക്കാം അമ്മേ. ഒരു പുസ്തകം തപ്പിക്കൊണ്ടിരിക്കുകയാ. കിട്ടിയാലുടൻ വന്നേക്കാം.

www.malankaralibrary.com


നിങ്ങൾ തുടങ്ങിക്കോളൂ' എന്നൊക്കെ ചില സൂത്രങ്ങൾ പറഞ്ഞ് സമയം കഴിച്ചുകൂട്ടും. വീട്ടുകാർ ഭക്ഷിച്ചെഴുന്നേറ്റ് അല്പം കഴിഞ്ഞ് അവൾ വന്ന് എന്തെങ്കിലും ആഹരിക്കുന്നതായി ഭാവിക്കും. തീരെ വിശപ്പില്ല എന്നു പറഞ്ഞ് ഭക്ഷണം ഒഴിവാക്കി അവൾ ഉപവസിച്ചിട്ടുമുണ്ട്.

മറ്റൊരിക്കൽ ഒരു അവധിക്കാലത്ത് മഠത്തിൽ നിന്നും അവൾ വീട്ടിലേക്ക് വന്നിരുന്നു. സഹോദരന്റെ നിയമസഭാതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വീട്ടിൽ അന്ന് സന്ധ്യയ്ക്ക് നല്ല തിരക്കായിരുന്നു. അൻപതോളം പേർക്ക് അന്നവിടെയായിരുന്നു അത്താഴം. തട്ടുമുറിയിൽ സൂക്ഷിച്ചിരുന്ന അച്ചാർ എടുത്തുകൊണ്ടുവരാനായി പോറ്റമ്മ അവളുടെ കയ്യിൽ ഒരു വിളക്കു കൊടുത്ത് പറഞ്ഞുവിട്ടു. ഈ സമയം അവളുടെ പിന്നാലെ ദുരുദ്ദേശ്യപരമായ മോഹത്തോടെ ഒരു ചെറുപ്പക്കാരൻ പതുങ്ങിച്ചെന്നു. അവന്റെ സംസാരത്തിൽ നീരസം തോന്നിയെങ്കിലും അതു പ്രകടമാക്കാതെ അവൾ ഉപായപൂർവ്വം പറഞ്ഞു; "അമ്മ അന്വേഷിച്ചു വരും. ഞാനീ അച്ചാർ കൊണ്ടുപോയി കൊടുത്തിട്ടു വരാം" പറഞ്ഞതുപോലെ അവൾ അല്പം കഴിഞ്ഞു തിരിച്ചു വരിക തന്നെ ചെയ്തു. പക്ഷേ ഒപ്പം ആങ്ങളമാരേയും കൂട്ടിയായിരുന്നു എന്നു മാത്രം.

## സ്നേഹത്തിന്റെ ദഹനബലി

സ്വാർത്ഥതയുടെ കന്മഷം പുരണ്ട സംജ്ഞയായി സ്നേഹത്തെ തരം താഴ്ത്തുന്നവരുടെ മുമ്പിൽ സ്നേഹത്തിനൊരു പുതുനിയമ ഭാഷ്യം ആവിഷ്ക്കരിച്ച് യേശുകർത്താവ് അവതരിച്ചു. സ്നേഹം സ്വാർത്ഥം നിരൂപിക്കുന്നില്ല എന്നാണ് തിരുവചനപാഠം. അതിലുപരി സഹോദരനുവേണ്ടി പ്രാണനർപ്പിക്കുന്നതാണ് സ്നേഹം എന്ന് അവിടുന്ന് സാക്ഷ്യപ്പെടുത്തി. ആരാണ് സഹോദരൻ എന്നാരായുമ്പോൾ വംശ ശത്രുവായ സമറായൻ തന്നെ ആയിക്കൊള്ളട്ടെ എന്നാണ് അവിടുത്തെ പ്രബോധനം. സ്വേച്ഛയുടെ ലാഞ്ഛനപോലും തീണ്ടാത്ത നിർമ്മല സ്നേഹത്തിന്റെ പരിച്ഛേദമായി തീരാനുള്ള സമർപ്പണമായിരുന്നു അൽഫോൻസ എന്ന ക്രിസ്ത്വാനുഗാമിനിയുടെ ജീവിതം. ശത്രുക്കളെ സ്നേഹിക്കുക എന്ന അസാദ്ധ്യമായ പുണ്യതലത്തിലേക്കും ദൈവപുത്രൻ ഇവളെ കരം പിടിച്ചുയർത്തുകയാണ് എന്നതിന് ഉദാഹരണായി ഇതാ അവളുടെ ഏതാനും വാക്കുകൾ.

www.malankaralibrary.com


"എനിക്കു മനോവേദന ഉണ്ടാക്കിയവരോട്, വിശിഷ്യ, ഇല്ലാത്ത കുറ്റം പറയുന്നവരോട്, സ്നേഹാനുഭവം കാണിക്കാൻ ആദ്യകാലങ്ങളിൽ എനിക്ക് വളരെ പ്രയാസമായിരുന്നു. അവരുടെ നേരെ ഒന്ന് നോക്കുവാൻ പോലും എനിക്കു സാധിച്ചിരുന്നില്ല. എന്നാൽ ഞാൻ മുട്ടിപ്പായി പ്രാർത്ഥിച്ചു. ഇങ്ങനെ വളരെ പ്രാർത്ഥിച്ചതിന്റേയും പരിശ്രമിച്ചതിന്റേയും ഫലമായി എനിക്ക് അക്കാര്യത്തിൽ യാതൊരു പ്രയാസവും തോന്നുന്നില്ല. മറിച്ച് സ്നേഹമായി വർത്തിച്ചില്ലെങ്കിൽ മാത്രമാണ് വിഷമം"

അഴലിന്റെ ആഴങ്ങളിൽ ഒരു പുഴുവിനെപ്പോലെ കിടന്നു പിടയുമ്പോഴും അവൾ പറയുന്നു; ദൈവസ്നേഹത്തെ പ്രതിയും അവിടുത്തെ ഛായയിൽ ഉരുവാക്കപ്പെട്ട സഹജരോടുള്ള സ്നേഹത്തെപ്രതിയും ഈ സഹനം സമചിത്തതയോടെ സ്വയം അനുഭവിക്കുന്നുവെന്ന്. ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത വന്ദ്യ ജയിംസ് കാളാശ്ശേരി തിരുമേനി, രോഗപീഡകളേറ്റ് നിദ്രാവിഹീനയായി കിടന്ന അവളെ മഠത്തിൽ ചെന്നു കണ്ട് ആരാഞ്ഞു. "നീ രാത്രിയിൽ ഉറക്കമില്ലാതെ കിടക്കുമ്പോൾ എന്തു ചെയ്യുകയാണ്?" അതിന് അവൾ നല്കിയ ഉത്തരത്തിൽ ആ പുണ്യ ജന്മത്തിന്റെ അന്തസത്ത ഉറഞ്ഞു കിടക്കുന്നുണ്ട്. "ഞാൻ സ്നേഹിക്കുകയാണ്." സഹനപാരവശ്യങ്ങളുടെ നൈരന്തര്യ ഘോഷയാത്രകൾക്ക് വിളഭൂമിയായ ആ ജീവിതത്തെ അവൾ ഒരു സ്നേഹബലിയായി പരിണമിപ്പിക്കുകയായിരുന്നു. യേശു മിശിഹായോടൊപ്പം രക്ഷാകരയാഗപീഠത്തിൽ കിടന്ന് സഹരക്ഷാകര ഹോമയാഗമായി എരിഞ്ഞമരുകയായിരുന്നു ആ പുണ്യാംഗനയും. അതിനാലാണ് മാർ കാളശ്ശേരി തുടർന്ന് അഭ്യർത്ഥിച്ചത്; "എന്റെ രൂപതയുടെ കാര്യം ഞാൻ നിന്നെ ഭരമേല്പിക്കുകയാണ്" എന്ന്.

പരസ്നേഹബന്ധിതമാണ് അവളുടെ സഹനമെന്ന് സ്വാനുഭവത്തിലൂടെ മാർ കാളാശ്ശേരിക്ക് ബോധ്യപ്പെടുകയും ചെയ്തിരുന്നു. മലമ്പനി രോഗത്തിന്റെ ആക്രമണത്താൽ മരണമുഖത്തേക്കു ചാഞ്ഞു നിന്ന മാർ കാളാശ്ശേരി തിരുമേനിയുടെ പ്രാണഗതി അവളുടെ പ്രാർത്ഥനയാൽ സുഖപ്രാപ്തിയിലെത്തുകയായിരുന്നു. അവൾ ആ രോഗം ഏറ്റു വാങ്ങുക വഴി സ്വച്ഛനാക്കപ്പെട്ട തിരുമേനി അവൾക്കൊരു കുറിമാനവും പട്ടു നാട കെട്ടി അലങ്കരിച്ച ഒരു ദിവ്യചിത്രവും കൊടുത്തയയ്ക്കുകയുണ്ടായി. ആത്മസഹനത്തിന്റെ അമൂല്യതയെ അവൾ

www.malankaralibrary.com



ഉദാത്തവത്ക്കരിക്കുകയാണ് ഗോതമ്പിന്റെയും മുന്തിരിയുടെയും ദുസ്സഹമായ അവസ്ഥാന്തരങ്ങൾ വെളിപ്പെടുത്തിക്കൊണ്ട്. "ഗോതമ്പു മണികൾ നല്ലതുപോലെ ഇടിച്ചു പൊടിക്കുമ്പോൾ വെണ്മയേറിയ മാവു കിട്ടുന്നു. അതു ചുട്ടെടുക്കുമ്പോൾ വിശുദ്ധ കുർബ്ബാനയ്ക്കുള്ള ഓസ്തിയായി തീരും. ഇപ്രകാരം നമ്മളും കഷ്ടപ്പാടുകൾ കൊണ്ട് ഞെക്കി ഞെരുക്കപ്പെട്ട് ആ ഓസ്തിപോലെ ആയിത്തീരണം. വീഞ്ഞുണ്ടാക്കുന്നതെങ്ങനെയാണ്? നല്ല മുന്തിരിപ്പഴങ്ങൾ ചക്കിലിട്ട് ഞെരിക്കുമ്പോൾ ചാറു കിട്ടുന്നു. അതു നാം സംഭരിച്ചു ശുദ്ധീകരിക്കുമ്പോൾ നല്ല വീര്യമുള്ള വീഞ്ഞായി. അതുപോലെ കഷ്ടതകൾ കൊണ്ടും വേദനകൾ കൊണ്ടും നാം ശുദ്ധീകരിക്കപ്പെടുമ്പോൾ ആത്മവീര്യമുള്ളവരാകും"

ഏശയ്യാ പ്രവചനങ്ങളിൽ രക്ഷാകരസഹന ദാസനായ ക്രിസ്തുവിനെ അവതരിപ്പിച്ചുകൊണ്ട് 'അവൻ നമ്മുടെ വേദനകളാണ് ചുമന്നത്; അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നും ഇരിക്കുന്നു' എന്ന 'വിക്കേരിയസ്'(vicarious) അനുഭവം കുറിച്ചു വച്ചിരിക്കുന്നു. സ്നേഹപൂരിതമായ ഈ സഹനം വഴി അവൾ അനേകരുടെ വേദനകൾ ഏറ്റുവാങ്ങി. പ്രാർത്ഥനയാൽ അപരദുഃഖങ്ങൾ ശമിപ്പിക്കുന്ന അവളോട് ഒരിക്കൽ മഠാധിപ ചോദിച്ചു "എന്തേ നിന്റെ സ്വന്തം വേദനകൾ നീ പ്രാർത്ഥിച്ച് ഇല്ലാതാക്കുന്നില്ല?" അപ്പോൾ അവൾ പറഞ്ഞു; "ഇല്ലാ, ഇതിലേറെ സഹിക്കാൻ ഞാൻ സന്നദ്ധയാണ്. ഇന്നത്തെ ലോകം സുഖസന്തോഷങ്ങളിൽ മുഴുകി അധഃപതിച്ചു പോയിരിക്കുന്നു. നാശോന്മുഖമായ ഈ ലോകത്തിനു വേണ്ടിയും പുണ്യചൈതന്യം കുറഞ്ഞ് ഭൗതിക ആശകൾക്ക് അടിമപ്പെട്ടു പോകുന്ന വൈദികർ, സന്ന്യാസിനികൾ എന്നിവരുടെ അവിശ്വസ്തതയ്ക്ക് പരിഹാര ബലിവസ്തു ആകുവാനും എന്നെ കർത്താവ് ചവിട്ടുകയോ കുത്തി മുറിപ്പെടുത്തുകയോ എന്തും ചെയ്തുകൊള്ളട്ടെ." സഹനം ഒരു വരമാണെന്നും അത് ആത്മീയതയുടെ ഉയരങ്ങൾ താണ്ടാൻ സ്വയം സമർപ്പിച്ചവർക്കു മാത്രമുള്ള അനർഘ സമ്മാനമാണെന്നും കർത്താവ് വ്യക്തമാക്കുന്നു. സഹനപാരമ്യത്തിലൂടെയുള്ള പുത്രന്റെ രക്ഷാകര സഹനബലി എന്ന ഏക മാർഗ്ഗത്തിലൂടെ പാപികളെ വീണ്ടെടുക്കുക

www.malankaralibrary.com



എന്ന ദൈവപിതാവിന്റെ ഇംഗിതത്തിനുള്ള അനുകൂല നിലപാടായിരുന്നു അവളുടെ ജീവിതം.

ഉടലാകെ അടിപ്പിണരുകളുടെ, ഉഴവുചാലുകളോടെ "എച്ചേ ഹോമോ" (ഇതാ മനുഷ്യൻ!) എന്നു വിശേഷിപ്പിക്കപ്പെട്ട് പീലാത്തോസിന്റെ പ്രിത്തോറിയത്തിൽ നിസ്സഹായനായി നില്ക്കുന്ന തന്റെ പ്രാണപ്രിയനായ ഈശോയെ അവൾക്ക് ആശ്വസിപ്പിക്കാതിരിക്കാനാവില്ല. അപാരവ്യാകുലതകളുടെ ഏഴു വാളുകൾ ചങ്കിൽ പേറി അഴലുകളെ അഴകാക്കി ജീവിച്ച പരിശുദ്ധ കന്യാമറിയത്തിന്റെ മടിത്തട്ടിൽ ഭൗമചേതനയറ്റവനായ ആ മനുഷ്യപുത്രന്റെ ജഡം കുരിശിൽ നിന്നിറക്കി കിടത്തവെ ആ പെറ്റമ്മ അനുഭവിച്ച തീരാവേദന തന്നെയായിരുന്നു എന്നെന്നും അൽഫോൻസായ്ക്ക്.

അവൾ ളൂയിസച്ചന്റെ പേർക്ക് തന്റെ ജീവാന്ത്യത്തോടടുത്ത കാലത്ത്, 1946ൽ എഴുതി "തീജ്വാലയിൽ കിടക്കുന്ന കീടത്തിന് തുല്യമാണ് എന്റെ ഇപ്പോഴത്തെ അവസ്ഥ. എന്റെ വിഷമതകളെല്ലാം എന്റെ നല്ല ദൈവം നോക്കിക്കൊണ്ടിരിക്കുകയും എന്നെ ആശ്വസിപ്പിക്കുകയും ചെയ്യുന്നുണ്ട്. എനിക്കൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള പല വിഷമതകളും സഹിക്കുവാൻ ദൈവം അനുവദിക്കുന്നുണ്ട്. എന്നിരുന്നാലും സമാധാനക്കേട് ഒട്ടും ഇല്ല. ഞാൻ സന്തോഷിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്യുന്നു."

അവനവനു താങ്ങാനാവാത്തത്ര കഠോര വിഷമതകൾ ആർക്കും ദൈവം കൊടുക്കുകയില്ലല്ലോ. നടുക്കം ഉളവാക്കുന്നത്ര വേദനകളുടെ ആധിക്യം ഇത്തരം പുണ്യവ്യക്തികൾക്ക് ദൈവം കൊടുക്കുന്നത് അവ സഹിക്കാനാവുന്ന വിധം അവർ ദൈവോന്മുഖതയുടെ ഉപരിതലങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നു എന്നതിനു തെളിവാണ്.

വലിയ ഒരു പരുവിന്റെ അസഹ്യവേദനകളാൽ രാപ്പകൽ കിടന്ന് പിടഞ്ഞപ്പോഴും ആ സഹനകന്യകയുടെ സാക്ഷ്യം ഇങ്ങനെയായിരുന്നു. "ഞാനിപ്പോൾ കുരിശിലാണ് കിടക്കുന്നത്. കുരിശിൽ കിടന്നപ്പോൾ കർത്താവിനു കൈയും കാലും അനക്കുവാനോ തിരിഞ്ഞു കിട

www.malankaralibrary.com



ക്കുവാനോ കഴിഞ്ഞില്ലല്ലോ. തലയിണയോ കിടക്കയോ അവിടുത്തേക്കില്ലായിരുന്നു. കുരിശിൽ ചുവട്ടിൽ നിന്നിരുന്നവർ കരുണയില്ലാതെ കർത്താവിനെ നിന്ദിക്കുകയല്ലേ ചെയ്തത്. കർത്താവിനു യാതൊരു ആശ്വാസവും ഇല്ലായിരുന്നല്ലോ. എനിക്കാകട്ടെ എന്തും ചെയ്യുവാൻ തയ്യാറായി ആശ്വസിപ്പിക്കുവാനും ശുശ്രൂഷിക്കുവാനും സഹതപിക്കുവാനും എത്ര പേർ എന്റെ അടുത്തുണ്ട്. ഞാൻ കർത്താവിന്റെ മണവാട്ടിയല്ലേ. എന്റെ മണവാളന്റെ വേദനകളോടൊത്തു നോക്കുമ്പോൾ എന്റേതെത്ര നിസ്സാരം. കർത്താവു തരുന്ന കാസാ മട്ടോടെ വലിച്ചു കുടിക്കണം. ഇനിയും എത്ര വേണമെങ്കിലും സഹിക്കുവാൻ ഞാനൊരുക്കമാണ്'' സ്വന്തം പര്യാകുലങ്ങളുടെ പരിച്ഛേദങ്ങൾക്ക് അവൾ വീണ്ടും അക്ഷരപരിവേഷം നല്കുകയാണ്.

''എനിക്കു തീരെ സുഖമില്ലെന്നായിട്ട് ഇപ്പോൾ ആറര കൊല്ലത്തോളമായി. അന്നുമുതൽ നാട്ടു ചികിത്സയും ഇംഗ്ലീഷ് ചികിത്സകളുമൊക്കെ മാറി മാറി ചെയ്യുന്നുണ്ടായിരുന്നു. ഒന്നിനൊന്നു വർദ്ധിച്ചു വന്നതല്ലാതെ യാതൊരു ഗുണവും കിട്ടിയില്ല. ഒടുവിൽ, ഡോക്ടറുടെ അഭിപ്രായമനുസരിച്ച് എറണാകുളം ആശുപത്രിയിൽ പോയി ഒരു മാസം താമസിച്ച് വേണ്ട ചികിത്സകളെല്ലാം കഴിച്ച് മടങ്ങിവന്നു. ശ്വാസം വിടാൻ പോലും നിവൃത്തിയില്ലാത്ത വിധം വയർ വീർത്തു വരാനും തുടങ്ങി. പരസഹായം കൂടാതെ എഴുന്നേല്ക്കാൻ പോലും നിവൃത്തിയില്ലാതെയും ഉറക്കമില്ലാതെയും വളരെ അധികനാൾ കഴിച്ചു കൂട്ടേണ്ടതായി വന്നു. ദിവസത്തിൽ എട്ടും പത്തും പ്രാവശ്യം ഛർദ്ദിക്കും, മിക്കവാറും അതു കട്ടരക്തമായിരിക്കും. തലവേദന ശക്തിയായിട്ടുണ്ടാകുന്ന ദിവസം മൂക്കിൽ നിന്നും ധാരാളം രക്തം പോകും. ചില ദിവസങ്ങളിൽ കണ്ണിൽ നിന്നും പോയിട്ടുണ്ട്''

റോമുളൂസച്ചൻ മറ്റൊരു ദുസ്സഹാനുഭവം വിവരിക്കുന്നു: ''കാൽ രണ്ടും പഴുത്തു കുളമായി ദുർഗന്ധം വമിച്ചിരുന്നു. ഡോക്ടർ ദിവസവും വന്ന് പഴുപ്പു കോരി തോണ്ടി നീക്കും. കാൽ വിരലുകൾ പഴുത്ത് ഒന്നായി തീർന്നു. ഡോക്ടർ ഓരോ വിരലും വേർതിരിച്ച് പ്രത്യേകം പ്രത്യേകം കെട്ടി വെയ്ക്കും എത്രമാത്രം വേദനയാണ് ഞാൻ സഹിച്ചത്'' (സ്നേഹബലി: പുറം 28)

ഇത്രയേറെ വേദനകൾ സഹിച്ചിട്ടും അവൾ പറയുകയാണ് ''കൂടുതൽ കുരിശുകൾ കിട്ടാൻ വേണ്ടി ഞാൻ അപേക്ഷിക്കാൻ പോവുകയാണ്.''

www.malankaralibrary.com



പഴയനിയമത്തിലെ ജോബിന്റെ സഹനത്തെപ്പറ്റി കർദ്ദിനാൾ മർത്തീനി അഭിപ്രായപ്പെടുന്നു; "ജോബിന് തന്റെ വേദനകളെ മുഴുവൻ, പ്രാർത്ഥനയ്ക്കുള്ള വലിയ ഉറവിടമാക്കാൻ സാധിച്ചു."

ഇതുപോലെ ഓരോ സഹനവും അവൾക്ക് ആത്മീയ വളർച്ചയ്ക്കുള്ള നാന്ദിയായിത്തീരുകയായിരുന്നു. ഓർക്കാപ്പുറത്ത്, ഒരു രാത്രിയിൽ മുറിയിൽ കടന്ന കള്ളനെക്കണ്ട് ഭയന്നു മോഹാത്സ്യപ്പെട്ടതിനു ശേഷം വല്ലാത്തൊരു ലജ്ജ അവളുടെ ശോഭായമാനമായ വ്യക്തിത്വത്തിൽ കളങ്കമായി പറ്റിക്കിടന്നിരുന്നു. ഒരു പ്രത്യേകമായ സഹനം ഏറ്റെടുക്കുക വഴി ഈ സങ്കോച പരിഭ്രമങ്ങൾ താനേ ഒഴിഞ്ഞു പോവുകയായിരുന്നു. മാത്രമല്ല, നാൾക്കുനാൾ അവളിലെ ഭാഷണങ്ങൾ പോലും സഹന സ്വീകാര്യത വഴി മാനവ ഹൃദയങ്ങളെ സ്വാധീനിക്കാൻ പോന്ന കാന്തപ്രഭാവം ആർജിച്ചിരുന്നു. അവളുടെ സാമിപ്യ സൗഭാഗ്യം നുകർന്ന ഒരാളുടെ സാക്ഷ്യം റോമൂളൂസച്ചൻ എഴുതിയിരിക്കുന്നു (സ്നേഹബലി: പുറം 72)

"അൽഫോൻസാമ്മയടെ അരികിലിരുന്നാൽ വിശപ്പും ദാഹവുമൊന്നും അറിയുകയില്ല. തിരിച്ചു പോരാനും തോന്നുകയില്ല. അവളുടെ വർത്തമാനത്തിന് ഒരു ധ്യാനപ്രസംഗം കേൾക്കുന്ന ഫലമുണ്ട്."

കുരിശുകളുടെ സഹനം നിരാകരിക്കുന്നവരുണ്ട്, സ്വീകരിക്കുന്നവരുണ്ട്, ചോദിച്ചു വാങ്ങുന്നവരുണ്ട്. ഇവരിൽ മൂന്നാം ഗണത്തിലാണ് വിശുദ്ധന്മാരെല്ലാം. അൽഫോൻസാമ്മ പറയുന്നു; "ഞാനെന്നെ മുഴുവനും എന്റെ ദിവ്യനാഥന് ബലിവസ്തുവായി കയ്യൊഴിഞ്ഞു കൊടുത്തതല്ലേ? അതുകൊണ്ട് എന്റെ നല്ല ദൈവം നല്കുന്ന ഈ കുരിശ് സന്മനസ്സോടെ ഞാൻ സ്വീകരിക്കേണ്ടതല്ലേ? സഹനത്തിന്റെ വരം കിട്ടുന്നതിന് ഞാൻ വളരെയധികം പ്രാർത്ഥിച്ചിട്ടുണ്ട്. പകൽ വേദനയുണ്ടായാൽ അതു മറ്റുള്ളവർ അറിയുകയും വേദന ശമിപ്പിക്കാൻ പോംവഴികൾ ആരായുകയും ചെയ്യും, തന്മൂലം മറ്റുള്ളവർക്ക് ബുദ്ധിമുട്ടിന് ഇടവരുമല്ലോ. രാത്രിയിലേക്കു മാറ്റിക്കിട്ടിയാൽ ആരുമറിയാതെ എനിക്കു സഹിക്കാമല്ലോ" (സ്നേഹബലി: പുറം 66)

## പ്രഭുത്വത്തിലേക്കൊരു നവോത്ഥാനം

അഴലിന്റെ ആഴക്കടലിലേക്ക് ഇരുളിൽ ആഴ്ത്തപ്പെട്ടാലും സൂര്യന് ഒരു ഉയിർത്തെഴുന്നേല്പുണ്ട്. ദിനംപ്രതി അനുവർത്തിക്കപ്പെടുന്ന ഈ

www.malankaralibrary.com



കർമ്മഗതിയുടെ ഗുണപാഠം നമ്മുടെ വളർച്ചാ ഹേതുവാകണം. കുരിശുമരണത്തിൽ നിന്നും ഉത്ഥാനമഹത്ത്വത്തിലേക്കുള്ള വിശ്വസൂര്യനായ ഈശോയുടെ രക്ഷാകരസംക്രമത്തിന്റെ അനുസ്യൂതിയായിമാറണം ഓരോ നരജന്മവും. വിശുദ്ധ പത്രോസ് അപ്പോസ്തലൻ ലേഖനത്തിലൂടെ (അദ്ധ്യായം 5:10) ഈ ദൈവിക തത്ത്വമാണ് അനാവരണം ചെയ്യുന്നത്; "എന്നാൽ നിങ്ങൾ അല്പകാലത്തേക്കു കഷ്ടതകൾ സഹിച്ചു കഴിയുമ്പോൾ മിശിഹായിൽ നിങ്ങളെ നിത്യമഹത്ത്വത്തിലേക്കു വിളിച്ചിരിക്കുന്ന സർവ്വ കൃപാലുവായ ദൈവം നിങ്ങളെ പരിപൂർണ്ണരാക്കി സ്ഥിരീകരിക്കുകയും ശക്തിപ്പെടുത്തി സ്ഥാപിക്കുകയും ചെയ്യും."

അജ്ഞാതചര്യയായി താപസാഗാരത്തിലെ ഒരു രഹസ്യ അറയിൽ തന്റെ സമർപ്പിത ജന്മം എരിഞ്ഞു തീരുവാൻ അഭിലഷിച്ച അൽഫോൻസാമ്മ ആത്മാവിന്റെ അമാവാസികൾ വിട്ട് പ്രകാശത്തിന്റെ നാഥനോടൊപ്പം ഉത്ഥാനമഹത്ത്വത്തിൽ ജ്വലിച്ചെരിയുകയാണിപ്പോൾ. ലോക മഹായുദ്ധകാലത്ത് മണ്ണെണ്ണ കിട്ടാതായപ്പോൾ പലരിൽനിന്നും 'മുറിത്തിരി'കൾ യാചിച്ചു വാങ്ങി അവൾ സൂക്ഷിച്ചുവച്ചിരുന്നു. രാത്രിയിൽ മറ്റു സന്ന്യാസിനികൾക്ക് വഴി വെട്ടമായിത്തീരാനുള്ള അവളുടെ ലളിതസുഭഗമായ ഒരുദ്യമം. അവൾ വഴികാട്ടിയായി ഹൃദയത്തിൽ പ്രതിഷ്ഠിച്ചിരുന്ന കൊച്ചുത്രേസ്യാപുണ്യവതിയും ഇത്തരം കുഞ്ഞുകുഞ്ഞു കുറുക്കു വഴികളിലൂടെ അത്യുദാത്തനായ ക്രിസ്തുവിന്റെ പ്രകാശഗരിമയിലേക്കു പ്രവേശിക്കുവാൻ പ്രയത്നിച്ചവളാണ്. സഹജർക്കുവേണ്ടി മുറിത്തിരികൾ സ്വരൂപിച്ചുവച്ചവൾ ഇന്നു ഭാരതസഭയുടെ വെണ്ണിലാവായി മാറിയിരിക്കുന്നു. അഥവാ, ഈ ദാസിയുടെ താഴ്മയെ തൃക്കൺപാർത്ത ദൈവം നശ്വര ലോകത്തിനൊരു വിളക്കുമരമായി അവളെ പ്രതിഷ്ഠിച്ചനുഗ്രഹിച്ചിരിക്കുന്നു. 'ഒരു രാജാവ് തന്റെ പ്രജകളിൽ ഏറ്റം ദരിദ്രയായ ഒരു സ്ത്രീയെ പത്നിയായി സ്വീകരിച്ചു കഴിഞ്ഞാൽ അവൾ ആ രാജാവിന്റെ സകല സ്വത്തിനും അവകാശിനിയാകുന്നില്ലേ' എന്ന് അൽഫോൻസാ പുണ്യവതിയും ചോദിക്കുമായിരുന്നു.

നിത്യതയിൽ ആത്മനാഥൻ അവൾക്കായി ഒരുക്കി വച്ചിരിക്കുന്ന ആ അനർഘ സമ്മാനം ആരുമറിയാതെ ഓടിച്ചെന്നെടുക്കണം എന്നായിരുന്നു അവളുടെ സ്വപ്നങ്ങൾ. "ഭാരക്കുറവുള്ള പക്ഷികൾക്ക് വളരെ

www.malankaralibrary.com


വേഗത്തിൽ പറക്കാൻ കഴിയുമല്ലോ. ചില പക്ഷികൾ പറന്നാൽ ചിറക ടിക്കുന്ന ശബ്ദംപോലും കേൾക്കുകയില്ല. ഞാനും അപ്രകാരം പറ ന്നുപോകും. എന്റെ ബലി പൂർത്തിയാകുമ്പോൾ എന്റെ ദിവ്യനാഥൻ എന്നെ വന്നു വിളിക്കും. അപ്പോൾ ഞാനൊരു ഓട്ടം ഓടും. ഞാൻ ഓടി എന്റെ കർത്താവിന്റെ മടിയിൽ ചെന്നിരിക്കും. നിങ്ങളാരും അറി യുകയില്ല.''

ചെടിയുടെ ചുവട്ടിൽ കിടക്കുന്ന വെട്ടിയിലയും വട്ടയിലയും ചീഞ്ഞ്, ചെടിയിൽ മനോജ്ഞപുഷ്പങ്ങൾക്കു വേണ്ടുന്ന വള മായിത്തീരുമെന്നും പൂക്കളെക്കണ്ട് സന്തോഷിക്കുന്ന മാലോകർക്ക് മണ്ണിൽ ചീഞ്ഞ് വിലയം പ്രാപിക്കുന്ന ഈ വെട്ടിയിലയും വട്ടയിലയും അജ്ഞാതമായിരിക്കുമെന്നും അതുപോലെ താനും ആരാലും അറി യപ്പെടാതെ അമർന്നുകൊള്ളട്ടെ എന്നും പറഞ്ഞ ഇവൾ ഇന്ന് ലോക ത്തിന്റെ മുഴുവൻ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിരിക്കുന്നു. അതുകൊണ്ടാ ണ്, അവളുടെ ആത്മീയവളർച്ചാഘട്ടങ്ങളിൽ സൂക്ഷ്മദൃക്കായി നില കൊണ്ട വന്ദ്യറോമുളൂസച്ചൻ ഇങ്ങനെയെഴുതിയത്: "അവളുടെ ഹൃദ യത്തിൽ ഒളിഞ്ഞു കിടക്കുന്ന വിസ്മയകരമായ ആദ്ധ്യാത്മികജ്ഞാ നം, തീവ്രമായ ദൈവസ്നേഹം, ദൈവചിത്തത്തോടുള്ള അനുയോ ജ്യത, അന്യാദൃശ്യമായ പരസ്നേഹം, വിസ്മയനീയമായ ക്ഷമ, ശിശു സഹജമായ നിഷ്ക്കപടത, ഹൃദയാവർജ്ജകമായ സംഭാഷണ മാധുരി ഇത്യാദി ഗുണങ്ങൾ ഏവർക്കും സുജ്ഞാതമായിത്തീരുകയുണ്ടായി. അജ്ഞാതമായിക്കഴിഞ്ഞ അവളെപ്പറ്റി പലരും അറിയാൻ തുടങ്ങി.'' (സ്നേഹബലി പുറം: 74)

### വിരാമം

സനാതനസത്യത്തിന്റെ ഉപാസകയായിരുന്ന അൽഫോൻസാ മ്മയുടെ ദർശനങ്ങൾക്കും കർമ്മഗതികൾക്കും കാലാന്തരത്തിൽ മൂല്യം ഏറുകയാണ്. ആഗോളീകരണവ്യവസ്ഥിതികളുടെ കമ്പോളശൈലികൾ എങ്ങും പടർന്നു കയറുന്ന ഇക്കാലത്ത് സത്യവിശ്വാസം വിറ്റഴിയാച്ചര ക്കായി മാറിക്കൊണ്ടിരിക്കുന്നു. സമൂഹത്തെ ഗ്രസിക്കുന്ന കലുഷാവ സ്ഥയുടെ അനുരണനം സഭാന്തരീക്ഷത്തിലും പ്രകടമായിത്തുടങ്ങി യിരിക്കുന്നു. അത്യാവശ്യം, ആവശ്യം, അനാവശ്യം എന്നിവയിൽ

www.malankaralibrary.com


അത്യാവശ്യമായവയ്ക്കു മാത്രം പരിഗണന നല്കിപ്പോന്ന പഴയകാല ലാളിത്യാരൂപി ഇന്ന് ആശ്രമങ്ങളിൽ നിന്നും മഠത്തിൽ നിന്നുപോലും മെല്ലെ മെല്ലെ പടിയിറങ്ങിത്തുടങ്ങുകയാണ്. അപ്പോൾ പിന്നെ അല്മായ ജീവിതത്തിലെ ധർമ്മശോഷണത്തെപ്പറ്റി പറയാനുണ്ടോ? അനാവശ്യങ്ങളുടെ കരിനാഗങ്ങളെ കരൾപ്പൊത്തിൽ കുടിയേറ്റി പോറ്റി വളർത്തുകയാണ് നാം. ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ സന്ന്യാസവ്രതങ്ങളെ സഭാമക്കൾപോലും പൊതുവേ സഹതാപനേത്രങ്ങളോടെ വീക്ഷിച്ചു തുടങ്ങിയിരിക്കുന്നു. അതുകൊണ്ടാണ് ആഡംബരപ്രവണതകളെ ചോദ്യം ചെയ്തുകൊണ്ട് ചരിത്രത്തിൽ ഒരു മാർപ്പാപ്പാ, ദാരിദ്ര്യത്തിന്റെ പരകോടി താണ്ടിയ അസ്സീസിയിലെ ഫ്രാൻസിസ് എന്ന നിസ്വന്റെ നാമധേയം കടം കൊണ്ടതും ന്യസനങ്ങളുടെ മൂല്യം ഉയർത്തിക്കാട്ടുവാനായി ഇക്കൊല്ലത്തെ 'സന്ന്യാസവർഷ'മായി പ്രഖ്യാപിച്ചതും. സന്ന്യാസവർഷത്തിന്റെ ആചരണത്തെപ്പോലും ചെണ്ടമേളക്കൊഴുപ്പിലും വെടിക്കെട്ടുപൂരത്തിലും പണക്കൊഴുപ്പിലും മുക്കിക്കൊല്ലുന്ന ആഘോഷപ്രമത്തരായി നാം തരം താഴുകയാണോ എന്നു പര്യാലോചിക്കണം. സഭയുടെ ചങ്കാണ് സന്ന്യാസപ്രസ്ഥാനമെന്നു സഭാ വിജ്ഞാനീയം പ്രബോധിപ്പിക്കുന്നു. ചങ്കിന്റെ ധർമ്മമെന്താണെന്ന് തിരിച്ചറിഞ്ഞ് വിശുദ്ധീകരണകർമ്മത്തിൽ പങ്കാളിയാകാനുള്ള സമർപ്പണനിയോഗത്തെ നാം നിരാകരിക്കുന്നു. സ്വയം വിശുദ്ധീകരണത്തിലൂടെ സമൂഹ വിശുദ്ധീകരണം എന്നു വ്രതവാക്യം കൈക്കൊണ്ട് സന്ന്യസ്തരും അല്മായരും തീക്ഷ്ണസാക്ഷ്യങ്ങളായി മാറണം. അതിന് അൽഫോൻസാ പുണ്യവതിയുടെ ജീവൽ മാതൃകയും ദർശനവും മതിയായ ഗുണപാഠമാണ്. അവ വളമായി സ്വാംശീകരിക്കുമ്പോൾ സഹനജന്മങ്ങളുടെ മുൾത്തണ്ടുകളിൽ ത്യാഗസുരഭില പനിനീർമലരുകൾ ഇതൾ വിടർത്തും. അവ, സഭയുടെ അൾത്താരകളിലും സമൂഹമനഃസാക്ഷിയിലും ഒരു പുതു വസന്തത്തിന്റെ അരുണകാന്തി പ്രസിപ്പിക്കുകയും ചെയ്യും; തീർച്ച.

**********

www.malankaralibrary.com

# 3
# കാരുണ്യസഭയിൽ വിൻസെൻഷ്യൻ കരങ്ങൾ

## സമാരംഭം

പരോപകാരത്വം സപര്യയാക്കുന്ന യാതൊരു ഉപസമിതിയും താത്ത്വികമായി തിരുസഭയ്ക്കുള്ളിൽ അനിവാര്യമല്ല. എന്തുകൊണ്ടെന്നാൽ, സഭ സ്വയമേവ ദീനസേവിനിയാണ്. ഇതിന് ഉപോദ്ബലകമായി, നലം തികഞ്ഞ വേദശാസ്ത്രകാരൻ, ബനഡിക്ട് പതിനാറാം മാർപ്പാപ്പാ 'ദൈവം സ്നേഹമാകുന്നു' എന്ന തിരുവെഴുത്തിലൂടെ വ്യക്തമാക്കുന്നു; "ദൈവവചനപ്രഘോഷണം, കൂദാശകൾ എന്നിവയോടൊപ്പം പ്രാധാന്യമർഹിക്കുന്നതാണ് പരസ്നേഹപ്രവർത്തനം. സഭയെ സംബന്ധിച്ചിടത്തോളം പരസ്നേഹപ്രവർത്തനം മറ്റുള്ളവർക്കായി വിട്ടുകൊടുക്കാവുന്ന ഒരു തരം ക്ഷേമ പ്രവർത്തനമല്ല. പിന്നെയോ, അത് അവളുടെ സ്വഭാവത്തിന്റെ ഒരു ഭാഗമാണ്. അവളുടെ അസ്തിത്വത്തിന്റെ തന്നെ അനുപേക്ഷണീയ പ്രകാശനവുമാണ്."

പിന്നെന്തുകൊണ്ട്, വിൻസെന്റ് ഡി പോൾ പുണ്യാളന്റെ മാദ്ധ്യസ്ഥ്യനാമധേയത്തിൽ 1833-ൽ ഫ്രെഡറിക് ഓസാനാം എന്ന യുവമനീഷി സമാരംഭിച്ച ദീനബന്ധു സഖ്യം 156 രാജ്യങ്ങളിലെ 50,000 കോൺഫ്രൻസുകളിലൂടെ 12 ലക്ഷം സന്നദ്ധ കാരുണികർ വഴി തിരുസഭയുടെ ആർദ്രമുഖ പ്രകാശനമായി മാറിക്കഴിഞ്ഞിരിക്കുന്നു.

---

*സെന്റ് വിൻസെന്റ് ഡി.പോൾ സൊസൈറ്റിയുടെ മാസികയായ ഓസാനാം ബുള്ളറ്റിന്റെ പേൾ ജൂബിലി സ്മാരകമായി കേരളത്തിലെ 30 രൂപതകളെയും പങ്കെടുപ്പിച്ച് നടത്തിയ ലേഖനമത്സരത്തിൽ ഒന്നാം സമ്മാനം നേടിയത്.*

www.malankaralibrary.com


കാരണം സഭയുടെ അടിസ്ഥാനമായിരിക്കേണ്ട ദീനദയാപരത്വമെന്ന ഏകാഗ്രലക്ഷ്യത്തെ ചില ദശാസന്ധികളിലെങ്കിലും മുറുകെ പിടിക്കാൻ അവൾക്കു കഴിയാതെ പോയി എന്നതു തന്നെ. അത്തരം വൈപരീത്യാവസ്ഥകളിൽ അനന്യരായ ചില സാരഥികൾ സഭാ മാതാവിന്റെ കായകല്പചികിത്സയ്ക്കായി ദേവേച്ഛപോലെ നിയുക്തരാക്കപ്പെട്ടിട്ടുണ്ട്. 'തകർന്നു കിടക്കുന്ന എന്റെ ആലയം നീ പുനരുദ്ധരിക്കുക' എന്ന വെളിപാട് അസീസിയിലെ ഫ്രാൻസിസിനുണ്ടായത് ഇത്തരമൊരു സാഹചര്യത്തിലാണ്. ജന്മിത്തത്തിന്റെ ദുർമ്മേദസുകൊണ്ട് യൂറോപ്പിൽ സഭ ചീർത്തു വികൃതമായപ്പോൾ പാരീസിലെ ഫ്രഡറിക് എന്ന ചെറുപ്പക്കാരനാണ് അയയ്ക്കപ്പെട്ടത്. പാരിലെങ്ങും കാരുണ്യത്തിന്റെ ഉറവകൾ ഒന്നൊന്നായി വറ്റിത്തുടങ്ങുന്ന ഈ വാർത്തമാനകാലത്ത് ഫ്രാൻസിസ് എന്നൊരു പാപ്പാ ലോകമനസ്സാക്ഷിയിൽ ദയാവായ്പിന്റെ മഹിതാവതാരമായി മാറിക്കഴിഞ്ഞതിനും നാം സാക്ഷികൾ. കരുണയുടെ സംവത്സരമായി അദ്ദേഹം പ്രഖ്യാപിക്കുന്ന ഈ കാലയളവിൽ കരുണയുടെ കരസ്പർശമായി സഭയിൽ സേവ ചെയ്യുന്ന 'വിൻസെന്റ് ഡി പോൾ' സഖ്യത്തെ ലേഖന വിഷയമാക്കുന്നത് സന്ദർഭോചിതമത്രേ.

## സഭാന്തര ശുദ്ധീകരണത്തിനൊരു അല്മായ മുന്നേറ്റം

നന്മ ചെയ്തുകൊണ്ട് ചുറ്റി സഞ്ചരിച്ചവൻ എന്നു സുവിശേഷ സാക്ഷ്യമുള്ള ക്രിസ്തുവിന്റെ ദർപ്പണമാകണം സഭ. അവന്റെ സ്വഭാവമായ ശാന്തശീലത്വവും എളിമയും ഇല്ലായ്മക്കാരുടെ അധഃസ്ഥലങ്ങളിലേക്കു താണിറങ്ങാനുള്ള ഒതുക്കുകൾ ആയിരുന്നു. ഈ ശീലങ്ങളിൽ നിന്ന് നിങ്ങൾ പഠിക്കുവിൻ എന്ന ദൈവ പുത്രന്റെ അനുശാസനം ചെവിക്കൊള്ളാനാവാത്ത വിധം ചില സ്ഥലങ്ങളിലെങ്കിലുമുള്ള സഭ പല പ്രതിലോമാവസ്ഥകളിലും പെട്ടുപോയിട്ടുണ്ട്. ഭേദചിന്തകൾ ഏതും തീണ്ടാത്ത സമത്വസുന്ദരമാനവീയത ആദിമക്രൈസ്തവസഭയിൽ പ്രഫുല്ലമായിരുന്നു. സഹതാപമല്ല (Sympathy), സഹാനുഭൂതി (Empathy) യായിരുന്നു അവരുടെ കാരുണ്യകർമ്മങ്ങൾക്കുള്ള ചോദകത്വം. പക്ഷേ കാലഗതിക്കൊപ്പം ലൗകികതയുടെ കലുഷഭാവങ്ങൾ സഭാ

www.malankaralibrary.com


ഗാത്രത്തിലും നിറഞ്ഞു. യൂറോപ്പിന്റെ സംസ്കൃതിയിൽ രൂക്ഷ പരിണാമം വരുത്തിയ ഫ്യൂഡലിസം സഭാന്തരീക്ഷത്തിലും ഭാവപ്പകർച്ച വരുത്തി. ഗർവ്വും അധികാരപ്രമത്തതയും സഭാസാരഥികളുടെ നടപടികളിൽ നിഴലിച്ചു തുടങ്ങി. പ്രഭുക്കൾക്കു സ്വീകാര്യതയും ദരിദ്രർക്ക് അവഗണനയുമായിരുന്നു അതിന്റെ പരിണതി. പട്ടിണിക്കാർ മാത്രമല്ല അല്മായരും പൊതുവേ പുറന്തള്ളപ്പെട്ടു. അവർക്കു മദ്ബഹായിൽ പ്രവേശിക്കാനോ വേദം പഠിക്കാനോ പഠിപ്പിക്കാനോ അനുവാദമുണ്ടായിരുന്നില്ല. 1789–ലെ ഫ്രഞ്ചു വിപ്ലവത്തോടെ ഈ ദുഃസ്ഥിതി ഏറെ വഷളായി. യുദ്ധഭൂവിൽ നിന്നും ജനം പ്രാണനും കൊണ്ടോടി. ദരിദ്രജനലക്ഷങ്ങളെക്കൊണ്ട് ആ നാടു നിറഞ്ഞു. തെരുവുകളിൽ ശവങ്ങൾ കുന്നുകൂടി. സഭാ നേതൃത്വം അപ്പോഴും ദന്തഗോപുരങ്ങളിലെ ചില്ലുമാളികകളിലമർന്ന് പ്രഭുതുല്യജീവിതം നുകരുകയായിരുന്നു. ദരിദ്രജനകോടികളുടെ നെഞ്ചകങ്ങൾ അതിനാൽ രോഷം കൊണ്ട് നിറഞ്ഞിരുന്നു. ഈ ആപൽക്കാലത്താണ് ഫ്രഡറിക് ഓസാനാം എന്ന പത്തൊൻപതുകാരനോട് സഭാ വൈരികളായ സിമോണിയൻസ് ആക്രോശിച്ചത്; "നിറുത്തു നിങ്ങളുടെ വാചക ക്കസർത്തുകൾ. കാട്ടിത്തരാൻ നല്ല പ്രവൃത്തികൾ വല്ലതുമുണ്ടോ സഭാവക്താവെന്ന് അഭിമാനിക്കുന്ന നിങ്ങളുടെ പക്കൽ"? മതിമാനും വാഗ്മിയുമായ ഫ്രഡറിക് തത്ക്ഷണം പ്രസംഗം നിറുത്തി. അങ്ങനെയാണ് തിരുസഭയ്ക്കുള്ളിലെ ഉപസഭയായി ഈ അല്മായ പ്രസ്ഥാനം മുളച്ചു വളർന്ന് തഴച്ചു പന്തലിച്ചത്. ഈ ഉപസഭയിലെ അൾത്താര, പാവപ്പെട്ടവന്റെ ദുർഭഗാവസ്ഥകളാണ്. ആരാധന, അവരുടെ മിഴിനീർ തുടയ്ക്കലാണ്. ബലിയല്ല കരുണയാണ് ഏറെ ഹിതകരം എന്നരുളിയ ക്രിസ്തുവിന്റെ പ്രത്യക്ഷീകരണ വേദിയാണത്. അവരുടെ ഉള്ളം തണുപ്പിക്കുന്ന സാന്ത്വനോക്തികളാൽ തിരുവചനവ്യാഖ്യാനത്തിന്റെ പൊരുളുകളാണ് മുഴങ്ങുന്നത്. ഈശോയുടെ നാമത്തിൽ നീട്ടിക്കൊടുക്കുന്ന ഓരോ അപ്പക്കഷണത്തിലും 'അപ്പം മുറിക്കലിന്റെ 'സഹനം തുടിക്കുന്നുണ്ട്. ചുരുക്കത്തിൽ ഓരോ സഖ്യാംഗവും ഓരോ ക്രിസ്തുവായി പുനരവതരിക്കുകയുമാണ്.

www.malankaralibrary.com



## വചനം പ്രയുക്തിബന്ധിതം

വചന സ്വീകാര്യതയും അതിന്റെ അനുസ്യൂതിയായ പ്രയുക്തിയും ഒരു വിൻസെൻഷ്യന്റെ അനിവാര്യധർമ്മങ്ങളാണ്. സിനഗോഗിൽ യെശയ്യപ്രവചനങ്ങളുടെ ചുരുൾ നിവർത്തി പതിതപക്ഷപാതത്തിന്റെ വചനഭാഷ്യം ഉറക്കെ വായിച്ച് തന്റെ കർമ്മ ഗതിയുടെ ഉദ്ഘാടനം നിറവേറ്റുകയായിരുന്നു ക്രിസ്തു. ശരീരത്തിന്റെയും മനസ്സിന്റെയും ആന്ധ്യം ദൂരീകരിച്ചും ശ്രവണം സാദ്ധ്യമാക്കിയും ബന്ധങ്ങൾ അഴിച്ചുകളഞ്ഞും അവൻ നിരാലംബജനാവലിക്ക് സ്വീകാര്യമായ വത്സരം വിളംബരം ചെയ്തു. അതുവരെ പ്രാമാണികരുടെ ചതുർത്ഥികളായി ഗണിക്കപ്പെട്ടു പോന്ന നിർഭാഗ്യരെ നോക്കി അവൻ ഒരു മലമുകളിൽ കയറിനിന്ന് അവർക്കുവേണ്ടി ഒരു പുതിയ ഭാഗ്യകീർത്തനം (അഷ്ടഭാഗ്യങ്ങൾ) അവതരിപ്പിക്കുകയാണ്. തന്റെ രക്ഷാകരപിറവിയുടെ സദ്വാർത്തകൾ പാരിൽ ആദ്യമായി ശ്രവിക്കുവാൻ ദൈവപുത്രൻ തെരഞ്ഞെടുത്തത് പാവപ്പെട്ട ആട്ടിടയരെയാണ്. ദരിദ്രരുടെ പാദസേവയ്ക്ക് അവിടുന്ന് ഈശ്വരപൂജയുടെ പതിത്വം തന്നെ കല്പിച്ചുകൊടുത്തു. അന്ത്യവിധിയുടെ മാനദണ്ഡം ഈ പതിതപാദപൂജമാത്രമായിരിക്കുമെന്നും ദൈവപുത്രൻ മുന്നറിയിച്ചു. ദരിദ്രർ എപ്പോഴും നിങ്ങളൊടൊപ്പം ഉണ്ടായിരിക്കും എന്നും പറഞ്ഞ് സ്വർഗ്ഗരാജ്യപ്രവേശത്തിന്റെ തുറുപ്പുചീട്ട് അവരിൽ നിക്ഷേപിച്ചു. ഈ തുറുപ്പു ചീട്ടിനായി സമർപ്പണോത്സുകതയോടെ കർമ്മനിരതനാവുകയാണ് ഓരോ സഖ്യാംഗവും.

കർമ്മാധിഷ്ഠിത വിശ്വാസത്തിന്റെ വക്താവായ യാക്കോബ് ശ്ലീഹാ കുറിച്ചു വച്ചിരിക്കുന്നു (ലേഖനം 2: 14–17) "വിശ്വാസമുണ്ടെന്നു പറയുകയും പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്? വെറും വിശ്വാസത്തിന് ഒരുവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ, നിങ്ങളിൽ ആരെങ്കിലും ശരീരത്തിനാവശ്യമായത് അവർക്കു കൊടുക്കാതെ സമാധാനത്തിൽ പോവുക, തീ കായുക, വിശപ്പടക്കുക എന്നൊക്കെ അവരോട് പറയുന്നതിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തി കൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജ്ജീവമാണ്."

www.malankaralibrary.com



## ഉപവി സഖ്യത്തിന്റെ ലാളിത്യാരൂപി

എളിമയുടെയും ലാളിത്യത്തിന്റെയും ഗുണപാഠങ്ങൾ ക്രിസ്തുവിൽ നിന്നുൾക്കൊള്ളേണ്ട സഭ അനാവശ്യങ്ങളും ആർഭാടഭരിതങ്ങളുമായ ഘോഷയാത്രകളും വെടിപൂരങ്ങളും പരസ്യബഹളങ്ങളുമൊക്കെക്കൊണ്ട് കലുഷമായിരിക്കുന്നു. മറിച്ചായിരുന്നുവെങ്കിൽ ദരിദ്രർ ഏറെ നിസ്വരും ധനികർ ഏറെ പ്രബലരുമായിത്തീരുമായിരുന്നില്ല. ഓരോ ഇടവകയുടെയും അവസ്ഥ ഒന്നു പരിശോധിച്ചാലറിയാം, പട്ടിണിക്കാരും രോഗികളും ഭവന രഹിതരും പഠനം നിഷേധിക്കപ്പെട്ട സമർത്ഥരും മറ്റുമായി വിഷമിക്കുന്നവർ വളരെയാണെന്ന്. പള്ളിക്കാർ, വാർഷികബജറ്റുകളിൽ ഇവരുടെ സമുദ്ധാരണത്തിനല്ല മുൻതൂക്കം ആഘോഷങ്ങൾക്കും കെട്ടിട നിർമ്മാണ പദ്ധതികൾക്കും മറ്റുമാണ്. അതുകൊണ്ടാണ് അസ്സീസ്സിയിലെ ഫ്രാൻസിസ് എന്ന രണ്ടാം ക്രിസ്തുവും പാരീസിലെ ഫ്രഡറിക് എന്ന ദീനബന്ധുവും ധൂർത്തിനെതിരേ മാനിഷാദ ഓതുന്ന ഫ്രാൻസിസ് പപ്പാ എന്ന മൂന്നാം ക്രിസ്തുവും മറ്റും കരുണയെ പ്രതിയുള്ള എളിമയുടെ നാൾ വഴികളിൽ അനന്യതേജസ്വികളായ അടയാളപ്പെടുത്തപ്പെടുന്നത്. അമേരിക്കൻ പ്രസിഡന്റിനെ കാണാൻ ഏറ്റം ചെറിയ കാറിൽ ചെന്ന പോപ് ഫ്രാൻസിസ് ലോകത്തോട് ഉദ്ഘോഷിക്കുന്നത് തന്നെത്തന്നെ ശൂന്യവൽക്കരിച്ച് ദാസവേഷംപൂണ്ട് ഗോശാലയിൽ പിറന്ന യേശുവിന്റെ ലാളിത്യാരൂപിതന്നെയാണ്. വിൻസെൻഷ്യൻ അരൂപികളിൽ പ്രധാനപ്പെട്ടവയാണ് എളിമയുടെയും ലാളിത്യത്തിന്റെയും വിനയത്തിന്റെയും മറ്റും അരൂപികൾ. ഇല്ലായ്മക്കാരായ നമ്മുടെ സഹോദരരെ പ്രതിയാണ് നാം അവശ്യമായവ പര്യത്യജിച്ച് എളിമയിൽ വർത്തിക്കുന്നത്. "നീ സൂക്ഷിച്ചു വച്ചിരിക്കുന്ന അപ്പം വിശക്കുന്നവന്റേയും വസ്ത്രം നഗ്നന്റേതും ചെരിപ്പുകൾ അതില്ലാത്താവന്റേയും കുന്നുകൂട്ടി വച്ചിരിക്കുന്ന സമ്പത്ത് ദരിദ്രന്റേതുമാണ് എന്ന് ബേസിൽ പുണ്യാളൻ ഓർമ്മിപ്പിക്കുന്നു." സഭ ആധുനിക ലോകത്തിൽ എന്ന തിരുവെഴുത്തിലൂടെ കഷ്ടാരിഷ്ടതകളെ കഴിയുന്നിടത്തോളം ലഘൂകരിക്കുക എന്നത് ദൈവജനം മുഴുവന്റേയും കടമയാണ്. അതിനാൽ നിങ്ങളുടെ സമൃദ്ധിയിൽ നിന്നു മാത്രമല്ല, പണ്ടു സഭയിൽ നടപ്പിലായി

www.malankaralibrary.com



രുന്നതുപോലെ അത്യാവശ്യമായവയെ ഉപേക്ഷിച്ചുപോലും ആ കടമ അവൻ നിർവ്വഹിക്കണം. നമ്മുടെ രാഷ്ട്രതാതൻ അത്യാവശ്യമായ ഉടുപ്പുപോലും ഉപേക്ഷിച്ച് മാതൃക കാട്ടി. എന്നാൽ സഭാ മക്കളോ, അനാവശ്യമായവയുടെ പിന്നാലെ പരക്കം പായുന്നു. അതുകൊണ്ടാണ് ഗാന്ധിജി തുറന്നടിച്ചത് "ഞാൻ ക്രിസ്തുവിനെ സ്നേഹിക്കുന്നു ക്രിസ്ത്യാനികളെ വെറുക്കുന്നു" എന്ന്. ഈ ദശാസന്ധിയിലാണ് കാരുണ്യത്തിന്റെ അഞ്ജനമെഴുതിയ മിഴികളോടെ ദരിദ്രരെ പരതുന്ന ഓരോ വിൻസെൻഷ്യന്റേയും ധർമ്മം സഭയിൽ വിലമതിക്കപ്പെടേണ്ടത്.

## മുറിച്ചു നീട്ടുന്ന അപ്പം

ദൈവപുത്രന്റെ പാർശ്വത്തിലെ തിരുമുറിവോടെയാണ് സഭയുടെ പിറവി എന്നൊരു വ്യാഖ്യാനമുണ്ടല്ലോ. അവിടെ നിന്നും ഉറന്നൊഴുകിയ ജലം, മാമോദീസായുടെയും നിണം, വിശുദ്ധ കുർബ്ബാനയുടേയും പ്രതീകങ്ങളുമാവാം. രക്ഷാകരസഹനത്തിലൂടെയാണ് സഭ ആവിഷ്കൃതയായത് എന്നു സാരം. അതേ മുറിവോടെ അപരനെ കരുതുമ്പോഴാണ് അത് ദൈവികമായിത്തീരുന്നത്. 'വാങ്ങി ഭക്ഷിക്കുക, ഇതെന്റെ ശരീരമാകുന്നു' എന്ന തിരുവോക്തികളിലെ നൊമ്പരം സഖ്യാംഗത്തിന്റെ കരുതലിലും നിഴലിക്കണം.

ഏവർക്കും ഏറ്റം അനർഘമായ സ്വത്ത് സമയമാണല്ലോ. അവനവന്റെ കാര്യങ്ങൾക്കു പോലും നേരം പരിമിതമാണെന്നു പരിതപിക്കുന്നവരുടെ ഇടയിലാണ് ഓരോ സഖ്യാംഗവും ക്രമബദ്ധമായ ചര്യകളോടെ സേവനനിരതനാകുന്നത്. സഖ്യത്തിന്റെ സ്ഥാപനത്തിനും നിലനില്പിനും ആധാരമായ ദത്തുകുടുംബാംഗങ്ങളെ ആഴ്ചതോറും അവരുടെ ഇടങ്ങളിൽ ചെന്ന് സന്ദർശിച്ച് ഊഷ്മളമായ വ്യക്തിബന്ധം പരിപാലിക്കേണ്ടത് അനിവാര്യമാണ്. ഒരിടവകയിൽ വിൻസെന്റ് ഡി പോൾ പ്രവർത്തകരായി പത്തുപേർ ഉണ്ടെങ്കിൽ ആഴ്ചതോറും ഈരണ്ടുപേരായി പിരിഞ്ഞ് അവർ ദത്തുകുടുംബങ്ങളിലും ഇതര ദരിദ്രഭവനങ്ങളിലും ചെന്ന് അവരുമായി മുഖതാവിൽ സംസാരിക്കുന്നു. ലോകം മുഴുവനിലുമുള്ള സഖ്യാംഗങ്ങൾ നിരന്തരം ഇങ്ങനെ സമയം വ്യയം ചെയ്യുകയാണ്. വനരോദനങ്ങളായി അവഗണിക്കപ്പെടാവുന്ന

www.malankaralibrary.com


അവരുടെ പരിദേവനങ്ങൾ സഹിഷ്ണുതാ ഹൃദയങ്ങളോടെ സഖ്യാം ഗങ്ങൾ ശ്രവിക്കുന്നു; അവരെ ആശ്വസിപ്പിക്കുന്നു; ഇടം കൈപോലും അറിയാൻ ഇടയാകാത്തവിധം വലംകയ്യുടെ സുകൃത സഹായം സാദരം പങ്കുവെച്ച് അവരുടെ അഭിമാനത്തിന്റെ കാവലാളുകളായി അവർ മാറുകയും ചെയ്യുന്നു. ദാനം ചെയ്യുക എന്ന പ്രയോഗം പോലും ഇവിടെ വർജ്യമാണ്. സെന്റ് വിൻസെന്റ് പറയുന്നു; "അതവർക്കു ദാനമല്ല; അവകാശമാണ്. പാവങ്ങൾ നിങ്ങളുടെ യജമാനന്മാരാണ്. നിങ്ങളാണ് അവരുടെ ദാസന്മാർ."

ഭവനസന്ദർശനങ്ങളിലൂടെ പുരോഹിതന്മാർ പണ്ടു സഭയിൽ ഉന്മിഷത്താക്കിപ്പോന്ന വ്യക്തിബന്ധങ്ങളുടെ ഇഴയടുപ്പം പയ്യെപ്പയ്യെ മന്ദീഭവിച്ചു വരികയാണ്. പുതുയുഗസന്തതികളായ പുരോഹിതന്മാരും ഇടവകജനവും പൊതുവേ ബഹുകാര്യചിത്തരായിത്തീരുകയാണ്. 'ഞങ്ങളെ കരുതാൻ ആരുണ്ട്' എന്ന ചോദ്യം ഉറയുന്ന വഴിക്കണ്ണുകളോടെ കാത്തിരിക്കുന്ന പതിതരുടെ മുമ്പിൽ 'ഞങ്ങളുണ്ട്' എന്ന സമാശ്വാസത്തിന്റെ പ്രത്യുത്തരം നല്കാൻ വിൻസൻഷ്യൻ പ്രതിജ്ഞാബദ്ധനാണ്. വിദേശ ധനത്തിന്റെ വിതരണക്കാർ മാത്രമായി ഒരു ഉപവികർമ്മിയും തരം താഴുന്നില്ല. സഹായധനം അവർ സ്വയമേവ കണ്ടെത്തുകയാണ്.

## മാനവീയതയുടെ പ്രഫുല്ലത

ബഹുമതങ്ങളുടെ വിവിധ കളങ്ങളിൽ മാനവീയത ഒതുക്കപ്പെടുന്ന തരത്തിൽ ഇന്നിന്റെ ജാതീയ വീഭാഗീയത ശക്തിമത്ത്ക്കരിച്ചിരിക്കുന്നു. ആരാണയൽക്കാരൻ എന്നാരാഞ്ഞവനോട് ഭിന്നമതസ്ഥനായ ഒരുവൻ തന്നെ ആയിരിക്കട്ടെ എന്നു പറഞ്ഞ് നല്ല ശമറായന്റെ മനുഷ്യത്വമുഖം ക്രിസ്തു വെളിവാക്കുന്നില്ലേ? ഇടവക, ഇടയന്റെ വക എന്ന വിവക്ഷയ്ക്കുപരിയായി നാടിന്റെ പൊതുവകയായി മാറണം. ക്രിസ്തു പറഞ്ഞു; ഈ ആലയത്തിൽപ്പെടാത്ത ആടുകളും എനിക്കുണ്ട് എന്ന്. "ഹള്ളി" എന്ന കന്നട സംജ്ഞയുടെ പരിണതിയാണ് പള്ളി. ഹള്ളി എന്നാൽ ഗ്രാമം എന്നാണർത്ഥം. അതായത് നാടിന്റെ ഹൃദയമാവണം ഇടവക. പക്ഷേ, അവനവന്റെ മതിൽക്കെട്ടിനുള്ളിലെ സ്വച്ഛ

www.malankaralibrary.com


തകളിൽ അഭിരമിക്കുവാൻ വാഞ്ഛിക്കുന്ന ഇടവക ജനം എന്റെ സഹോദരന്റെ കാവൽക്കാരൻ ഞാനോ എന്നു കായേനെപ്പോലെ മറുതലിക്കുകയല്ലേ? ഇവിടെയാണ്, അതിരുകളില്ലാതെ വികസിതമാകുന്ന വിൻസെൻഷ്യൻ വിശ്വസാഹോദര്യത്തിന്റെ പ്രസക്തി.

## ഇതര സേവന തലങ്ങൾ

ഭക്ഷണം, വൈദ്യം, പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയവയ്ക്കായുള്ള സഹായങ്ങളാണല്ലോ നിയതമായ പൊതു ധർമ്മം. കാലോചിതമായി ഇതര മേഖലകളിലേയ്ക്കുകൂടി ശുശ്രൂഷകൾ വ്യാപിപ്പിക്കണം. നല്ലൊരു നിയമജ്ഞൻ കൂടിയായിരുന്ന ഓസാനാം അനേകർക്കു സൗജന്യനിയമസഹായങ്ങൾ ചെയ്തു കൊടുത്തിരുന്നു. കോടതികളിൽ അദ്ദേഹം പാവങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വാദിച്ചു. പൊതുവേ പക്വമതികളും വിജ്ഞന്മാരും അനുഭവസമ്പന്നരുമായ സഖ്യാംഗങ്ങൾക്ക്, പ്രശ്നസങ്കീർണ്ണതകളുടെ നാൽക്കവലകളിൽ ഉഴറി വീഴുന്ന പാവങ്ങളെ സഹായിക്കാൻ കഴിയും. അതുപോലെ തന്നെ, കേന്ദ്രസംസ്ഥാന സർക്കാരുകൾ ആനുകൂല്യങ്ങളുടെ പെരുമഴയാണ് പാവങ്ങൾക്കായി വർഷിക്കുന്നത്. ദളിതർക്കും ആദിവാസികൾക്കും മറ്റുമായി എത്രയെത്ര വികസനപദ്ധതികൾ! പക്ഷേ, അവ പാതിവഴിയിലെത്തി രാഷ്ട്രീയ ദല്ലാളന്മാരുടെ കീശകളിലേക്കു വഴിമാറി ഒഴുകുകയാണെന്നു മാത്രം. ഇത്തരം ചതിക്കുഴികളിൽ വീഴാതെ, അനുവദിക്കപ്പെടുന്ന പണം നേരേ, അർഹിക്കുന്നവന്റെ പിച്ചച്ചട്ടികളിൽ എത്തിച്ചേരത്തക്കവിധം അവരെ സഹായിക്കാൻ വിൻസെൻഷ്യനു കഴിയണം.

ഇന്നു മനുഷ്യൻ ഏറെ വിശക്കുന്നത് സ്നേഹരാഹിത്യത്താലാണ്. പെറ്റമ്മയ്ക്കും പോറ്റിപ്പുലർത്തിയ അപ്പനും പോലും അവരുടെ അവശകാലങ്ങളിൽ സ്നേഹത്തിന്റെ ഒരു തീർത്ഥകണം ഇറ്റിക്കാനുള്ള ആർദ്രതയില്ലാത്ത വിധം പല സന്താനങ്ങളുടെയും ഹൃദയങ്ങൾ കഠിനതരങ്ങളായിപ്പോയിരിക്കുന്നു. പെരുകി വരുന്ന വൃദ്ധസദനങ്ങളും അനാഥാലയങ്ങളുമൊക്കെ അവരുടെ ഹൃദയമരവിപ്പിന്റെ ഭീതിദങ്ങളായ ശിലാസ്മാരകങ്ങളല്ലോ! വികലാംഗരായി പിറന്നതിന്റെ പേരിൽ മാതാപിതാക്കൾ ഉപേക്ഷിച്ചു കളഞ്ഞ അനാഥശിശുക്കളിൽ വാത്സ

www.malankaralibrary.com



ല്യത്തിന്റെ മധുരമായി മാറണം ഓരോ സഖ്യാംഗവും. മനോവൈകല്യത്തിന്റെ പേരിൽ ഉറ്റവർ ആട്ടിയകറ്റിയ ഹതഭാഗ്യസഹോദരങ്ങൾക്ക് സാന്ത്വനമാകണം ഓരോ വിൻസെൻഷ്യനും. ഒറ്റപ്പെടുത്തപ്പെട്ട വൃദ്ധരുടെ വഴിക്കണ്ണുകളിൽ ആശ്വാസത്തിന്റെ നിരന്തര സാന്നിദ്ധ്യവുമാകണം വിൻസെൻഷ്യൻ. അവരുടെ രോഗപീഡകളിൽ മരുന്നും പരിചരണവുമായി ഒപ്പമുണ്ടാകുകയും വേണം.

## ജീവൽ മാതൃകയുടെ ആകർഷകത്വം

പുത്തൻ തലമുറ സഭാകാര്യങ്ങളിൽ തത്പരരല്ലെന്ന പരിദേവനം പൊതുവേ ഉയരാറുണ്ട്. അനുഷ്ഠാനങ്ങൾക്കുപരിയായി, യുവതയുടെ ആത്മാവിനെ തൊടുന്ന വൈയക്തികാനുഭവങ്ങളായി മാറുന്നില്ല പല ചര്യകളും എന്നതാണിതിനു കാരണം. സഭ അവർക്കൊരു സ്പർശനാനുഭവമാകുന്നത് ക്ലിപ്തവും ക്രമബദ്ധവുമായ വിൻസെൻഷ്യൻ ഭവനസന്ദർശനങ്ങളിലൂടെയാണ്. സ്വാഗതോക്തികളല്ല, ഇത്തരം നിശ്ശബ്ദ മാതൃകകളാണ് സഭാത്മകതയിലേക്ക് ആകർഷിതരാകാൻ യുവതയ്ക്ക് പ്രേരണയാകുന്നത്.

## സമാപനം

ഈ വിധ പ്രേഷിത ശുശ്രൂഷകൾക്കായി ഓരോ സഖ്യാംഗവും ആഴ്ചതോറും നിശ്ചിതസമയം ത്യാഗപൂർവ്വം സമർപ്പിക്കുകയാണ്. വിധി നായകൻ ജീവന്റെ പുസ്തകത്തിൽ ഈ സമർപ്പണ ശുശ്രൂഷകൾക്ക് മുന്തിയ മൂല്യം രേഖപ്പെടുത്തുമെന്നു തീർച്ച. ഈ ചെറിയവരിലൊരുവനു നിങ്ങൾ ചെയ്ത നന്മകൾ എനിക്കു തന്നെയാണു ലഭിച്ചത് എന്നു പറഞ്ഞ് ദൈവപുത്രൻ തന്റെ മണവറയിലേക്കും വിരുന്നുശാലയിലേക്കും തങ്ങളെ ക്ഷണിക്കും എന്നു തന്നെ പ്രതീക്ഷിക്കാം കാരുണ്യത്തിന്റെ ഈ കാവലാളുകൾക്ക്.

**********

www.malankaralibrary.com

# 4

# ജ്ഞാന മാർഗ്ഗത്തിലെ ഗ്രിഗോറിയൻ കാല്പ്പാടുകൾ*

**ഉപക്രമം**

അറിവ് വെളിവാണ്; അറിവാളന്മാർ വെളിവിന്റെ മക്കളും. ഈ ജ്ഞാനപ്രകാശം അവനവന്റെ നടവഴികളിൽ എന്നപോലെ അപരന്റെ ഊടുപാതയിലും പ്രസരിക്കണം എന്നാണു ജ്ഞാനർഷികളുടെ വാഞ്ഛ. പരസ്നേഹാർത്ഥം സേവനനിരതനാകാനുള്ള ഉപാധി എന്ന വിധം ഈ അക്ഷരജ്യോതിയെ കൂട്ടു പിടിച്ച ഒരു പണ്ഡിതയോഗി, ഇന്നേക്ക് അറുപത്തിരണ്ടു കൊല്ലം മുമ്പ് ഒരു വ്രതവാക്യം തന്റെ പ്രാണനിൽ എഴുതി മുദ്രവച്ചു 'Lux mea caritas'. സ്നേഹം മമ ദീപം എന്ന് ഈ ലത്തീൻ പദാവലികളെ മൊഴിമാറ്റപ്പെടുത്താം. 1953 ജനുവരി 29-ന് നവാഭിഷിക്തനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് എന്ന കൊച്ചുമെത്രാൻ കൈക്കൊണ്ട ഈ ശപഥവാക്യം ആ ആർഷ ജന്മത്തിന്റെ അനന്യശോഭയായിമാറി.

സ്നേഹത്തിന്റെയും പ്രകാശത്തിന്റെയും സംയോഗരൂപമായി അവതരിച്ച ഒരു ദൈവമനുഷ്യൻ രണ്ടു സഹസ്രാബ്ദങ്ങൾക്കപ്പുറത്ത് പാലസ്തീനായിൽ ചെയ്ത വിളംബരത്തിന്റെ പ്രതിദ്ധ്വനിയായിരുന്നു അത്. ഞാൻ വിശ്വപ്രകാശമത്രേ എന്നുദ്ഘോഷിച്ച ആ സ്നേഹരൂപനെ

---

**ആർച്ച് ബിഷപ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജന്മശതാബ്ദിയോടനുബന്ധിച്ച് സഭ, അഖിലകേരളാ തലത്തിൽ സംഘടിപ്പിച്ച ലേഖന മത്സരത്തിൽ (അല്മായ വിഭാഗത്തിൽ) ഒന്നാം സ്ഥാനം നേടിയത്.*

www.malankaralibrary.com


സുവിശേഷകനായ യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നത് അറിവിന്റെ ഉറവിടമായ അക്ഷരത്തോടു ചേർത്തുവച്ചാണ്. ആദിയിലുണ്ടായിരുന്നത് വാക്കുകളുടെ ചേർച്ചയായ വചനമായിരുന്നു എന്നും ദേവസവിധത്തിലായിരുന്ന ആ വചനം പാരിൽ പ്രകാശമായി അവതരിച്ചു എന്നുമാണ് ആ വെളിപ്പെടുത്തൽ. സ്നേഹത്തിന്റെയും ജ്ഞാനത്തിന്റെയും സംയുക്തജ്വാലയായ ക്രിസ്തു എന്ന ആ മഹാപ്രകാശത്തെ പിൻചെന്ന മാർ ഗ്രിഗോറിയോസ്, ജ്ഞാനമാർഗ്ഗത്തെ കർമ്മബന്ധിതമാക്കി മാറ്റി. പ്രായോഗികതയുടെ അടിസ്ഥാനത്തിൽ അറിവ്, അനുഭവനിറവായി മാറുകയാണിവിടെ. ജനസേവനത്തിനുള്ള ഉപാധിയായി തന്റെ പാണ്ഡിത്യത്തെ സമർപ്പിച്ച അറിവിന്റെ ആ ധ്രുവതാരകം പിറവികൊണ്ടിട്ട് നൂറാണ്ടുകൾ തികയുകയാണ്. ദാരിദ്ര്യവിമോചനത്തിനും മാനവസംസ്കാരത്തിനും വിദ്യാഭ്യാസനിയോഗത്തെ വിനിയോഗിച്ച് വിജയം കൊയ്ത അദ്ദേഹത്തിന്റെ വിദ്യാഭ്യാസപരമായ സമർപ്പണങ്ങളെ നിരീക്ഷിച്ചു വിലയിരുത്തുകയാണ് ഈ പ്രബന്ധത്തിലെ എന്റെ അക്ഷരഗതികൾ.

## ജ്ഞാനതലത്തിലെ ദേവസ്പർശം

അപരനിലേക്ക് അറിവുപകരുക എന്നത് യുഗാരംഭം മുതൽക്കുള്ള ധർമ്മമായിരിക്കാം. എന്നാൽ ക്രൈസ്തവീയമായ വിദ്യാഭ്യാസനിയോഗങ്ങൾക്ക് വ്യതിരിക്തമായ ഉപരിമാനങ്ങൾ ഉണ്ടായിരിക്കണമെന്നായിരുന്നു മാർ ഗ്രിഗോറിയോസിന്റെ കാഴ്ചപ്പാടുകൾ. ക്രൈസ്തവീയ വിദ്യാഭ്യാസ സപര്യയിൽ മകുടമാതൃകയായി പ്രതിഷ്ഠിക്കപ്പെടുന്നത് വിശ്വമഹാഗുരുവായ ക്രിസ്തുദേവൻ തന്നെ. 'ഞാൻ ദിവസവും പഠിപ്പിച്ചുകൊണ്ട് നിങ്ങളോടുകൂടി ഉണ്ടായിരുന്നു' (മർക്കോസ് 14:49) എന്നും 'ഒരു ദിവസം യേശു പഠിപ്പിച്ചുകൊണ്ടിരിക്കേ ഗലീലായിലെ എല്ലാ ഗ്രാമങ്ങളിൽ നിന്നും യൂദയായിൽ നിന്നും യെരുശലേമിൽ നിന്നും ഫരിസേയരും നിയമാദ്ധ്യാപകരും അവിടെ വന്നു കൂടി' (ലൂക്കാ 5 : 17) എന്നും, വേദഗ്രന്ഥത്തിൽ കാണുന്നതിൽ നിന്നും അവനിലെ ഗുരുത്വം പ്രകടമാണല്ലോ. ആ ഗുരുവിന്റെ അനുഗാമിയാകുവാൻ മാർ ഗ്രിഗോറിയോസ് തന്റെ ബാല്യത്തിൽത്തന്നെ നിശ്ചയിച്ചിരുന്നു. എന്തുകൊണ്ടെന്നാൽ ജനനന്മകളുടെ വക്താവായിരുന്ന

www.malankaralibrary.com



തന്റെ ഗുരു. നന്മ ചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ചവൻ എന്നാണ് ആ ഗുരുവിനെപ്പറ്റിയുള്ള ബൈബിൾ സാക്ഷ്യം. ഈ പദസഞ്ചരണത്തിൽ സന്ന്യാസത്തിന്റെ പൊരുളുകൾ ഉള്ളടങ്ങുന്നുണ്ട്. അതായത് നിരന്തര സഞ്ചാരിയുടെ ഒരു പാദം മാത്രമേ ഒരേ സമയത്ത് പാരിൽ പതിക്കുന്നുള്ളൂ. എങ്ങും തങ്ങി നിൽക്കാതെ സർവ്വഥാ നിർമ്മമത്വം ദീക്ഷിച്ച് എല്ലാം ന്യസിച്ച് അവൻ സൽക്കർമ്മങ്ങൾക്കായി സഞ്ചരിക്കുകയാണ്. ഇവ്വണ്ണം ജനനന്മയുടെ പ്രയോക്താവാകാനുള്ള ഏകമാർഗ്ഗമായിരുന്നു മാർ ഗ്രിഗോറിയോസിനു സന്ന്യാസം. ജ്ഞാനയോഗത്തെ കർമ്മയോഗ ബന്ധിതമാക്കി പ്രായോഗിക വിദ്യാഭ്യാസത്തിന്റെ വക്താവ് എന്ന നിലയിൽ അദ്ദേഹം പ്രകീർത്തിതനായി.

വിദ്യാഭ്യാസ രംഗത്ത് സമർപ്പിതചിത്തർക്കു മാത്രമേ ഏകാഗ്രമായ ധർമ്മനിർവ്വഹണം സാദ്ധ്യമാകൂ എന്ന് അദ്ദേഹത്തിന്റെ ഗുരുവായ മാർ ഈവാനിയോസ് ബോദ്ധ്യപ്പെടുത്തിയിരുന്നു. കേരളത്തിലെ സുറിയാനി വൈദികരിൽ ആദ്യ എം.എ.ബിരുദധാരിയായ അദ്ദേഹം പ്രിൻസിപ്പൽ ആയി സേവനം ചെയ്ത എം.ഡി.സെമിനാരി ഹൈസ്കൂളിനെ 'എ' ഗ്രേഡ് കോളേജ് ആക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെ മൂന്നു വൈദിക വിദ്യാർത്ഥികളെ തൃശിനാപ്പള്ളിയിൽ അയച്ച് പഠിപ്പിച്ചിരുന്നു. എന്നാൽ അവർ സന്ന്യാസികളാകാൻ താൽപര്യപ്പെടാതെ വിവാഹജീവിതം സ്വീകരിച്ചതിനാൽ മാർ ഈവാനിയോസിന് തന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കാനായില്ല. ഈ ഇച്ഛാഭംഗം പരിഹൃതമായത് സന്ന്യാസിയായ ബനഡിക്ട് അച്ചനെ പ്രിൻസിപ്പലായി നിയമിച്ച് നാലാഞ്ചിറ ബഥനിക്കുന്നിൽ മാർ ഈവാനിയോസ് കോളജ് സമാരംഭിക്കുക വഴിയായിരുന്നു.

നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിൻ എന്നാണല്ലോ ഈശ ശാസനം. പ്രഘോഷണം, പഠിപ്പിക്കലാണ്. ഈശ്വര ചിന്തയാണ് സുവിശേഷത്തിന്റെ സാരം. അതുകൊണ്ടാണ് മാർ ഗ്രിഗോറിയോസ് ആർഷഭാരത സംസ്കൃതിയിൽ ഏറെ അഭിമാനിച്ചിരുന്നതും, ക്രൈസ്തവിയതയെ ഭാരതീയതയോടു സമരസപ്പെടുത്തി പ്രബോധിപ്പിച്ചതും. ഓജസുറ്റ സംസ്കൃതഭാഷ എല്ലാ ഭാരതീയരും പഠിക്കണമെന്ന് അദ്ദേഹം ഗൗരവബുദ്ധ്യാ ഓർമ്മപ്പെടുത്തുമാ

www.malankaralibrary.com


യിരുന്നു. നിരവധി സംസ്കൃതശ്ലോകങ്ങൾ മനഃപാഠമാക്കിയിരുന്ന തിരുമേനി, ഭഗവത്ഗീതയിൽ നിന്നും ഉപനിഷത്തുകളിൽ നിന്നും മറ്റും ശ്ലോകങ്ങൾ ഉദ്ധരിച്ച് തന്റെ പ്രഭാഷണങ്ങളെ ഉന്മിഷത്താക്കിയിരുന്നു. ഭാരതത്തിൽ ഉടനീളം വ്യാപിച്ചു പരിലസിക്കുന്ന ക്രൈസ്തവ വിദ്യാലയങ്ങളിൽ പ്രാർത്ഥനാഗാനമായി ആലപിക്കുന്നതിന് അദ്ദേഹം, സംസ്കൃതപണ്ഡിതമഹാകവി പി.സി. ദേവസ്യയെക്കൊണ്ട് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന കർത്തൃപ്രാർത്ഥന സംസ്കൃതഭാഷയിൽ മൊഴിമാറ്റം ചെയ്യിച്ചിരുന്നു.

### ആത്മജ്ഞാനത്തിലേക്കൊരു നിമജ്ജനം

ആത്യന്തികമായി അറിയേണ്ടത് അവനവനെപ്പറ്റിയാണെന്നും ഈ ആത്മജ്ഞാനത്താൽ മാത്രമേ മനസ്സിന്റെ ആഴങ്ങളിൽ മയങ്ങിക്കിടക്കുന്ന വ്യക്തിത്വത്തെ ഉണർത്താനാവൂ എന്നും അദ്ദേഹം പ്രബോധിപ്പിച്ചു. മറിച്ച്, ഉപജീവനമാർഗ്ഗം എന്ന നിലയിൽ മാത്രം വിദ്യാഭ്യാസത്തെ കാണുന്നവർ അതിന്റെ അപാരമായ സാദ്ധ്യതകളെ തിരിച്ചറിയുന്നില്ല. അറിവുണ്ടെന്നു കരുതുന്നവർ അറിയേണ്ടത് അറിയുന്നില്ല എന്നു പൗലോസ് ശ്ലീഹാ പരിതപിക്കുന്നത് അത്തരക്കാരെപ്പറ്റിയാണ്. അമാനുഷികത നിറഞ്ഞ ദേവാംശം തന്നെയാണ് ഓരോ വ്യക്തിയുടെയും നിഗൂഢമനസ്സിൽ ഒളിപ്പിച്ചുവച്ചിരിക്കുന്നത്. അറിവുകളുടെ അനേകം താക്കോലുകൾ ഉപയോഗിച്ചു നിരന്തരാദ്ധ്വാനം വഴിയല്ലാതെ ആ അനന്തപ്രഭാവത്തെ സ്വായത്തമാക്കാനാവില്ല. 'സമർപ്പിത ജീവിതം' എന്ന ചാക്രികലേഖനത്തിൽ പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർ പാപ്പാ, സഭയുടെ വിദ്യാഭ്യാസ ദർശനത്തെപ്പറ്റി എഴുതുന്നു, "നമ്മുടെ ആന്തരികജീവിതത്തിന്റെ ആചാര്യൻ, ഓരോ മനുഷ്യഹൃദയത്തിന്റെയും ഉള്ളിലെ അഗാധതകളിൽ പ്രവേശിക്കുകയും ചരിത്രത്തിന്റെ നിഗൂഢമായ വെളിപ്പെടുത്തലുകൾ അറിയുകയും ചെയ്യുന്ന പവിത്രാത്മാവാണ്. സഭ അവിടുത്തോടും കൂടെ തന്റെ വിദ്യാദാനപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.''

### ബാലസ്താവത് വിദ്യാസക്ത

കേവലം ഭൗമവിജ്ഞാനസമ്പാദനത്തെ മാത്രം ലക്ഷ്യം

www.malankaralibrary.com



വയ്ക്കുന്നവർ ലോകായതികരോ നാസ്തികരോ മറ്റോ ആയി പരിണമിക്കാറാണു പതിവ്. ഗുണദോഷവിവേചനസിദ്ധി വിദ്യാഭ്യാസത്തിലൂടെ ലഭിക്കത്തക്കവിധം അഭ്യസനം, കുഞ്ഞിന്റെ ഇളം പ്രായം മുതൽ നൽകാൻ കഴിയണം. എന്നുമുതൽ തന്റെ കുഞ്ഞിനെ പഠിപ്പിച്ചു തുടങ്ങണം എന്നാരാഞ്ഞ് അഞ്ചു വയസ്സുകാരനായ മകനുമായി ഗ്രീക്കു ചിന്തകനായ അരിസ്റ്റോട്ടിലിന്റെ പക്കലെത്തിയ അമ്മയോട് അദ്ദേഹം പറഞ്ഞത് "അതിനു നിങ്ങൾ ആറു വർഷം വൈകിപ്പോയി" എന്നാണ്. കുഞ്ഞിന്റെ ആദ്യപാഠശാല അമ്മയുടെ ഉദരം തന്നെ എന്നു സാരം. എത്രയും ചൊട്ടയിലേയുള്ള ശീലങ്ങളാണ് ചുടലയോളം ഒരുവന്റെ കരുത്തായിത്തീരുന്നത് എന്ന തിരിച്ചറിവോടെ തിരുമേനി സമാരംഭിച്ച ഉണ്ണിക്കളരിയാണ് 'ശിശുസദൻ' എന്ന സ്പെഷ്യൽ നേഴ്സറി സ്കൂൾ. സാധാരണ 'കിൻഡെർ ഗാർട്ടൺ' രീതിയേക്കാൾ ഗുണപ്രദമാകത്തക്കവിധം വേറിട്ട ശൈലിയാർന്ന വിദ്യാദാനമായിരുന്നു ശിശുസദനുകളിൽ. അവ പള്ളികളോടു ചേർന്നുള്ള പള്ളിക്കൂടങ്ങളായിരുന്നു പൊതുവേ. തെരഞ്ഞെടുക്കപ്പെട്ട സമർപ്പിതർക്ക് മോണ്ടിസോറി ശൈലിയിലുള്ള പരിശീലനം നൽകി അവരെ ഇവിടെ അദ്ധ്യാപകരായി നിയമിച്ചു.

നേഴ്സറിതലം മുതൽ സിവിൽ സർവ്വീസ് തലം വരെയുള്ള പഠിതാക്കളുമായി അദ്ദേഹം നിരന്തരം സംവദിക്കുകയും അവർക്കു മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിരുന്നു. വിദ്യാഭ്യാസ ഗോപുരത്തിന്റെ അടിത്തറപടുക്കലായിരുന്നു ശിശുസദനുകളിലൂടെ അദ്ദേഹം ലക്ഷ്യം വച്ചത്. ഇഷ്ടികകൾ വെറുതേ അടുക്കി പടുത്തുയർത്തിയാൽ പോരാ, വിടവുകൾ തോറും ചാന്തു വച്ച് അസ്തിവാരം ബലിഷ്ഠമാക്കണം. ഇതുപോലെ അടിയുറപ്പുള്ള ഒരു വിദ്യാഭ്യാസ ഗോപുരത്തിന്റെ ശിൽപിയായിരുന്നു തിരുമേനി. കുഞ്ഞുങ്ങളിലെ ശ്രദ്ധ, നിരീക്ഷണപാടവം, ഓർമ്മ ശക്തി, ഭാഷാ നൈപുണി, പുനരാവിഷ്ക്കാരസിദ്ധി ഇത്യാദി മേന്മകളെയെല്ലാം സമഗ്രമായി വികസിപ്പിക്കത്തക്കതരത്തിലുള്ള ഒരു പദ്ധതിയായിരുന്നു ശിശുസദനിലൂടെ അദ്ദേഹം വിഭാവനം ചെയ്തിരുന്നത്.

കേരളത്തിലെ പോലീസ് സേനയിൽ അഗ്രഗാമിയായിരുന്ന ഡോക്ടർ അലക്സാണ്ടർ ജേക്കബ് ഐ.പി.എസ് എഴുതി "ഞാനിന്ന്

www.malankaralibrary.com



എന്തായിരിക്കുന്നുവോ അതിനു കാരണം തിരുമേനിയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു ലഭിച്ച മൂല്യബോധമാണ്". വിദ്യാഭ്യാസ ചിന്ത കനായ ഡോക്ടർ സർവ്വെപ്പിള്ളി രാധാകൃഷ്ണനെ ഉദ്ധരിച്ചുകൊണ്ട് മാർ ഗ്രിഗോറിയോസ് നിരന്തരം ഓർമ്മപ്പെടുത്തി, ആസ്തികതയുമായ ബന്ധമില്ലാത്ത ഭൗതികസാക്ഷരത രാക്ഷസീയതയുടെ ഈറ്റില്ലമായിരി ക്കും എന്ന്. ഒരിക്കൽ പ്രസംഗമദ്ധ്യേ അദ്ദേഹം ധർമ്മരോഷിയായി പറഞ്ഞു. "ശാസ്ത്രവും സാങ്കേതികവിജ്ഞാനവുമാണ് ഇന്ന് എല്ലാ വർക്കും ആവശ്യം. ഞായറാഴ്ച പോലും ട്യൂഷൻ എന്ന ദുരാചാരത്തിന്റെ പേരിൽ നമ്മുടെ മക്കൾ ആത്മീയത വെടിഞ്ഞ് പരക്കം പായുകയാണ്. സ്കൂളുകളിൽ അദ്ധ്യയനമില്ല. പിന്നെങ്ങനെ ട്യൂഷനു പോകാതിരിക്കും. ദുർബ്ബലമായ മൺതറയിൽ ഉന്നത സൗധങ്ങൾ പണിയാനുള്ള വ്യർത്ഥ ശ്രമം. ഇതാ, ഭയങ്കരമായ തകർച്ചയിലേക്കും നാശത്തിലേക്കുമുള്ള വിശാലമാർഗ്ഗം". നമ്മിലെ രാക്ഷസ്സനെ മറിച്ചിട്ട് സാക്ഷരനെ ഉണർ ത്തുന്ന പ്രക്രിയയായി വിദ്യാഭ്യാസം അടിമുടി മാറണം എന്നാണദ്ദേഹം വാദിച്ചത്.

## ശുദ്ധീകരണത്തിനൊരു ഒറ്റയാൾ മുന്നേറ്റം

സഭയുടെ വിദ്യാലയങ്ങളിൽ അദ്ധ്യാപകനിയമനത്തിനോ വിദ്യാർത്ഥിപ്രവേശനത്തിനോ കാൽക്കാശു പോലും വാങ്ങിപ്പോകരുതെന്ന് അദ്ദേഹം നിശിതമായി നിർദ്ദേശിച്ചിരുന്നു. പാരിതോഷികങ്ങളുടെ കന ത്തിന് മുഖ്യവില കൽപിക്കുമ്പോൾ വ്യക്തിപരമായ മൂല്യങ്ങൾ പുറ ന്തള്ളപ്പെടും എന്ന ധാർമ്മിക ചിന്തയായിരുന്നു ഈ നിർദ്ദേശങ്ങൾക്കുള്ള ചോദന. ഗിൽഡ് എന്ന അദ്ധ്യാപകസംഘടനയിലൂടെ ഇത്തരം മൂല്യബോധം പ്രസരിപ്പിക്കാൻ അദ്ദേഹം ജാഗ്രത കാട്ടി.

സർക്കാരിന്റെ ഭാഗത്തുനിന്നും സഹായം പരിമിതമായ സാഹ ചര്യത്തിലും സ്കൂളിന്റെ അഭിവൃദ്ധിക്കുവേണ്ടി കലാലയങ്ങൾ തോറും രക്ഷാകർത്തൃസംഘടനകൾ അദ്ദേഹം സമാരംഭിച്ചു. ഭാവിതലമുറകളെ ഉന്നം വച്ചുള്ള വിദ്യാഭ്യാസ സേവനമുന്നേറ്റത്തിലൂടെ സമൂഹത്തെ, സമഗ്രമായ ഉന്നതികളിലേയ്ക്കാനയിക്കാൻ ഇത്തരം സംഘടനകൾ

www.malankaralibrary.com



ഗണ്യമായി സഹായിച്ചു. പട്ടത്തെ സെന്റ് മേരീസ് സ്കൂളിന്റെ വികസനത്തിനു വേണ്ടി ഈ സംഘടന അക്കാലത്ത് പിരിച്ചെടുത്തത് അറുപതു ലക്ഷം രൂപയായിരുന്നു.

ധനാഗമമാർഗ്ഗമെന്ന ലക്ഷ്യത്തോടെ ആംഗലപാഠശാലകൾക്കു സൂകരപ്രസവം പോലെ ജന്മം കൊടുക്കുവാൻ നാം ഇന്ന് മത്സരിക്കുകയാണ്. പഠനമികവോ സാംസ്ക്കാരികോന്നതിയോ ഇവിടെ മാനദണ്ഡമാക്കപ്പെടാറില്ല. ആംഗലഭാഷാവ്യുൽപ്പത്തിയാണ് ഇത്തരം സ്ഥാപനങ്ങളുടെ ഉന്നം എങ്കിൽ എന്തേ, അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ നിന്നും പുറത്തിറങ്ങുന്ന കുട്ടികൾക്ക് താരതമ്യേന ആ ലക്ഷ്യത്തിൽ എത്താനാകാതെ പോകുന്നു? നല്ല മാതൃഭാഷ പോലെ നല്ല ലോകഭാഷയും അഭ്യസിപ്പിക്കുവാൻ തിരുമേനി ചെയ്തത്, കേരളാ സിലബസിലെ എയ്ഡഡ് സ്കൂളുകളിൽത്തന്നെ ഇംഗ്ലീഷ് ഡിവിഷനുകളും പുതുതായി ആരംഭിച്ചു കൊണ്ടായിരുന്നു. ഫീസു കൊടുക്കുവാൻ നിവൃത്തിയില്ലാത്ത പാവങ്ങളുടെ മക്കൾക്കും അങ്ങനെ ലോകഭാഷാ പരിജ്ഞാനം ആർജ്ജിക്കുവാനുള്ള അവസരം ഒരുക്കപ്പെട്ടു. ഇത്തരം സേവനോത്സുകതമൂലമാണ് മാർ ഗ്രിഗോറിയോസ് വിദ്യാഭ്യാസതലങ്ങളിൽ സേവനത്തിന്റെ അനന്യമായ വ്യക്തിത്വശോഭയായി വിലമതിക്കപ്പെടുന്നത്.

അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകവേതനം ആപേക്ഷികമായി കുറവാകയാൽ അതു പരിഹരിക്കാനുള്ള പദ്ധതികൾ അദ്ദേഹം ആവിഷ്ക്കരിച്ചു. ഒരു വിദ്യാർത്ഥിയിൽ നിന്നും ഒരു വർഷം പത്തു രൂപാ എന്ന നിരക്കിൽ പിരിച്ചെടുക്കുന്ന തുക പൊതുഖജനാവിൽ നിക്ഷേപിച്ച് അതിൽനിന്നുള്ള പലിശ മാത്രം പിൻവലിച്ച് ജോലിയിൽ നിന്നു വിരമിക്കുന്നവർക്കു നൽകുക എന്നതായിരുന്നു ആ പദ്ധതി.

അതുപോലെ തന്നെ സർക്കാർ ശമ്പളം പറ്റുന്ന മാനേജ്മെന്റ് അദ്ധ്യാപകരിൽ നിന്നും ഒരു മാസശമ്പളം പന്ത്രണ്ടു ഗഡുക്കളായി വാങ്ങി അതും ഖജനാവിൽ സ്ഥിരനിക്ഷേപമാക്കി അതിന്റെ പലിശ ദരിദ്രപഠിതാക്കളുടെ ക്ഷേമത്തിനു വിനിയോഗിക്കുകയും ചെയ്തു. മതിയായ രേഖകളോടെ നേടിയ ഒരു മാസശമ്പളത്തുക ദാതാക്കൾ വിരമിക്കുമ്പോൾ തിരിച്ചു കൊടുക്കുകയും ചെയ്തിരുന്നു.

www.malankaralibrary.com



കേവലം പത്തുകൊല്ലം കൊണ്ട് ഉപയുക്തമായിത്തീരുന്ന ഓസ്ട്രേലിയൻ വൃക്ഷമായ മാഞ്ചിയം ഇവിടെ അദ്ദേഹം പ്രചരിപ്പിച്ചത് സമർത്ഥരായ ദരിദ്രവിദ്യാർത്ഥികൾക്ക് പരമാവധി പഠിച്ചു വളരാൻ സഹായിക്കുക എന്ന ദീർഘവീക്ഷണത്തോടെയായിരുന്നു.

## പഠനം ഒരു ജീവൽസപര്യ

കലാലയകാലത്തോടെ പഠനം അവസാനിച്ചു എന്ന അബദ്ധ ചിന്തയെ താലോലിക്കുന്ന അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തിരുത്തൽശക്തിയായിരുന്നു തിരുമേനി. അനൗപചാരിക വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകളെ അദ്ദേഹം ഉപയുക്തമാക്കി. ആചാര്യാൽ പാദ മാദത്തേ എന്നാണ് പറയപ്പെടുന്നത്. അതായത്, ഗുരുവിൽ നിന്നുള്ള അഭ്യസനം കേവലം നാലിലൊന്നു മാത്രം. ശിഷ്യമനസ്സിൽ വിത്തു വിതയ്ക്കൽ കർമ്മം ചെയ്യാനേ ഗുരുവിനു കഴിയൂ. ബാക്കി മുക്കാൽ പങ്കും അനൗപചാരികതയിലൂടെ നേടേണ്ട വിദ്യാഭ്യാസമാണ്. അതായത് ശേഷിക്കുന്നവയിൽ നാലിലൊന്ന് ശിഷ്യൻ സ്വയമേവ ആർജ്ജിക്കണം, ബാക്കി നാലിലൊന്ന് സഹപാഠികളിൽ നിന്നും ശിഷ്ടമായവ ജീവിതാനുഭവങ്ങളിൽ നിന്നും കൈക്കൊള്ളണം. ജീവിതാനുഭവങ്ങൾ ജീവാന്ത്യത്തോളം നീളും എന്നതിനാൽ പഠനം ഒരു ആജീവനാന്ത സപര്യയാണെന്നു ചുരുക്കം. തിരുമേനിയുടെ ജ്ഞാനതൃഷ്ണയെപ്പറ്റി ഡോക്ടർ എം.എം. ബഷീർ സ്വാനുഭവപശ്ചാത്തലത്തിൽ വിവരിച്ചിട്ടുണ്ട്. 1972-ൽ തിരുവനന്തപുരത്ത് ഒരു മാസം നീണ്ട പ്രകൃതിചികിത്സ പഠനക്ലാസ്സിന്റെ ഉദ്ഘാടകനായി എത്തിയ തിരുമേനി തുടർന്ന് ആ ക്ലാസിലിരുന്ന് വിദ്യാർത്ഥികൾക്കൊപ്പം പഠനമാരംഭിച്ചു. ജോലിത്തിരക്കുമൂലം ചില ദിവസങ്ങളിൽ ക്ലാസ്സിൽ വരാൻ കഴിയാതെ പോയിട്ടുണ്ട്. അപ്പോഴെല്ലാം, പഠിപ്പിച്ച കാര്യങ്ങൾ മറ്റുള്ളവരോട് ആരാഞ്ഞ് ഗ്രഹിക്കുവാനും അദ്ദേഹം ഉത്സാഹിച്ചു. മാത്രമല്ല, ക്ലാസ് നയിച്ചിരുന്ന ഗണേഷ് ശർമ്മയെ തന്റെ ആർച്ചുബിഷപ്പ് ഹൗസിൽ താമസിപ്പിച്ച് അനേകർക്ക് ആ അറിവുകൾ പകർന്നു കൊടുക്കുകയും ചെയ്തു. ഈ ജ്ഞാനകുബേരനെപ്പറ്റി ഡോ. ബഷീർ ഇങ്ങനെ പറഞ്ഞു നിർത്തുന്നു; "ദി ബുക്ക് എന്നു പറഞ്ഞാൽ ബൈബിൾ ആണെന്നതുപോലെ, ദി സിറ്റി എന്നു മാത്രം പറഞ്ഞാൽ അതു ലണ്ടൻ ആയിരിക്കുന്നതുപോലെ, ദി

www.malankaralibrary.com


ആർച്ച്ബിഷപ്പ് എന്നു പറഞ്ഞാൽ അത് അന്നും ഇന്നും ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി തന്നെയാണ്."

അറിവു ശേഖരിക്കേണ്ടത്, തേനീച്ച പറന്നലഞ്ഞ് അസംഖ്യം പൂക്കളുകളിൽ നിന്നും പൂമ്പൊടി ശേഖരിക്കും പോലെയാവണം. ഒരു തൊഴിൽ തരപ്പെടുത്തിയാൽ പിന്നെല്ലാം തികഞ്ഞു എന്ന മട്ടിൽ ഭൂരി പക്ഷം പേരും പഠനത്തിൽ നിന്നും മുക്തരാവുകയാണ്. എന്നാൽ ജപ്പാൻകാരെ കണ്ടു പഠിക്കാനാണ് തിരുമേനി നിർദ്ദേശിക്കുന്നത്. അവർ ഏതൊരു പ്രസംഗവും കേൾക്കാനെത്തുന്നത് കടലാസും പേന യും കൊണ്ടാണ്. പ്രസംഗം അവർ ശ്രദ്ധാപൂർവ്വം കുറിച്ചെടുത്തുകൊ ണ്ടിരിക്കുമ്പോൾ സമീപത്തു കൂടി ഒരു ഘോഷയാത്ര കടന്നുപോയാൽ പോലും ആരുടേയും ഏകാഗ്രശ്രദ്ധ പതറിപ്പോകില്ലത്രേ. ജീവിതക്ലേശ ങ്ങളുടെ ഭാണ്ഡവും പേറി സമീപനിരത്തുകളിലൂടെ നടന്നു നീങ്ങു ന്നവർ കൂടി പ്രസംഗം കുറിച്ചെടുക്കാനായി ഭാണ്ഡങ്ങൾ താഴ്ത്തിവച്ച് പൊതുയോഗസ്ഥലത്ത് വന്നിരിക്കുമത്രേ.

പ്രസംഗവും സഞ്ചാരവും നിരന്തരാനുഭവമാക്കിയ തിരുമേനിക്ക് ഇവ രണ്ടും അനൗപചാരിക വിദ്യാർജ്ജവത്തിന്റെ വേദികളായിരുന്നു. സാഹചര്യങ്ങളുടെ നാനാത്വങ്ങൾക്കൊത്ത് പ്രഭാഷണങ്ങൾക്കും വൈവിദ്ധ്യം അനിവാര്യമാകയാൽ അതിനദ്ദേഹം ആശ്രയിച്ചിരുന്നത് തലസ്ഥാനത്തെ ബ്രിട്ടീഷ് ലൈബ്രറിയെ ആയിരുന്നു. അവിടെ നിന്നും ഏറ്റവും കൂടുതൽ ഗ്രന്ഥങ്ങൾ എടുത്തു പഠിച്ചവരിൽ മുമ്പനാണദ്ദേഹം. Reading makes man perfect എന്നല്ലോ ചൊല്ല്. അനുഭവപശ്ചാത്തല ത്തിൽ തിരുമേനി പറയുമായിരുന്നു; "ലൈബ്രറിയാണ് ഒരു വിദ്യാലയ ത്തിന്റെ ഹൃദയം. പ്രാണരക്തം ശരീരമാസകലം അതു വ്യാപിപ്പിക്കുന്നു'. നീതിശതകത്തിൽ ഭർത്തൃഹരി പറയുന്നുണ്ട്;

"വിദ്യാനാമ നരസ്യരൂപം
മനോന്നതീം ദിശതി പാപമപാക രോതി"

(വിദ്യ മനുഷ്യന്റെ വിശേഷരൂപമാണ്. അതു പാപം പരിഹരിച്ച് മഹോന്നതി കൈവരുത്തുന്നു)

www.malankaralibrary.com


ക്യാൻഡി സെമിനാരിയിലെ പഠനകാലം മുതൽ തിരുമേനിയിൽ പാരായണത്വര പ്രഫുല്ലമായിരുന്നു. അവിടെയുള്ള നാലുനില കെട്ടിടത്തിലെ ഗ്രന്ഥശേഖരം അദ്ദേഹത്തിന്റെ ബോധചക്രവാളങ്ങളെ വിസ്തൃതമാക്കി. സമയപരിധി കഴിഞ്ഞിട്ടും ലൈബ്രറിയിൽത്തന്നെ വായനയ്ക്കായി കുടിക്കൊണ്ടിരുന്ന ആ ജ്ഞാനഭിക്ഷുവിനെക്കൊണ്ട് പൊറുതിമുട്ടിയ ലൈബ്രറി ഉദ്യോഗസ്ഥൻ, റക്ടറെ കണ്ട് സങ്കടം ബോധിപ്പിച്ചുവെന്നും പോംവഴിയായി ബനഡിക്ട് ശെമ്മാശനെത്തന്നെ സഹലൈബ്രേറിയനായി നിയമിച്ചു എന്നതും സരസമായ ചരിത്രവസ്തുതകളാണ്. ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കെതിരെ വിരൽ ചൂണ്ടിയ ഗാന്ധിയുടെ സാഹിത്യം വായിക്കുന്നതിന് കാൻഡിയിൽ വിലക്ക് ഏർപ്പെടുത്തപ്പെട്ട സാഹചര്യത്തിൽ റക്ടറെ കണ്ട് ആ വിലക്ക് തനിക്കു വേണ്ടി ലഘൂകരിച്ച് ആ ബ്രഹ്മാണ്ഡലിപി വിന്യാസം അപ്പാടെ കൊയ്തെടുത്ത് ജീവനത്തിന്റെ അറപ്പുരയിൽ ശേഖരിക്കുകയായിരുന്നു ആ പടുപാരായണൻ.

ഹൈദരാബാദ്, ഡൽഹി എന്നിവിടങ്ങളിലുള്ള കാർഷിക ഗവേഷണ കേന്ദ്രങ്ങളിലെ പരീക്ഷണഫലങ്ങൾ ഇറ്റലിയിൽ പ്രസിദ്ധീകരിച്ച് ലോകമെമ്പാടുമുള്ള കാർഷിക ശാസ്ത്രജ്ഞർക്ക് അയച്ചുകൊടുക്കുകയായിരുന്നു പതിവ്. അത് ഇന്ത്യയിൽ ആദ്യം ലഭിച്ചിരുന്നത് മാർ ഗ്രിഗോറിയോസിന്റെ കരങ്ങളിലായിരുന്നു. പാരായണ മദ്ധ്യേ ഏതെങ്കിലും ശങ്കിതപദങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തൽക്ഷണം നിഘണ്ടുക്കളുടെയോ ഭാഷാപ്രവീണരുടെയോ സഹായത്താൽ അവകളെ സുഗ്രഹമാക്കുവാനും ജാഗ്രചിത്തനായിരുന്നു തിരുമേനി. കലാസാഹിത്യ മത്സരങ്ങൾക്കുള്ള പാരിതോഷികങ്ങളായി പുസ്തകങ്ങൾ തന്നെ നൽകണമെന്ന കാര്യത്തിലും നിഷ്കർഷിച്ചിരുന്ന തിരുമേനി, അക്ഷരശിൽപികൾക്ക് പ്രോത്സാഹകനായും നിലകൊണ്ടു. 'ക്രിസ്തുഭാഗവതം' എന്ന സംസ്കൃതമഹാകാവ്യത്തിന്റെ രചകനായ പ്രൊഫസർ പി.സി. ദേവസ്യായെ തന്റെ പാർപ്പിടത്തിലേക്ക് ക്ഷണിച്ച് സാഹിത്യ സമ്മേളന മദ്ധ്യത്തിൽ വച്ച് പുരസ്കാരം സമർപ്പിച്ച് ആദരിക്കുകയുണ്ടായി.

www.malankaralibrary.com



## ധാർമ്മിക പ്രേരണയുടെ ആർഷമാതൃക

വിദ്യാഭ്യാസത്തിലൂടെ മനുഷ്യന്റെ ഭൗതികജീവിതനിലവാരവും സാംസ്കാരികമൂല്യങ്ങളും തുലിതമായി ഉയർത്തപ്പെടണം എന്ന കാര്യത്തിൽ മാർ ഗ്രിഗോറിയോസിന് നിശിത വീക്ഷണമുണ്ടായിരുന്നു. ഗുരുകുല ശൈലിയിൽ അർത്ഥികളെ കൂടെ പാർപ്പിച്ച് അദ്ദേഹം അതു പ്രായോഗികമാക്കി. 1949-ൽ നാലാഞ്ചിറയിലെ ബഥനിക്കുന്നിൽ പടുത്ത മാർ ഈവാനിയോസ് കോളേജിലെ ആദ്യ പ്രിൻസിപ്പലും ഹോസ്റ്റൽ വാർഡനുമായി അദ്ദേഹം രണ്ടുകൊല്ലം സേവനം ചെയ്തു. സാമ്പത്തികശാസ്ത്രം ബിരുദാനന്തരബിരുദമായി (ബി.എ. ഓണേഴ്സ്) പഠിച്ച് മദ്രാസ് സംസ്ഥാനത്ത് ഒന്നാം ക്ലാസിൽ ഒന്നാം റാങ്കോടെ വിജയിച്ച ജ്ഞാന വീരനായിരുന്നിട്ടും ആ പ്രിൻസിപ്പൽ, കുട്ടികൾക്ക് തോഴനെപ്പോലെയായിരുന്നു. ഗുരു ഉന്നതനും ശിഷ്യൻ അധമനുമാണെന്ന വിവേചനം ആ സദ്ഗുരുവിനെ തീണ്ടിയിരുന്നില്ല. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ സമർപ്പിതരുടെ വിദ്യാഭ്യാസ ധർമ്മത്തെപ്പറ്റി തുടർന്നെഴുതി. "യഥാർത്ഥത്തിൽ പഠനം, പഠിതാക്കളെ അമൂർത്തമായ ഭൗതിക വാദത്തിൽ (abstract intellectualism) ഒറ്റപ്പെടുത്തി നിറുത്തു ന്നില്ല. ശ്വാസം മുട്ടിക്കുന്ന സ്വാത്മ പ്രേമത്തിൽ (narcissism) തളച്ചിടുന്നുമില്ല. പിന്നെയോ അത് സംവാദനത്തിനും സഹകരണത്തിനുമുള്ള ഒരു പ്രേരണയായിത്തീരുന്നു".

വിദ്യാർത്ഥി വൃന്ദത്തിന്റെ ജീവൽരഥ്യകളിൽ പ്രഭവിതറുന്ന ഒരു ദീപയഷ്ടിയായി നിന്ന് അവരുടെ ഹൃദയങ്ങളെ പ്രചോദനാ ദീപ്തമാക്കുവാൻ മാർ ഗ്രിഗോറിയോസിലെ ഗുരുപ്രവരനു കഴിഞ്ഞു. ഗുരുവിനെ പരാമർശിക്കുമ്പോൾ പറയാറുണ്ടല്ലോ, 'a poor teacher tells; an average teacher explains, a good teacher demonstrates and a great teacher inspires' എന്നിങ്ങനെ. ഈ പ്രചോദനാ ത്മകതയായിരുന്നു ബനഡിക്ട് അച്ചൻ എന്ന പ്രിൻസിപ്പലിന്റെ കൈമുതൽ. അക്ഷരാർത്ഥത്തിൽ 'ഗുരു' എന്ന സംജ്ഞയുടെ നിരുക്തി ദ്യോതിപ്പിക്കുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹം. 'ഗു' ശബ്ദമന്ധകാരം താൻ, 'രു' ശബ്ദം തന്നിരോധകം എന്നാണല്ലോ 'ഗുരു'വിനു നിരുക്തകോശം നൽകുന്ന വ്യാഖ്യാനം. 'Without fire how to inspire' എന്ന വിചാരത്തോടു ചേർത്ത് പിടിച്ച് തിരു

www.malankaralibrary.com


മേനിയിലെ പ്രചോദനാത്മക ഗുരുത്വത്തെ വ്യവച്ഛേദിക്കാനാവും. കേവലം ഒരു സൈക്കിളിൽ പട്ടത്തുനിന്നും ആഞ്ഞു ചവുട്ടി, നാലാഞ്ചിറ ബഥനിക്കുന്നു താണ്ടി കോളേജിലെത്തിയിരുന്ന ആ ആർഷഗുരു തന്റെ വിദ്യാർത്ഥികൾക്കു ചെയ്ത ജ്ഞാന സേവനങ്ങളുടെ പെരുമ അപാരമായിരുന്നു. കാലിൽ വ്രണം പടർന്ന് നടക്കാനാവാതെ വീട്ടിൽ കഴിയേണ്ടിവന്ന ഒരു വിദ്യാർത്ഥിയെ സ്വന്തം സൈക്കിളിൽ താങ്ങിയിരുത്തി ഉന്തിത്തള്ളി പരീക്ഷാ ഹാളിൽ എത്തിക്കുകയും പരീക്ഷ കഴിഞ്ഞ് തിരികെ അവനെ വീട്ടിലെത്തിക്കുകയും ചെയ്തു ആ പ്രിൻസിപ്പൽ. ഏറെ വൈകി പ്രവേശനം ലഭിച്ച ഒരു വിദ്യാർത്ഥിക്ക് കിടപ്പു മുറി ലഭ്യമാകാതെ വന്നപ്പോൾ സ്വന്തം മുറിയിലെ കട്ടിലിൽ അവനെ കിടത്തുകയും തറയിൽ ഒരു പായ വിരിച്ച് അതിലേക്ക് തന്റെ കിടപ്പു മാറ്റുകയും ചെയ്തു ആ മഹാനുഭാവൻ. ഏറെ പഠിച്ച് ഏറെ വിനീതരും കാരുണ്യഹൃദയരും സേവനോത്സുകരുമായി മാറണം എന്ന ഗുണപാഠത്തിന്റെ പ്രായോഗികതയാണ് കുട്ടികൾ ആ ഗുരുമുഖത്തു നിന്നും അഭ്യസിച്ചത്.

മറ്റൊരു കോളേജിലും പ്രവേശനം തരപ്പെടാതെ പോയ രണ്ടാംകിടക്കാരായ വിദ്യാർത്ഥികളെയും, തെല്ലു വൈകി മാത്രം തുടക്കം കുറിച്ച മാർ ഈവാനിയോസ് കോളജിൽ ആദ്യവർഷത്തിൽ പഠിപ്പിക്കേണ്ടി വന്നു. ഉഴപ്പന്മാരെയും ബഹളക്കാരെയും എല്ലാം പരിശീലിപ്പിച്ച് മാതൃകാവിദ്യാർത്ഥികളായി ഭേദപ്പെടുത്തുവാൻ പ്രിൻസിപ്പലിനു സാധിച്ചു എന്നതാണ് സത്യം. പഠനസമർത്ഥരല്ലാത്തവരെക്കൂടി അദ്ദേഹം രാവിലെയും വൈകിട്ടും പ്രത്യേകമായി പഠിപ്പിച്ച് മിടുക്കരാക്കി. 'കുഞ്ഞു മിടുക്കനാണ്; മോന് നന്നായി പഠിക്കാൻ കഴിയും' എന്ന ഉത്തേജനോക്തി പകർന്ന് അവരെയും ഉണർത്തി ഉത്സാഹഭരിതരാക്കി. ശിഷ്യഹൃദന്തങ്ങളിൽ ഇത്ര ആഴമായ സ്വാധീനം ഉളവാക്കാൻ മറ്റേതൊരു ഗുരുവിനു കഴിഞ്ഞിട്ടുണ്ട്! ഒരിക്കൽ തന്റെ കോളജിലെ കുറേ കുട്ടികളെ വിളിച്ചുകൂട്ടി തിരുമേനി ചോദിച്ചു ; "കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്ന ഒരാശുപത്രി ഞാൻ പിരപ്പൻകോട്ട് നടത്തുന്നുണ്ട്. ആ ഹതഭാഗ്യർക്കൊപ്പം ഒരാഴ്ച താമസിച്ച് അവരെ ശുശ്രൂഷിക്കാൻ നിങ്ങളിൽ ആരൊക്കെ തയ്യാറാണ്?" നിയമസഭയിൽ ഇന്ന് ജനപ്രതിനിധിയായിരിക്കുന്ന ശ്രീ.പാലോടു രവി ഉൾപ്പെടെ മുപ്പത്തിയേഴു പേരാണ്

www.malankaralibrary.com



സന്നദ്ധത അറിയിച്ച് സേവനോത്സുകരായത്. തെക്കൻ നാട്ടിലെ പട്ടിണിപ്രദേശങ്ങളിലുള്ള പാവപ്പെട്ടവരുടെ കുടിലുകൾ ഓലമേഞ്ഞു വാസയോഗ്യമാക്കിക്കൊടുക്കുവാൻ കോളജിലെ തന്റെ വിദ്യാർത്ഥി സംഘവുമായി ആ സ്ഥലങ്ങളിൽ തിരുമേനി ദിവസങ്ങളോളം പാർത്തിട്ടുണ്ട്.

## പ്രയുക്തി ബന്ധിതമാവണം ജ്ഞാനം

'സത്യത്തിലൂടെ സ്വാതന്ത്ര്യം' എന്ന വിദ്യാദർശനത്തോട് മാർ ഗ്രിഗോറിയോസിന് വലിയ ആഭിമുഖ്യമായിരുന്നു. 'സത്യം' അല്ലാതെ മറ്റെന്താണു ജ്ഞാനം? കയ്യിലൊരു ദീപയഷ്ടിയുമായി സത്യത്തെ തെരയുന്ന യുവാവാണ് മാർ ഈവാനിയോസ് കോളേജിന്റെ ചിത്രമുദ്ര. അതിന്റെ വ്രതവാക്യം 'സത്യമേവ ജയതേ' എന്നുമാണ്. വെറുതെയല്ല അറിവുകളെ നെറിയോടു ചേർത്തു വച്ച് തിരുമേനി മനനം ചെയ്തത്. 'അപ്പോസ്തോല പ്രവർത്തന'ങ്ങളിൽ (17:27) പറയുന്ന ആശയത്തോടു ബന്ധപ്പെടുത്തി ഇങ്ങനെ പറയാം. "സത്യത്തേയും ജീവനേയും അന്വേഷിക്കുന്ന എല്ലാവരിലേക്കും എത്തിച്ചേരേണ്ടവരാണ് സഭയിലെ വിദ്യാഭ്യാസ പ്രവർത്തകർ".

അറിവ്, മാനവപോഷണത്തിനു വിലങ്ങുതീർക്കുന്ന അസമത്വങ്ങളിൽ നിന്നെല്ലാമുള്ള വിമോചന ഹേതുവാകണം എന്നതായിരുന്നു ഗ്രിഗോറിയൻ വിദ്യാദർശനം. ഒരു പുതുപദത്തെപ്പറ്റിയുള്ള അറിവുപോലും പ്രശ്നസങ്കീർണ്ണമായ ജീവിതാവസ്ഥകളിൽ നിന്നുള്ള വിമുക്തിക്കായി അദ്ദേഹം ഉപയോഗിച്ചിരുന്നു. ഒരിടവകയിൽ രണ്ടു വീട്ടുകാർ തമ്മിൽ പൊരിഞ്ഞ ശണ്ഠ നടക്കുകയായിരുന്നു. അതു പരിഹരിക്കാനുള്ള തദ്ദേശമാദ്ധ്യസ്ഥ്യരുടെ ശ്രമങ്ങളെല്ലാം വിഫലമായ സാഹചര്യത്തിൽ അനന്തപുരിയിലെ ഈ മഹിതാചാര്യനെ അവർ അവിടേക്ക് വരുത്തി. ആയിരങ്ങൾ തടിച്ചൂകൂടിയ ആ പ്രശ്നപരിഹാരയോഗത്തിൽ തിരുമേനി എഴുന്നേറ്റു നിന്ന് ആദ്യം ചെയ്തത് അവരുടെ അറിവു പരീക്ഷിക്കത്തക്ക ഒരു ചോദ്യം ഉന്നയിക്കുകയായിരുന്നു. "വാശി എന്ന മലയാളവാക്കിന്റെ ഇംഗ്ലീഷ് എന്താണെന്ന് ആർക്കെങ്കിലും പറയാമോ?" ആർക്കും അത് അറിയില്ലെന്നായ

www.malankaralibrary.com



പ്പോൾ പുഞ്ചിരിതൂകി അദ്ദേഹം പറഞ്ഞു. "വാശി എന്ന വാക്ക് നമുക്ക് മാത്രമേയുള്ളു. അതിന് ഇംഗ്ലീഷ് ഇല്ല". തുടർന്ന് തമാശ കലർന്ന ഒരന്തരീക്ഷം തിരുമേനി അവിടെ സൃഷ്ടിച്ചു. ഇരുകൂട്ടരുടേയും വാശിയും അതോടെ അവസാനിച്ചിരുന്നു.

പ്രായോഗികജ്ഞാനത്തിന്റെ വക്താവായി നിന്ന് തിരുമേനി സദാ ഉയർത്തിപ്പിടിക്കാറുള്ള ഒരു വാക്യമുണ്ട്. 'Prosperity is the child, born of the marriage between knowledge and action". ചൊട്ടയിലേ പഠന സമർത്ഥനായിരുന്ന അദ്ദേഹം താൻ കലാലയത്തിൽ നിന്നാർജ്ജിച്ച കൃഷിശാസ്ത്രവും മറ്റും സ്വന്തം കൃഷിയിടത്തിൽ പരീക്ഷിക്കുവാൻ ഉത്സാഹിച്ചിരുന്നു. അതു കേവലം വിനോദപരമായിരുന്നില്ല. ഉപജീവന പരമായിരുന്നു. പിന്നീട് കാർഷിക ശാസ്ത്രജ്ഞർക്കുപോലും മാർഗ്ഗ നിർദ്ദേശകനാകത്തക്കവിധം ജ്ഞാനനിറവിലെത്തിയപ്പോൾ ഈ അടി സ്ഥാന ദർശത്തിന് വലിയ പ്രായോഗികത കൈവന്നു. സമർപ്പിതർ ക്കായി മാർപാപ്പാ രചിച്ച തിരുവെഴുത്തിൽ അറിവിനെ ദാരിദ്ര്യോച്ചാ ടനോപാധിയായി ചിത്രീകരിക്കുന്നുണ്ട്. "സാംസ്കാരിക പരിശീലന ത്തിന്റെ അഭാവമാകുന്ന വലിയ ദാരിദ്ര്യത്തിൽ നിന്നും ജനങ്ങളെ വിമോചിപ്പിക്കാനുള്ള മാർഗ്ഗങ്ങളുടെ തെരഞ്ഞെടുപ്പിൽ ദരിദ്രരെ പ്രത്യേകം കരുതി വിദ്യാഭ്യാസം നൽകണം."

മനുഷ്യന്റെ അനിവാര്യതകളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ തലങ്ങളിൽ വിദ്യാഭ്യാസ വളർച്ചയെ കൂട്ടുപിടിച്ച് തിരുമേനി സാക്ഷാത്ക്കരിച്ച നേട്ടങ്ങൾ വിസ്മയനീയങ്ങളാണ്. വരേണ്യർക്കു മാത്രം അക്കാലത്തു സംസിദ്ധമാക്കപ്പെട്ടിരുന്ന ഉപരിവിദ്യാഭ്യാസ സാദ്ധ്യതകളെപ്പറ്റി ഗ്രാമാന്തരങ്ങളിൽച്ചെന്ന് സാധാരണ ജനങ്ങളെ പ്രബോധിപ്പിച്ചതിൽ അദ്ദേഹത്തിനുള്ള പങ്ക് ശ്ലാഘനീയമാണ്. അറിവു കുറഞ്ഞ ഗ്രാമവാസികൾക്ക് വിദ്യാഭ്യാസ ബോധവൽക്കരണം നൽകി അദ്ദേഹം പറഞ്ഞു; "ഒരു കൊല്ലത്തേക്കാണു നിങ്ങളുടെ പദ്ധതി എങ്കിൽ വിത്തുപാകുക; പത്തു കൊല്ലത്തേക്കാണെങ്കിൽ വൃക്ഷം നടുക; നൂറു വർഷത്തേക്കാണെങ്കിൽ വിദ്യാഭ്യാസത്തിനു മുടക്കുക". വിദ്യാഭ്യാസ ത്തിനു വേണ്ടി മുടക്കുന്നതെല്ലാം പതിന്മടങ്ങായി തിരിച്ചു കിട്ടും എന്ന നല്ല പാഠം പകർന്നുകൊടുത്ത് അവരെ അദ്ദേഹം ജ്ഞാനദാഹികളാക്കി

www.malankaralibrary.com



മാറ്റി. ഉപരിപഠന സാദ്ധ്യതകൾ പറഞ്ഞു കൊടുക്കുക മാത്രമല്ല അദ്ദേഹം ചെയ്തത്, തന്റെ സ്വാധീനം മൂലം അനേകർക്ക് സൗജന്യപഠനം തരപ്പെ ടുത്തിക്കൊടുക്കുകയും ചെയ്തു. സാമ്പത്തികക്ലേശത്തിന്റെ ദുർഘടഘട്ട ങ്ങളിലും അദ്ദേഹം ഉപരി വിദ്യാഭ്യാസത്തിനായി നിരവധി വിദ്യാലയ ങ്ങൾ തുടങ്ങി. തിരുവിതാംകൂറിലെ രണ്ടാമത്തെ ബി.എഡ്.കോളജ് അദ്ദേഹമാണ് ആരംഭിച്ചത്. കോളജുകളിൽ നിരവധി ബിരുദാനന്തര കോഴ്സുകൾ തുടങ്ങുക വഴി അനേകർക്ക് ഉപരിപഠന സാദ്ധ്യത ഉണ്ടായി.

മണ്ണിനേയും മനുഷ്യനേയും ഏറെ കരുതുവാനുള്ള ഉപാധി യായി വിദ്യാഭ്യാസം പുനരാഖ്യാനം ചെയ്യപ്പെടണം എന്ന കാര്യത്തിൽ തിരുമേനി വിട്ടുവീഴ്ച ചെയ്തിരുന്നില്ല. വെള്ളക്കോളർ ജോലി മോഹിച്ച് ശിപാർശകൾക്കായി സമീപിച്ച ചെറുപ്പക്കാരെ അദ്ദേഹം സ്വയം തൊഴിലു കളുടെ മേച്ചിൽ പുറങ്ങളിലേക്ക് സ്വാഗതം ചെയ്തു. അതു കേട്ട് പതറി നിന്നവരുടെ മനസ്സിനെ ബലിഷ്ഠമാക്കുമാറ് അദ്ദേഹം ആദായകരമായ നിരവധി പദ്ധതികൾ കാട്ടിക്കൊടുത്തു. സർവ്വതൊഴിലുകളും മഹത്തര മാണെന്നു വ്യക്തമാക്കി അക്കാലത്ത് ഇത്ര തീക്ഷ്ണതയോടെ പ്രസംഗിച്ചു നടന്ന മറ്റൊരു പ്രബോധകൻ ഉണ്ടാവില്ല. " പ്രിൻസിപ്പലായി രുന്ന കാലത്തു തന്നെ ഞാൻ പീയൂണിന്റെ പണിയും ചെയ്യുമായിരുന്നു" എന്ന് അദ്ദേഹം സസന്തോഷം പറയാറുണ്ടായിരുന്നു. ഒരു വിശ്വ സഞ്ചാരിയായിരുന്ന തിരുമേനി, ലോകത്തിന്റെ ഏതുകോണിലും കണ്ടെ ത്തുന്ന വിജയമാതൃകകൾ ഇവിടെ സഫലമാകത്തക്കവിധം പുനരവ തരിപ്പിക്കുമായിരുന്നു.

ഒരു ചൈനീസ് പഴമൊഴി ആ പവിഴാധരങ്ങളിൽ വഴിയുമായി രുന്നു പലപ്പോഴും. "വിശക്കുന്നവനു മീൻ കൊടുത്താൽ അവനത് ഒരു നേരത്തെ ആഹാരത്തിനു മാത്രം ഉപകരിച്ചേക്കും. എന്നാൽ അവനെ മീൻ പിടിക്കാൻ പഠിപ്പിച്ചാലോ, അവനത് ജീവാന്ത്യത്തോളം വിശപ്പ കറ്റാനുള്ള ഉപാധിയായിത്തീരും". ഈ ദർശനത്തോടെയാണ് അദ്ദേഹം സൗജന്യമായിത്തന്നെ പരിശീലനങ്ങൾ നൽകിപ്പോന്നത്. കൂൺ വളർ ത്തൽ, തേനീച്ചപാലനം, പാനീയനിർമ്മാണം, കൊക്കോ സംസ്ക്കരണം, റബ്ബർ ഉൽപന്ന നിർമ്മാണം, നൂൽനൂൽപ്പ്, വസ്ത്രനിർമ്മാണം തുടങ്ങി

www.malankaralibrary.com



നിരവധി സംരംഭങ്ങൾക്കു പരിശീലനസൗകര്യം അദ്ദേഹം ഒരുക്കിക്കൊടുത്തു. കേരളത്തിലെ ഏറ്റവും വലിയ വസ്ത്രനിർമ്മാണ ഫാക്ടറി തിരുമേനിയുടേതായിരുന്നു. ആ ഫാക്ടറിയിലേക്കാവശ്യമായ നൂൽ നൂൽക്കുന്നതിനായി വിവിധ പ്രദേശങ്ങളിൽ ചെറുകിടനൂൽനൂൽപ്പു കേന്ദ്രങ്ങളും ആരംഭിച്ചിരുന്നു. ഇപ്രകാരം ജനങ്ങൾക്കു തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം നൽകി നാടെങ്ങും തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കപ്പെട്ടു.

ചെലവുകുറഞ്ഞ ഭവനനിർമ്മാണ പദ്ധതി കേരളത്തിൽ സമാരംഭിച്ചതു തിരുമേനിയാണ്. പാവങ്ങളുടെ പെരുന്തച്ചനെന്നു ഖ്യാതിയുള്ള വിശ്വവാസ്തുശിൽപിയായ ലാറിബേക്കർ സായിപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലുടനീളം അദ്ദേഹം പാർപ്പിടങ്ങൾ നിർമ്മിച്ചുകൊടുത്തു. ഈ നിർമ്മാണകമ്പനിയിലേക്ക് പ്രത്യേകം സാങ്കേതിക പരിശീലനം നൽകി നിരവധി യുവാക്കളെ തൊഴിലാളികളാക്കി മാറ്റി. ഈ പാർപ്പിട പദ്ധതിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് മന്ത്രിയായിരുന്ന എം.എൻ.ഗോവിന്ദൻ നായർ ലക്ഷംവീടു പദ്ധതി ആവിഷ്ക്കരിച്ചത്. കൊച്ചി ശാസ്ത്രസർവ്വകലാശാലയിലെ സമർത്ഥവിദ്യാർത്ഥികളെ തിരുമേനിയുടെ സാങ്കേതിക പരിശീലന ശാലകളിൽ അധികൃതർ അയച്ച് കാര്യക്ഷമമായി പഠിപ്പിച്ചു. അതിൽ വിജയിച്ചവരെ സർവ്വകലാശാല വിവിധ സർക്കാർ തസ്തികകളിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു.

### ദേശീയോദ്ഗ്രഥനത്തിലേക്കുള്ള രാജവീഥി

രാഷ്ട്രത്തിന്റെ പരമനിഷ്ഠകളിലൊന്നാണ് വിദ്യാഭ്യാസധർമ്മം. എന്നാൽ അത് സർക്കാരിനെ കൊണ്ടു മാത്രം വിജയപൂർണ്ണതയിൽ എത്തിക്കുക സാദ്ധ്യമല്ല. അതിനാൽ സർക്കാരിന്റെയും സഭയുടെയും സേവനകരങ്ങൾ കോർക്കപ്പെടുകയാണ്. അതേ സമയം അറി വിലൂടെ ബോധ ചക്രവാളങ്ങൾ വികസ്വരമാക്കി മുന്നേറുന്ന ഒരു പൗരൻ നീതിക്കുവേണ്ടി ദാഹിക്കുകയും പൗരാവബോധത്തെ തട്ടി ഉണർത്തുകയും ശരിയുടെ പക്ഷത്തു കഴലുറപ്പോടെ നിന്ന് വാദിക്കുകയും ചെയ്യണം. മറിച്ച് എന്തു ഭവിച്ചാലും എനിക്കെന്ത് എന്ന നിസ്സംഗഭാവം ഉപേക്ഷിക്കപ്പെടണം. അതുകൊണ്ടാണ് പാപ്പായുടെ മുൻ ചാക്രികലേഖന

www.malankaralibrary.com



ത്തിൽ ഇങ്ങനെ ശക്തിയുക്തം എഴുതിയത് "വിദ്യാഭ്യാസ പ്രവർത്ത കർ രാഷ്ട്രത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തീക്ഷ്ണതയോടെ ഉൾച്ചേരണം. സെക്യുലർ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസ പ്രവർത്തകർ പ്രത്യേകിച്ചും".

വീണ്ടും പാപ്പാ ഉദ്ബോധിപ്പിക്കുന്നു; "വിദ്യാഭ്യാസപരമായ നിഷ്ക്രിയത പ്രേഷിതത്വത്തിനു ഗുണകരമല്ല. അതു വിവേകശൂന്യ സംരംഭങ്ങൾക്കു പ്രോത്സാഹനമാകും. നിസ്വർ പുറംപോക്കുകളിലേക്ക് വലിച്ചെറിയപ്പെടും. അവർ തരംതാഴ്ത്തപ്പെടുകയും ചെയ്യും".

തലതിരിഞ്ഞ മാദ്ധ്യമസ്വാധീനത്തിൽ നിന്നും പുതുതലമുറയെ വിമോചിപ്പിക്കാനുള്ള ഏക രക്ഷാമാർഗ്ഗം എന്ന നിലയിലും ബോധ വൽക്കരണനിയോഗത്തെ മാർ ഗ്രിഗോറിയോസ് വിനിയോഗിച്ചു. ഒരി ക്കൽ അമേരിക്കയിൽ വച്ച് തിരുമേനിയുടെ കാർ വഴിതെറ്റി ചെന്നു നിന്നത് സിരകളിൽ ലഹരി കുത്തി വച്ച് അഴിഞ്ഞാടിയ ഒരു പറ്റം ഹിംസ്രോന്മത്തരായ നീഗ്രോ യുവാക്കളുടെ നടുവിലായിരുന്നു. ആസ ക്തികളിൽ നിന്നും പുതുതലമുറയെ അകറ്റാനുള്ള മാർഗ്ഗമായി കലാലയങ്ങൾ തോറും അദ്ദേഹം ലഹരിവിരുദ്ധ സന്ദേശങ്ങൾ വിവിധ രൂപത്തിൽ പ്രചരിപ്പിച്ചു. സമ്പർക്കമാദ്ധ്യമങ്ങൾ ഉൾപ്പെടെയുള്ള കച്ചവടശക്തികൾ ഉയർത്തുന്ന വിധ്വംസന ഭീഷണികൾക്കുള്ള അതി ജീവനമാർഗ്ഗവും വിദ്യാഭ്യാസം തന്നെ എന്നാണ് പാപ്പായുടെ കുറി മാനം ഓർമ്മപ്പെടുത്തുന്നത്. "ദേശീയോദ്ഗ്രഥന വെല്ലുവിളികൾക്കുള്ള പ്രത്യുത്തരം വിദ്യാഭ്യാസ സംബന്ധിയാണ്. മാദ്ധ്യമങ്ങളുടെ ചലനശാസ്ത്ര ത്തെ നിരീക്ഷിക്കുക, വിലയിരുത്തുക, അവയുടെ ഉപയോഗത്തിൽ ആരോ ഗ്യകരമായ ശീലം വളർത്തുക എന്നിവയാണ് വിദ്യാഭ്യാസ ലക്ഷ്യങ്ങൾ."

രാഷ്ട്രീയസാമൂഹ്യ മേഖലകളിലെ കലഹ കലുഷാവസ്ഥകളിൽ പോംവഴിയുടെ രജതരേഖകളായി ജനം ശ്രദ്ധിച്ചിരുന്നത് അനന്തപുരി യിൽ വാഴുന്ന ഈ മഹിതാചാര്യന്റെ വിചാരോക്തികളായിരുന്നു. രാഷ്ട്രീയ കാപട്യത്തിനു നേരെ ശക്തമായി പ്രതികരിച്ച തിരുമേനിക്കെ തിരെ ഒരു രാഷ്ട്രീയാതികായൻ 'മെത്രാന്മാർക്കു രാഷ്ട്രീയത്തിൽ എന്തു കാര്യ'മെന്ന് ആക്രോശിച്ചപ്പോൾ തിരുമേനി മറുപടി നൽകിയത് ഇപ്രകാര മാണ് ; മെത്രാന്മാരും ഇന്ത്യൻ പൗരന്മാരാണ്. ഇങ്ങനെ കണ്ണും കാതും തുറന്ന് സാമൂഹ്യാവസ്ഥകളെ സസൂക്ഷ്മം നിരീക്ഷിച്ച് ശബ്ദമില്ലാത്ത

www.malankaralibrary.com



ഏഴകളുടെ ശബ്ദമായി മാറത്തക്കവിധം ഏവരും വിദ്യയിലൂടെ പ്രബുദ്ധ രാകണം എന്നായിരുന്നു തിരുമേനിയുടെ അഭിമതം.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഓരോ വികസനോന്മുഖ കാൽവെയ്പിലും തിരുമേനിയുടെ സൂക്ഷ്മ നയനങ്ങൾ ജാഗ്രതയോടെ പരതുന്നുണ്ടായിരുന്നു. ഏതു സംരംഭവും ഏറ്റം താഴേത്തട്ടിലുള്ളവ രുടെ ക്ഷേമത്തിന് ഉപകരിക്കുന്നുണ്ടോ എന്നായിരുന്നു തിരുമനസ്സിന്റെ അന്വേഷണം. ബഡ്ജറ്റുകളെ ശാസ്ത്രീയമായി അപഗ്രഥിക്കാനുള്ള വൈജ്ഞാനിക നൈപുണി അദ്ദേഹത്തിനുണ്ടായിരുന്നു. 1982-ലെ കേന്ദ്ര ബഡ്ജറ്റിനെ വിലയിരുത്താനായി സർക്കാർ വിളിച്ചുചേർത്ത ധനശാസ്ത്രജ്ഞന്മാരായ നാലുപേരിൽ ഒരാൾ മാർ ഗ്രിഗോറിയോസ് ആയിരുന്നു. അന്നേക്ക് മുപ്പത്താറു കൊല്ലം മുമ്പ് തൃശിനാപ്പള്ളി സെന്റ് ജോസഫ്സിൽ വച്ചു പഠിച്ച ധനതത്വശാസ്ത്ര വിജ്ഞാനത്തെ ആധു നിക അവസ്ഥകളോടും വ്യവസ്ഥകളോടും ബന്ധിപ്പിച്ച് അപഗ്രഥിക്ക ത്തവിധം തന്റെ ജ്ഞാനിക്ഷേപത്തെ നവീകരിക്കുകയും ചെയ്തിരുന്നു തിരുമേനി. അതുകൊണ്ടാണ് ഡോക്ടർ കെ. എൻ. രാജ് എന്ന ധന ശാസ്ത്രജ്ഞനെപ്പോലും വിസ്മയിപ്പിക്കുമാറ് പണ്ഡിതോചിതമായ വിധത്തിൽ ആ ബഡ്ജറ്റ് അപഗ്രന്ഥം നടത്താൻ അദ്ദേഹത്തിന് സാദ്ധ്യമായത്.

### പ്രകൃത്യംബയുടെ സംരക്ഷയ്ക്കായി അറിവിന്റെ രാജഖഡ്ഗം

അറിവും സ്നേഹവും തമ്മിൽ ഗുരുവിൽ ഏകതാനപ്പെട്ട് മാധവ മഹത്ത്വത്തിനും മാനവ വിമോചനത്തിനും കാരണമാകത്തക്കവിധം പ്രകാശിതമാകുന്നു എന്ന് ഈ പ്രബന്ധത്തിന്റെ നാന്ദിയിൽത്തന്നെ വെളി വാക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ആവാസവ്യവസ്ഥയായ പ്രകൃതി മാതാവിന്റെ സംരക്ഷണത്തിനായി ഏറെ വിജ്ഞാന്മാരൊന്നും അക്കാ ലത്ത് തുനിഞ്ഞിറങ്ങിയതായി അറിയില്ല. ദീർഘകാല തപം ചെയ്തു നേടിയ അറിവിന്റെ കരുത്തിൽ ആദികവി വാൽമീകി, പ്രപഞ്ചത്തിനു നേരേയുള്ള മനുഷ്യന്റെ കാടത്തത്തിനു മുമ്പിൽ 'മാ നിഷാദ' ചൊല്ലി. ഇന്നു ഹൃദയഭാഷയിൽ കവികളും തലച്ചോറിന്റെ ഭാഷയിൽ ശാസ്ത്ര വിജ്ഞന്മാരും ഇതേ താക്കീതുകൾ ഏറ്റുചൊല്ലുന്നു. സാങ്കേതിക പുരോ ഗതിയുടെ ധാർഷ്ട്യമായ രാക്ഷസീയബലത്തിൽ ഈ പാവം ഭൂമി നേരി ടുന്ന ക്രൂരതകൾ അത്ര കഠിനങ്ങളാണ്. ഇക്കാര്യത്തിൽ കവികുലം ഒന്നു

www.malankaralibrary.com


ണർന്നത് 'നിശ്ശബ്ദ താഴ്‌വരക്കാടുകളെ (Silent Valley) മുടിക്കാൻ, വിവേച നാരഹിതമായ ഭരണകൂടം ചാടി പുറപ്പെട്ടപ്പോഴാണ്. എന്നാൽ അതിനും മുമ്പേ, ലോകത്തിന്റെ നാനാദിശകളിൽ തലപൊക്കിയ പ്രകൃതിചൂഷണ ത്തിന്റെ വിഷപ്പത്തികളെ രോഷത്തോടെ വീക്ഷിക്കുകയും അരുതെന്നു മുഖപക്ഷം നോക്കാതെ വിളിച്ചു പറയുകയും ചെയ്ത ഏക മേൽപ്പട്ടക്കാര നാണ് മാർ ഗ്രിഗോറിയോസ്. മരമെത്രാൻ എന്നും അദ്ദേഹം അറിയപ്പെട്ടി രുന്നു. ഫ്രണ്ഡ്സ് ഓഫ് ട്രീസിന്റെ കേരള ചാപ്റ്റർ സാരഥിയായും വിഷരഹിത കാർഷിക വിളകളുടെ പ്രചാരകനായും മഴവെള്ളക്കൊ യ്ത്തിന്റെ ആദ്യകാല പ്രബോധകനായും മറ്റും ഈ മണ്ണിനെ ആസുര കിരാതകരങ്ങളിൽ നിന്നും മുക്തമാക്കുവാൻ അദ്ദേഹം അക്ഷീണം അദ്ധ്വാനിച്ചു. ഗ്രന്ഥങ്ങളിൽ നിന്നും ജീവിതാനുഭവങ്ങളിൽ നിന്നും ഉൾക്കൊണ്ട അറിവിന്റെ പാഠങ്ങളെ പാരിസ്ഥിതിക സംരക്ഷണത്തിനായും ഉപയുക്തമാക്കി എന്നതാണ് അദ്ദേഹത്തിന്റെ അനന്യത്വത്തിനു കാരണം.

വികസിതരാജ്യങ്ങളിൽ മരത്തിന്റെ ഒരു ശാഖി ഛേദിക്കുന്നതു പോലും പിഴയായി കരുതപ്പെടുമ്പോൾ ഇവിടെ സർക്കാരിന്റെ ഒത്താശ കളോടെ കാട്ടുകള്ളന്മാർ മാമരക്കാടുകളെ തരിശുനിലങ്ങളാക്കി മാറ്റുക യാണ്. മരങ്ങളും മണ്ണും മലകളും പുഴകളുമെല്ലാം അംഗഭംഗം കൂടാതെ സമരസപ്പെട്ടു കഴിയുമ്പോൾ മാത്രമാണ് ഭൂമി വാസയോഗ്യമായി ത്തീരുന്നതെന്നും അതിനാൽ അവയുടെ സ്ഥായിഭാവത്തിനു കോട്ട മുണ്ടാകരുതെന്നും തിരുമേനി പണ്ടേ വാദിച്ചിരുന്നു. പ്രകൃതിസംര ക്ഷണ പാഠങ്ങളും കൃഷിശാസ്ത്രവും മറ്റും വിദ്യാഭ്യാസ പാഠ്യ പദ്ധ തിയിൽ അനിവാര്യമായി ഉൾച്ചേർക്കണമെന്ന് അദ്ദേഹം സർക്കാരി നോടു ശിപാർശ ചെയ്തിരുന്നു. ജല നിക്ഷേപത്തിന്റെ മൂല്യത്തെപ്പറ്റി മുന്നറിയിച്ച ക്രാന്തദർശിയുമായിരുന്നു തിരുമേനി. "പെയ്യുന്ന വെള്ള മെല്ലാം പാഴായിപ്പോകുന്നതാണ് നമ്മുടെ നാട്ടിലെ വരൾച്ചയ്ക്കു കാരണം. വെള്ളം ലഭ്യമല്ലെന്നു പഴിച്ച് ചിലർ ഉപേക്ഷിച്ചുകളഞ്ഞ ഒരു മൊട്ടക്കുന്ന് ഞാൻ വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. മഴക്കാലത്തു പെയ്യുന്ന ഒരു തുള്ളി വെള്ളം പോലും പാഴാക്കാതെ അതിൽത്തന്നെ താഴ്ത്തു വാനുള്ള കാര്യങ്ങൾ ഞാൻ ചെയ്തു കഴിഞ്ഞു. ചെരിവുകളിൽ 10 അടി നീളം, 3 അടി വീതി, 6 അടി താഴ്ചയുള്ള കിടങ്ങുകൾ കുഴിച്ചി ട്ടുണ്ട്. മഴക്കാലത്ത് കിടങ്ങുകളിൽ ജലം നിറയും. അടുത്ത വേനൽ ക്കാലത്തെ അതിജീവിക്കത്തക്ക തരത്തിൽ ആ കുന്നിൽ മുഴുവനും ഈർപ്പം തങ്ങിനിൽക്കും. ഏറ്റം അടിവാരത്തിൽ ഒരു കുളം വെട്ടിയാൽ

www.malankaralibrary.com



അതിൽ എക്കാലവും വെള്ളം കാണും. ഈ കുളത്തിൽ മീൻവളർത്തി ആദായമുണ്ടാക്കാനും കഴിയും.''അറിവുകൾ വിമോചനത്തിന്റെ കൈവഴികൾ തിരയുകയാണിവിടെ.

സഞ്ചരിക്കുന്ന വിജ്ഞാനകോശം എന്ന് തിരുമേനിയെ വിശേഷിപ്പിച്ച പണ്ഡിതന്മാരുണ്ട്. ഡോ. ഡി ബാബുപോൾ ഐ.എ.എസ് ഒരിക്കൽ തിരുമേനിക്ക് ഒരു പുരസ്കാരം സമർപ്പിച്ചു കൊണ്ട് പ്രസംഗിച്ചു. ''അറിവിന്റെ പാരാവാരമാണ് തിരുമേനി. പകൽ നേരത്തു ചെന്നാൽ താൻ വളർത്തുന്ന കൃഷിത്തോപ്പിലൂടെ നടത്തി ജൈവവൈവിദ്ധ്യങ്ങളുടെ വിസ്മയലോകം തുറന്നുകാട്ടുന്ന തിരുമേനി, രാത്രിയിലോ താരാങ്കിതാകാശത്തിലേക്കു നോക്കി നക്ഷത്രങ്ങളെ പേരു ചൊല്ലി വിളിക്കുന്നതു കാണാം. അറിവിന്റെ അനർഗ്ഗള നിർത്ധരിയായിരുന്നു ആ ഉറവ. മറിച്ച് ആരെങ്കിലും ആരാഞ്ഞാൽ മാത്രം മൊഴിയുന്ന ഔപചാരിക ജ്ഞാനഗതിയായിരുന്നില്ല അത്. പൂട്ടി വയ്ക്കാതെ സദാ തുറന്നു വയ്ക്കപ്പെട്ട ഒരു നിധി നിക്ഷേപം. കൊണ്ടു പോകില്ല ചോരന്മാർ, കൊടുക്കുന്തോറുമേറിടും എന്ന മട്ടിൽ ആ നിക്ഷേപം നിറഞ്ഞു കവിയുകയായിരുന്നു. അതുകൊണ്ടാണ് തിരുസവിധത്തിൽ ചെന്നുപെടുന്നവർ ആ സൗജന്യ പീയൂഷ പാനത്താൽ മനംനിറഞ്ഞ് തുഷ്ടിയോടെ മടങ്ങിയിരുന്നതും.

തിരുമേനിക്കൊപ്പം അൽപം സഞ്ചരിച്ചാൽ പല അമൂല്യ ഗ്രന്ഥങ്ങളിൽ നിന്നും കിട്ടുന്ന അറിവിന്റെ സഞ്ചിതഭാവങ്ങളാണ് ഒരു സഹയാത്രികന് ലഭ്യമാകുന്നത്. രസകരവും ഹൃദ്യവുമായ ശൈലിയിലാണ് അദ്ദേഹം അത് മറ്റുള്ളവരിലേക്ക് സംക്രമിപ്പിക്കുന്നത്. ഇടയ്ക്കിടെ ചില ചോദ്യങ്ങൾ ഉന്നയിച്ചു കൊണ്ട് ശ്രോതാക്കളുടെ മനസ്സിനെ അദ്ദേഹം ഉണർത്തിക്കൊണ്ടിരിക്കും. ഒരിക്കൽ അദ്ദേഹം ഇരുട്ടിൽ ഒരു റാന്തൽ കത്തിച്ചുവച്ച് ഏതാനും ചെറുപ്പക്കാരോട് അവരുടെ പൊതു വിജ്ഞാനം അളക്കാനായി ചില ചോദ്യങ്ങൾ ചോദിച്ചു. അവർ ശരി ഉത്തരം നൽകുമ്പോൾ വിളക്കിലെ തിരി തിരുമേനി ഉയർത്തി ഏറെ ശോഭായമാനമാക്കും. തെറ്റു പറയുമ്പോൾ തിരി ഏറെ താഴ്ത്തി അരണ്ട വെളിച്ചത്തിൽ ആഴ്ത്തും. വലിയ മൂഢത്വം പറഞ്ഞപ്പോൾ റാന്തൽ പൂർണ്ണമായും കെടുത്തിക്കളയുകയും ചെയ്തിരുന്നു. അറിവുള്ളവൻ സമൂഹത്തിൽ പ്രകാശിക്കുമെന്നും അതില്ലാത്തവൻ കരിന്തിരിയായിപ്പോകുമെന്നും ഈ പ്രതീകാത്മകതയിലൂടെ ഗുരു പഠിപ്പിക്കുകയായിരുന്നു.

www.malankaralibrary.com



## വിരാമം

മലയാള നാടു കണ്ട വിദ്യാഭ്യാസ പ്രവർത്തകരിൽ പ്രമുഖനായിരുന്ന മാർ ഗ്രിഗോറിയോസ്, 1977ൽ ആരംഭിച്ച അനൗപചാരിക വിദ്യാഭ്യാസ സമിതിയുടെ ദീർഘകാല പ്രസിഡന്റ് ആയിരുന്നു. സ്റ്റേറ്റ് അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷന്റെ ചെയർമാനായി ഒരു വ്യാഴവട്ടം അദ്ദേഹം സേവനം ചെയ്തു. കേരള സർവ്വകലാശാലയിൽ താരതമ്യമത പഠനത്തിന് കളമൊരുക്കിയതും മറ്റാരുമല്ല. അറിവു കൊണ്ടു നിറയാനും ആ അറിവ് മനുഷ്യന്റെ സമഗ്ര വിമോചനത്തിനായി ആവോളം പകർന്നു കൊടുക്കാനും അവിരാമം ഉത്സാഹിച്ച തിരുമേനിക്ക് ഏറ്റം ശ്രേഷ്ഠനായ ഗുരുവിനുള്ള 'ആചാര്യ അവാർഡ്' സമ്മാനിക്കപ്പെട്ടു. നോക്കിലും വാക്കിലും കർമ്മ നൈരന്തര്യങ്ങളിലുമെല്ലാം ഗുരുത്വപ്രകാശനമായിരുന്ന ആ അനന്യജന്മം മാനവവിമോചനത്തിനുള്ള വജ്രായുധം എന്ന നിലയിലാണ് അറിവിനെ സമീപിച്ചത്. പാവപ്പെട്ടവന്റെ ഇല്ലായ്മകളിൽ വിമോചനപഥം തുറന്നുകൊടുക്കാൻ കെൽപ്പുള്ള ഉപാധി എന്ന നിലയിലാണ് അദ്ദേഹം അവരെ ബോധവൽക്കരിച്ചത്. മരണക്കിടക്കയിലമർന്ന് അദ്ദേഹം ബന്ധുക്കളോടും സഭാവക്താക്കളോടും നിർദ്ദേശിച്ചത് തന്റെ സ്വത്ത് മുഴുവൻ പാവപ്പെട്ടവരുടെ വിദ്യാഭ്യാസത്തിനായി വിനിയോഗിച്ചുകൊള്ളണം എന്നാണ്.

ആ അറിവാളന്റെ ജ്ഞാനദീപ്തി കാലത്തിന്റെ വികസിത പഥങ്ങളെ പ്രഭാപൂരിതമാക്കി മുന്നേറുകയാണ്. കാളിദാസ മഹാകവി, ആചാര്യോത്തമന്മാരെപ്പറ്റി നിരൂപിക്കുന്ന ഒരു ശ്ലോകം ആ ഗുരൂത്തമ സമാദരവിനുള്ള ഗുരുദക്ഷിണ കണക്കേ കാണിക്ക വച്ച് വിരമിക്കട്ടെ ;

> "ശിഷ്ടാ ക്രിയാ കസ്യ ചിദാത്മ സംസ്ഥാ-
> സംക്രാന്തി രഹസ്യ വിശേഷയുക്താ
> യസ്യോ ഭയം സാധു സശിക്ഷകാണാം-
> ധുരി പ്രതിഷ്ഠാ, പയിതവ്യ ഏവ".
> (മാളവികാഗ്നിമിത്രം - 16)

**********

www.malankaralibrary.com



**മോറാൻ മോർ കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ**

"ഈ കാരുണ്യവർഷത്തിൽ സഭയുടെ കാരുണ്യ മുഖം സഹനവിശുദ്ധിയോടെ സുവിശേഷ ദൗത്യത്തിൽ പങ്കാളിയാകുന്നതിനിറങ്ങുമ്പോൾ വിശുദ്ധ വിൻസെന്റ് ഡി. പോളും വി. അൽഫോൻസാമ്മയും മാർ ഈവാനിയോസ് പിതാവും മാർ ഗ്രീഗോറിയോസ് പിതാവും ഈ വഴിത്താരയിലെ പ്രകാശഗോപുരങ്ങളായി അവതരിപ്പിക്കപ്പെടുന്നു എന്നത് ഈ കൃതിയെ വേറിട്ടു നിറുത്തുന്നു."



**റവ. ഡോ. തോമസ് കുഴിനാപ്പുറത്ത്**

"അനിതര സാധാരണമായ സാഹിത്യപ്രതിഭ കൊണ്ട് തിളങ്ങുന്ന പീറ്റർ സി. എബ്രഹാം വ്യത്യസ്ത സന്ദർഭങ്ങളിൽ എഴുതി, സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയ ഈ നാലു ലേഖനങ്ങൾ ശ്രേഷ്ഠമായ ഭാഷാചാരുതകൊണ്ടും ആർജ്ജവത്തോടു കൂടിയ പ്രതിപാദനശൈലികൊണ്ടും ശ്രദ്ധേയങ്ങളാണ്. ഈ പ്രബന്ധങ്ങളെയെല്ലാം കോർത്തിണക്കുന്നത് കാരുണ്യഭാവം എന്ന സ്വർണ്ണച്ചരടിലാണ് ഈ കാരുണ്യവർഷത്തിൽ ഇതൊരു അമൂല്യമായ അക്ഷരസംഭാവന തന്നെ."



**പീറ്റർ സി. എബ്രഹാം**

കവിത, നോവൽ, ലേഖനം തുടങ്ങിയ
സർഗ്ഗതലങ്ങളിൽ കാമ്പുള്ള സംഭാവനകൾ നൽകി
മലയാള സാഹിത്യവേദിയിൽ പ്രശസ്തൻ.
15 ൽ പരം പുസ്തകങ്ങളുടെ രചയിതാവ്.
പത്തിലേറെ പുരസ്കാരങ്ങളുടെ സ്വീകർത്താവ്.

BETHANY PUBLICATIONS

ബഥനി പബ്ലിക്കേഷൻസ്
കോട്ടയം